**VI . ധനകാര്യം**

## 2014–2015 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: ബഹുമാനപ്പെട്ട വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, താങ്കൾക്ക് വാഹന നികുതികൾ എന്ന IX -ാം നമ്പർ ധനാഭ്യർത്ഥനയുടെയും വനം എന്ന XXXIV -ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഊർജ്ജവകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ്, താങ്കൾക്ക് വൈദ്യുത പദ്ധതികൾ എന്ന XXXIX -ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7–ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2014–2015 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

| ബഡ്ജറ്റ് എസ്റ്റിമേറ്റ് 2014–2015 | | | | | | |
|---|---|---|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 3–2–2014–ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക. | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ രൂപ. |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| 1 | 2 | 3 | 4 | 5 | 6 | 7 |

| | | | | | | |
|---|---|---|---|---|---|---|
| **IX** | വാഹന നികുതികൾ | 29,72,66,000 | -- | 59,45,33,000 | -- | 59,45,33,000 |
| **XXXIV** | വനം | 157,80,08,000 | 21,82,34,000 | 315,60,16,000 | 43,64,67,000 | 359,24,83,000 |
| **XLI** | ഗതാഗതം | 19,52,36,000 | 201,35,18,000 | 39,04,71,000 | 402,70,37,000 | 441,75,08,000 |
| **XXXIX** | വൈദ്യുത പദ്ധതികൾ | 42,33,67,000 | 12,60,00,000 | 84,67,33,000 | 25,20,00,000 | 109,87,33,000 |

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വനം എന്ന XXXIV നമ്പർ ധനാഭ്യർത്ഥനയുടെയും ഗാതഗതം എന്ന XLI നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2014-2015 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2014-2015 സാമ്പത്തിക

വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, വാഹന നികുതികൾ എന്ന IX–ാം നമ്പർ ധനാഭ്യർത്ഥന യെയും വനം എന്ന XXXIV നമ്പർ ധനാഭ്യർത്ഥനയെയും ഗാതഗതം എന്ന XLI നമ്പർ ധനാഭ്യർത്ഥനയെയും വൈദ്യുത പദ്ധതികൾ എന്ന XXXIX നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പി ക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ – IX

## വാഹന നികുതികൾ

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എ.എം. ആരിഫ്: സർ, വാഹന നികുതികൾ എന്ന IX- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 59,45,33,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (സ്വയംതൊഴിൽ എന്ന നിലയിൽ വൻ പലിശയ്ക്ക് ബാങ്ക് വായ്പയെടുത്ത് ഓട്ടോ, ടാക്സി, പിക് അപ് തുടങ്ങിയ

വാഹനങ്ങൾ വാങ്ങി ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മോട്ടോർ വാഹന നികുതി വർദ്ധനവുമൂലമുണ്ടാകുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ട് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, വാഹന നികുതികൾ IX- ാം നമ്പർ എന്ന ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 59,45,33,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (മോട്ടോർ വ്യവസായം പ്രതിസന്ധി നേരിടുന്നതായും നികുതിവർദ്ധന അമിതമണെന്നും പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ – XXXIV

## വനം

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പുരുഷൻ കടലുണ്ടി: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 359,24,83,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (ഹൈറേഞ്ച് മേഖലയിൽ അധികൃതരുടെ സഹായത്തോടെ വലിയ തോതിൽ വനംകൊള്ള നടത്തുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ – XLI

## ഗതാഗതം

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. കെ. ദാസൻ: സർ, ഗതാഗതം എന്ന XLI -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 441,75,08,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (നാല് വർഷത്തെ വാറന്റ് പാസ്സുകൾ കെ.എസ്.ആർ.ടി.സി. ആസ്ഥാനത്ത് കെട്ടിക്കിടക്കുന്നതുമൂലം കെ.എസ്.ആർ.ടി.സി.–ക്ക് കനത്ത സാമ്പത്തിക നഷ്ടം സംഭവിച്ചതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഹംസ: സർ, ഗതാഗതം എന്ന XLI -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 441,75,08,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (വാഹന നികുതിയുടെപേരിൽ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ – XXXIX

## വൈദ്യുത പദ്ധതികൾ

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എം. ഹംസ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX -ാം നമ്പർ എന്ന ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 109,87,33,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

ശ്രീ. സി. കൃഷ്ണൻ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX -ാം നമ്പർ എന്ന ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 109,87,33,000 രൂ. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

മി. സ്പീക്കർ: ചർച്ച ആരംഭിക്കുന്നതാണ്.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ഈ നാല് ധനാഭ്യർത്ഥനകളെയും ഞാൻ എതിർക്കുകയാണ്. ഇപ്പോൾ കേരളം ഒരു വലിയ പ്രതിസന്ധിയെ നേരിടുകയാണ്. എല്ലാ മേഖലകളിലും ഈ പ്രതിസന്ധി നമ്മളെ ബാധിക്കാൻ പോകുകയാണ്. ഒരു വികസനവും വൈദ്യുതി ഇല്ലെങ്കിൽ നടക്കാൻ പോകുന്നില്ല എന്ന് എല്ലാവർക്കും അറിയാം. 'അതിവേഗം ബഹുദൂരം', 'എമർജിംഗ് കേരള'യും ഒക്കെ വാക്കിലൊതുങ്ങുമെന്നല്ലാതെ ഒരു പ്രവർത്തിയിലേയ്ക്കും കടക്കാൻ വേണ്ടി കഴിയില്ല. വൈദ്യുതി കുറവിന്റെ പ്രതിസന്ധി, വൈദ്യുതിക്കുറവിന്റെ മാത്രം പ്രശ്നത്താൽ രൂപപ്പെട്ട ഒന്നല്ല. മുമ്പ് ഈ വകുപ്പ് കൈകാര്യം ചെയ്ത ആളുകൾക്കും സാധാരണ ഗതിയിൽ അറിയുന്ന ആളുകൾക്കുമൊക്കെ അറിയാവുന്നതാണ് 200 മുതൽ 400 മെഗാവാട്ട് വരെയുള്ള വൈദ്യുതി കുറവുകൾ മാനേജ് ചെയ്യാൻ കഴിയുന്നതാണെന്ന്. ഇപ്പോഴത്തെ പ്രശ്നം, പ്ലാനിംഗിന്റെ പിശകാണ്. ഭരണപരമായ, കഴിവു കേടിന്റെ പ്രശ്നമാണ്. പ്ലാനിംഗിലുണ്ടായ തകരാറാണ് ഇന്നത്തെ ഒരു അവസ്ഥയിലേക്ക് നമ്മളെ എത്തിച്ചത്. നമുക്ക് വേണമെങ്കിൽ ഒരു കണക്കു നോക്കാം. 2013-ലെ ആഡിറ്റ് റിപ്പോർട്ടിൽ, വൈദ്യുതി വാങ്ങി വിറ്റതിന്റെ ഒരു കണക്കു നോക്കിയാൽ ഏതാണ്ട് കാര്യങ്ങൾ നമുക്ക് മനസ്സിലാകും. ഈ

കണക്കെന്ന് പറയുന്നത് 2013–ലെ ആഡിറ്റ് റിപ്പോർട്ടിന്റെയാണ്. 2008-09–ൽ വൈദ്യുതി വാങ്ങി വിറ്റപ്പോൾ 38 കോടി 51 ലക്ഷം രൂപ ലാഭമുണ്ടായി. 2009-10–ൽ വൈദ്യുതി വാങ്ങി വിറ്റപ്പോൾ 30 കോടി 60 ലക്ഷം രൂപ ലാഭ മുണ്ടായി. 2010-11–ലെ (മേയ് മാസംവരെ ഭരിച്ചത് എൽ.ഡി.എഫ്. ഗവൺമെന്റ്) കണക്ക് നോക്കിയാൽ 63 കോടി 7 ലക്ഷം രൂപയുടെ നഷ്ട മുണ്ടായി. അങ്ങനെ കൂട്ടിയാൽ എൽ.ഡി.എഫ്–ന്റെ ഭരണ കാലം (മൂന്നുകൊല്ലം) വൈദ്യുതി വാങ്ങി വിറ്റതിന്റെ കണക്ക് പരിശോധിച്ചപ്പോൾ ആറു കോടി രൂപ ലാഭമുണ്ടായി. 2011-12–ൽ വൈദ്യുതി വാങ്ങി വിറ്റപ്പോൾ (യു.ഡി.എഫ്. ഭരിക്കുന്ന കാലത്ത്) 473 കോടി 37 ലക്ഷം രൂപയുടെ നഷ്ട മാണുണ്ടായത്. 2012-13–ൽ വൈദ്യുതി വാങ്ങി വിറ്റപ്പോൾ 805 കോടി 51 ലക്ഷം രൂപ നഷ്ടമുണ്ടായി. വളരെ കൃത്യമായി മനസ്സിലാക്കണം, മൂന്നു കൊല്ലം എൽ.ഡി.എഫ്. ഭരിച്ച സമയത്ത് കറണ്ട് വാങ്ങി വിറ്റവകയിൽ 6 കോടി രൂപയുടെ ലാഭവും രണ്ടു കൊല്ലം മാത്രം യു.ഡി.എഫ്. ഭരിച്ചപ്പോൾ വൈദ്യുതി വാങ്ങി വിറ്റവകയിൽ 1272 കോടി 84 ലക്ഷം രൂപയുടെ നഷ്ടമു ണ്ടായി. കെടുകാര്യസ്ഥതയുടെ വിശദീകരണം എന്നല്ലാതെ വേറെ എന്താണ് പറയേണ്ടത്? ഈ ഒരു കണക്കുമാത്രം നോക്കിയാൽ മതിയാകും. ഈ കണക്ക് വേറെയാരും ഉണ്ടാക്കിയതല്ല, ആഡിറ്റ് റിപ്പോർട്ടിന്റെ കണക്കാണ്. അതനുസരിച്ച് ഈ പ്രതിസന്ധി മുഴുവൻ എന്തുകൊണ്ട് ഉണ്ടായി എന്ന കാര്യം മനസ്സിലാക്കാം. ആഡിറ്റ് കണ്ടെത്തിയതിനുപുറമേ, മേൽപറഞ്ഞ ഖണ്ഡികകളിൽ വിശദീകരിച്ച പ്രകാരം ആഡിറ്റ് കണ്ടെത്തിയ അപര്യാപ്തത

കളുടെയും ക്രമക്കേടുകളുടെയും ഫലമായി 610 കോടി 98 ലക്ഷം രൂപയുടെ നഷ്ടമുണ്ടായി. വൈദ്യുതിയുടെ കുറവും മറ്റു കാര്യങ്ങളുമല്ല. 2011-12 –ലെ റെഗുലേറ്ററി കമ്മീഷന്റെ റിപ്പോർട്ടിൽ ഇക്കാര്യം കൃത്യമായി പറയുന്നുണ്ട്. അതിൽ പറയുന്നത്, The present situation is the result of lack of short term, medium term planning by K.S.E.B. K.S.E.B. did not make any serious effort to foresee such delays and propose any contingency plan on a war footing. ഒരു പ്രധാനപ്പെട്ട എഫർട്ടും ഇതിനു മുകളിൽ എടുക്കുകയുണ്ടായില്ല. ഇതിനേക്കാളും രൂക്ഷമായ പ്രതിസന്ധിക ളൊക്കെ ഇതിനുമുമ്പും വൈദ്യുതി ബോർഡ് അഭിമുഖീകരിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ പ്രതിസന്ധിയുണ്ടായത് എൽ.ഡി.എഫ്.–ന്റെ കാലത്താണ്. കേന്ദ്ര വിഹിതം 14,000 മെഗാവാട്ട് വൈദ്യുതി തരേണ്ട സ്ഥാനത്ത് രാഷ്ട്രീയ വൈരാഗ്യം വച്ച് 650 കോടി മെഗാവാട്ടായി വെട്ടിക്കുറച്ചു. പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ ജലവൈദ്യുത പദ്ധതികൾ പൊട്ടിത്തെറിച്ചു. ഒന്നര വർഷം വൈദ്യുതി ഉണ്ടാക്കാനായില്ല. ശബരി, മൂഴിയാർ എന്നീ പദ്ധതികളും പൊട്ടിത്തെറിച്ചു. ഇടുക്കിയിലെ ബട്ടർഫ്ളൈ വാൾവിന് ലീക്കുണ്ടായി. മൂന്നു ക്കൊല്ലം കടുത്ത വരൾച്ച ഉണ്ടായി. പവർകട്ട് ഉണ്ടാകും, ലോഡ് ഷെഡ്ഡിംഗ് ഉണ്ടാകും എന്ന് എല്ലാവരും പറഞ്ഞു. പക്ഷെ പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഉണ്ടായില്ല. കുറച്ചുമാസങ്ങളിൽ ചെറിയ ഒരു ലോഡ് ഷെഡ്ഡിംഗ് ഉണ്ടായി. മഴക്കാലത്ത് ഒരിക്കലും ഇത്തരം രൂക്ഷമായ പ്രതിസന്ധിയെ അഭിമുഖീകരിച്ച സമയത്തും ലോഡ് ഷെഡ്ഡിംഗ് ഉണ്ടായില്ല. ഇന്നത്തെപ്പോലെ അന്നും ലോക കപ്പ് ഫുഡ്ബോൾ മത്സരമുണ്ടായി. ലോക കപ്പ് മത്സര സമയത്ത് കറണ്ട് കട്ട്

ഉണ്ടാകില്ല എന്ന് ഉറപ്പിച്ചു പറയാൻ അന്നത്തെ വൈദ്യുതി വകുപ്പുമന്ത്രിക്ക് കഴിഞ്ഞു. കറണ്ടിന്റെ ലഭ്യതയനുസരിച്ച് മഴ പെയ്താൽ, മഴ പെയ്തില്ലെങ്കിൽ എനിക്ക് ഉറപ്പിച്ചു പറയാൻ പറ്റില്ല എന്ന അർത്ഥത്തിലാണ് ഇന്നത്തെ വൈദ്യുതി വകുപ്പുമന്ത്രി മറുപടി പറഞ്ഞത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ പ്രതിസന്ധിയെല്ലാം ഉണ്ടായപ്പോൾ അതിനെ അതിജീവിച്ചു എന്നുമാത്രമല്ല 3500 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ആ കാല ഘട്ടത്തിൽ നടന്നില്ലേ? നമുക്ക് എല്ലാവർക്കും അത് അറിയാവുന്നതല്ലേ?

85 നിയോജകമണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടത്തി. ഒരു മണ്ഡലത്തിൽ ശരാശരി ഒരു കോടി രൂപയ്ക്കും ഒന്നരക്കോടി രൂപ യ്ക്കുമിടയിൽ ചെലവഴിച്ചു. വൈദ്യുതി ലഭിക്കാത്ത ആളുകളോട് വൈദ്യുതി കണക്ഷൻ ആവശ്യമുണ്ടോയെന്ന് അന്വേഷിച്ച് കണക്ഷൻ ലഭ്യമാക്കി. 6 പോസ്റ്റുകൾ വരെ സൗജന്യമായി സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ ലഭ്യ മാക്കി. എന്റെ മണ്ഡലത്തിൽ 5 പോസ്റ്റുകൾവരെ സൗജന്യമായി സ്ഥാപിച്ച് കണക്ഷൻ നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ.സി. ജോസഫിന്റെ മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി 10 കോടി രൂപയാണ് ചെലവഴിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 40 വർഷം എം.എൽ.എ ആയിരുന്നിട്ടും പുതുപ്പള്ളിയിൽ 60 ശതമാനം വൈദ്യുതീകരണം മാത്രമേ നടന്നിരുന്നുള്ളൂ. അവിടെ 100 ശതമാനം വൈദ്യുതീകരണം നടത്തിയത് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് സമ്പൂർണ്ണ

വൈദ്യുതീകരണ സമയത്താണ്. എല്ലാവരുടെയും പേരുകൾ എടുത്തുപറയുന്നില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെയും ശ്രീ. മഞ്ഞളാംകുഴി അലിയുടെയും ശ്രീ. തോമസ് ഉണ്ണിയാടന്റെയും ............. ശ്രീ. തോമസ് ഉണ്ണിയാൻ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ പേരിൽ അമേരിക്കയിൽ പോയി അവാർഡുപോലും വാങ്ങിയിരുന്നു. ഇവിടെ മുമ്പും പ്രതിസന്ധികളുണ്ടായപ്പോൾ ആ പ്രതിസന്ധികളെ അതിജീവിച്ചു എന്നുമാത്രമല്ല 3,500 കോടിയോളം രൂപയുടെ വികസന പ്രവർത്തനങ്ങളും ആ കാലഘട്ടങ്ങളിൽ നടപ്പിലാക്കാൻ കഴിഞ്ഞു. 2001–2006-ൽ യു.ഡി.എഫ്-ന്റെ കാലത്ത് 21.7 ലക്ഷം കണക്ഷൻ കൊടുത്തപ്പോൾ എൽ.ഡി.എഫ്-ന്റെ കാലത്ത് 22.13 ലക്ഷം കണക്ഷൻ കൊടുത്തു. യു.ഡി.എഫ്-ന്റെ ഭരണകാലത്ത് 11 കെ.വി ലൈൻ 4776 കിലോമീറ്റർ വലിച്ചപ്പോൾ പ്രതിസന്ധി നിറഞ്ഞ എൽ.ഡി.എഫ് -ന്റെ ഭരണകാലത്ത് 11 കെ.വി. ലൈൻ 13525 കിലോമീറ്റർ വലിച്ചു. യു.ഡി.എഫ് 6755 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചപ്പോൾ എൽ.ഡി.എഫ് -ന്റെ ഭരണകാലത്ത് 20199 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു. യു.ഡി.എഫ് -ന്റെ കാലത്ത് എൽ.ടി ലൈൻ 25968 കിലോമീറ്ററാണ് വലിച്ചതെങ്കിൽ എൽ.ഡി.എഫ്-ന്റെ ഭരണകാലത്ത് 37515 കിലോമീറ്റർ എൽ.ടി ലൈൻ വലിച്ചു. സബ്സ്റ്റേഷനുകൾ 85 ഉണ്ടായിരുന്നത് 97 ആയും സെക്ഷൻ ഓഫീസുകൾ 87 ഉണ്ടായിരുന്നത് 95 ആയും ഉല്പാദനം 26.5 മെഗാവാട്ട് ആയിരുന്നത് 208 മെഗാവാട്ടായും എൽ.ഡി.എഫ്-ന്റെ കാലത്ത് വർദ്ധിച്ചു. 4 ജില്ലകളിൽ

സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കി. ഇത് ചെറിയ നേട്ടമാണോ? വൈദ്യുതിയുടെ കുറവാണോ യഥാർത്ഥ പ്രശ്നം. മാനേജ്മെന്റിൽ ഉണ്ടായ തകരാർ ഒരു സംസ്ഥാനത്തെയാകെ പുറകോട്ട് വലിക്കുകയാണ്. മിക്കവാറും എല്ലാ കാര്യത്തിലും യു.ഡി.എഫ്-നെ പിന്തുണയ്ക്കുകയും എൽ.ഡി.എഫ് -നെ എതിർക്കുകയും ചെയ്തിരുന്ന മലയാള മനോരമ പത്രം അന്ന് പ്രസിദ്ധീ കരിച്ച മുഖപ്രസംഗത്തിൽ ശ്രീ. എ.കെ. ബാലനെക്കുറിച്ച് 'നാടുണർത്തുന്ന പ്രകാശമന്ത്രം' എന്നാണ് എഴുതിയിരിക്കുന്നത്. മലയാള മനോരമ പത്രമാണ് ഇത് എഴുതിയതെന്ന കാര്യം അങ്ങ് മറക്കരുത്. അന്നത്തെ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എ.കെ ബാലനെ അങ്ങേയറ്റം പ്രശംസിച്ചുകൊണ്ട് ഒരു മുഖപ്രസംഗം എഴുതിയിരിക്കുകയാണ്. മാതൃഭൂമി പത്രം 'വൈദ്യുതി ബോർഡ് കണക്കുകൾ കമ്മീഷൻ ക്രമീകരിച്ചു, വൈദ്യുതി ബോർഡ് ലാഭത്തിൽ, നിരക്കുവർദ്ധന ഭീഷണി ഒഴിവായി' എന്നാണ് എഴുതിയത്. ഈ സന്ദർഭത്തിലും പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ നമുക്ക് സാധിക്കു മായിരുന്നു, ആ രീതിയിൽ ഇത് കൈകാര്യം ചെയ്യാത്തതിന്റെ ഫലമാണ് നമ്മൾ ഇപ്പോൾ അനുഭവിക്കുന്നത് എന്ന് പറയാൻവേണ്ടിയാണ് ഞാൻ ഇത് സൂചിപ്പിച്ചത്. എൽ.ഡി.എഫ് അധികാരത്തിൽ വരുമ്പോൾ വൈദ്യുതി മേഖലയിലുണ്ടായിരുന്ന പൊതുകടം 4500 കോടി രൂപ ആയിരുന്നു. 2011-ൽ എൽ.ഡി.എഫ് അധികാരമൊഴിയുമ്പോൾ അത് 1200 കോടി രൂപയാക്കി കുറച്ചിരുന്നു. ഇതെല്ലാം പ്രസിദ്ധീകരിക്കപ്പെട്ട കണക്കുകളാണ്. എൽ.ഡി.എഫ്-ന്റെ ഭരണകാലത്ത് വൈദ്യുതി മേഖല ഓരോ വർഷവും ലാഭത്തിലേയ്ക്ക് കടന്നു. 5 വർഷത്തെ എൽ.ഡി.എഫ് ഭരണകാലത്ത്

പ്രതിസന്ധികളുണ്ടായിട്ടും, വികസന പ്രവർത്തനങ്ങളൊക്കെ നടത്തിയിട്ടും ഒരു രൂപയുടെ പോലും താരിഫ് വർദ്ധനയുണ്ടായിട്ടില്ല. പുറത്തുനിന്ന് വാങ്ങുന്നതിന് ചെറിയൊരു സർചാർജ് കുറച്ചു കാലത്തേയ്ക്ക് വയ്ക്കുകയാണ് ചെയ്തത്. എൽ.ഡി.എഫ്-ന്റെ കാലത്ത് വൈദ്യുതി കണക്ഷൻ സൗജന്യമായി നൽകിയിരുന്നുവെങ്കിൽ ഇപ്പോൾ എ.പി.ൽ, ബി.പി.എൽ വ്യത്യാസമില്ലാതെ എല്ലാവരും ഒരു പോസ്റ്റിന് 11000 രൂപയാണ് അടയ്ക്കേണ്ടത്. എൽ.ഡി.എഫ്-ന്റെ കാലത്ത് ഫിക്സഡ് ചാർജ് ഇല്ലായിരുന്നു. ഇപ്പോൾ സിംഗിൾ ഫേസ് 40 രൂപ, ത്രീ ഫേസ് 60 രൂപ, മീറ്റർ മാറ്റാൻ 450 രൂപ എന്നിങ്ങനെ നൽകണം. യു.ഡി.എഫ്-ന്റെ ഭരണകാലത്ത് ഇതുവരെ വന്ന താരിഫ് വർദ്ധനയുടെ ആകെ കണക്ക് ഏകദേശം 2,500 കോടി രൂപയാണ്. മന്ത്രിയുടെയും ഇലക്ട്രിസിറ്റി ബോർഡിന്റെയും പരിഗണനയിലിരിക്കുന്നതുകൂടി വന്നാൽ അടുത്ത രണ്ട് വർഷത്തിനുള്ളിൽ വരാനിരിക്കുന്നത് 1,500 കോടി രൂപയുടെ താരിഫ് വർദ്ധനയാണ്. അപ്പോൾ എങ്ങനെയാണ് രണ്ട് കാഴ്ചപ്പാടുകൾ തമ്മിലുള്ള വ്യത്യാസമെന്ന് മനസിലാകും. വൈദ്യുതി പുറത്തുനിന്ന് വാങ്ങിയാലും കേന്ദ്രം നൽകുന്നതായാലും ഇവിടേയ്ക്ക് കൊണ്ടുവരാൻ ട്രാൻസ്മിഷൻ ലൈൻ വേണം. അതിന്റെ പ്രവർത്തനങ്ങൾ കേരളത്തിന്റെ ഭാവിയുമായി ബന്ധപ്പെട്ടതാണ്. കൂടംകുളം പദ്ധതിപ്രകാരമുള്ള വൈദ്യുതി കൊണ്ടുവരുന്നതിനുള്ള ലൈനിന്റെ പണി എൽ.ഡി.എഫ്-ന്റെ കാലത്ത് ആവേശത്തോടുകൂടി ആരംഭിക്കുകയും പൂർത്തീകരിക്കാൻ ശ്രമിക്കുകയും ചെയ്തു. പുതുപ്പള്ളി മണ്ഡലത്തിൽ ലൈനിന്റെ പണി ആരംഭിച്ചപ്പോൾ റബ്ബർ മരങ്ങൾ പോകുമെന്ന് പറഞ്ഞ് ലൈൻ വലിക്കുന്ന

പണി സ്തംഭിച്ചു. അത് ഭാവി കേരളത്തിന്റെ ഊർജ്ജവാതിൽ അടയ്ക്കുകയാണ് ചെയ്തത്. ഗവൺമെന്റിന് എന്തെങ്കിലും തരത്തിലുള്ള ഇടപെടൽ നടത്തി അക്കാര്യം പരിഹരിക്കുന്നതിന് കഴിഞ്ഞോ? പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (PGCIL) എന്ന നവരത്ന കമ്പനി പോലും നമുക്കെതിരായില്ലേ? ലൈനെല്ലാം തമിഴ്നാടിന് കൊടുത്തില്ലേ? 25 വർഷത്തേയ്ക്ക് അവിടെനിന്ന് വൈദ്യുതി ലഭിച്ചാലും കൊണ്ടുവരുന്നതിന് ഈ പവർ ഹൈവേ പൂർത്തിയാക്കാതെ എന്ത് മാർഗ്ഗമാണുള്ളത്? ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള എന്തെങ്കിലും പരിശ്രമം നമ്മുടെ ഭാഗത്തു നിന്നുണ്ടായോ? സെൻട്രൽ റഗുലേഷൻ അതോറിറ്റിയിൽ നമ്മൾ കേസ് ഫയൽ ചെയ്തു. വൈദ്യുതി ഉപഗ്രഹംവഴി കൊണ്ടുവരാൻ പാടില്ലെന്നു പറഞ്ഞ് അവർ നമ്മളെ കളിയാക്കുകയാണുണ്ടായത്. അത് വാസ്തവമല്ലേ; ഇക്കാര്യത്തിൽ സീരിയസായുള്ള ശ്രമം നമ്മുടെ ഭാഗത്തുനിന്നുണ്ടായോ? ഈ ഗവൺമെന്റിന്റെ ആസൂത്രണമില്ലായ്മയാണ് എല്ലാം തകർത്തത്. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഒരു മുതിർന്ന അംഗമെന്ന നിലയിൽ എനിക്ക് അങ്ങയോട് വളരെ സ്നേഹവും ബഹുമാനവും ഉണ്ട്. വേണമെങ്കിൽ എനിക്ക് അങ്ങയെ മെഴുകുതിരികളുടെയും ഇൻവെർട്ടർ കമ്പനികളുടെയും ജനറേറ്റർ കമ്പനികളുടെയും ഏജന്റ് എന്ന് വിളിച്ച് ആക്ഷേപിക്കാം. പക്ഷേ ഞാനത് ചെയ്യുന്നില്ല. ഞാൻ അങ്ങനെ വിളിച്ചാൽ ഈ പ്രസംഗം കേട്ടുകൊണ്ടിരിക്കുന്നവരാരും എന്നെ കുറ്റം പറയില്ല. കാരണം അങ്ങനെയാണ് കഴിഞ്ഞ മൂന്ന് വർഷം കടന്നുപോയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ പ്രോജക്ട് 676 പ്രഖ്യാപിച്ചിട്ടുണ്ട്. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി എമർജിംഗ് കേരളയെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. പ്രോജക്ട് 676 ആയാലും

എമർജിംഗ് കേരളയായാലും വൈദ്യുതിയില്ലാതെ എന്തെങ്കിലും നടക്കുമോ? വൈദ്യുതിയില്ലാതെ കേരളത്തിലേയ്ക്ക് എന്തെങ്കിലും വരുമോ? വൈദ്യുതി ഉല്പാദിപ്പിക്കാനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചോ? ബഹുമാനപ്പെട്ട പി.സി. ജോർജ് സൈലന്റ് വാലി വേണമെങ്കിൽ കൊണ്ടുവന്നോ എന്നാണ് പറഞ്ഞത്. വൈദ്യുതി ആവശ്യമാണെന്നും അത് ഉല്പാദിപ്പിക്കാനുള്ള പദ്ധതികൾ നടപ്പാക്കണമെന്നും എല്ലാവർക്കും അറിയാം. പക്ഷേ ആ പദ്ധതികളൊന്നുംതന്നെ നടപ്പിലാക്കാൻവേണ്ടി ഒരു പരിശ്രമവും നിങ്ങളുടെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. വൈദ്യുതിയില്ലാതെ ഒരു വികസനവും നമ്മുടെ നാട്ടിൽ നടപ്പാക്കാൻ കഴിയില്ല. അതിന്റെയെല്ലാം വഴി അടച്ചതിന്റെ എല്ലാ ക്രഡിറ്റും നിങ്ങൾക്കാണ്. വ്യവസായ വികസനത്തിന്റെ ധാരാളം പദ്ധതികൾ ആവിഷ്കരിച്ച ബഹുമാനപ്പെട്ട ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി ഇക്കാര്യത്തിൽ പ്രതികരിക്കണം. ഇങ്ങനെ നമ്മൾ മുന്നോട്ട് പോയാൽ കേരളത്തിൽ ഒരു പെട്ടിക്കട പോലും തുടങ്ങാൻ കഴിയില്ലെന്ന് ഞാൻ ഉറപ്പിച്ച് പറയുകയാണ്. നിങ്ങൾക്ക് ഒരു കാഴ്ചപ്പാടില്ല, എല്ലാം സ്വകാര്യവൽക്കരിക്കാനുള്ള ഭ്രാന്താണ്......

ശ്രീ. എ. എം. ആരിഫ്: സർ, അങ്ങ് എൽ.ഡി.എഫ് ഭരണകാലത്ത് വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ.കെ. ബാലന്റെയും ഇപ്പോഴത്തെ വൈദ്യുതി വകുപ്പുമന്ത്രിയായ ശ്രീ. ആര്യാടൻ മുഹമ്മദിന്റെയും പ്രവർത്തനങ്ങളുടെ താരതമ്യപഠനം നടത്തുകയാണല്ലോ. എൽ.ഡി.എഫ് ഭരണകാലത്ത് വൈദ്യുതി വകുപ്പ് കൈകാര്യം ചെയ്ത ശ്രീ.എ.കെ. ബാലന്റെ നിറം കറുപ്പും മനസും ബുദ്ധിയും വെളുത്തതായതുകൊണ്ടും ഇന്നത്തെപ്പോലെ ഇരുട്ട് പരന്നില്ല. പക്ഷേ ശ്രീ. ആര്യാടൻ മുഹമ്മദ് കാഴ്ചയിൽ വെളുത്തിരിക്കുന്നുവെങ്കിലും മനസും പ്രവർത്തിയും കറുത്തതുകൊണ്ടാണ് സദാ ഇരുട്ട് പരക്കു

ന്നതെന്ന് ........... പൊതുവെ ഫെയ്സ്ബുക്ക് പോസ്റ്റിംഗിൽ വരുന്നതാണ് ........... 'ആര്യാടൻജി തീപ്പെട്ടിയുണ്ടോ ഒരു മെഴുകുതിരി കത്തിക്കാൻ' എന്ന ഫെയ്സ്ബുക്ക് പോസ്റ്റിംഗ് ഇപ്പോൾ വ്യാപകമായിക്കൊണ്ടിരിക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. സ്പീക്കർ: ഇതൊന്നും ശ്രദ്ധയിൽപ്പെടേണ്ട കാര്യങ്ങളല്ല.

ശ്രീ. ബാബു. എം. പാലിശ്ശേരി: സർ, എനിക്ക് അദ്ദേഹം പറഞ്ഞതിനോട് യോജിപ്പില്ല. കറുപ്പ് മോശവും വെളുപ്പ് നല്ലതുമാണെന്ന അഭിപ്രായം ലോകത്താർക്കും ഇല്ല, എനിക്കുമില്ല. അദ്ദേഹം പറഞ്ഞത് തമാശയ്ക്കാണെന്ന കാര്യം എനിക്കറിയാം. ഞാൻ ദീർഘിപ്പിക്കുന്നില്ല. വൈദ്യുതി മേഖലയിലടക്കം 2003-ൽ നിങ്ങൾ കൊണ്ടുവന്ന നിയമമൊക്കെ സ്വകാര്യവൽക്കരിക്കുന്നതിനുവേണ്ടിയുള്ള നിയമങ്ങളാണ്. അതെല്ലാം നാടിനെ പിറകിലേയ്ക്ക് പിടിച്ചുവലിയ്ക്കുമെന്ന കാര്യത്തിൽ എനിക്കൊരു സംശയവുമില്ല. വനത്തെ സംബന്ധിച്ച് എനിക്ക് ശേഷം സംസാരിക്കുന്നവർ പറയും. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഞാൻ പറയുന്നത് മറ്റൊരു വിഷയമാണ്. കേരളത്തിൽ ആനത്തൊഴിലാളികളൊഴികെ എല്ലാവർക്കും ക്ഷേമനിധിയുണ്ട്. ആനത്തൊഴിലാളി യൂണിയന്റെ ഭാരവാഹി എന്ന നിലയിൽ ഇക്കാര്യം ഞാൻ സബ്മിഷനായി ഉന്നയിച്ചിരുന്നു. അന്നത്തെ തൊഴിൽവകുപ്പുമന്ത്രി പറഞ്ഞത് എണ്ണം കുറവായതിനാൽ പ്രത്യേകക്ഷേമനിധി സാധ്യമല്ല, ഷോപ്പ് എംപ്ലോയീസിന്റെ ക്ഷേനിധിയിൽ ഉൾപ്പെടുത്താമെന്നാണ്. പക്ഷേ പിന്നീട് ഒരു നടപടിയും ഇക്കാര്യത്തിൽ ഉണ്ടായില്ല.

കേരള സ്റ്റേറ്റ് എലിഫന്റ് വെൽഫയർ ബോർഡ് രൂപീകരിക്കുന്നതിനെക്കുറിച്ച് പത്രത്തിൽ വായിച്ചിരുന്നു. ആനപ്രേമികളുടെ നാടായ കേരളത്തിൽ അത്തരത്തിലൊരു ബോർഡ് വരുന്നത് നല്ല കാര്യമാണ്; ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയാണ്. കേരളത്തിൽ ആനകളുടേയും പാപ്പാന്മാരുടേയും കാര്യം കഷ്ടമാണ്. പാപ്പാന്മാർക്ക് പെൻഷൻ പദ്ധതി ആസൂത്രണം ചെയ്യണം. 'ആനച്ചോറ് കൊലച്ചോറ്' എന്നാണ് പൊതുവിൽ പറയുന്നത്. എപ്പോൾ വേണമെങ്കിലും ആന ഇടഞ്ഞ് പാപ്പാന്മാരുടെ ജീവിതം തകരാം. ആ സാഹചര്യത്തിൽ പാപ്പാന്മാർക്കും അവരുടെ കുടുംബത്തിനും സുരക്ഷിതം ഉണ്ടാകുന്ന ഇടപെടൽ ഉണ്ടാകണം. ആന ഉടമകളും ഉത്സവകമ്മിറ്റികളും ചെറിയ തുകയെടുത്താൽ കേരളത്തിൽ ഇത് സാദ്ധ്യമാകാവുന്നതേയുള്ളു. യഥാർത്ഥത്തിൽ കേരളത്തിൽ ഇപ്പോൾ 600 –ൽ താഴെ ആനകളാണുള്ളത്. കഴിഞ്ഞ ജനുവരി മാസം മുതൽ ജൂൺ മാസം വരെ 14 ആനകളും കഴിഞ്ഞ ഒരു വർഷത്തിനിടയിൽ 150 ആനകളുമാണ് ചെരിഞ്ഞത്. ആനകൾക്ക് ചികിത്സിക്കാൻ ഒരു ആശുപത്രിയില്ല. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ആനകളെ ചികിത്സിക്കാൻ ഒരു ആശുപത്രി തുടങ്ങണമെന്നും അത് കുന്നംകുളത്ത് തുടങ്ങണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. എന്റെ അഭ്യർത്ഥന വെറും പ്രാദേശികവാദമല്ല. കേരളത്തിൽ ഏറ്റവും കൂടുതൽ ആനകളെ എഴുന്നള്ളിക്കുന്ന ക്ഷേത്രങ്ങളുള്ള സ്ഥലം കുന്നംകുളമാണ്. ഹിന്ദു, ക്രസ്ത്യൻ, മുസ്ലീം തുടങ്ങി ഏത് വിഭാഗക്കാരുടെ ഉത്സവത്തിനായാലും ശരാശരി 60, 70, 80, 90, 100, 110 ആനകളെയാണ് എഴുന്നള്ളിക്കുന്നത്. മാത്രമല്ല, ഏറ്റവും കൂടുതൽ ആനകൾ ഉള്ളതും ആ പ്രദേശത്താണ്. ആനകൾക്ക് ആശുപത്രി തുടങ്ങുന്നതിനുള്ള സ്ഥലം അവിടെ

കണ്ടെത്താം. ആനകൾ ചെരിഞ്ഞുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുക യാണ്. കേരളത്തിൽ ആനകളുടെ നിശ്ചിത അനുപാതം നിലനിർത്തുന്നതിന് ശ്രമിക്കണം. കോടനാട്, കോന്നി, മുത്തങ്ങ, കോട്ടൂർ തുടങ്ങിയ ആന പരിപാലന കേന്ദ്രങ്ങളിലെ ആനകളുടെ ചികിത്സയെ സംബന്ധിച്ചും ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ : യെസ്.... കൺക്ലൂഡ്....

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, രണ്ട് മിനിട്ടുകൂടി.

മി. സ്പീക്കർ : രണ്ട് മിനിട്ട് കൂടിയാകുമ്പോൾ എത്ര മിനിട്ടാണ് അധികം വേണ്ടത്. ഇപ്പോൾത്തന്നെ അഞ്ച് മിനിട്ടായി. അവസാനിപ്പിക്കൂ.

ശ്രീ. ബാബു എം. പാലിശ്ശേരി : വാഹന നികുതിയുടെ കാര്യംകൂടി പറയണമെന്നാണ് കരുതിയത്.

മി. സ്പീക്കർ : അത് നേരത്തേ പറയണമായിരുന്നു.

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ എല്ലാവരും വല്ലാത്ത ഒരു അവസ്ഥയിലും നമ്മളെല്ലാവരും അതിൽ ബോധവാന്മാരുമാണ്. വോട്ട് ചെയ്തതിനുള്ള മറുപടി പ്രതിരോധ, റെയിൽവേ, മേഖലയിലെല്ലാം നമുക്ക് ലഭിച്ചുകൊണ്ടിരിക്കുകയാണ്. നമ്മൾ വലിയ ആപത്തിലേയ്ക്ക് പോവുകയാണ്. ആ വിപത്തിനെ നമുക്ക് ഒരുമിച്ച് നേരിടേണ്ടതുണ്ട്. ശ്രീ. എം. ഉമ്മർ, ഭരണപക്ഷത്തുള്ള ബഹുമാന്യനായ, എനിക്ക് വളരെ ഇഷ്ടപ്പെട്ട എം.എൽ.എ. യാണ്. അദ്ദേഹം കഴിഞ്ഞ ദിവസം ഇവിടെയൊരു പ്രസംഗം നടത്തി. ആ പ്രസംഗത്തിൽ, എൽ.ഡി.എഫ്.-ന് ധാരാളം ഉപദേശങ്ങൾ തന്നു. ആ ഉപദേശങ്ങൾ എൽ.ഡി.എഫ്.-ന് തന്നത്

അദ്ദേഹത്തിന്റെ നല്ല മനസ്സാണ്. ഇടതുപക്ഷത്തിന് എന്തെങ്കിലും പിശക് പറ്റിയിട്ടുണ്ടെങ്കിൽ ആ പിശക് തിരുത്തി, ശക്തിയാർജ്ജിച്ച് വരണമെന്നാണ് അദ്ദേഹം ആഗ്രഹിക്കുന്നത്. കാരണം ഇടതുപക്ഷം ശക്തിയാർജ്ജിച്ച് വന്നെങ്കിൽ മാത്രമേ രാജ്യത്തിന് രക്ഷയുള്ളു.

മി. സ്പീക്കർ: ശ്രീ. ബാബു എം. പാലിശ്ശേരി, ഞാൻ മൈക്ക് ഓഫാക്കും.

ശ്രീ. ബാബു എം. പാലിശ്ശേരി : അതേസമയം ഭരണപക്ഷത്തുള്ള ആളുകളെ ഉപദേശിച്ചതേയില്ല. അവർ നന്നായി വരില്ലെന്ന് ശ്രീ. എം. ഉമ്മറിന് നല്ലതുപോലെ അറിയാവുന്നതുകൊണ്ടായിരിക്കാം അവരെ ഉപദേശിക്കാതിരുന്നത്. .........(മൈക്ക് ഓഫ്)....... ഈ ഉപധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുന്നു.

ശ്രീ. റ്റി.എൻ. പ്രതാപൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട വകുപ്പുകളായ ഗതാഗതം, വനം–പരിസ്ഥിതി, വൈദ്യുതി എന്നിവയാണ് ഇന്നിവിടെ ചർച്ച ചെയ്യുന്നത്. 'ദൈവത്തിന്റെ സ്വന്തം നാട്' ആയ കേരളം ഇന്ന് കാണുന്ന രീതിയിൽ നിലനിൽക്കുന്നതിൽ വളരെ പ്രധാനപ്പെട്ട കാരണങ്ങളിൽ ഒന്നാണ് വനവും പരിസ്ഥിതിയും. അതുകൊണ്ടുതന്നെ പരിസ്ഥിതി നിയമങ്ങൾക്ക് അവധി കൊടുത്തുകൂടെന്ന് തീരുമാനിക്കേണ്ട സാഹചര്യം നിലവിൽ വന്നിരിക്കുകയാണ്. വികസനത്തിന്റെ പേരിൽ പരിസ്ഥിതി നിയമങ്ങളെ അട്ടിമറിക്കപ്പെട്ടുകൂട. നമ്മുടെ നാട്ടിൽ വികസനം വേണം. എന്നാൽ ആരും വികസന വിരോധികളാകാൻ പാടില്ല, അങ്ങനെ ആകുന്നവരുമല്ല. ഏതെങ്കിലും രീതിയിലുള്ള തീവ്രവാദമോ, മൗലികവാദമോ

പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് നമ്മുടെ നാട്ടിൽ ഉണ്ടാകാനും പാടില്ല. ഇവിടെ വീടും റോഡും കെട്ടിടങ്ങളും പാലങ്ങളും വേണം. അനിവാര്യമാണെങ്കിൽ വിമാത്താവളങ്ങളും വേണം. ഇതെല്ലാം വികസന ത്തിന്റെ ഭാഗമാണ്. കഴിഞ്ഞ തലമുറകൾ നമുക്ക് വേണ്ടി കരുതിവച്ച മഹാക രുതൽധനം സംരക്ഷിച്ചുകൊണ്ടുതന്നെയുള്ള വികസനമാണ് വേണ്ടത്. വികസനം ഇന്നത്തേയ്ക്ക് വേണ്ടിയാണെങ്കിൽ പരിസ്ഥിതി സംരക്ഷണം നാളേയ്ക്കും വരുംതലമുറയ്ക്കും വേണ്ടിയാണെന്നാണ് മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി കേരള ജനതയോട് പറഞ്ഞത്. അതിന്റെ അടിസ്ഥാനത്തിൽ വനംവകുപ്പ് കൂടുതൽ ശക്തിപ്പെടുത്തണം. വനംവകുപ്പിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ അടിയന്തരമായി നിമയനം നടത്തണം. അതുപോലെ പാട്ടക്കരാർ ലംഘിച്ചതും കാലാവധി കഴിഞ്ഞതുമായ മുഴുവൻ വനഭൂമിയും അടിയന്തരമായി സർക്കാർ ഏറ്റെടുക്കാനുള്ള നടപടി ഉണ്ടാകണം. സർക്കാരിലേയ്ക്ക് ഏറ്റെടുക്കാൻ ഉത്തരവായതിനുശേഷവും വർഷങ്ങളായി പല ഭൂമികളും സ്വകാര്യ വ്യക്തികൾ ആദായം പറ്റിവരിക യാണ്. ഇതുമായി ബന്ധപ്പെട്ട കേസ്സുകൾ അനന്തമായി നീട്ടിക്കൊണ്ട് പോകുന്നത് ഖേദകരമാണ്. കീഴ്ക്കോടതികളിലേയും ഹൈക്കോടതികളി ലേയും കേസ്സുകൾ വേണ്ടവിധം സർക്കാർ അഭിഭാഷകർ കൈകാര്യം ചെയ്യാ ത്തതാണ് മുഖ്യകാരണങ്ങളിൽ ഒന്നെന്ന വിമർശനം സമൂഹത്തിലുണ്ട്. സമയ ബന്ധിതമായി കേസ്സുകൾ തീർക്കുവാനും ഗവൺമെന്റിലേയ്ക്ക് വരേണ്ട ഭൂമികൾ ഗവൺമെന്റിലേയ്ക്ക് വരുന്നതിനുംവേണ്ടി വനംവകുപ്പ്, സുപ്രീം കോടതിയിലേയും ഹൈക്കോടതിയിലേയും കേസ്സുകൾ സംബന്ധിച്ച് പ്രത്യേക കർമ്മപദ്ധതി നിർബന്ധമായും ആവിഷ്കരിക്കണം. നെല്ലിയാമ്പതി യിലെ പാട്ടക്കരാർ ലംഘിച്ച വനഭൂമികൾ തിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട

കേസ്സുകൾ ഹൈക്കോടതിയിൽ കൈകാര്യം ചെയ്യുന്നതിൽ സുപ്രീം കോടതി യിലെ വിഷയ വിദഗ്ദ്ധരായ അഭിഭാഷകരെ നിയമിക്കണം. കരുണ എസ്റ്റേറ്റു മായി ബന്ധപ്പെട്ട കാര്യങ്ങൾ നമുക്ക് എല്ലാവർക്കും അറിയാം. നെല്ലിയാമ്പതിയിലെ 880 ഏക്കറിൽ അധികം വനഭൂമി അനധികൃതമായും വ്യാജരേഖ ചമച്ചും കരുണ പ്ലാന്റേഷൻ എന്ന സ്വകാര്യ തോട്ടക്കാർ കൈവശ പ്പെടുത്തിയിരിക്കുകയാണ്. സമയബന്ധിതമായി കേസ്സുകൾ നടത്താത്തതി നാലും കേസ് നടത്തിപ്പിൽ 1990 മുതൽ വീഴ്ചകൾ വരുത്തിയതിനാലും പ്രസ്തുത വനഭൂമി സ്വകാര്യ തോട്ടക്കാർ തുടർന്നും കൈവശപ്പെടുത്തിയിരി ക്കുകയാണ്. സമഗ്രമായ അന്വേഷണം ആവശ്യപ്പെട്ട് 2011–ൽ കോഴിക്കോട് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഇതുസംബന്ധിച്ച രേഖകൾ പരിശോധിച്ച് സമഗ്രമായ അന്വേഷണം നടത്താനും ഒരു പ്രത്യേക ടീം രൂപീകരിക്കണമെന്നുമായിരുന്നു ആ റിപ്പോർട്ടിലെ ആവശ്യം. അതനുസരിച്ച് ഈ സർക്കാർ വനം, റവന്യൂ, നിയമം, പോലീസ്, സർവ്വേ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരടങ്ങിയ പ്രത്യേക സംഘത്തിനെ നിയോഗിക്കുകയും ചെയതു. എന്നാൽ എ.പി.സി. സി.എഫ്.–ന്റെ റിപ്പോർട്ടിൽ അക്കമിട്ട് പറയുന്ന തിരിമറികളും രേഖകളിലെ തട്ടിപ്പുകളും വേണ്ടവിധം പരിശോധിക്കാതെ പ്രസ്തുത കമ്മിറ്റിയിലെ വനം വകുപ്പ് ഉദ്യോഗസ്ഥർ കോടിക്കണക്കിന് രൂപ വിലവരുന്ന വനഭൂമി തോട്ട ക്കാർക്ക് നികുതി അടച്ച് സ്വന്തമാക്കാൻ കൂട്ടുനിന്നുവെന്നുള്ളത് ആക്ഷേപ മാണ്. ഞാൻ ഈ വിഷയം ബഹുമാനപ്പെട്ട മന്ത്രിക്ക് രേഖാമൂലം എഴുതി നൽകിയതാണ്. ഈ വിഷയത്തിൽ, ഉദ്യോഗസ്ഥർക്ക് ശരിയായ നിയമോപ ദേശം നൽകി, സർക്കാർ താൽപ്പര്യം സംരക്ഷിക്കേണ്ട അഡ്വക്കേറ്റ്

ജനറലിന്റെ ഓഫീസ്, പ്രസ്തുത എ.പി.സി.സി.എഫ്.-ന്റെ റിപ്പോർട്ടിലെ വസ്തുതകൾ അവഗണിച്ച് വനഭൂമി കയ്യേറ്റക്കാർക്ക് വിട്ടുനൽകണമെന്ന ഉപദേശമാണ് നൽകിയത്. നേരത്തെ സർക്കാർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിവ്യൂ ഹർജിയിൽ, ഈ വനഭൂമിയിന്മേൽ ആർക്കും നിമയപ്രകാര മുള്ള ഒരു അവകാശവും ഇല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സുപ്രീം കോടതി യിലും 2009-ൽ വനംവകുപ്പ് ഇതേ നിലപാടാണ് സ്വീകരിച്ചത്. നേരത്തെ യുള്ള മുഴുവൻ നിലപാടുകളും അട്ടിമറിച്ച് അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ് നൽകിയ നിയമോപദേശം മറയാക്കിയാണ് വനംവകുപ്പ് ഉദ്യോഗസ്ഥർ 880 ഏക്കർ വനഭൂമി കരുണ പ്ലാന്റേഷന് നൽകിയത്. ഇതിൽ ഭരണതലത്തിലെ ഏറ്റവും ഉന്നതരായ ഉദ്യോഗസ്ഥന്മാർപോലും ഇടപെട്ടിട്ടുണ്ടോയെന്ന് സംശ യിക്കേണ്ടിയിരിക്കുന്നു. പ്രസ്തുത വനഭൂമി സംരക്ഷിക്കാനും തിരിച്ചെടു ക്കാനും അട്ടിമറി അന്വേഷിക്കാനും ഒരു ഉന്നതതല അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകണം. സർക്കാരിന് സത്യസന്ധതയുണ്ട്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയെ എനിക്ക് ഇക്കാര്യത്തിൽ വിശ്വാസവുമുണ്ട്; അദ്ദേഹ ത്തിന് ഇക്കാര്യത്തിൽ ഒരു കാഴ്ചപ്പാടുണ്ട്. ഇത് ഗവൺമെന്റ് ഭൂമിയായി നിലനിർത്തേണ്ടതാണെന്ന് അദ്ദേഹത്തിന് 100 ശതമാനം ബോദ്ധ്യമുണ്ട്. ആ ആത്മാർത്ഥതയെ പരിപൂർണ്ണമായും അഭിനന്ദിക്കാനും അംഗീകരിക്കാനും തയ്യാറാണ്. എന്നാൽ, നികുതി അടയ്ക്കാൻ ചെല്ലുമ്പോൾ, തഹസീൽദാർ മുഴുവൻ ഭൂമിയും പോക്കുവരവ് ചെയ്തുകൊടുക്കുകയാണ്. 880 ഏക്കർ വനഭൂമിയാണ് ഇങ്ങനെ നഷ്ടപ്പെടുന്നത്. ഞാൻ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയോട് ഒന്ന്, രണ്ട് ചോദ്യങ്ങൾ ചോദിക്കുകയാണ്. കരുണ എസ്റ്റേറ്റിന്റെ 1889, 1920, 1944 എന്നീ വർഷങ്ങളിലെ പാട്ടക്കരാറുകളിലെ

പ്ലാനുകൾ, അപ്പീലിനൊപ്പം സമർപ്പിച്ചിട്ടുള്ള പ്ലാനും തമ്മിൽ ഒത്തുനോക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയവ അടിയന്തരമായി പരിശോധിച്ചാൽ മാത്രമേ വസ്തുതകൾ വെളിപ്പെടുകയുള്ളു. രണ്ടാമത്തെ എന്റെ അഭ്യർത്ഥന, 1944–ലെ പാട്ടക്കരാറിൽ മുതലമട വില്ലേജിലാണ് ഈ ഭൂമിയെന്ന് കാണിച്ചിട്ടുണ്ട്. ആയത് 1979–ലെ പാട്ടക്കരാറിൽ പയ്യാനൂർ വില്ലേജിൽ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സുപ്രീം കോടതിയുടെ കേസ്സിൽ സമാന്തരത്തിലുള്ള ഈ ഭിന്നത നിലനിൽക്കുകയാണ്.

ഈ കേസിന്റെ മേൽ സംഗതി സർക്കാരിന് ദോഷകരമായി ബാധിക്കുമോയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത് പരിശോധിക്കണം. എന്റെ മൂന്നാമത്തെ അഭ്യർത്ഥന, വേങ്ങനാട് കോവിലകം രാജാവിന്റെ നിര്യാണത്തെത്തുടർന്ന് ആശ്രിതർ ഭാഗപത്രം ചെയ്യുന്നതിനായി കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്. പിന്നെ എങ്ങനെയാണ് റീസീവർ ഭരണത്തിലുള്ള ഈ ഭൂമി കേസ് വിധിയാകുന്നതിനുമുമ്പായി 1969–ൽ വിറ്റത്, അതും വനം വകുപ്പ് പരിശോധിക്കണം. നാലാമത്തെ അഭ്യർത്ഥന, 2000–ലും 2009–ലും ഏത് സാഹചര്യത്തിലാണ് സർക്കാർ ഈ കേസിന് അപ്പീൽ നൽകിയത്? അഞ്ചാമതായി, അന്നത്തെ എ.ജി. മാരുടെ റിപ്പോർട്ടുകൾ എന്തായിരുന്നു; ഏത് സാഹചര്യത്തിലാണ് ഈ റിപ്പോർട്ടുകൾ ഇപ്പോഴത്തെ എ.ജി. മാറ്റിയെഴുതി നൽകിയത്? ഇതും ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി നിർബന്ധമായും പരിശോധിക്കണം. ഇക്കാര്യത്തിൽ 2011–ൽ കോഴിക്കോട് എ.പി.സി.സി.എഫ്. വനംവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് അയച്ച റിപ്പോർട്ട് ബഹുമാനപ്പെട്ട മന്ത്രി കൂടിയൊന്ന് നിർബന്ധമായും പരിശോധിക്കണം.

ആറാമതായി, ഈ റിപ്പോർട്ടുകളെല്ലാം തള്ളിക്കളയാൻ ഏത് തെളിവുകളാണ് പുതിയതായി ഇപ്പോൾ ലഭിച്ചതെന്നുകൂടി അങ്ങ് നിർബന്ധമായും പരിശോധിക്കണം. ഈ സമീപനം നെല്ലിയാമ്പതിയിലെ മറ്റെല്ലാ കേസുകളിലും സർക്കാരിന് എതിരാകാനിടയുണ്ട്. ഏഴാമതായി, കരുണ എസ്റ്റേറ്റുമായി ബന്ധപ്പെട്ട കേസിൽ എ.ജി. നൽകിയ ഉപദേശപ്രകാരമാണെങ്കിൽ കരുണാ എസ്റ്റേറ്റ് സ്വകാര്യ കമ്പനിക്ക് നികുതിയടയ്ക്കാനും കൈവശരേഖ കൊടുക്കാനും തീരുമാനിച്ചാൽ അത് നെല്ലിയാമ്പതിയിലെ മുഴുവൻ എസ്റ്റേറ്റുകളെയും ബാധിക്കും; അത് നമ്മുടെ കൈയിൽനിന്ന് പോകും അതിനുള്ള സാഹചര്യം ഒരുകാരണവശാലും ഉണ്ടാക്കരുതെന്ന് ഞാൻ പറയുകയാണ്. അതുപോലെ തന്നെ, തൃശ്ശൂർ ജില്ലയിലെ അയ്യായിരം ഏക്കറോളം വരുന്ന മുപ്ലിവാലി എസ്റ്റേറ്റ് പാട്ടക്കാലാവധി അവസാനിച്ചിട്ടും പാട്ടക്കരാർ ലംഘിച്ചുകൊണ്ട് ഹാരിസൺ മലയാളം എന്ന കമ്പനിയുടെ കൈവശമാണിരിക്കുന്നത്. ആ ഭൂമി വനംവകുപ്പിന് വനഭൂമിയായി വരേണ്ടതാണ്. ഈ എസ്റ്റേറ്റുകളിലെ കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽവന്ന സർക്കാർ അഭിഭാഷകരുടെ കഴിവില്ലായ്മയും വീഴ്ചയുംമൂലം ഇതുവരെയും ഈ എസ്റ്റേറ്റ് സർക്കാരിന് ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. പാട്ടക്കാലാവധി അവസാനിച്ചു, പാട്ടാക്കരാർ ലംഘിച്ചിട്ടും ഈ അയ്യായിരം ഏക്കർ ഭൂമി നമുക്ക് ഏറ്റെടുാൻ കഴിഞ്ഞിട്ടില്ല, ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് അതുകൂടി നിർബന്ധമായും പരിശോധിക്കണം. ഇതുപോലെതന്നെ വളരെ പ്രധാനപ്പെട്ടതാണ് പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ടുള്ള നിയമം. ഈ നിയമപ്രകാരം ഖനന മുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് മുൻകൂർ അനുമതി വാങ്ങാതെയുള്ള നിയമലംഘനങ്ങൾ നടക്കുന്നത് വ്യാപകമാകുകയാണ്. പരിസ്ഥിതി നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ ക്രിമിനൽ കേസ്സെടുക്കാനുള്ള നിയമം

1986-ൽ കേന്ദ്ര സർക്കാർ കൊണ്ടുവന്നിട്ടും കേരളത്തിൽ നാളിതുവരെയായി ഒരാൾക്കെതിരായിപ്പോലും കേസ്സെടുത്തതായി കാണുന്നില്ല. പരിസ്ഥിതി നമുക്കേറ്റവും അനിവാര്യമാണെന്ന് നമ്മളെല്ലാവരും ആവർത്തിച്ചുപറയാറുണ്ട്. അതുപോലെതന്നെ പരിസ്ഥിതി ദിനത്തിൽ നമ്മൾ മരങ്ങൾ നടുകയും എല്ലാവരും ഒത്തുച്ചേരുകയും ചെയ്യും. എന്നിട്ടും പരിസ്ഥിതിയെ കാത്തുസൂക്ഷിക്കേണ്ട ബന്ധപ്പെട്ട വകുപ്പ് അത് ചെയ്യുന്നുണ്ടോ; പരിസ്ഥിതി സംരക്ഷിക്കേണ്ട വകുപ്പും അതിനുവേണ്ടിയുള്ള ഉദ്യോഗസ്ഥന്മാരും പരിസ്ഥിതി സംരക്ഷിക്കുന്നതിനുപകരം പരിസ്ഥിതിയെ ധ്വംസനംചെയ്യുന്നതിൽ കൂട്ടുനിൽക്കുന്ന സാഹചര്യം നിലനിൽക്കുകയാണ്. പരിസ്ഥിതി വകുപ്പിന്റെ തലപ്പത്തുള്ള ഉദ്യോഗസ്ഥന്മാർ പരിസ്ഥിതി സംരക്ഷിക്കുന്നുണ്ടോ; ആത്മാർത്ഥത പുലർത്തുന്നവരെയല്ല, അല്ലാത്തവരെ തുറന്നുപറയാതിരിക്കാൻ നിവൃത്തിയില്ല. പരിസ്ഥിതി വകുപ്പിന്റെ തലപ്പത്തിരിക്കുന്നവരിൽ പലരും സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾപ്പോലുമില്ലാത്തവരാണ്. ഇപ്പോൾ ഇരിക്കുന്ന ഡയറക്ടർ, ഞാൻ വ്യക്തിപരമായി പറയുകയാണെന്ന് കരുതരുത്, ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിൽ നേരത്തെയും പറഞ്ഞിരുന്നു, XXXXXXXXXXX[1] എന്ന ഉദ്യോഗസ്ഥന്റെ യോഗ്യതയുടെ മാനദണ്ഡമെന്താണ്; അദ്ദേഹത്തിന് സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളില്ലായെന്ന് തെളിയിക്കാൻ കഴിയും. ഖനനത്തെ സംബന്ധിച്ച് റിസോർട്ട് മാഫിയകൾക്ക് ഗുണകരമാകുന്ന രീതിയിലാണ് ഈ ഉദ്യോഗസ്ഥൻ വഴിവിട്ട തീരുമാനങ്ങളെടുത്തിരിക്കുന്നത്. ഞാൻ മാത്രമല്ല, മാധ്യമങ്ങളെല്ലാം ഈ വിഷയം റിപ്പോർട്ട് ചെയ്തതാണ്. അതുപോലെ പരിസ്ഥിതി വകുപ്പ് സെക്രട്ടറിയാരാ

[1] സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കംചെയ്തു.

ണ്; അഡീഷണൽ ചീഫ് സെക്രട്ടറി XXXXXXXXXXX[2] അദ്ദേഹത്തിന് ഇതിനോട് യാതൊരു ആത്മാർത്ഥതയും പ്രതിബദ്ധതയുമില്ലായെന്ന കാര്യം അങ്ങേയ്ക്കുതന്നെ അറിയാമല്ലോ. അദ്ദേഹമൊരു സീനിയർ ഐ.എ.എസ്. ഉദ്യോഗ്സ്ഥനാണ്, കൂടാതെ അഡീഷണൽ ചീഫ് സെക്രട്ടറിയുമാണ്. പരിസ്ഥിതി സംരക്ഷിക്കാൻ ബാദ്ധ്യതപ്പെട്ട പരിസ്ഥിതി വകുപ്പ് സെക്രട്ടറിയും അതുപോലെ ഡയറക്ടറും ഇതിനർഹരായ ആളുകളാണോ, അവർ ആത്മാർത്ഥതയുള്ളവരാണോ; കാരണം, കേരളത്തിലെ ഭാവിതലമുറയ്ക്കുവേണ്ടി ഈ കരുതൽധനം സംരക്ഷിക്കപ്പെടേണ്ടതാണ്. അവിടെയാണ് നമ്മുടെ മുഖ്യമന്ത്രിയുടെ വാക്കിന്റെ പ്രാധാന്യം വർദ്ധിക്കുന്നത്. പരിസ്ഥിതി സംരക്ഷണമെന്നത് നാളെയുടെ ആവശ്യമാണെന്ന് നമ്മുടെ മുഖ്യമന്ത്രി ആവർത്തിച്ചുപറയുന്നുണ്ട്. മുഖ്യമന്ത്രി ഇവിടെ പ്രകടിപ്പിച്ച വികാരം പരിപൂർണ്ണമായും ഈ വകുപ്പ് ഉൾക്കൊള്ളണം എന്ന് അഭ്യർത്ഥിക്കുകയാണ്. ഇത്തരത്തിൽ ഈ പരിസ്ഥിതി വകുപ്പിന് യോഗ്യരല്ലാത്ത ആളുകളെ ഇതിൽനിന്നും നിർബന്ധമായും നീക്കംചെയ്യണം. ഇത്തരം കളങ്കിതരായ ഉദ്യോഗസ്ഥരെ, അനുമതികൾ കൊടുക്കേണ്ട പല പ്രധാനപ്പെട്ട സ്ഥലത്തുനിന്നും നിർബന്ധമായും മാറ്റണം. അതിനുവേണ്ടിയുള്ള നടപടികൾ നിർബന്ധമായും സ്വീകരിക്കണം. അതോടൊപ്പംതന്നെ, വളരെ പ്രധാനപ്പെട്ടവയാണ് ജലസംരക്ഷണ നിയമവും വായു സംരക്ഷണ നിയമവും. ഇവയെല്ലാം പലപ്പോഴും കടലാസ്സുകളിൽ മാത്രമായി മാറുകയാണ്. ഇത്തരത്തിലുള്ള നിയമലംഘനങ്ങൾ സ്ഥിരമായി നിരീക്ഷിക്കുവാനും ശക്തമായ നടപടികൾ കൈക്കൊള്ളുവാനും സുപ്രീംകോടതിയുടെ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള ഒരു പരിസ്ഥിതി അവലോകന സമിതി രൂപീകരിച്ചാൽ വളരെ

---

[2] സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കംചെയ്തു.

ഗുണകരമാകും. പശ്ചിമഘട്ടത്തിൽ നിരവധി അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. ഇതുമൂലം വൻ ആഘാതമാണ് പരിസ്ഥിതിക്കുണ്ടാകുന്നത്. സർക്കാരിനും പൊതുസമൂഹത്തിനും വൻ സാമ്പത്തിക നഷ്ടവും ഈ അനധികൃതമായ ക്വാറികൾമൂലം ഉണ്ടാവുകയാണ്. നമ്മുടെ നിയമസഭയുടെ ശ്രീ. സി. പി. മുഹമ്മദ്, ശ്രീ. പി. സി. വിഷ്ണുനാഥ് എന്നിവരുൾപ്പെടുന്ന പരിസ്ഥിതി സമിതി ഇതുമായി ബന്ധപ്പെട്ട് ഒരു റിപ്പോർട്ട് കഴിഞ്ഞ ദിവസം ഈ സഭയിൽ സമർപ്പിക്കുകയുണ്ടായി. സമിതി ഈ റിപ്പോർട്ടിൽ കൃത്യമായും അനധികൃതമായ ക്വാറികളെ സംബന്ധിച്ച് പറയുന്നുണ്ട്. അനധികൃതമായ ക്വാറികളെ സംബന്ധിച്ചൊരു സമഗ്രമായ അന്വേഷണം നടത്തണം. ഗോവയിൽ ഇതുപോലെയുള്ള അനധികൃത ഖനനത്തിനെതിരായ ശക്തമായ നിലപാടുണ്ടായി. ഷാ കമ്മീഷൻ അങ്ങനെയാണ് രൂപംകൊണ്ടത്. ഗോവയിൽ നടന്ന അനധികൃത ഖനനത്തെ സംബന്ധിച്ചുള്ള അന്വേഷണത്തിന് ഷാ കമ്മീഷനെ നിയമിച്ചതുപോലെ കേരളത്തിലും അനധികൃതമായ ക്വാറികളെ സംബന്ധിച്ച് അന്വേഷണം നടത്താൻ ഷാ കമ്മീഷൻ മാതൃകയിൽ ഒരു കമ്മീഷനെ നിയമിക്കാൻ അങ്ങ് തയ്യാറാകണം. അതുപോലെതന്നെയാണ് ആദിവാസികൾക്ക് നൽകുവാനായി സംസ്ഥാന സർക്കാർ പ്രത്യേകം കേന്ദ്രസർക്കാരിൽ നിന്നും അനുമതി വാങ്ങിയ ഭൂമി അവർക്കുതന്നെ നൽകുന്നതിനുവേണ്ടിയുള്ള അടിയന്തരമായ നടപടി സ്വീകരിക്കണം. 1977 കട്ട് ഓഫ് ഡേറ്റായി പട്ടയം നൽകുന്നതിനുവേണ്ടി തീരുമാനിക്കുകയുണ്ടായി. ഇപ്പോൾ അതിന്റെ നടപടികൾ പൂർത്തിയായിയെങ്കിലും വനംവകുപ്പിൽ പല തടസ്സങ്ങളും പറഞ്ഞ്, പട്ടയം കൊടുക്കുന്നില്ല, 1977-ൽ കട്ട് ഓഫ് ഡേറ്റ് വച്ച് പട്ടയം കൊടുക്കാൻ തീരുമാനിച്ച

ആളുകൾക്കെല്ലാം പട്ടയം വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള നടപടി അടിയന്തരമായി സ്വീകരിക്കണം. റവന്യൂവകുപ്പും വനംവകുപ്പുംകൂടി ചേർന്നാൽ മാത്രമേ ഈ പട്ടയം സമയബന്ധിതമായി കൊടുക്കുവാൻ സാധിക്കുകയുള്ളൂ. മാറിമാറിവന്ന മുഴുവൻ ഗവൺമെന്റുകളും പട്ടയം ഇന്നു കൊടുക്കും നാളെ കൊടുക്കും എന്നുപറയുകയുണ്ടായി. 13,000–ത്തോളം ഹെക്ടർ ഭൂമി ഏറ്റെടുക്കാൻ കൊണ്ടുവന്ന ഇ.എഫ്.എൽ...

<u>ശ്രീ. സാജു പോൾ:</u> സർ, പോയിന്റ് ഓഫ് ഓർഡർ..........

<u>മി. സ്പീക്കർ</u>: യെസ്, പോയിന്റ് ഓഫ് ഓർഡർ.. ഏതാണ് പോയിന്റ്?

<u>ശ്രീ. സാജു പോൾ:</u> സർ, റൂൾ 284 (9)–ൽ മുൻകൂർ നോട്ടീസ് സ്പീക്കർക്കും അതിന്റെ പകർപ്പ് ബന്ധപ്പെട്ട മന്ത്രിക്കും നൽകാതെ സംസാര ത്തിൽ സർക്കാർ ഉദ്യോഗസ്ഥരെ പേരെടുത്ത് പരാമർശിക്കാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ശ്രീ. റ്റി. എൻ. പ്രതാപൻ നിരവധി ഉദ്യോഗസ്ഥരെക്കുറിച്ച് ഇവിടെ പരാമർശിച്ചത് ശരിയല്ല, എനിക്ക് ഈ ഉദ്യോഗസ്ഥരെ സംബന്ധിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങളാണുള്ള തെങ്കിലും സഭയുടെ ചട്ടത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ അത് ഓർഡറിലാണോയെന്ന് പരിശോധിക്കണം.

<u>മി. സ്പീക്കർ</u>: ചട്ടത്തിന്റെ പുതിയ ഭേദഗതിയിൽ അങ്ങനെ പറഞ്ഞി ട്ടുണ്ട്. അതൊഴിവാക്കേണ്ടതാണ്.

<u>ശ്രീ. റ്റി.എൻ. പ്രതാപൻ:</u> സർ, ഞാൻ അതൊഴിവാക്കുന്നു. ഞാൻ പറയേണ്ടത് പറഞ്ഞു, ഒഴിവാക്കാൻ പറഞ്ഞപ്പോൾ ഒഴിവാക്കി. ഞാനെന്താണ്

ഉദ്ദേശിച്ചതെന്ന് എല്ലാപേർക്കും മനസ്സിലായി. ഞാൻ സ്പീക്കർ പറഞ്ഞത് അനുസരിച്ചു.

ശ്രീ. സാജു പോൾ: സർ, മാധ്യമങ്ങളിൽ ഇപ്പോൾ ലൈവായിട്ടു തന്നെ ഫ്ളാഷ് ന്യൂസ് നൽകുന്നതുകൊണ്ട് പലപ്പോഴും സഭാരേഖകളിൽ നിന്ന് നീക്കം ചെയ്യപ്പെടുന്ന കാര്യങ്ങൾപോലും മാധ്യമങ്ങളിൽ വരികയാണ്. സഭയിൽ നടത്തിയ ചട്ടവിരുദ്ധമായ പ്രസ്താവനകൾ പ്രസിദ്ധീകരിക്കരുതെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പ്രത്യേകമായ നിർദ്ദേശം നൽകണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട സ്പീക്കർ അതായത് ചെയർ പറയുന്നതിനുമുമ്പുതന്നെ അത് പോയിക്കഴിഞ്ഞു. ഇത്, നിങ്ങൾ രണ്ടുകൂട്ടരിൽ ആരും പാലിക്കുന്ന ഒരുകാര്യമല്ല.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ഇപ്പോഴെങ്കിലും അതു പറഞ്ഞത് നന്നായി. ഇനിമുതൽ നമ്മുടെ സഭയിലങ്ങനെ വരുമല്ലോ.

ശ്രീ. സാജുപോൾ: സർ, നിരവധി ഉദ്യോഗസ്ഥരെ സംബന്ധിച്ച് ആക്ഷേപങ്ങളുണ്ടാകാം, അഭിപ്രായ വ്യത്യാസങ്ങളുണ്ടാകാം. ഒരുപക്ഷേ അവർ ഗ്യാലറിയിലുണ്ടാകാം, ഇല്ലാതിരിക്കാം. സഭയിൽ പ്രതികരിക്കാനോ മറുപടി പറയാനോ സാധിക്കാത്ത സാഹചര്യത്തിൽ അങ്ങനെയുള്ള ആളുകളെ സംബന്ധിച്ച് കൃത്യമായ നോട്ടീസ് നൽകിക്കൊണ്ടല്ലാതെ ആരോപണങ്ങൾ ഉന്നയിക്കുന്നത് ശരിയല്ല.

മി. സ്പീക്കർ : ശ്രീ. സാജുപോൾ പറഞ്ഞത് ശരിയാണ്. ഉദ്യോഗസ്ഥന്മാരെ മാത്രമല്ല, ഇവിടെ ഹാജരില്ലാത്ത എത്രയോ രാഷ്ട്രീയ നേതാക്കന്മാരെക്കുറിച്ചുതന്നെ വളരെ നിലവാരം കുറഞ്ഞ വാക്കുകൾ ഉപയോഗിച്ച് സംസാരിക്കാറുണ്ട്. ഇതൊക്കെ ഒഴിവാക്കുന്നത് നല്ലതാണ്.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, അങ്ങയുടെ ഈ റൂളിംഗ് സമ്മതിക്കുന്നു. നമ്മുടെ നിയമസഭയിലെ പ്രതിപക്ഷനേതാവുൾപ്പെടെയുള്ള മുഴുവൻ അംഗങ്ങളും ഇത് പാലിക്കപ്പെടുന്നത് നല്ലകാര്യമാണ്. പേരല്ലേ ഒഴിവാക്കേണ്ടതുള്ളൂ, സ്ഥാനപ്പേര് പറയാമല്ലോ. 13000–ഓളം ഹെക്ടർ ഭൂമി ഏറ്റെടുക്കാൻകൊണ്ടുവന്ന ഇ.എഫ്.എൽ. ആക്ട് ലക്ഷ്യം പൂർത്തീകരിച്ചതിനാൽ തുടർന്നുള്ള വിജ്ഞാപനങ്ങൾ അവസാനിപ്പിച്ചുകൊണ്ട് നിയമഭേദഗതി കൊണ്ടുവരണം. മേൽ സംഗതിയുടെ കാര്യത്തിൽ വനം പരിസ്ഥിതി വകുപ്പ് ഇത് നടപ്പിലാക്കുന്നതിന് മതിയായ തുക നൽകണം. അതുകൊണ്ട് വന സംരക്ഷണവും പരിസ്ഥിതി സംരക്ഷണവും തെറ്റിദ്ധരിക്കപ്പെടുന്ന രീതിയിലുള്ളതാകാൻ പാടില്ല. നമ്മുടെ നാട്ടിൽ എല്ലാ വികസനങ്ങളും നടക്കണം. വികസനങ്ങളോടൊപ്പംതന്നെ ഇവ സംരക്ഷിച്ചുകൊണ്ടുള്ള വികസനം തന്നെയായിരിക്കണം വേണ്ടത്. അതിനുവേണ്ടി പ്രത്യേകമായ പരിഗണനയാണ് വനം വകുപ്പിൽനിന്നും ഉണ്ടാകേണ്ടത്. തീരപരിപാലന നിയമം വനം പരിസ്ഥിതി വകുപ്പിന്റെ കീഴിൽ വരുന്നതാണ്. നമ്മുടെ നാട്ടിൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കടലോരത്തും കായലോരത്തും ഒരു കുടിൽപോലും വയ്ക്കാൻ കഴിയുന്നില്ല. എന്നാൽ തീരപരിപാലന നിയമം ലംഘിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് വലിയ ഫ്ളാറ്റുകളും കെട്ടിടങ്ങളും ഉണ്ടാക്കുകയാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് – കോർപ്പറേഷനും, മുനിസിപ്പാലിറ്റിയും പഞ്ചായത്തും അടക്കം സി.ആർ.ഇസഡ് അനുമതി പിന്നീട് വാങ്ങിയാൽ മതി എന്നുപറഞ്ഞ് ബിൽഡിംഗ് പെർമിറ്റ് കൊടുക്കുകയാണ്. അത് നിർബന്ധമായും തടയണം. സി.ആർ.ഇസഡ്. പെർമിഷനില്ലാതെ ഒരു ബിൽഡിംഗും നിർമ്മിക്കാൻ അനുമതി കൊടുക്കരുത്. സി.ആർ.ഇസഡ്.

പെർമിഷനുള്ള സ്ഥലത്ത് ബിൽഡിംഗ് പണിയട്ടെ. പാവപ്പെട്ടവന് ഒരു നിയമവും സമ്പന്നന് വേറൊരു നിയമവും ഒരിക്കലും പാടില്ല, നിയമം എല്ലാ പേർക്കും തുല്യമാണ് എന്ന രീതിയിലേയ്ക്ക് കൊണ്ടുവരണം. സി.ആർ. ഇസഡ്. ഇംപ്ലിമെന്റ് ചെയ്യപ്പെടുന്നതിൽ വൻകിട ആളുകൾക്ക് കൊടുക്കുന്ന വളഞ്ഞവഴിയെക്കുറിച്ച് അങ്ങ് പരിശോധിക്കണം. ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി പൂർണ്ണമായും വനത്തിന്റെയും പരിസ്ഥിതിയുടെയും കാര്യത്തിൽ നിന്നുകൊണ്ടുതന്നെയാണ് സംസാരിച്ചിട്ടുള്ളത്. ഈ കാര്യത്തിൽ വളരെ പോസിറ്റീവായിട്ടുള്ള തീരുമാനമുണ്ടാകണം. കേരളത്തിലെ വനവും പാരിസ്ഥിതികമായ സാഹചര്യങ്ങളും സംരക്ഷിക്കപ്പെടണം. കരുണ എസ്റ്റേറ്റിന്റെയും നെല്ലിയാമ്പതിയുടെയും കാര്യത്തിൽ ഒരു തീരുമാനമുണ്ടാകണം. പല കേസുകളും വാദം പൂർത്തിയായിട്ടും എ.ജി. യുടെ ഓഫീസിൽ കെട്ടിക്കിടക്കുകയാണ്. സുപ്രീംകോടതിയിലെയും ഹൈക്കോടതികളിലെയും കേസുകളുടെ നടത്തിപ്പിന് ഒരു മോണിറ്ററിംഗ് സംവിധാനം നിർബന്ധമായും ഉണ്ടാക്കണം. ഗതാഗതത്തെക്കുറിച്ച് രണ്ട് വാക്കുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. സ്വകാര്യ ബസ്സുകൾ ഉൾപ്പെടെയുള്ള മുഴുവൻ ബസ്സുകളിലും ഡോർ ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. കൊച്ചിയിലുള്ള ബസ്സുകളിൽ ഡോർ ഏർപ്പെടുത്തുന്ന കാര്യം പരിഗണിച്ചുവരുന്നതായി മനസ്സിലായി. ട്രാൻസ്പോർട്ടിന് എല്ലാ സ്ഥലത്തും സർവ്വീസ് കൊടുക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ജനങ്ങൾ ആവശ്യപ്പെടുന്ന പ്രധാനപ്പെട്ട സ്ഥലങ്ങളിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് കൊടുക്കാനുള്ള മാർഗ്ഗമുണ്ടാക്കണം. ഗതാഗത സൗകര്യം വർദ്ധിക്കുകയെന്നത് പരിഷ്കൃത സമൂഹത്തിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് സാറിനോട് ഒരു അഭ്യർത്ഥനയുണ്ട്. കൊടുങ്ങല്ലൂരിലെ പൊയ്യയിൽ ഒരു

സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കണം. പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ താമസിക്കുന്ന ഒരു തീരദേശ പ്രദേശമാണ് കൊടുങ്ങല്ലൂരിലെ പൊയ്യയെന്ന കായലോരഗ്രാമം. തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിലെ പൊയ്യയിലുള്ള ആളുകൾ എറണാകുളം ജില്ലയിലെ പറവൂർ നിയോജക മണ്ഡലത്തിലെ സെക്ഷൻ ഓഫീസിൽപ്പോയാണ് അവരുടെ വൈദ്യുതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർവ്വഹിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഒരു പ്രത്യേക പരിഗണന നൽകണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്. കെ.എസ്.ആർ.ടി.സി. യെക്കുറിച്ച് ഓർക്കുമ്പോൾ ഒരു കഥയാണ് എന്റെ മനസ്സിൽ ആദ്യം വരുന്നത്. ഹസ്തിനപുരിയിലെ രാജാവായ ശന്തനുവിന് സത്യവതിയിൽ പിറന്നവരാണ് ചിത്രാംഗദനും വിചിത്രവീരനും. ചിത്രാംഗദന്റെ മരണശേഷം തന്റെ കുലത്തിന് വംശനാശം സംഭവിക്കാതിരിക്കാൻ വിചിത്രവീരനെക്കൊണ്ട് വിവാഹം കഴിപ്പിക്കാൻ തീരുമാനിച്ച ഭീഷ്മർ അംബ, അംബിക, അംബാലിക എന്നീ മൂന്നുപേരെ തട്ടിക്കൊണ്ടുവന്നു. ഭീഷ്മർ കൊണ്ടുവന്നതുപോലെ നമ്മുടെ അഭിനവ ഭീഷ്മരായിട്ടുള്ള ശ്രീ. ഉമ്മൻ ചാണ്ടി കെ.എസ്.ആർ.ടി.സി. യെ രക്ഷപ്പെടുത്താൻവേണ്ടി അഭിനവ അംബ, അംബിക, അംബാലികമാരായിട്ടുള്ള ശ്രീ. വി. എസ്. ശിവകുമാറിനെയും, ശ്രീ. ആര്യാടൻ മുഹമ്മദിനെയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെയും കൊണ്ടുവന്നിരിക്കുകയാണ്. ഇവിടെ വിചത്രവീരൻ എന്നത് കെ.എസ്.ആർ.ടി.സി. യാണ്. അംബ, അംബിക, അംബാലിക എന്നിവരിൽ അംബയെ നേരത്തെതന്നെ പറഞ്ഞുവിട്ടു. പിന്നീട് ബാക്കി

രണ്ടുപേരും പരിശ്രമിച്ചിട്ടും ആ കുലം രക്ഷപ്പെട്ടില്ല. രക്ഷപ്പെട്ടില്ലെന്നുമാത്രമല്ല വിചിത്രവീരൻ മരിക്കുകയും ചെയ്തു. ഇവിടെയും അതുപോലെയാണ് സംഭവിച്ചത്. കെ.എസ്.ആർ.ടി.സി. മരിച്ചുകൊണ്ടിരിക്കുകയാണ്. പിന്നീട് ആ കുലത്തെ രക്ഷപ്പെടുത്തിയത് വേദവ്യാസനാണ്. ഇവിടെ എൽ.ഡി.എഫ്. വന്നാൽ മാത്രമെ കെ.എസ്.ആർ.ടി.സി. രക്ഷപ്പെടുകയുള്ളുവെന്നുപറയാനാണ് ഞാനിതിവിടെ സൂചിപ്പിച്ചത്. കഴിഞ്ഞ എൽ.ഡി.എഫ്.-ന്റെ കാലത്ത് കെ.എസ്.ആർ.ടി.സി. യെ രക്ഷപ്പെടുത്താൻ വേണ്ടി ഒരുപാട് നല്ല കാര്യങ്ങൾ ചെയ്തു. എന്തുകൊണ്ട് യു.ഡി.എഫ്. ഗവണ്മെന്റിന് ചെയ്യാൻ കഴിഞ്ഞില്ല? കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി. യെ രക്ഷപ്പെടുത്താൻ, ട്രാൻസ്പോർട്ട് കോർപ്പറേഷനെ രക്ഷപ്പെടുത്താൻ, പെൻഷൻകാർക്ക് പെൻഷൻ കൊടുക്കാൻ അന്ന് ഈ വകുപ്പ് കൈകാര്യം ചെയ്ത മന്ത്രിമാർ സ്വകാര്യ വണ്ടികളോടുന്ന റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിരത്തിലിറക്കി ധാരാളം കളക്ഷനുണ്ടാക്കി. അതുപോലെതന്നെ പെൻഷനടക്കം കൊടുക്കുന്നതിന് പണം കണ്ടെത്തുന്നതിന് തിരുവനന്തപുരത്ത് തമ്പാനൂരും തിരുവല്ലയിലും അങ്കമാലിയിലും കോഴിക്കോടും ട്രാൻസ്പോർട്ട് സ്റ്റാന്റുകളിൽ ഷോപ്പിംഗ് കോംപ്ലക്സ് കൊണ്ടുവന്ന് രക്ഷപ്പെടുത്താനുള്ള ശ്രമം നടത്തി. ഇപ്പോൾ തിരുവനന്തപുരത്തെ ഷോപ്പിംഗ് കോംപ്ലക്സിന്റെ ഉദ്ഘാടനം കഴിഞ്ഞുവെങ്കിലും ഈ ഗവണ്മെന്റിന് അതിനെ പ്രായോഗികമായി കൊണ്ടുപോകാൻ കഴിയുന്നില്ല. എന്തുകൊണ്ട് ഈ ഗവണ്മെന്റിന് ആ മാതൃക കാണിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി. യെ രക്ഷപ്പെടുത്തികൂടേ? ഒരുപാട് റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾ ഓടി ലാഭം കൊയ്യുന്നുണ്ട്. അവിടെയെന്തുകൊണ്ട് കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിരത്തിലിറക്കികൂടേ? ഇവിടെയിപ്പോൾ പെൻഷൻ കൊടുക്കാതെ കുടിശ്ശികയാണ്.

ആ പെൻഷൻ എന്തുകൊണ്ട് ഗവണ്മെന്റ് ഏറ്റെടുക്കുന്നില്ല? കെ.എസ്.ആർ. ടി.സി. യെ സംബന്ധിച്ച് പറയുമ്പോൾ എന്റെ മണ്ഡലമായ അടൂരുമായി ബന്ധപ്പെട്ട് ഞാനൊരു ചോദ്യം സഭയിൽ ചോദിച്ചു. കേരളത്തിലെ 140 മണ്ഡലങ്ങളിലും ബസ്സ് സർവ്വീസ് കൊടുത്ത ലിസ്റ്റ് എന്റെ കയ്യിലുണ്ട്. അതിൽ ഞാൻ ആവശ്യപ്പെടാതെ, ഞാൻ കത്തുകൊടുക്കാതെ ലിസ്റ്റിൽ എഴുതിയിരിക്കുന്നത് ചിറ്റയം ഗോപകുമാർ എം.എൽ.എ. ആവശ്യപ്പെട്ടതുകൊണ്ട് ബസ് അനുവദിച്ചുവെന്നാണ്. അത് എന്റെ മണ്ഡലത്തിലല്ല, മാവേലിക്കര മണ്ഡലത്തിൽ ശ്രീ. ആർ. രാജേഷ് ആവശ്യപ്പെട്ട ഒരു ബസ് പന്തളത്തുനിന്നും ആരംഭിച്ചുപോകുന്നുണ്ട്. അത് എന്റെ പേരിലാണെന്ന് എഴുതിയിരിക്കുന്നു. ഉദ്യോഗസ്ഥൻമാർ കൊടുക്കുന്ന തെറ്റായ വിവരങ്ങൾ മന്ത്രി പരിശോധിക്കാതെ തരുന്നത് ശരിയല്ല. ഉദ്യോഗസ്ഥൻമാർ തരുന്ന വിവരങ്ങൾ ശരിയാണോ എന്നുകൂടി പരിശോധിക്കണം. ഞാൻ ആവശ്യപ്പെട്ട രണ്ട് റൂട്ടും ശ്രീ. ആര്യാടൻ മുഹമ്മദ് ആനുവദിച്ചിരുന്നു. രണ്ടും ഇതുവരെ കിട്ടിയില്ല. ഒന്ന്, പന്തളം ക്ഷേത്രത്തിൽനിന്ന് ആരംഭിച്ച് അടൂർ വഴി കുണ്ടറ വഴി പെരുമൺ ദേവീ ക്ഷേത്രത്തിലേയ്ക്ക് പോകുന്ന ബസ്സാണ്. മറ്റൊന്ന് അടൂരിൽനിന്ന് ആരംഭിച്ച് കൊട്ടാരക്കരവഴി തിരുവനന്തപുരത്തേയ്ക്ക് പോകുന്ന ബസ്സാണ്. ഇവിടെ ഞാൻ ചോദിച്ച രണ്ടു ബസ്സും കിട്ടിയില്ല. ഞാൻ ചോദിക്കാത്തത് അനുവദിച്ചുവെന്നുപറയുന്നു. ഇതാണോ ശരിയായ നയം.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, മോട്ടോർ വാഹന വകുപ്പിൽ മന്ത്രിയും ഉദ്യോഗസ്ഥന്മാരും തമ്മിൽ ആശയവിനിമയം ഉണ്ടോ എന്നെനിക്കറിയില്ല. നികുതി വർദ്ധനവുമായി ബന്ധപ്പെട്ട വിഷയത്തിൽ അക്കാര്യം നമ്മൾ കണ്ട

താണ്. നികുതി അടയ്ക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി 25 എന്ന തീയതി പറഞ്ഞു, ഉദ്യോഗസ്ഥൻമാർ അത് പറ്റില്ലെന്ന് പറഞ്ഞു. മന്ത്രി വീണ്ടും ആവർത്തിച്ചു. മന്ത്രിയെ വിശ്വസിച്ച് പണമടയ്ക്കാൻ ചെന്നവർക്ക് പത്ത് ശത മാനം പിഴ അധികം അടയ്ക്കേണ്ടി വന്നു. വേറെ ഒരു പ്രധാനപ്പെട്ട കാര്യം, നേരത്തെ ശ്രീ. ടി. എൻ. പ്രതാപൻ ചൂണ്ടികാണിച്ച കാര്യം, ഞാൻ ആരു ടെയും പേര് പറയുന്നില്ല. മോട്ടോർ വാഹന വകുപ്പിൽ ഇപ്പോൾ സിസ്റ്റം സൂപ്പർവൈസർ തസ്തികയിലേയ്ക്ക് ഒരു നിയമനം നടന്നു. ആ നിയമന ത്തിന് വേണ്ടി അപേക്ഷ ക്ഷണിച്ചതിൽ പ്രായം 40 വയസും ബി.ടെക്ക് കമ്പ്യൂ ട്ടർ സയൻസിൽ യോഗ്യതയും എന്നായിരുന്നു. എന്നാൽ ബി. ടെക്ക് ഇല്ലാത്ത ആളെയാണ് നിയമിച്ചത്. മെട്രോ മനോരമയിൽ വാർത്ത വന്നതാണ്. ആരാണ് നിയമിച്ചത്? ബഹുമാനപ്പെട്ട മന്ത്രി അറിഞ്ഞിട്ടുണ്ടോ എന്നെനിക്കറിയില്ല. ഇതിനെ സംബന്ധിച്ച് വാർത്ത വന്നപ്പോൾ ഞാൻ ബഹുമാനപ്പെട്ട മുഖ്യ മന്ത്രിക്കും മന്ത്രിക്കും ഇത് അനേഷിക്കണമെന്ന് കാണിച്ച് നിവേദനം കൊടുത്തു.  ഇതേവരെ അന്വേഷണം നടന്നില്ല, ആ ഉദ്യോഗസ്ഥനെ നിയമിച്ചി രിക്കുന്നു.  ആരാണ് നിയമിച്ചത്? ട്രാൻപോർട്ട് കമ്മീഷണറാണോ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണറാണോ? മന്ത്രി അറിഞ്ഞിട്ടാണോ? അങ്ങനെയാകു മെന്ന് ഞാൻ വിശ്വസിക്കുന്നില്ല. മന്ത്രി അറിഞ്ഞിട്ടില്ലെങ്കിൽ അതിനെ സംബന്ധിച്ച് അനേഷിക്കണം. അനധികൃതമായി നടത്തിയ നിയമനം പിൻവലിച്ച് അതിനുത്തരവാദിയായ ആളുകളെ കണ്ടെത്തി ശക്തമായ നടപടി സ്വീകരിക്കാൻ തയ്യാറാകണം. ഇത്തരത്തിൽ മോട്ടോർ വാഹന വകുപ്പിനെ നാഥനില്ലാ കളരിയായി മാറ്റുന്ന സ്ഥിതി അവസാനിപ്പിക്കണം. നികുതിയു മായി ബന്ധപ്പെട്ട കാര്യം പലരും സൂചിപ്പിച്ചു. പാവപ്പെട്ട ചെറുപ്പക്കാർ സ്വയം തൊഴിൽ കണ്ടെത്തി ഉപജീവനം നടത്തുവാൻ കെട്ടുതാലി പണയം വച്ച്

ബാങ്ക് വായ്പയെടുത്ത് കൊള്ളപ്പലിശയ്ക്ക് പണം വാങ്ങിയാണ് ഒട്ടോറിക്ഷയും ജീപ്പും ടാക്സിയും മറ്റ് ചെറിയ വാഹനങ്ങളും നിരത്തിലിറക്കുന്നത്. അവരെ ദ്രോഹിക്കുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ഓട്ടോറിക്ഷയെ ഒഴിവാക്കിയതുപോലെ മറ്റ് വാഹനങ്ങളെക്കൂടി ഒഴിവാക്കി അവരെക്കൂടി പരിഗണിക്കുന്ന നടപടി അങ്ങയുടെ ഭാഗത്തു നിന്നുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഐക്യരാഷ്ട്ര സഭയുടെ നേതൃത്വത്തിൽ ലോകമെങ്ങും വനവർഷമായി ആചരിക്കുകയാണ്. ഈ അവസരത്തിൽ കേരളത്തിലെ വനങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ യു.ഡി.എഫ്. സർക്കാർ പരാജയപ്പെട്ടിരിക്കുകയാണെന്നാണ് ശ്രീ. പ്രതാപൻ കൂടി പറഞ്ഞപ്പോൾ ബോദ്ധ്യമാകുന്നത്. നെല്ലിയാമ്പതി വിഷയത്തിൽ ശ്രീ. പ്രതാപന്റെയും ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെയും ശ്രീ. പി. സി. ജോർജിന്റെയും അഭിപ്രായം....... ഇതു സംബന്ധിച്ച് ഈ ഗവൺമെന്റിന്റെ അഭിപ്രായമെന്താണ്? വനം വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയുടെ അഭിപ്രായമെന്താണ്. അതിനെ സംബന്ധിച്ച് അന്വേഷിക്കുകയും ആവശ്യമായ തീരുമാനമെടുക്കുകയും ചെയ്യുമോ? നമ്മുടെ കാടുകൾ സംരക്ഷിക്കപ്പെടണ്ടേ. കണ്ടൽകാടുകൾ നിറഞ്ഞ ചതുപ്പ് മേഖലയിലാണ് പല മത്സ്യങ്ങളും മുട്ടയിടുന്നത്. ആ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിലും ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുന്നതിലും വലിയ സംഭാവന നൽകുന്ന കണ്ടൽ വനങ്ങൾ ഇന്ന് വ്യാപകമായി മണ്ണിട്ട് നികത്തുകയാണ്. കാട്ടുതീ, വനംകൊള്ള എന്നിവ തടയുന്നതിന് ഈ ഗവൺമെന്റിന് ഒന്നും ചെയ്യാൻ കഴിയുന്നില്ല എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ മുഖമുദ്ര. അദ്ദേഹത്തിന്റെ മറ്റ് വകുപ്പുകളിലേയ്ക്ക് ഞാൻ കടക്കുന്നില്ല.

വൈദ്യുത മേഖലയിൽ ഫലപ്രദമായ നേട്ടങ്ങളുടെ കാലമായിരുന്നു കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലം. ഊർജ്ജ ഉത്പ്പാദനം, പ്രസരണ–വിതരണ രംഗത്തെ അത്ഭുതകരമായ നേട്ടം, സാമ്പത്തികനില മെച്ചപ്പെടുത്തൽ, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ, ജനകീയ അദാലത്ത്, ഉപഭോക്തൃ സംതൃപ്തി, രണ്ട് ശമ്പള പരിഷ്ക്കരണം, 85 മണ്ഡല ങ്ങളിൽ സമ്പൂർണ്ണ വൈദ്യുത പദ്ധതി, 4 ജില്ലകളിൽ സമ്പൂർണ്ണ വൈദ്യുത പദ്ധതി തുടങ്ങിയ നേട്ടങ്ങൾ, പവർ എക്സലൻസ് അവാർഡ്, ഊർജ്ജ സംരക്ഷണ അവാർഡ്, കാര്യക്ഷമതാ അവാർഡ് എന്നിങ്ങനെ മൂന്ന് അവാർഡുകൾ തുടങ്ങിയവ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നേട്ടങ്ങളാണ്. ലഭിച്ചു. ഈ മൂന്ന് വർഷം കൊണ്ട് വൈദ്യുത മേഖലയിൽ എന്തെങ്കിലും നേട്ടമുണ്ടായെന്ന് അവകാശപ്പെടാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ? ഉത്പ്പാദന നഷ്ടമല്ലേയുളളത്. ഒരു യൂണീറ്റ് വൈദ്യുതി അധികമായി ഉത്പ്പാദി പ്പിച്ചുവെന്ന് പറയാൻ കഴിയുമോ? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പവർകട്ട് ഇല്ലായിരുന്നു. തോന്നുമ്പോൾ കറണ്ട് പോകില്ലായിരുന്നു. പാവ പ്പെട്ട ആളുകൾക്ക് പണമടയ്ക്കാതെ പോസ്റ്റ് സ്ഥാപിച്ച് ലൈൻവലിച്ച് നൽകുമായിരുന്നു. ഇന്നത്തെ സ്ഥിതിയിൽ പോസ്റ്റ് സ്ഥാപിക്കണമെങ്കിൽ പാവപ്പെട്ടവൻ പണം നൽകണം. സമ്പൂർണ്ണ വൈദ്യുത പദ്ധതി ഇല്ലാതായിരി ക്കുന്നു. കറണ്ടില്ലാതെ നമുക്ക് മുന്നോട്ട് പോകാൻ കഴിയുമോ. ഭക്ഷണ ത്തിലെ കലോറി പോലെയാണ് മനുഷ്യ ജീവിതത്തിന് ഊർജ്ജവും ശക്തിയും പകരുന്ന വൈദ്യുതി. ഭക്ഷ്യക്ഷാമം പോലെ വൈദ്യുതി ക്ഷാമവും ഒരു സാമൂഹ്യപ്രശ്നമാണ്. കേരളത്തിൽ ലോഡ്ഷെഡിംഗും പവർകട്ടും സ്ഥിരം പ്രതിഭാസമായി മാറിയിരിക്കുകയാണ്. മണ്ണെണ്ണ വിളക്കിലേയ്ക്കും മെഴുകുതിരിയിലേയ്ക്കും മടങ്ങേണ്ടി വന്നിരിക്കുന്നു. കള്ളൻമാർ പതിയിരി

ക്കുന്ന നിരത്തിൽപ്പോലും  തെരുവുവിളക്കുകൾ കത്തുന്നില്ല. പവർകട്ട് മൂലം വ്യവസായമേഖല ശവപറമ്പായിരിക്കുകയാണ്. നീതിസാരത്തിൽ പറഞ്ഞിരിക്കുന്നത് ഈ ഗവൺമെന്റിനെ ഉദ്ദേശിച്ചാണോ എന്ന് ഞാൻ ആശങ്കപ്പെടുകയാണ്. തേളിന് വാലിൻമേൽ വിഷം, ഈച്ചയ്ക്ക് തലയിൽ വിഷം, സർപ്പത്തിന് പല്ലിൻമേൽ വിഷം, ദുഷ്ടർക്ക് സർവ്വാംഗം വിഷം. ഇതെല്ലാം ചേർന്നതാണ് ഈ ഗവൺമെന്റെന്നുള്ളതുകൊണ്ട് ഞാൻ ശക്തമായി ഈ ഡിമാന്റിനെ എതിർക്കുകയാണ്.

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. കഴിഞ്ഞ ദിവസം സഭയിൽ പരിപക്വമായ ഒരു ശബ്ദം കേട്ടു. കെ.എസ്.ആർ.ടി.സി. യുടെ കാര്യത്തിൽ നമ്മുടെ പരിണിതപ്രജ്ഞനായ ധനകാര്യ വകുപ്പുമന്ത്രിയ്ക്കുള്ള ആശങ്കയും ഉത്കണ്ഠയും സുവ്യക്തമാക്കുന്ന ശബ്ദമാണ് കേട്ടത്. അത് ഈ സഭ ഉൾക്കൊള്ളുകയും ചെയ്തു. കെ.എസ്.ആർ.ടി.സി. യെ സമഗ്രമായ ഒരു  പദ്ധതിയിലൂടെ പുനരുജ്ജീവിപ്പിക്കാൻ ആവശ്യമായ നടപടികൾ എടുക്കേണ്ടത് നമ്മുടെ ആവശ്യമാണ്. സഞ്ചിത  കടംകൊണ്ട് ഭാരം ചുമക്കുന്ന ഈ കോർപ്പറേഷനെ സ്വാഭാവികമായും കടത്തിന്റെ കണക്കു പറഞ്ഞാണ് നമ്മൾ അവഗണിക്കാറ്. ഇതിന്റെ പിന്നിൽ വലിയ ഒരു ആശയമുണ്ട്. മോട്ടോർ വാഹന ആക്ടിൽ ഭേദഗതി വരുത്തി റൂട്ട് ദേശസാത്ക്കരിച്ചത് നമ്മുടെ ജനങ്ങൾക്ക് സേവനം ഉറപ്പുവരുത്താനാണ്. 1950-ൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് ആക്ട് കൊണ്ടുവന്നതും ഈ ലക്ഷ്യത്തോടെയാണ്. നമ്മുടെ ഗ്രാമങ്ങളിൽ ചില നഗരപ്രാന്തങ്ങളിൽപ്പോലും സ്വകാര്യ ഏജൻസികൾ സർവ്വീസ് നടത്താൻ വിസ്സമ്മതം

പ്രകടിപ്പിക്കുന്നിടത്ത് സ്റ്റേറ്റിന്റെ ബാധ്യതയെന്ന നിലയ്ക്കാണ് കോർപ്പറേഷന്റെ പ്രവർത്തനങ്ങളെ കാണേണ്ടത്. നമ്മുടെ സാധാരണക്കാരായ ജനങ്ങൾ, തൊഴിലാളികൾ, വിദ്യാർത്ഥികൾ, സർക്കാർ ജീവനക്കാർ അങ്ങനെ കൂട്ടമായി സഞ്ചരിക്കേണ്ടി വരുന്ന ധാരാളം വിഭാഗങ്ങളുണ്ട്. അവർക്ക് സൗകര്യം ചെയ്തുകൊടുക്കേണ്ടത് ഉത്തരവാദിത്തബോധമുള്ള ഒരു സർക്കാരിന്റെ ബാധ്യത മാത്രമാണ്. മഹത്തായ സേവന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് വേണം ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പ്രകടിപ്പിച്ച വികാരത്തിനനുസൃതമായി കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകേണ്ടത്. 2006 അടിസ്ഥാന വർഷമായി എടുക്കുകയാണെങ്കിൽ കാറുകളും ഇരുചക്ര വാഹനങ്ങളും ഇരട്ടി ഉത്പ്പാദിപ്പിക്കപ്പെടുകയാണ്, മാർക്കറ്റ് ചെയ്യപ്പെടുകയാണ്. പാരിസ്ഥിതികമായ പ്രശ്നം കൂടാതെ വില കൂടിയ പെട്രോളിയം ഉൽപ്പന്നങ്ങൾ ധാരാളമായി ഉപയോഗിക്കേണ്ടിയും വരുന്നു. ജനസാന്ദ്രത കൂടിയ കേരളത്തിൽ ധാരാളം റോഡുകൾ പണിയാൻ ബുദ്ധിമുട്ടാണ്. സ്വാഭാവികമായും വാഹനപ്പെരുപ്പം തടയേണ്ടത് ആവശ്യമാണ്. ഈ സംസ്ഥാനത്തിന്റെ ഉത്തമ താത്പര്യങ്ങൾ സംരക്ഷിക്കാൻ നമ്മെക്കൊണ്ട് ആകുന്നത് ചെയ്യണം. അതുകൊണ്ട് പൊതുമേഖലയിലെ ഈ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വളരെ നന്നായി കൊണ്ടുപോകാൻ നമുക്ക് കഴിയേണ്ടതുണ്ട്. സ്മാർട്ട് ബാങ്ക് വന്നപ്പോൾ ലോൺ ഒഴുകുകയാണ്. ഇരുചക്രവാഹനങ്ങളും കാറുകളും ധാരാളമായി നമ്മുടെ ജനങ്ങൾ വാങ്ങിക്കൂട്ടുന്നു. വ്യവസായ വാണിജ്യ രംഗങ്ങളിൽ വന്ന ഉദാരവത്ക്കരണം ഇതിന്റെ ഭാഗമാണ്. ഇതെല്ലാം പലിശയിൽ ഭരിതമാണെങ്കിലും നമ്മുടെ നാട്ടിൽ വാഹനപ്പെരുപ്പം ഉണ്ടാകുന്നത് നല്ലൊരു കാഴ്ച

യായി കാണാൻ കഴിയില്ല. സാധാരണക്കാരായ ആളുകൾ ഇടത്തട്ടുകാരായി മാറിയപ്പോൾ വാഹനകമ്പം എങ്ങനെയാണ് വന്നത്. ഈ വിഭാഗത്തിന്റെ താത്പര്യം നമ്മൾ ഉൾക്കൊണ്ടില്ല. പഴഞ്ചൻ വാഹനങ്ങൾ തെരുവിലൂടെ ഒഴുകുമ്പോൾ നമ്മുടെ തലമുറയ്ക്ക് അതുൾക്കൊള്ളാൻ കഴിയില്ല. അതു കൊണ്ട് ആധുനിക സ്വഭാവമുള്ള വാഹനങ്ങൾ നിരത്തിൽ വരണം, സഞ്ചാരയോഗ്യമായ വാഹനങ്ങൾ നിരത്തിൽ വരണം. നമ്മുടെ യുവജന തലമുറ വളരെ ഉൽപ്പദിഷ്ണുത്വമുള്ള ഒരു തലമുറയാണ്. ആ തലമുറയെ കാറ്റർ ചെയ്യാൻ കഴിയുന്ന രീതിയിൽ നമ്മുടെ വാഹനങ്ങൾ ആധുനിക വത്ക്കരിക്കണം, സർവ്വീസിലെ പിഴവ് പരിഹരിക്കണം, ആധുനിക സംവിധാ നങ്ങൾ ഏർപ്പെടുത്തണം അങ്ങനെ ചെയ്താലേ ഒറ്റപ്പെട്ടമേഖലയിൽ യാത്ര ചെയ്യുന്ന ആളുകളെ പൊതുമേഖലയിലേക്ക് കൊണ്ടു വരാൻ കഴിയൂ. ഇവിടെ മൂന്ന് നാല് അടിസ്ഥാന പ്രശ്നങ്ങളുണ്ട്. പൊതുജനതാത്പര്യം മുൻനിർത്തിയാണ് നമ്മൾ ഇതൊക്കെ ചെയ്യുന്നതെങ്കിലും മാനേജ്മെന്റിന്റെ കാര്യത്തിൽ പ്രൊഫഷണലിസം വേണം. ആധുനികമായ സമീപനം വേണം. നമ്മുടെ കോർപ്പറേഷൻ ആ രംഗത്ത് പുതിയ ഒരു ചുവട് വച്ചിട്ടുണ്ടെന്നാണ് ഞാൻ ഇപ്പോൾ മനസ്സിലാക്കുന്നത്. അത് കാര്യക്ഷമമായി സമഗ്രമായി മുന്നോട്ട് കൊണ്ടുപോകാൻ നടപടികൾ ഉണ്ടാകണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നമുക്കൊരുപാട് അനുകൂല ഘടകങ്ങളുണ്ട്. 1) കേരളത്തിലുടനീളം നഗര മദ്ധ്യത്തിലാണ് നമുക്ക് ധാരാളം സ്വത്തുക്കൾ ഉള്ളത്. 2) റൂട്ട് മൊണോപ്പൊളി നമ്മുടെ കൈയിലാണ്. 3) ഈ സർക്കാ രിന്റെ മേൽവിലാസം ഈ കോർപ്പറേഷന്റെ കൂടെയുണ്ട്.

ഈ അനുകൂല ഘടകങ്ങളെ ഉപയോഗപ്പെടുത്താൻ കഴിയുന്ന ഒരു മാനേജ്മെന്റ് വേണം. അവിടെ റീസ്ട്രക്ചറിംഗല്ലാതെ മാർഗ്ഗമില്ല. ഓർഗനൈസേഷനിലും ഫൈനാൻഷ്യൽ രംഗത്തും ഓപ്പറേഷൻ രംഗത്തും റീസ്ട്രക്ചറിംഗ് വേണം. ഈ മൂന്ന് രംഗങ്ങളിലും മാനേജ്മെന്റിന്റെ ഭാഗത്ത്......., നമ്മൾ സാധാരണ പറയാറുണ്ട്, adaptability to environment – അതാതുകാലത്തെ പരിസ്ഥിതിക്കനുസൃതമായി മാനേജ്മെന്റിൽ മാറ്റം വരുത്തിയാൽ മാത്രമേ ഇതുകൊണ്ടുവരാൻ കഴിയുകയുള്ളൂ. സത്യത്തിൽ കോമ്പറ്റീഷനാണ് ഉണ്ടാകേണ്ടത്, റഗുലേഷൻമാത്രം പോരാ. നമുക്കെല്ലാ വർക്കം അതറിയാം, പുതിയ മാനേജ്മെന്റിന്റെ ഒരു നയമാണ്. റഗുലേഷൻ വേണം. പക്ഷേ കോമ്പറ്റീഷന് സജ്ജമായ; ക്ഷമതകൊണ്ട് അംഗീകരിക്കപ്പെ ടുന്ന രീതിയിൽ ഈ സ്ഥാപനത്തെ മാറ്റിയെടുക്കേണ്ടതുണ്ട്. ഷെഡ്യൂൾ തയ്യാറാക്കുന്നതിലെല്ലാം അതുണ്ടാകണം. ഈ നഷ്ടക്കണക്ക് പറഞ്ഞ് കോർപ്പറേഷനെ പിന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുന്നത് ശരിയല്ല. ഇവിടെ കൊമേഴ്സ്യൽ റൂട്ടും നോൺ–കൊമേഴ്സ്യൽ റൂട്ടുമുണ്ട്. രണ്ടും രണ്ടായി കാണണം. നോൺ–കൊമേഴ്സ്യൽ റൂട്ട് ഒഴിവാക്കാൻ കഴിയില്ല. വെളുപ്പിനും രാത്രിയിലും ജനങ്ങൾ അധികമില്ലാത്ത സ്ഥലങ്ങളിലും വാഹനം ഓടിക്കേണ്ടിവരും. നോൺ കൊമേഴ്സ്യൽ റൂട്ടിന്റെ കാര്യത്തിൽ കോർപ്പറേഷന് സബ്സിഡി കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. ഇവിടെ അടുത്തകാലത്ത് രണ്ടുകാര്യങ്ങൾ നടന്നു, ഈ ഗവൺമെന്റിന്റെ പ്രത്യേകത അതാണ്. ഒന്ന്, റോഡുകൾ വികസിപ്പിക്കുക, നല്ല റോഡുകളാക്കുക. ഈ സർക്കാർ വന്നയുടനെ 1,000 കോടി രൂപ നൽകി. അതിന്റെ മെച്ചം നമ്മൾ അനുഭവിക്കുന്നു. തടയണകൾ പണിയണമെന്ന

നിർദ്ദേശം വന്നു. അതിനായി 108 കോടി രൂപ മാറ്റിവച്ചു. ഇവിടെ കഴിഞ്ഞ ദിവസം ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതുപോലെ സമഗ്രമായ ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ കോർപ്പറേഷനെ റീവാമ്പ് ചെയ്യാനാവശ്യമായ നടപടികളുണ്ടാകണം. ഇവിടെ ജീവനക്കാരെ; തൊഴിലാളികളെ ഒരിക്കലും അവഗണിക്കരുത്. തൊഴിലാളികൾ രാപ്പകൽ കഠിനാദ്ധ്വാനം ചെയ്താണ്....., ഇവിടെ ഉദ്യോഗസ്ഥന്മാരുടെ കാര്യവും പറഞ്ഞു. സത്യത്തിൽ ഏത് നയപരമായ തീരുമാനമെടുത്താലും ഉദ്യോഗസ്ഥന്മാരെയും ജീവനക്കാരെയും വിശ്വാസത്തിലെടുത്ത് മാത്രമേ മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. അവരും ഈ സമൂഹത്തിന്റെ ഭാഗമാണ്. തൊഴിലാളികൾക്ക് പെൻഷൻ കിട്ടുമെന്ന് ഉറപ്പ് വരുത്തിയേ മതിയാകൂ. നേരത്തെ പറഞ്ഞതുപോലെ സെപ്പറേറ്റ് ഫണ്ട് എന്ന ആശയം പ്രായോഗികമല്ല എന്ന് എനിക്കറിയാം. ഇവരുടെ പെൻഷൻ തുക നേരത്തെ പറഞ്ഞ സ്കീമിൽപ്പെടുത്തി സർക്കാരിന് പെൻഷൻ കൊടുക്കാമെങ്കിൽ; കോർപ്പറേഷൻ നഷ്ടക്കച്ചവടത്തിലാണെന്ന് പറഞ്ഞ് ഏറെക്കാലം മുന്നോട്ടുപോകേണ്ട ഗതികേട് വരില്ല എന്നാണ് എന്റെ വിശ്വാസം. അതുകൊണ്ട് കോർപ്പറേഷന്റെ കാര്യത്തിൽ ഒരു പ്രധാനപ്പെട്ട നിർദ്ദേശം, സർവ്വീസ് നടത്തുമ്പോൾ ലഭിക്കുന്ന ലാഭം പുതിയ ബസ് വാങ്ങാനായിരിക്കണം. ഏതാണ്ട് 75 ശതമാനത്തോളം ഇന്ധനത്തിനും കൂലിക്കും പെൻഷനും വേണ്ടിയാണ് ഉപയോഗിക്കുന്നത്. അതുകൊണ്ട് നോൺ-ഓപ്പറേഷണൽ സർവ്വീസസ് ധാരാളമായി നടത്താൻ എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന് ഈ സമഗ്രമായ പദ്ധതിയുടെ ഭാഗമായി ആലോചിക്കണം. സ്വകാര്യ മേഖലയുമായി താരതമ്യം ചെയ്യുമ്പോൾ ചെലവ് 40 ശതമാനം കൂടുതലാണെന്ന് ലോകബാങ്ക്

പറഞ്ഞിട്ടുണ്ട്. ബസും ജീവനക്കാരും തമ്മിലുള്ള അനുപാതം അതുപോലെയാണ്. നല്ലൊരു വർക്ക്സ്റ്റഡി ഇതിന്റെ ഭാഗമായുണ്ടാകണം. യൂറോപ്യൻ സ്റ്റാന്റേർഡൊന്നും ഇവിടെ കൊണ്ടുവരാൻ കഴിയില്ല. പക്ഷേ 40 ശതമാനം എന്നുള്ളത് പരമാവധി താഴെ കൊണ്ടുവരണം. ബസ് ജീവനക്കാരുടെ അനുപാതം പരമാവധി കുറച്ചുകൊണ്ടുവരണം. ഫ്ളീറ്റ് യൂട്ടിലൈസേഷൻ ദേശീയ ശരാശരിയേക്കാൾ വളരെ താഴെയാണെന്ന് സി.& എ.ജി. റിപ്പോർട്ടിൽ പറയുന്നുണ്ട്. അത് മാറ്റിയെടുക്കണം. അതുപോലെ ഗുരുതരമായ പ്രശ്നമാണ് ഇന്ധനക്ഷമതയുടെ കാര്യം. ഇന്ധനക്ഷമതയുടെ കാര്യത്തിൽ ഗുരുതരമായ വീഴ്ച വരുത്തുന്നുവെന്നാണ് എ.ഐ.എ. പറയുന്നത്. ഒരു കണക്ക് ഞാൻ പറയാം, 2004 മുതൽ 2009 വരെ 339.55 കോടി രൂപ ഇന്ധന ക്ഷമതയില്ലാത്തതുകൊണ്ട് നഷ്ടപ്പെട്ടുപ്പോയി. ഒരിക്കൽ ഒരു പരീക്ഷണം നടത്തി, ടയറിന്റെ കാര്യത്തിൽ ഈ ബുദ്ധിമുട്ടുണ്ടായിരുന്നു. ഓടുന്ന കിലോ മീറ്ററിൽ എങ്ങനെയാണ് മാറ്റം വരുത്തിയത്, കർശനമായ നടപടികൾ സ്വീകരിച്ചു. ഇന്ന് സാമാന്യം ഭേദപ്പെട്ട രീതിയിലാണ് ടയറിന്റെ ഉപയോഗം നടക്കുന്നത്. അതുപോലെ ഇന്ധനക്ഷമത കൊണ്ടുവരുന്നതിനുവേണ്ടി അടിയന്തരമായ നടപടികൾ സ്വീകരിക്കണം. അതേസമയം നോൺ ഓപ്പറേഷണൽ സർവ്വീസസ് വർദ്ധിപ്പിക്കുന്ന കാര്യത്തിൽ......, എനിക്ക് പെട്ടെന്ന് തോന്നിയ ചില ആശയങ്ങൾമാത്രം ഇവിടെ പ്രകടിപ്പിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ഒന്ന്, ഇന്റർ-ഡിസ്ട്രിക്ട് ബസ്സുകൾ എ. സി. അടക്കം പുതിയതാക്കണം, ഠൗൺ ബസ്സുകളിലും അങ്ങനെ ഒരു മാറ്റം കൊണ്ടുവരണം. മറ്റൊരു നിർദ്ദേശം, കെ.ടി.ഡി.സി.-യുമായി സഹകരിച്ച് ടൂറിസം രംഗത്ത് നമുക്ക് എന്തുകൊണ്ട് വാഹനങ്ങൾ വാടകയ്ക്ക് കൊടുത്തു

കൂടാ? കെ.ടി.ഡി.സി. എത്രയോ വലിയ ഓപ്പറേഷൻസ് നടത്തുന്നു. തീർത്ഥാടന യാത്രകൾ, വിവാഹം, വിനോദയാത്ര എന്നിവയ്ക്കെല്ലാം ധാരാളം വാഹനങ്ങൾ വാടകയ്ക്കെടുക്കുന്നുണ്ട്. അത്തരം യാത്രകൾക്ക് കോർപ്പറേഷന്റെ വാഹനങ്ങൾ വാടകയ്ക്ക് കൊടുക്കാൻ കഴിയുന്ന രീതിയിൽ എന്തുചെയ്യാൻ സാധിക്കുമെന്ന് ആലോചിക്കണം. സംസ്ഥാനം മുഴുവൻ സർവ്വീസ് നടത്തുന്നതുകൊണ്ട് എന്തുകൊണ്ട് കൊറിയർ സർവ്വീസും പാഴ്സൽ സർവ്വീസും ആരംഭിച്ചുകൂടാ? ഈ രണ്ടുകാര്യങ്ങൾ നമ്മൾ ആലോചിക്കേണ്ടതാണ്. അങ്ങനെ നോൺ-ഓപ്പറേണഷൽ എക്സ്പെൻഡിച്ചർ മീറ്റ് ചെയ്യാൻ മറ്റ് സർവ്വീസുകൾ തുടങ്ങിക്കൊണ്ട് കോർപ്പറേഷനെ വിജയത്തിലേക്ക് കൊണ്ടുവരാൻ......, പൊതുമേഖല എന്ന ആശയത്തോട് നമുക്കൊരിക്കലും പിന്തിരിഞ്ഞുനിൽക്കാൻ കഴിയില്ല. പൊതുമേഖലയെ കഴിയുന്നിടത്തോളം പ്രോത്സാഹിപ്പിക്കുക എന്നതായിരിക്കണം നമ്മുടെ നയം. ഈ സർക്കാർ ആ രംഗത്ത് പ്രതിജ്ഞാബദ്ധമാണെന്ന് പുതിയ കോളേജുകൾ നൽകിയപ്പോൾ മനസ്സിലായി. പൊതുമേഖലാ നശിക്കരുത്. എന്തുകൊണ്ട് ഈ റൂട്ടുകൾ....., എനിക്ക് കിട്ടിയ കണക്കുകൾ ശരിയാണെങ്കിൽ 13 ശതമാനമാണ് കേരളത്തിൽ മൊത്തം ഓപ്പറേഷൻ. കേരളത്തിന് പുറത്തുള്ള സംസ്ഥാനങ്ങളിൽ അങ്ങനെയല്ല, പെട്ടെന്ന് കഴിയില്ല. എന്നാലും എന്റെ അഭിപ്രായം, 40 ശതമാനം സർവ്വീസുകളെങ്കിലും കോർപ്പറേഷന് നടത്താൻ കഴിയുന്ന രീതിയിലുള്ള നടപടികളുണ്ടാകണം. ഇതെല്ലാംചേർത്ത് സമഗ്രമായ ഒരു വീക്ഷണമുള്ള ഒരു പ്രൊഫഷണൽ മാനേജ്മെന്റ് വരണം. അതിന്റെ ഭാഗമായി പണ്ടിവിടെ ഒരു വിഭജനത്തെക്കുറിച്ച് പറഞ്ഞു, ഞാൻ ആ വിഭജനത്തെക്കുറിച്ച് ആധികാരികമായി പറയാൻ ആള

ല്ല. പക്ഷേ എന്റെ ചോദ്യം നമ്മുടെ കോർപ്പറേഷനുകൾ നഗരസ്വത്തുക്കളുടെ വില പുനർനിർണ്ണയിക്കേണ്ടതില്ലേ? മാർക്കറ്റ് വില നിശ്ചയിക്കേണ്ടതില്ലേ? പഴയ വില വച്ചാണോ നമ്മുടെ കണക്കുബുക്കുകൾ നിലനിർത്തേണ്ടത്? എറണാകുളത്തെ പ്രോപ്പർട്ടിയുടെ വില എത്രയാണ്? കോഴിക്കോട്ടെ വില എത്രയാണ്? പുതിയ മാർക്കറ്റ് വിലയനുസരിച്ച് ഇതിന്റെ വില പുനർനിർണ്ണയിക്കണം. അസറ്റ് രജിസ്റ്ററുണ്ടാക്കണം. ഈ പുതിയ കണക്കിന്റെ അടിസ്ഥാനത്തിൽ ഫണ്ട് ശേഖരിക്കണം, ഹഡ്കോയാണെങ്കിലും കിട്ടാവുന്ന മറ്റ് ഏജൻസികളാണെങ്കിലും. ഇവിടെ ട്രാൻസ്പോർട്ട് ഫൈനാൻസ് കോർപ്പറേഷനുണ്ട്. നല്ല പ്രവർത്തനമാണ്. ഫൈനാൻസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾകൂടി ഏകോപിപ്പിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി.-യെ റെയിൽവേയെപ്പോലെ......, ഇന്ത്യയിൽ റെയിൽവേക്ക് സ്ഥാനം നമ്മുടെ കേരളത്തിൽ അനന്തപുരിയിൽ കെ.എസ്.ആർ.ടി.സി. മാത്രമല്ലേയുള്ളൂ. അത് നടത്താൻ കഴിയുന്ന ഒരു ഗവൺമെന്റും കോർപ്പറേഷനും ഇവിടെയുണ്ട് എന്ന യാഥാർത്ഥ്യം മറക്കരുത്. അതുകൊണ്ട് സർവ്വീസ് ഇന്നത്തെ 13–15 ശതമാനം എന്നത് കുറഞ്ഞത് 50 ശതമാനം ആയിരിക്കണം ലക്ഷ്യം, 40 ശതമാനമെങ്കിലുമാക്കാൻ കഴിയുന്നവിധത്തിൽ സമഗ്രമായ ഒരു പദ്ധതിക്ക് ഈ കോർപ്പറേഷന്റെ പുതിയ നേതൃത്വം കൊടുക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അതിനുള്ള പ്രാർത്ഥനയോടു കൂടി ഈ ധനാഭ്യർത്ഥനകളെ മുഴുവൻ പിന്തുണച്ചുകൊണ്ട് ഈ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. അതിനുള്ള പ്രധാന കാരണം

ഈ രണ്ട് മന്ത്രിമാർ കൈകാര്യം ചെയ്യുന്ന, വനം, ഗതാഗതം, വൈദ്യുതി തുടങ്ങിയ മൂന്ന് വകുപ്പുകൾ ആര് വിചാരിച്ചാലും നന്നാക്കാനാകില്ലെന്ന് വിശ്വസിക്കുന്നവരായതുകൊണ്ടാണ്. അവരത് പലതവണ സഭയ്ക്കകത്തും പുറത്തും പരസ്യമായി പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. അങ്ങനെയുള്ള മന്ത്രിമാർ അവതരിപ്പിക്കുന്ന ധനാഭ്യർത്ഥനകൾ പാസ്സാക്കിക്കൊടുക്കുന്നത് എന്തിനു വേണ്ടിയാണെന്ന കാര്യം ഈ സഭയിലുള്ളവരെല്ലാവരും ഗൗരവത്തിൽ ആലോചിക്കണം. കാട്ടുതീയും അതിവർഷവും കൊള്ളമൂലവും വനവും വനസമ്പത്തും നശിച്ചുകൊണ്ടിരിക്കുകയാണ്. ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്തുകൊണ്ടിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ അവിടെനിന്നുമാറ്റി വനവാസത്തിന് അയച്ചതിനുശേഷം അദ്ദേഹത്തിന്റെ കയ്യിലുള്ള വകുപ്പിനെ തിളക്കമുള്ള വകുപ്പാക്കി മാറ്റുന്നതിനുള്ള ഒരു ശ്രമവും കാണുന്നില്ല. അദ്ദേഹത്തിന് എന്ത് പറ്റിയെന്നുള്ളത് എനിക്കറിയില്ല. വനവിഭവങ്ങളുടെ കൊള്ള ഇപ്പോൾ വ്യാപകമാണ്. കഴിഞ്ഞദിവസം 16–ാം തീയതി നിയമസഭയിൽ ശ്രീമതി ജമീലാ പ്രകാശം ഉന്നയിച്ച ചോദ്യത്തിന്, 2013–ൽ 12 ചന്ദനക്കടത്ത് കേസ്സുകളിലായി 222 കി.ഗ്രാം ചന്ദനം പിടിച്ചുവെന്ന മറുപടിയാണ് ലഭിച്ചത്. ആ കേസ്സുകളിൽ രണ്ടെണ്ണം മാത്രമാണ് കോടതിയിൽ എത്തിയിട്ടുള്ളത്. അതുപോലെ 2014–ൽ 59 കി.ഗ്രാം ചന്ദനം പിടിച്ചപ്പോഴും രണ്ട് കേസ്സുകൾ മാത്രമാണ് കോടതിയിൽ എത്തിയിട്ടുള്ളത്. ഈ കേസ്സുകളിലെ പ്രതികളെല്ലാംതന്നെ ശിക്ഷിക്കപ്പെടാതെ പോവുകയോ അട്ടിമറിക്കപ്പെടുകയോയാണ് ചെയ്യുന്നത്. വനവിസ്തൃതിയുടെ ശരാശരി വർദ്ധിച്ചിട്ടുണ്ടെന്ന അവകാശവാദമാണ് എല്ലാകാലത്തും വനം വകുപ്പുമന്ത്രിമാർ നമ്മുടെ മുമ്പിൽ വയ്ക്കുന്ന കണക്ക്. വനവിസ്തൃതിയെ

സാരമായി ബാധിക്കത്തക്ക രീതിയിൽ മൂവായിരത്തിലധികം ഏക്കർ ഭൂമിയാണ് വയനാട് മേഖലയിൽ കത്തിനശിച്ചത്. അതുപോലെ, മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള കോടതി വിധി. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ജലനിരപ്പ് 142 അടിയായി ഉയർത്തിയാൽ 568 ഹെക്ടർ വനഭൂമിയും ആയിരക്കണക്കിന് ജനങ്ങളും അവിടത്തെ പാരിസ്ഥിതിക ബാലൻസുമാണ് നശിച്ച് ഇല്ലാതായി പോകുന്നത്. വനവിസ്തൃതിയെയും പാരിസ്ഥിതിക സന്തുലിതാവസ്ഥയെയും കാര്യമായി ബാധിക്കുന്ന ഈ പ്രശ്നത്തിൽ വനം വകുപ്പ് എന്തെങ്കിലും തരത്തിലുള്ള ഇടപെടലുകൾ നടത്തിയതായി നമുക്കാർക്കും കാണാൻ കഴിയുന്നില്ല. കാട്ടുതീയുമായി ബന്ധപ്പെട്ട് വിവിധ വാരികകളും പത്രങ്ങളും റിപ്പോർട്ടുകൾ പുറത്തുകൊണ്ടു വന്നിരിക്കുകയാണ്. മാതൃഭൂമി വാരിക കൊണ്ടുവന്ന ലേഖന പരമ്പരയിൽ കാട് കത്തുന്നതല്ല കത്തിക്കുന്നതാണെന്ന ആരോപണമാണ് ഉന്നയിച്ചിട്ടുള്ളത്. ആ ആരോപണത്തിൽ വസ്തുതയുണ്ടോ; എന്തെങ്കിലും അടിസ്ഥാനമുണ്ടോയെന്ന് ഇതുവരെയും ആരും അന്വേഷിച്ചിട്ടില്ല. കാട് കത്തുന്നതല്ല കത്തിക്കുന്നതാണെന്നാണ് അതിൽ പറയുന്നത്. കാട് കത്തിക്കുന്നത് എന്തിനാണ്? അതിൽ പല തരത്തിലുള്ള ഇടപെടലുകൾ.......... ഞാൻ അതൊന്നും വായിക്കാനുള്ള സമയം ഞാൻ എടുക്കുന്നില്ല. നമ്മുടെ വനം-പരിസ്ഥിതി മേഖലയുമായി ബന്ധപ്പെട്ട് താൽപ്പര്യം പ്രകടിപ്പിക്കുന്ന ആളുകൾപോലും വനം കത്തിക്കുന്നതിനെതിരെയും അതിലടങ്ങിയിരിക്കുന്ന അപകടങ്ങളെക്കുറിച്ചും സംസാരിക്കുന്നില്ല. വയനാട്ടിലെ കാട്ടുതീയെക്കുറിച്ച് അന്വേഷിക്കാൻ ക്രൈം ബ്രാഞ്ച് ശുപാർശ നടത്തിയിട്ടുപോലും അക്കാര്യത്തിൽ ഒരുനടപടിയും സ്വീകരിച്ചുകാണുന്നില്ല. വയനാട്ടിലെ

തീയ്ക്ക് പിന്നിൽ കുടിപ്പകയെന്ന പേരിലാണ് പിന്നീടൊരു വാർത്ത പുറത്തു വന്നിട്ടുള്ളത്. ഈ വാർത്തകളൊക്കെ നാമെല്ലാം വായിക്കുന്നതുപോലെ ബഹുമാനപ്പെട്ട മന്ത്രിയും വായിക്കുന്നുണ്ടാകും. എന്നിട്ടും വനവിസ്തൃതി സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? വയനാടിനോട് ചേർന്നുകിടക്കുന്ന ബന്തിപ്പൂർ മേഖലയിൽ മൂവായിരം ഹെക്ടർ കാടാണ് കത്തിനശിച്ചത്. വന്യജീവി സംരക്ഷണത്തെക്കുറിച്ച് നേരത്തെ സംസാരിച്ച അംഗങ്ങൾ ആനകളുടെയും മൃഗങ്ങളുടെയും വർദ്ധനവിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അത് ശരിയായ കാര്യമാണ്. പക്ഷേ, വന്യജീവി അക്രമംമൂലം നഷ്ടം സംഭവിക്കുന്ന കൃഷിക്കാരുടെ രോദനം ഈ സഭയിൽ പലപ്പോഴായി ഉയർന്നുവന്നിട്ടുള്ളതാണ്. ആ രോദനം ശ്രദ്ധിക്കുന്നതിനുവേണ്ടി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? കാട്ടുതീ പടരാതിരിക്കാൻ ഫയർ ലൈനും വന്യമൃഗങ്ങളുടെ അക്രമങ്ങൾ തടയുന്ന തിനുവേണ്ടി ജണ്ടകൾ ഇടുകയും വേലികൾ കെട്ടുകയും വേലിക്കുതന്നെ വൈദ്യുതി വേലികൾ കെട്ടുകയും ചെയ്യുന്നുണ്ടെന്ന് പറയുന്നുണ്ടെങ്കിലും അതിനുള്ള നഷ്ടപരിഹാരം കൊടുക്കുന്ന കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? ഇക്കാര്യത്തിൽ കാലോചിതമായ പരിഷ്ക്കാരം ഗവൺമെന്റ് ആലോചിക്കണമെന്ന് വിനയപൂർവ്വം അപേക്ഷിക്കുകയാണ്. ഈ രംഗങ്ങളിലൊന്നുംതന്നെ വനം-പരിസ്ഥിതി മന്ത്രാലയത്തിനും ഗവൺമെന്റിനും ഒരുകാര്യവും ചെയ്യാൻ കഴിയുന്നില്ലായെന്നുള്ളതാണ് കാണാൻ കഴിയുന്നത്. അത്തരമൊരു സാഹചര്യം ഒഴിവാക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കണമെന്ന് അപേക്ഷിക്കുകയാണ്. ഒരു യൂണിറ്റ് വൈദ്യുതിപോലും നമ്മുടെ നാട്ടിൽ ഉത്പാദിപ്പിക്കുന്നില്ല. അതുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ നേരത്തേ ഇവിടെ സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണി

ച്ചിട്ടുള്ളതാണ്. പ്രതീക്ഷയ്ക്ക് വക നൽകുന്ന എന്തെങ്കിലും ഒരു പദ്ധതിയെക്കുറിച്ച് പ്രതീക്ഷാനിർഭരമായി സംസാരിക്കാൻ കഴിയുന്നതിനുപകരം കേരളം ഇരുട്ടിലേയ്ക്ക് നീങ്ങുകയാണെന്ന തരത്തിലുള്ള ആശങ്ക പടർത്താൻ കഴിയുന്ന വിധത്തിലാണ് കാര്യങ്ങൾ നടക്കുന്നതും മന്ത്രിമാർ പ്രസ്താവനകൾ ഇറക്കുന്നതും. ഇതൊരു ഗവൺമെന്റിന് ഭൂഷണമാണെന്ന് കരുതുന്നുണ്ടോ? കാസർഗോഡ് ചീമേനി പ്രദേശത്ത് താപവൈദ്യുതി നിലയം സ്ഥാപിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിക്ക് താൽപ്പര്യമുണ്ടെന്ന് എനിക്കറിയാം. താൽപ്പര്യമുണ്ടെന്ന് മന്ത്രി ഇങ്ങനെ ഭാവിക്കുകയും സഭയിൽ അങ്ങനെ പറയുകയും ചെയ്തതുകൊണ്ട് കാര്യമുണ്ടോ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അത് സമവായത്തിൽ എത്തിക്കാൻ നാളിതുവരെയായി എന്തൊക്കെ നടപടികളാണ് ചെയ്തിട്ടുള്ളത് എന്നതിനെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞതായോ എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായിട്ടുള്ള അനുഭവമോ നമുക്കാർക്കും ഉണ്ടായിട്ടില്ല. വാഗ്ദാനങ്ങൾ പാലിക്കണമെന്ന് ആവശ്യപ്പെടാൻ എനിക്കറിയില്ല. 4,500 കോടി രൂപയുടെ കടബാധ്യതയാണ് ഇലക്ട്രിസിറ്റി ബോർഡിനുള്ളത്. അവിടെയൊരു പരിശോധന വേണം. വൈദ്യുതി ബോർഡിന്റെ നഷ്ടം സംബന്ധിച്ചും കണക്കുകളെ സംബന്ധിച്ചും ബോർഡും മന്ത്രിമാരും കാര്യങ്ങൾ പറയുമ്പോൾ ഈ കണക്കുകൾ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻപോലും അംഗീകരിക്കുന്നില്ല. എവിടെയാണ് പൊരുത്തക്കേട്? അങ്ങനെ വരുമ്പോൾ മാനേജ്മെന്റിൽ, പ്ലാനിംഗിൽ, നടത്തിപ്പിൽ അങ്ങനെ എല്ലാ കാര്യത്തിലും പൊരുത്തക്കേടുകളുടെ കൂമ്പാരമായി ഈ ബോർഡിന്റെ പ്രവർത്തനത്തെ പുറത്തുനിൽക്കുന്നവർക്ക് കാണേണ്ടിവരില്ലേ? ആ ഒരു

സംശയം മാത്രമേ ഇവിടെ ഉന്നയിക്കുന്നുള്ളൂ. വൈദ്യുതി ബോർഡിന്റെ കീഴിലുള്ള സ്ഥലങ്ങൾ പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് ബോർഡിന് എന്തെങ്കിലും ധാരണയുണ്ടോ? എന്റെ മണ്ഡലത്തിൽ 12 ഏക്കറോളം വരുന്ന സ്ഥലം വൈദ്യുതി ബോർഡിന്റെ കീഴിലുണ്ട്. ഗവൺമെന്റിന്റെ പ്രതിനിധിയെന്ന നിലയിൽ വൈദ്യുത വകുപ്പുമന്ത്രി അവിടെ വന്നിരുന്നു. അവിടത്തെ ജനങ്ങൾക്ക് അദ്ദേഹം നൽകിയ വാഗ്ദാനം എന്താണെന്ന് ഞാൻ ഇവിടെ പറയുന്നില്ല. മൂന്ന് കൊല്ലം ആകാറായിട്ടും അവിടെ ഒന്നും സംഭവിച്ചിട്ടില്ലെന്ന് ഖേദപൂർവ്വം പറയേണ്ടി വരുന്നതിൽ എനിക്ക് അതിയായ സങ്കടമുണ്ടെന്ന് മാത്രമേ ഈ സന്ദർഭത്തിൽ പറയാൻ ആഗ്രഹിക്കുന്നുള്ളൂ. ഗതാഗത മേഖലയെക്കുറിച്ച് കഴിഞ്ഞ തവണ സഭയിൽ സബ്മിഷൻ ഉയർന്നുവരുകയുണ്ടായി. മലബാറിലെ ട്രെയിൻ യാത്രക്കാർ അനുഭവുക്കുന്ന ദുരിതം എത്രമാത്രമാണെന്നുള്ള കാര്യത്തെ സംബന്ധിച്ച് ഇന്നും സഭയിൽ ഉന്നയിക്കുകയുണ്ടായി. ആ ദുരിതം അവസാനിപ്പിക്കുന്നതിന് സബർബൻ ട്രെയിനുകൾ ഓടിക്കണമെന്ന നിർദ്ദേശമാണ് കഴിഞ്ഞ ദിവസം ഇവിടെയുണ്ടായത്. അതിന് വമ്പിച്ച സാമ്പത്തിക ബാധ്യത വരുമെന്നാണ് പറയുന്നത്. ഇപ്പോൾ അടിയന്തരമായി കാസർഗോഡുനിന്ന് തിരുവനന്തപുരംവരെ ഓടിക്കൊണ്ടിരിക്കുന്ന മലബാർ എക്സപ്രസ്സിനും മാവേലി എക്സ്പ്രസ്സിനും ഇടയിൽ ഒരു പുതിയ ട്രെയിൻ വേണമെന്ന ആവശ്യമാണ് ഉന്നയിക്കേണ്ടത്. ഈ മാസം 27-ാം തീയതി എം.പി.-മാരുടെ യോഗം ഇവിടെ വിളിച്ചുകൂട്ടിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ യോഗത്തിൽ ഈ പ്രശ്നം ഉന്നയിക്കുകയും പുതിയ ഗവൺമെന്റിനെ സമീപിക്കുകയും ചെയ്യണം. ശ്രീ. സദാനന്ദ ഗൗഡയാണ് ഇപ്പോഴത്തെ റെയിൽവേ മന്ത്രി, അദ്ദേഹം മംഗലാപുരത്തുകാരനാണ്.

അദ്ദേഹം ചിലപ്പോൾ കേരളീയരോട് താൽപ്പര്യം കാണിച്ചുവെന്നിരിക്കാം. ഈ സൗകര്യം ഉപയോഗപ്പെടുത്തി........ നമുക്ക് എപ്പോഴും ശുഭപ്രതീക്ഷയാണ് നല്ലത്. മോശം അർത്ഥത്തിൽ നമുക്ക് ആരെയും കാണേണ്ടതില്ല. ശുഭപ്രതീക്ഷയോടുകൂടിയാണ് ഞാൻ ഇക്കാര്യങ്ങൾ സമർപ്പിക്കുന്നത്. ഇത്തരം കാര്യങ്ങളിലൊക്കെ അനങ്ങാപ്പാറ നയം സ്വീകരിക്കുകയും ശുഭപ്രതീക്ഷയില്ലാതെ പ്രവർത്തിക്കുകയും ചെയ്യുന്ന ഭരണകൂടത്തിന്റെ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. റ്റി. യു. കുരുവിള: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. കഴിഞ്ഞ മൂന്ന് വർഷക്കാലമായി ഈ ഗവൺമെന്റിന്റെ പ്രവർത്തനം നാം വിലയിരുത്തുമ്പോൾ വികസനവും കരുതലുമെന്ന പ്രഖ്യാപിത മുദ്രാവാക്യം കാര്യമായി നടപ്പാക്കിയെന്ന് നമുക്ക് കാണാൻ കഴിയും. എല്ലാ മേഖലയിലും അതിവേഗം വികസനവും സമയം നിശ്ചയിച്ചുള്ള കേരളത്തിന്റെ സ്വപ്നപദ്ധതിയുടെ പൂർത്തീകരണവും കേരളീയർക്കാകെ പ്രതീക്ഷയാണ്. എല്ലാ വിഭാഗങ്ങൾക്കും കാരുണ്യം വർഷിപ്പിച്ച ഒരു സർക്കാരാണ് ഇതെന്ന് പറയുവാൻ അഭിമാനമുണ്ട്. പാവപ്പെട്ടവർക്ക് ചികിത്സാസഹായങ്ങളും സാമൂഹ്യക്ഷേമ പെൻഷനുകളും വർദ്ധിപ്പിച്ച് കൊടുത്ത ഗവൺമെന്റാണിത്. ഇന്ത്യയിലെ വനമേഖലയുടെ വിസ്തീർണ്ണത്തിൽ ശതമാനക്കണക്കിൽ ഒന്നാംസ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. പരിസ്ഥിതിയെ സംരക്ഷിക്കുന്നതോടൊപ്പം കർഷകരെയും മലയോര ജനതയെയും സംരക്ഷിക്കുവാൻ ധീരമായ നടപടി സ്വീകരിച്ച ഒരു സർക്കാരാണിത്. സംസ്ഥാന സർക്കാർ ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ നടത്തിയ ഫീൽഡ് വെരിഫിക്കേഷനിലൂടെ ഗാഡ്ഗിൽ,

കസ്തൂരിരംഗൻ റിപ്പോർട്ടുകൾ ഉയർത്തിയ ആശങ്കകൾ ഒരളവുവരെ കുറയ്ക്കുവാൻ സഹായിച്ചു. മലയോര ജനതയുടെ ആശങ്കകൾ പൂർണ്ണമായും പരിഹരിക്കാൻ കൂടുതൽ നടപടികൾ ഉണ്ടാകേണ്ടതുണ്ട്. കാട്ടുമൃഗങ്ങളിൽനിന്നും കൃഷിയെയും കൃഷിക്കാരെയും രക്ഷിക്കാൻ ഒട്ടനവധി നടപടികൾ സ്വീകരിച്ചു. ഇനിയും കുറെക്കൂടി ശക്തമായ നടപടികൾ ഉണ്ടാകേണ്ടതുണ്ട്. കോതമംഗലം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കാട്ടുമൃഗശല്യം കൊണ്ട് 4 ആളുകൾ കൊല്ലപ്പെട്ടിട്ടുണ്ട്. ഒരുവർഷം മുമ്പ് ഒരു അദ്ധ്യാപികയെ കാട്ടാന ചവിട്ടിക്കൊന്ന സംഭവം എല്ലാവരെയും വേദനിപ്പിച്ച ഒന്നായിരുന്നു. അവരുടെ കുടുംബത്തിന് ധനസഹായവും ആശ്രിത നിയമനവും നൽകാമെന്ന് സർക്കാർ തീരുമാനിച്ചെങ്കിലും അവരുടെ ആശ്രിതർക്ക് ഇതുവരെയും ജോലി നൽകിയിട്ടില്ല. ഇത് ജനങ്ങളുടെ വിശ്വാസത്തെ തകർക്കുന്ന സംഭവമാണ്. വനംവകുപ്പിന്റെ നിരുത്തരവാദിത്തം സർക്കാർ ഉത്തരവ് കാറ്റിൽ പറപ്പിക്കുന്ന ഒന്നാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തര നടപടിയുണ്ടാകണം. കോതമംഗലം തടി ഡിപ്പോ മാറ്റുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വനം വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും ചീഫ് സെക്രട്ടറിയുംകൂടി എടുത്ത തീരുമാനപ്രകാരം സർക്കാർ ഉത്തരവ് ഇറക്കിയിട്ടും അതിന് പുല്ലുവില കൽപ്പിക്കാതെ ലീസ് കൊടുത്ത് വീണ്ടും തടിയിറക്കുകയാണ് വനംവകുപ്പ്. രണ്ടുവർഷം മുമ്പ് തടി ഡിപ്പോ നിർത്തണമെന്ന് തീരുമാനമെടുത്തതാണ്. എന്നാൽ അതവഗണിച്ച് ചിലരെക്കൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അനാവശ്യമായി കേസുകൾ കൊടുപ്പിച്ച് ഗവൺമെന്റ് ഉത്തരവിനെ തുരങ്കം വയ്ക്കുകയാണ്.

ഹൈക്കോടതിപോലും തടി ഡിപ്പോ മാറ്റണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. അതിന്റെ പേപ്പർ കട്ടിംഗ് എന്റെ കൈവശമുണ്ട്. സമയമില്ലാത്തതിനാൽ ഞാനത് വായിക്കുന്നില്ല. കൂടാതെ ഈ സ്ഥലം റവന്യൂ പുറമ്പോക്കാണെന്നും ഇത് ഫോറസ്റ്റ് ലാന്റായി ഡിക്ലയർ ചെയ്തിട്ടില്ലായെന്നും നിയമസഭയിൽ വനവകുപ്പിൽനിന്നും 13-02-2013-ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ 09-06-2014-ന് വീണ്ടും അതിന് വിരുദ്ധമായ ഒരു നിലപാടാണ് വനം വകുപ്പ് സ്വീകരിച്ചത്. കോടതിയിൽ കേസ്സുണ്ടെന്ന് പറഞ്ഞാണ് തന്നിരുന്നത്. യഥാർത്ഥത്തിൽ കോടതിയിൽ ഇപ്പോൾ കേസ്സില്ല. കോടതി അത് തള്ളിയിരിക്കുകയാണ്. ഇത് ഗവൺമെന്റിനോടും ജനത്തോടുമുള്ള വെല്ലുവിളിയാണ്. ഇത് ഒരു കാരണവശാലും അനുവദിക്കാൻ പാടില്ല. കുട്ടമ്പുഴ പഞ്ചായത്തിലെ വാര്യക്കുടി, കുഞ്ചിപ്പാറ തുടങ്ങിയ ആദിവാസി കുടികളിൽനിന്നും 218 ആദിവാസി കുടുംബങ്ങൾ കാട്ടുമൃഗങ്ങളുടെ ആക്രമണം നിമിത്തം അവരുടെ കൃഷിസ്ഥലങ്ങൾ ഉപേക്ഷിച്ച് കഴിഞ്ഞ 4 വർഷമായി കണ്ടംപാറ എന്ന പുഴയോരത്താണ് താമസം. പലപ്രാവശ്യം മന്ത്രിമാരും കളക്ടറുമൊക്കെ ഇടപെട്ട് ഇവരെ പുന:രധിവസിപ്പിക്കാൻ തീരുമാനിച്ചെങ്കിലും ഇതുവരെ അതിനൊരു നടപടിയുമുണ്ടായിട്ടില്ല. ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം വനത്തിൽ താമസിക്കുന്ന ആദിവാസികൾക്ക് പ്രൊട്ടക്ഷന് അവകാശമുള്ളതാണ്. ഫോറസ്റ്റിന്റെ ഉൾഭാഗത്തുനിന്നും ഒരറ്റത്തേക്ക് മാറ്റിത്താമസിപ്പിക്കുന്നത് ഡൈവർഷനല്ല. എന്നാൽ ഇത് ഡൈവർഷനാണെന്നും ഇതിന് പ്രത്യേക വാല്യുവേഷൻ കൊടുക്കണമെന്നും പറഞ്ഞ് പട്ടികവർഗ്ഗ വകുപ്പിനോട് കോടികൾ അടയ്ക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. വനംവകുപ്പ് അനാവശ്യമായി

താമസം വരുത്തിയതുമാണ്. കോടതിപോലും ഇത് ശരിയല്ലെന്ന് ഈയിടെ പറഞ്ഞിട്ടുണ്ട്. ആദിവാസികൾക്ക് പ്രൊട്ടക്ഷനുണ്ടെന്നും ഉദ്യോഗസ്ഥൻമാർ ആദിവാസികളെ ഉപദ്രവിക്കുന്ന നടപടി അവസാനിപ്പിക്കണമെന്നും എത്രയും വേഗം ഇത് പുന:പരിശോധിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്. **മണിമുണ്ടം ചാൽ** റോഡരികിൽ ആദിവാസികൾ ഉപയോഗിച്ചുവരുന്ന ബസ് സ്റ്റോപ്പിന്റെ ഒരു ഭാഗം ഫോറസ്റ്റ് ലാന്റാണെന്ന് പറഞ്ഞ് പൊളിച്ചുമാറ്റുവാൻ ശ്രമിക്കുകയാണ്. അത് നിർത്തലാക്കണം. റവന്യൂ വകുപ്പും വനം വകുപ്പും കൂടി വെരിഫിക്കേഷൻ നടത്തിയ സ്ഥലത്തിന്റെ ലിസ്റ്റ് ഒപ്പിടുന്നതിന് മലയാറ്റൂർ ഡി.എഫ്.ഒ.-ക്ക് വച്ചപ്പോൾ അദ്ദേഹത്തിന് സ്ഥലംമാറ്റം വന്നതു കൊണ്ട് ഒപ്പിടാതിരുന്ന കാരണത്താൽ ആ ലിസ്റ്റ് വെരിഫിക്കേഷൻ ലിസ്റ്റ് അല്ലെന്നുപറഞ്ഞ് കൃഷിക്കാർക്ക് 1971-ന് മുമ്പുള്ള സ്ഥലത്തിന് പട്ടയം കൊടുത്തിട്ടില്ല. ഇതിനൊരു പരിഹാരം കാണണം. എക്കോ ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്ന ഒരു സർക്കാരാണിത്. ഏഷ്യയിലെ ഏറ്റവും വലിയ തേക്ക് നിൽക്കുന്ന ഇടമലയാർ വിപുലമായ എക്കോ ടൂറിസം പദ്ധതി യാഥാർത്ഥ്യമാക്കണം. രാജാക്കന്മാരുടെ ആസ്ഥാനമായിരുന്ന ചേലമല, മുനിയറ തുടങ്ങിയ സ്ഥലങ്ങൾ ഉൾപ്പെടുത്തി ഏറ്റവും മനോഹരമായ എക്കോ ടൂറിസം പദ്ധതി യാഥാർത്ഥ്യമാക്കണം. ബ്രിട്ടീഷുകാരുടെ കാലത്ത് ആലുവയിൽനിന്നും മൂന്നാറിലേയ്ക്കുള്ള രാജപാതയായിരുന്നു ഇപ്പോൾ പി. ഡബ്ല്യു.ഡി. രേഖകളിൽക്കിടക്കുന്ന കോതമംഗലം-ചെമ്മീൻകുത്ത് കെ.പി.റോഡ്. ഒരേ ഗ്രേഡിൽ തീർത്തതും വാഹനങ്ങൾ ഓടിക്കൊണ്ടിരുന്നതുമായ റോഡിലെ കരിത്തിരി ഭാഗം ഇടിഞ്ഞുപോകുകയും റോഡ് വഴിതിരിച്ച്

വിടുകയുമായിരുന്നു. കോതമംഗലത്തുനിന്ന് നേരിയമംഗലംവഴി മൂന്നാറിലേക്ക് പുതിയ റോഡ് വെട്ടി. ഇതിപ്പോൾ എൻ.എച്ച്.-89 ആയിരിക്കുകയാണ്. മണ്ണിടിച്ചിൽ കാരണം ഈ റോഡ് പലപ്പോഴും സഞ്ചാരയോഗ്യമല്ലാതെ വരികയാണ്. ഇതിന് പരിഹാരമെന്നുള്ള രീതിയിൽ പഴയറോഡ് പുനഃസ്ഥാപിക്കണം. ഇപ്പോൾ പഴയറോഡിൽക്കൂടി ലോറികളും വാഹനങ്ങളും ഓടിക്കൊണ്ടിരിക്കുകയാണ്. ഈ റോഡ് നന്നാക്കാൻ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് സമ്മതിക്കുന്നില്ല. ഇപ്പോൾ ഒരുകോടിരൂപ അതിന് അനുവദിച്ചിട്ടുണ്ട്. 100 ലിങ്സ് വീതിയുള്ള റോഡാണ്. അതുകൊണ്ട് അതിന്റെ തടസ്സം നീക്കണം. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഇതിന്റെ തടസ്സങ്ങൾ മാറ്റിത്തരാമെന്ന് സമ്മതിച്ചതാണ്. ഇപ്പോഴും വനംവകുപ്പ് അതിന് അനുവാദം തരുന്നില്ല.

<u>മി. ചെയർമാൻ:</u> അങ്ങേയ്ക്ക് അനുവദിച്ചിരിക്കുന്ന സമയം അതിക്രമിച്ചിരിക്കുകയാണ്.

<u>ശ്രീ. റ്റി. യു. കുരുവിള</u>: ...........നിന്നുംമലയാറ്റൂരിലേക്കുള്ള റോഡ് പൂർണ്ണമായും ടാർ ചെയ്തിരിക്കുകയാണ്. മലയാറ്റൂർ തീർത്ഥാടകർക്കും ടൂറിസ്റ്റുകൾക്കും സഞ്ചാരയോഗ്യമായ ഈ റോഡ് മലയാറ്റൂർ പെരുന്നാളിനു മാത്രമാണ് തുറന്നുകൊടുക്കുന്നത്. മറ്റ് സമയങ്ങളിൽ ടൂറിസ്റ്റുകാരെ തടയുന്നത് അവസാനിപ്പിക്കണം. നിലവിൽ ലോറി ഉൾപ്പെടെയുള്ള വാഹനങ്ങൾ ഓടിക്കൊണ്ടിരിക്കുന്ന ആദിവാസികളുടെ റോഡുകൾ വാഹനസൗകര്യത്തിനായി മെറ്റൽ ചെയ്യുന്നതിനോ കോൺക്രീറ്റ് ചെയ്യുന്നതിനോ വനംവകുപ്പ് സമ്മതിക്കുന്നില്ല. ഇത് ആദിവാസികളോട് ചെയ്യുന്ന ക്രൂരതയാണ്. ഇതും അവസാനിപ്പിക്കണം. കാട്ടുമൃഗങ്ങളുടെ ശല്യം കാരണം ആളുകൾക്ക് ഒറ്റയ്ക്ക് നടന്നുപോകാൻ നിർവ്വാഹമില്ല. ഈ റോഡ്

നന്നാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. തട്ടേക്കാട് പക്ഷി കേന്ദ്രത്തിലെ മാൻ തുടങ്ങിയ മൃഗങ്ങളെ തുറന്നുവിട്ട് കൃഷിക്കാരുടെ കൃഷി സ്ഥലങ്ങൾ നശിപ്പിക്കുന്നു. ഇക്കാര്യം വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടു ത്തിയിരുന്നു. സബ്ജക്ട് കമ്മിറ്റി അവിടെ ഒരു സന്ദർശനം നടത്താമെന്ന് പറഞ്ഞിരുന്നു. അത് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോ സ്ഥിതിചെയ്യുന്ന രണ്ടര ഏക്കർ സ്ഥലം വ്യക്തികളും മുനിസിപ്പാലിറ്റിയും വിട്ടുകൊടുത്ത സ്ഥലമാണ്. അവിടെ ഇപ്പോൾ യാതൊരു സൗകര്യങ്ങളുമില്ല. ഇവിടെ സൗകര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി പതിനൊന്നര ലക്ഷംരൂപ ഞാൻ എം.എൽ.എ. ഫണ്ടിൽനിന്നും കൊടുത്തു. നാല് വർഷമായിട്ടും ഇതുവരെ സ്ഥലമായിട്ടില്ല. ഇപ്പോൾ വീണ്ടും ഞാൻ 75 ലക്ഷം രൂപ അസറ്റ് ഫണ്ടിൽനിന്ന് കൊടുത്തിട്ടു ണ്ട്. എത്രയുംവേഗം അത് സൗകര്യപ്രദമാക്കിത്തീർക്കണം. കോതമംഗലത്തു നിന്നും വേളാങ്കണ്ണിക്കുണ്ടായിരുന്ന ബസ് പുന:സ്ഥാപിക്കണം. അതുപോലെ ബാംഗ്ലൂരിലേയ്ക്കും ഒരു ബസ് റൂട്ട് അനുവദിക്കണം. ടാക്സി വാഹനങ്ങളുടെ ടാക്സ് ഒരുവർഷം 1,200 രൂപയായിരുന്നത് ഇപ്പോൾ ക്ഷേമനിധി ടാക്സും മറ്റും ചേർത്ത് 20,000 രൂപയാക്കി. ഇതൊരു വലിയ അനീതിയാണ്. അത് പരിഹരിക്കണം. വൈദ്യുതിക്ഷാമം പരിഹരിക്കുന്നതി നുവേണ്ടി ഭൂതത്താൻകെട്ടിൽ മിനി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന് ടെണ്ടർ വിളിച്ചിരുന്നു. അതിന്റെ പണി എത്രയും വേഗം പൂർത്തീകരിക്കണം. വൈദ്യുതി വകുപ്പുമന്ത്രിയുടെ പ്രസംഗത്തിൽ എല്ലാ വിഭാഗത്തിൽപ്പെട്ട വർക്കും വൈദ്യുതി ലഭിക്കുമെന്ന് ഉറപ്പ് നൽകിയിരിക്കെ ആദിവാസി കേന്ദ്രമായ കോതമംഗലം - കുട്ടമ്പുഴ പഞ്ചായത്ത്, മണികണ്ഠൻ ചാലിലേക്ക്

വൈദ്യുതി എത്തിച്ചിരുന്നു. എന്നാൽ അവിടെ പണം അടച്ചിട്ടും വൈദ്യുതി കണക്ഷൻ കൊടുക്കാൻ വനം വകുപ്പ് സമ്മതിക്കുന്നില്ല.

മി. ചെയർമാൻ: അങ്ങ് ചുരുക്കുക.

ശ്രീ. റ്റി. യു. കുരുവിള: സർ, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി അവിടെ വന്നപ്പോൾ ഇക്കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെട്ടിട്ട് ഇന്നും അത് അനുവദിച്ചിട്ടുമില്ല. ഇതിന് ഒരു പരിഹാരം കണ്ടെത്തിയെ മതിയാകൂ. ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിൽ ഐക്യജനാധിപത്യമുന്നണി അധികാരത്തിൽ വന്നിട്ട് മൂന്ന് വർഷം പൂർത്തീകരിച്ചു. മൂന്ന് വർഷം കൊണ്ട് കേരളത്തിലെ വിവിധ മേഖലകൾ വികസനോന്മുഖമാക്കി ജനപക്ഷത്തുനിന്ന് പ്രവർത്തിച്ച ഒരു ഗവൺമെന്റാണിത്. കേരളത്തിലെ പ്രിയപ്പെട്ട മുഖ്യമന്ത്രി ഉമ്മൻചാണ്ടി സാർ നടത്തിയ രണ്ട് ജനസമ്പർക്കപരിപാടികൾ കേരളത്തിലെ ചെറുതും വലുതുമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി അതുമായി ബന്ധപ്പെട്ട് വനമേഖലയിൽ തമാസിക്കുന്ന ഒട്ടനവധി പാവപ്പെട്ട കുടുംബങ്ങൾക്ക് അവരുടെ പ്രയാസങ്ങളും സങ്കടങ്ങളും തുറന്നുപറയുന്നതിനുവേണ്ടിയുള്ള ഒരു വേദിയാക്കി ഉപയോഗപ്പെടുത്താൻ കഴിഞ്ഞു. ഈ സർക്കാരിനെതിരെ ഇടതുപക്ഷജനാധിപത്യമുന്നണി പല സമരങ്ങളും കൊണ്ടുവന്നെങ്കിൽപ്പോലും അത് പാതിവഴിയിൽവേച്ച ഒഴിവാക്കേണ്ട ഒരു സാഹചര്യമുണ്ടായി. മാത്രമല്ല കേരളത്തിലെ കർഷകരെ സംരക്ഷിക്കുന്നതിനുവേണ്ടി ആരോഗ്യമേഖല, വിദ്യാഭ്യാസമേഖല തുടങ്ങിയ മേഖലകളിൽ

ജനങ്ങൾ ആഗ്രഹിക്കുന്ന ജനങ്ങളുടെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം വനമേഖലയിൽ താമസിക്കുന്ന കർഷകർക്ക് ഏറെ പ്രയോജനം ലഭിച്ചുവെന്നുള്ള താണ്. ഞാൻ വനമേഖലയിൽ താമസിക്കുന്ന ഒരു വ്യക്തിയാണ്. കഴിഞ്ഞകാല ങ്ങളിൽ വനമേഖലകളിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിച്ചുകഴിഞ്ഞാൽ ഒരു തവ ണയാണ് ധനസഹായം ആ കുടുംബത്തിന് ലഭിക്കുക. ഇന്ന് ആയിരം രൂപയുടെ കൃഷി നാശം ഉണ്ടായാൽ നാളെ രണ്ടായിരം രൂപയാണെങ്കിൽ ആദ്യദിവസം നശി പ്പിച്ച ആയിരം രൂപയാണ് ലഭിക്കുന്നത്. പിന്നീട് രണ്ടായിരം രൂപ നഷ്ടപ്പെടുക യാണ് ചെയ്യുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ബഹുമാനപ്പെട്ട മന്ത്രി യുടെ നേതൃത്വത്തിൽ മൂന്നുതവണ നഷ്ടപരിഹാരം കൊടുക്കേണ്ട തീരുമാനമെ ടുത്തു. വനമേഖലയിൽ താമസിക്കുന്ന കർഷകരും കർഷകത്തൊഴിലാളികളു മൊക്കെ ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നുണ്ട്. അങ്ങനെ പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് ഈ കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യമുന്നണിയ്ക്ക് കേരളത്തിൽ വലിയ വിജയം കൈവരിക്കാൻ കഴിഞ്ഞത്. ഇതിൽ ഇനിയും മാറ്റങ്ങളുണ്ടാകണം. കാർഷികമേഖല തകർന്നുകൊ ണ്ടിരിക്കുന്ന ഇടുക്കിയും വയനാടും പോലുള്ള ജില്ലകളിൽ വന്യമൃഗങ്ങൾ കൃഷി യിടങ്ങളിൽ ഇറങ്ങി കൃഷി നശിപ്പിക്കുമ്പോൾ അതിന് ഒന്നും രണ്ടും മൂന്നും തവ ണകൾ വയ്ക്കാതെ ആവശ്യമായ ധനസഹായം ആ ഘട്ടങ്ങളിൽ കൊടുക്കാനുള്ള തീരുമാനം ഗവൺമെന്റ് നടപ്പാക്കണമെന്ന് ഗവൺമെന്റിന് മുമ്പാകെ നിർദ്ദേശമായി വയ്ക്കുകയാണ്. ശ്രീ. കുരുവിള ചേട്ടൻ ഇവിടെ സൂചിപ്പിച്ചതുപോലെ, കഴിഞ്ഞ സാമ്പത്തികവർഷത്തിൽ, ഞാൻ എം.എൽ.എ. ആയതിനുശേഷം സുൽത്താൻബത്തേരി നിയോജകമണ്ഡലത്തിൽ ആനയും കാട്ടുപോത്തും ആക്ര മിച്ച 9 മരണങ്ങളുണ്ടായി. അതിൽ ഫോറസ്റ്റിൽ വാച്ചർ പണിയെടുത്ത് തിരിച്ചുവ രുന്നസമയത്ത് ഉൾവനത്തിൽവച്ച് ആന കൊലപ്പെടുത്തിയ വാസു, അദ്ദേ

ഹത്തിന്റെ കുടുംബത്തിന്റെ ഇപ്പോഴത്തെ ജീവിതം വളരെ കഷ്ടത്തിലാണ്. മുത്തങ്ങയിൽ ആനപ്പന്തിയിൽ ജോലി ചെയ്യുന്ന രണ്ട് വാച്ചർമാരെ മൃഗീയമായി ആന കൊലപ്പെടുത്തി. അവരെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ഗവൺമെന്റ് ഏറ്റെടുക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ, വന്യമൃഗങ്ങൾ കൊലപ്പെടുത്തിക്കഴിഞ്ഞ കുടുംബങ്ങൾക്ക് 3 ലക്ഷം രൂപയും ഇൻഷുറൻസിൽ നിന്ന് 1 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 1 ലക്ഷം രൂപയും അങ്ങനെ 5 ലക്ഷം രൂപ കൊടുക്കുന്നുണ്ട്. ഇവിടെ കൊല്ലപ്പെട്ടതൊക്കെ കുടുംബനാഥന്മാരാണ്. അവരുടെ കുടുംബത്തിന് ഗവൺമെന്റ് കേന്ദ്രത്തിന്റെ അനുമതി വാങ്ങി 10 ലക്ഷം രൂപ വരെ ആ കുടുംബത്തിന് കൊടുത്താൽ മാത്രമേ അവർക്ക് കുടുംബജീവിതം മുന്നോട്ട് കൊണ്ടുപോകാൻ കഴിയുകയുള്ളൂ. ഫോറസ്റ്റ് ഉദ്യോഗസ്ഥരും ജനങ്ങളുമായുള്ള സംഘർഷങ്ങൾ എപ്പോഴും കാണാൻ കഴിയുന്നു. വനങ്ങളിലെ ഫോറസ്റ്റിൽ അപകടങ്ങൾ സംഭവിച്ചുകഴിഞ്ഞാൽ ഈ സംഘർഷങ്ങൾ ഒഴിവാക്കണമെങ്കിൽ വനത്തെയും ജനവാസത്തെയും വേർതിരിച്ചുകൊണ്ടുള്ള ഒരു സമീപനം ഗവൺമെന്റ് സ്വീകരിക്കണം. മാത്രമല്ല കോടികൾ ചെലവഴിക്കുന്നുണ്ട്; ആനക്കിടങ്ങൾ കുഴിക്കുന്നുണ്ട്; ഫെൻസിംഗ് നടത്തുന്നുണ്ട്; നിരവധി പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ട്; എന്നാൽ കൽമതിലുകൾ നിർമ്മിച്ചുകൊണ്ട് ജനത്തെയും വനത്തെയും വേർതിരിക്കുന്ന ഒരു സമീപനം, വളരെ പെട്ടെന്ന് കഴിയില്ലെങ്കിൽപ്പോലും ക്രമാതീതമായി ആ പദ്ധതികൾ കൊണ്ടുവന്നുകൊണ്ട് സാധാരണക്കാരായ ജനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള സാഹചര്യമുണ്ടാക്കണമെന്നാണ് സൂചിപ്പിക്കുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം കൽമതിലുകൾക്ക് ഊന്നൽ കൊടുത്തിട്ടുണ്ട്. വനമേഖലകളിലും പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഫെൻസിംഗും............ ഡ്രെയിനേജുമാണെങ്കിൽ കാലാകാലം

മെയിന്റനൻസും മറ്റുള്ള സംവിധാനങ്ങളിൽക്കൂടി കോടികൾ ചെലവഴിക്കേണ്ടി വരുന്നു. അതുകൊണ്ട് കൽമതിലുകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് ഈ ഗവൺമെന്റ് തയ്യാറാകണമെന്നാണ് ഇവിടെ സൂചിപ്പിക്കുവാനുള്ളത്. അതോടൊപ്പം വനത്തിനുള്ളിൽ പട്ടികവർഗ്ഗക്കാർ തമാസിക്കുന്നുണ്ട്. വയനാട് ജില്ലയിൽതന്നെ 14 സെറ്റിൽമെന്റ് ഏരിയകളിൽ നിന്നും സ്വയം പുനരധിവാസപദ്ധതി കേന്ദ്രഗവൺമെന്റിന്റെ അനുമതിയോടുകൂടി 80 കോടിയുടെ പദ്ധതി സമർപ്പിച്ചെങ്കിൽ 3 സെറ്റിൽമെന്റ് ഏരിയകൾ പൂർണ്ണമായി ഒഴിവാക്കാൻ കഴിഞ്ഞു ഇനിയും ഒരുപാട് കുടുംബങ്ങൾ വനത്തിനകത്തുണ്ട്. അവരെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള സാഹചര്യങ്ങൾ ഉണ്ടാകണം. മാത്രമല്ല സ്വയംസന്നദ്ധ പുനരധിവാസമെന്നുപറയുമ്പോൾ അവർ സ്വയം വനത്തിൽനിന്ന് ഇറങ്ങിപ്പോകേണ്ട ഒരു സാഹചര്യമാണുണ്ടാകുന്നത്. കഴിഞ്ഞദിവസങ്ങളിൽ വയനാടിൽ പത്രങ്ങളിൽ വാർത്തവന്നു. കേന്ദ്രവനാവകാശ നിയമമനുസരിച്ച് പട്ടികവർഗ്ഗക്കാർക്ക് വനത്തിനുള്ളിൽ താമസിക്കാം. അവർക്ക് സംരക്ഷണം കൊടുക്കാം. അവരെ നിർബന്ധപൂർവ്വം പുറത്തുകൊണ്ടുവരരുത്. കഴിഞ്ഞദിവസം പത്രങ്ങളിൽ വന്ന വാർത്ത ഇന്നലെ ചാനൽ ചർച്ചയുണ്ടായിരുന്നു. ആദിവാസികളെ വനത്തിൽ നിന്ന് പുറത്തേയ്ക്ക് കൊണ്ടുവരാൻ നിർബന്ധിക്കുകയാണ്. അവർ പറയുന്നു ഞങ്ങൾ വനത്തിന്റെ മക്കളാണ്. ഞങ്ങൾ വനത്തിലാണ് താമസിക്കുവാൻ ആഗ്രഹിക്കുന്നത്. ഞങ്ങളെ നിർബന്ധപൂർവ്വം പുറത്തുകൊണ്ടുപോകരുതെന്ന് പറഞ്ഞപ്പോൾ പറയുന്നത് മാവോയിസ്റ്റ് ബന്ധങ്ങളുണ്ടെന്ന് കോടതിയിൽ ഞങ്ങൾ ധരിപ്പിക്കുമെന്ന് പട്ടികവർഗ്ഗ കുടുംബങ്ങളിൽച്ചെന്ന് ഭീഷണിപ്പെടുത്തുകയാണ്. ആ സാഹചര്യം ഒഴിവാക്കണം. സ്വാഭാവികമായി അവർ വനത്തിൽ നിന്ന് പ്രയാസങ്ങൾ നേരിടുമ്പോൾ പുറത്തുവരും. അത്തരത്തിലുള്ള നടപടികളിൽനിന്നും പിന്മാറണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെതന്നെ വൈദ്യുതിയുമായി ബന്ധപ്പെട്ട വിഷയമുള്ളതുകൊണ്ട് ആർ.ജി.ജി.വൈ. പദ്ധതികൾ കേരളത്തിൽ നടപ്പാക്കു

മ്പോൾ ആ സാഹചര്യത്തിൽ വനത്തിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കാൻ കഴിയുന്നില്ല. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് തടസ്സമാണ്. എസ്റ്റിമേറ്റ് എടുക്കുമ്പോഴും ഭരണാനുമതി കൊടുക്കുമ്പോഴും അതിന് ടെക്നിക്കൽ സാങ്ഷൻ കൊടുക്കുമ്പോഴും എതിർപ്പുകളില്ല. അതിന്റെ ഇംപ്ലിമെന്റ് സ്റ്റേജിലെ ത്തുമ്പോൾ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ തടസ്സം നിൽക്കുകയാണ്. വൈദ്യുതി വകുപ്പും വനംവകുപ്പും ഇടപെട്ടുകഴിഞ്ഞാൽ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടുകൊണ്ട് ഇത്തരം കുടുംബങ്ങളെ സംരക്ഷിക്കുന്നതിനുള്ള സാഹചര്യങ്ങളു ണ്ടാകുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മറ്റ് കാര്യങ്ങളൊന്നും പറയാൻ ആഗ്ര ഹിക്കുന്നില്ല. പ്രധാനപ്പെട്ട മറ്റൊരു കാര്യം സൂചിപ്പിക്കാം, മുത്തങ്ങ വൈൽഡ് ലൈഫ് സാങ്ചറി ഇക്കോടൂറിസം മേഖലയിലാണ്. വയനാട് ഇക്കോ ടൂറിസം മേഖലയിൽ ഒരു വർഷം 9 കോടി രൂപയാണ് ലഭിക്കുന്നത്. അതിൽ ഒന്നര ക്കോടി രൂപ മറ്റു ജില്ലകളിലേക്ക് മാറ്റിയാൽ ടൂറിസവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന തുക ആ ജില്ലയിൽ തന്നെ വനമേഖലകളിൽ സാധാരണക്കാരായ ജനങ്ങളെ സംര ക്ഷിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണമെന്ന് ഗവൺമെന്റി നോട് ആവശ്യപ്പെടുകയാണ്. അതുപോലെ ട്രാൻസ്പോർട്ട് മേഖലയിൽ കഴിഞ്ഞ കുറേ കാലങ്ങളായി വയനാട് ജില്ലയിലെ ഡി.റ്റി. ഓഫീസ് പ്രവർത്തിക്കുന്നത് സുൽത്താൻ ബത്തേരിയിലാണ്. വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണിത്. കഴിഞ്ഞ ദിവസം അറിയാൻ കഴിഞ്ഞു. ഡി.റ്റി.. ഓഫീസ് ബത്തേരിയിലും ഡി.റ്റി.ഒ. യെ പോസ്റ്റ് ചെയ്തത് കൽപ്പറ്റയിലുമാണ്. കഴിഞ്ഞ 9 വർഷങ്ങളായി ഡി.റ്റി.ഒ ഇല്ലാത്ത ഓഫീസിൽ ഡി.റ്റി.ഒ. യെ പോസ്റ്റ് ചെയ്തത് ഈ ഗവൺമെന്റാണ്. അതുകൊണ്ട് സുൽത്താൻബത്തേരിയിൽ ഡി.റ്റി. ഓഫീസിലേക്ക് ഡി.റ്റി.ഒ യെ പോസ്റ്റ് ചെയ്തുകൊണ്ട് പ്രവർത്തനവുമായി മുന്നോട്ടുപോകണമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീ. എസ്. രാജേന്ദ്രൻ: ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്.

"എന്റ് തണിയും ഇന്ത സ്വതന്ത്ര ദാഹം

എന്റ് മടിയും ഇന്ത സ്വതന്ത്ര മോഹം"

ഇത് ഭാരതീയയാർ ഈ സമൂഹത്തിന് നൽകിയ സന്ദേശമാണ്. ഭരണസ്വാധീനമില്ലാതെ സാമൂഹികനീതിബോധത്തിൽ ജീവിക്കുവാനുള്ള ഉപാധി തടസ്സമില്ലാതെ എന്നാണോ ലഭ്യമാവുക അന്നാണ് സ്വാതന്ത്ര്യജീവിതം എല്ലാവർക്കും ഒരുപോലെയാവുന്നത്. ഇവിടെ ഉദ്യോഗസ്ഥന്മാർ തമ്മിലുള്ള പ്രയാസങ്ങളും പ്രശ്നങ്ങളുമെല്ലാം എല്ലാവർക്കും അറിയാവുന്നതാണ്. അതിന്റെ വളരെ ഉയർന്ന ഘട്ടത്തിലേക്ക് കടന്നിരിക്കുന്ന സാഹചര്യത്തിൽ ഉദ്യോഗസ്ഥരിലുമുണ്ട് നല്ലയാളുകൾ. നല്ല വാക്കുകൾ നമ്മൾ വല്ലപ്പോഴും ഉപയോഗിക്കുന്നതുപോലെയാണ് നല്ലവരും വളരെ ചുരുങ്ങിയ നമ്പരിൽ ഒതുങ്ങുന്നത്. ഇപ്പോൾ മന്ത്രിമാരെയും ഭരണക്കാരെയും എങ്ങനെ സ്വാധീനിച്ച് നല്ല സ്ഥാനമാനങ്ങളിൽ നിൽക്കാം എന്നുള്ള ചിന്തയിലാണ് ഉദ്യോഗസ്ഥർ നിലനിൽക്കുന്നത് എന്നതുകൊണ്ടുതന്നെ ഭരണം എല്ലാവർക്കും ഉപയോഗപ്പെടുന്നതായില്ല എന്ന് ഭരണപക്ഷത്തുനിന്നുപോലും ചർച്ചയിൽ പങ്കെടുത്തവരുടെ വാക്കുകളിൽ നിന്ന് നമുക്ക് ബോധ്യമാവും.

ആദ്യഘട്ടത്തിൽ അവരെല്ലാം പിന്താങ്ങുന്നുവെന്ന് പറഞ്ഞാലും അവസാനം ഈ ഭരണം ഇതുപോലെ പോയാൽ പോര എന്നുള്ള സൂചനയാണ് ചർച്ചയിലൂടെ വരുന്നത് എന്ന് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. മന്ത്രിമാർക്ക് മറുപടി പറയുവാൻ കിട്ടുന്ന അവസരം മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ അവർ അർഹരാണ് എന്നുള്ള നിലയിൽ വസ്തുതകൾ പറയുകയും നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതിനു പകരം സഭയെ ബോധ്യപ്പെടു

ത്തുക അല്ലെങ്കിൽ വരുന്നവരെ ബോധ്യപ്പെടുത്തുക എന്നുള്ള നിലയിലുള്ള സമീപനങ്ങളിൽ നിന്നും മന്ത്രിമാർ മാറണം എന്നുള്ള അഭ്യർത്ഥനയാണ് എനിക്ക് ആദ്യമായി വയ്ക്കാനുള്ളത്. കഴിഞ്ഞ സഭയിലും ചർച്ചയിലൂടെ ഞാൻ ചില കാര്യങ്ങൾ പറഞ്ഞിരുന്നു. അത് ആവർത്തിക്കേണ്ട ഗതികേട് ഈ സന്ദർഭത്തിൽ ഉണ്ടാകുന്നുവെന്നുള്ളതാണ് ഇതിന്റെ ആദ്യഘട്ടമായി ഞാൻ പറയുവാൻ ആഗ്രഹിക്കുന്നത്. വനത്തെ സംബന്ധിച്ച് ചില കാര്യങ്ങൾ പറയുകയുണ്ടായി. ഈ ഗവൺമെന്റ് വന്നതിനുശേഷം 2000 കോടി രൂപ യുടെ ചന്ദനത്തടികളാണ് നമ്മുടെ കാടുകളിൽനിന്നും മോഷണം പോയിട്ടുള ളത് എന്നാണ് പത്രമാധ്യമങ്ങളിലൂടെയും സർക്കാരിന്റെ റിപ്പോർട്ടിൽനിന്നും മനസ്സിലാക്കാൻ സാധിച്ചത്. ചന്ദനത്തടി മോഷണം പോകുന്നുവെന്ന് ചൂണ്ടി ക്കാണിച്ചാൽ ചൂണ്ടിക്കാണിക്കുന്നവരെ വിമർശിക്കുന്നതോടൊപ്പം അവരുടെ പേരിൽ കേസ് എടുക്കുകയും ചെയ്യുന്ന ഗവൺമെന്റും ഉദ്യോഗസ്ഥൻമാരു മാണ് ഇപ്പോൾ നിലകൊള്ളുന്നത്. ചിന്നാർ വൈൽഡ് ലൈഫ് സാങ്ചറി യിൽ അസിസ്റ്റന്റ് വാർഡൻ നായാട്ടിന് കൂട്ടുനിൽക്കുന്നുവെന്നുള്ളതിന് ഒന്നോ രണ്ടോ ഇൻസിഡന്റ് മാത്രമല്ല, മൂന്നുനാല് നായാട്ടുകൾ തുടർന്നും നടത്തിക്കൊണ്ടിരിക്കുന്നുവെന്നതിന് തെളിവാണ്. ഇക്കാര്യങ്ങൾ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഇടമലക്കുടി ഒരു ആദിവാസി ട്രൈബൽ പഞ്ചായത്താണ്. തൈ നടുന്നതിനുവേണ്ടി ഒന്നരകോടി രൂപ അവർക്ക് അനു വദിച്ചു. അതുമുഴുവൻ കൊള്ളയടിച്ചതുമായി ബന്ധപ്പെട്ട് ഡി.എഫ്.ഒ. ഉൾപ്പെ ടെയുള്ള ആളുകളെ സസ്പെന്റ് ചെയ്തു. ആ കേസിന്റെ നടപടികളുടെ ഭാഗമായി തുക പിടിക്കുന്നതിനെ സംബന്ധിച്ചോ ക്രിമിനൽ ആക്ടിവിറ്റീസ് സംബന്ധിച്ചോ എന്തെങ്കിലും നടപടിയെടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു

ണ്ടോ? ജനങ്ങളെ ബോധ്യപ്പെടുത്താൻവേണ്ടി ആദ്യമെന്തെങ്കിലും തുടക്കം കുറിക്കുന്നുവെന്നുള്ളതൊഴിച്ചാൽ അതിനുശേഷമുള്ള നടപടികളിലേക്ക് കട ക്കുന്നില്ല എന്നുള്ളതാണ് പ്രത്യേകത. കൃഷിനാശത്തെപ്പറ്റി ശ്രീ. ഐ. സി. ബാലകൃഷ്ണൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. വില്ലേജ് ആഫീസറുടെ റിപ്പോർട്ടും കൃഷി ആഫീസറുടെ റിപ്പോർട്ടും കഴിഞ്ഞാണ് തുക അനുവദിക്കു ന്നത്. ഒരു റേഞ്ച് ഓഫീസർക്ക് എൻജിനിയറുടെ മുഴുവൻ ജോലിയും ചെയ്യു വാനുള്ള അവകാശം നിയമപരമായി ഉണ്ടെങ്കിൽ കൃഷിക്കാരന്റെ കൃഷി നശിക്കുന്ന സന്ദർഭത്തിൽ അതിന്റെ തോത് എത്രയാണെന്ന് തിട്ടപ്പെടുത്തി ആ തുക അനുവദിച്ചുകൊടുക്കുന്നതിന് നിയമഭേദഗതിയിൽ അല്ലെങ്കിൽ ഒരു എക്സിക്യൂട്ടീവ് ഉത്തരവിലൂടെ എന്തുകൊണ്ട് ചെയ്യാൻ സാധിക്കുന്നില്ല? അത് ആലോചിക്കുകയും നടപടിയെടുക്കുകയും വേണം. അങ്ങ് വളരെ നല്ല നിലയിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന മന്ത്രിയാണെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്. ഇവിടെ ഹരിത എം.എൽ.എ.-മാർ രണ്ടുപേരുണ്ട്. അവർ വളരെ വ്യക്തമായി പറഞ്ഞെങ്കിലും ആവശ്യപ്പെട്ടില്ല. ഹരിത എംഎൽ. എ-മാർ അഞ്ചുപേർ ഉണ്ടായിരുന്നത് രണ്ടുപേരായി ചുരുങ്ങിയെന്നു തോന്നുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എടുത്തിട്ടുള്ള നടപടി ഈ ഗവൺമെന്റ് പിൻവലിക്കുക എന്നുള്ള ഉദ്ദേശത്തോടെയാണ് ഈ നടപടി എടുത്തിട്ടുള്ളതെന്ന് ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ഡി.എഫ്.ഒ. ആയിട്ടുള്ള ആൾ 28.04.2014-ൽ ഒരു ഉത്തരവിറക്കി. ഏകദേശം 800 ഏക്കർ വരുന്ന സ്വകാര്യ മേഖലയ്ക്ക് ഏറ്റെടുത്ത ഭൂമി എങ്ങ നെയാണ് തിരിച്ച് കൊടുക്കുവാൻ ഗൂഢാലോചന നടത്തിയത് എന്ന് ബഹുമാ നപ്പെട്ട മന്ത്രിക്ക് ബോധ്യപ്പെടാൻ സാധിച്ചില്ല എന്നുപറയുന്നതിനോട് യോജി

ക്കാൻ കഴിയുമോ. മറയൂരിൽ ശിക്ഷിക്കപ്പെട്ടവരെപ്പോലെ കോളനിയിൽ താമസിക്കുന്ന പത്ത് വീട്ടിലെ ആളുകളെ എ.ഇഫ്.എൽ.–ൽ ഉൾപ്പെടുത്തി അവരെ ശിക്ഷിക്കപ്പെട്ട തടവുകാരെപ്പോലെ വച്ചിരിക്കുന്ന സാഹചര്യത്തിൽ, അവർക്കൊരു നീതിയും പാലക്കാട്ട് മറ്റൊരു നീതിയുമായി 800 ഏക്കർ ഭൂമി ഒരു സ്വകാര്യമേഖലയ്ക്ക് വിട്ടുകൊടുക്കുവാൻ അങ്ങേയ്ക്ക് എങ്ങനെയാണ് സാധിച്ചത്? അതുസംബന്ധിച്ച് വിശദീകരണത്തിന്റെ ഒരു ആവശ്യവുമില്ലല്ലോ? ഒരു ഗവൺമെന്റ് സ്വീകരിച്ച നിലപാട് നിങ്ങൾക്ക് തുടർന്നുകൊണ്ടുപോകുവാൻ സാധിക്കുമോ? അല്ലെങ്കിൽ അവർക്ക് ഭൂമി തിരിച്ച് കൊടുക്കുന്നതിനുവേണ്ടിയിട്ടുള്ള നിലപാട് സ്വീകരിക്കുന്നതിന്റെ പിന്നിലുള്ള താല്പര്യമെന്താണ്? വളരെ വ്യക്തമായ നിലപാട് പറഞ്ഞുകൊടുക്കാൻ സാധിക്കുന്നുണ്ടോ എന്നുള്ളതിനാണ് ഇവിടത്തെ പ്രസക്തി. അതുകൊണ്ട് 492, 493, 494 എന്നീ സർവ്വേ നമ്പരുകളിലുള്ള നിലപാടിനെ തിരുത്തി വീണ്ടും സർവ്വേ കൊണ്ടുവരുകയും അതിന്റെ അതിർത്തി തിട്ടപ്പെടുത്തുകയും ചെയ്യുവാൻ ആഗ്രഹിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ ഗവൺമെന്റ് ഭൂമി സംരക്ഷിക്കുവാനല്ല സ്വാധീനമുള്ളയാളുകൾക്ക് വാരിക്കോരി കൊടുക്കുവാനും നിയമലംഘനം നടത്തുവാനും ആഗ്രഹിക്കുന്നു എന്നുള്ളതിന്റെ ഒരു വ്യക്തതയാണ് ഇക്കാര്യത്തിൽ ഗവൺമെന്റ് എടുത്തിട്ടുള്ള നിലപാടെന്ന് ഞാൻ ചൂണ്ടിക്കാണിക്കുന്നു. അതുകൊണ്ടുതന്നെ ഇതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പക്ഷേ ബഹുമാനപ്പെട്ട മന്ത്രി അഭിപ്രായം പറയുമ്പോൾ വ്യക്തമായ നിലപാട് പറയണം. അതിന്റെ നടപടികൾ പറയണം. അതിലെ റിപ്പോർട്ടിനെ സംബന്ധിച്ചോ വിശദീകരണങ്ങളെ സംബന്ധിച്ചോ ഞങ്ങളിവിടെ കേൾക്കാൻ ആഗ്രഹിക്കുന്നില്ല. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയാ

യിരുന്ന കാലത്ത് ചിന്നക്കനാൽ പോലുള്ള മേഖലകളിൽ 13 ആദിവാസി കൾക്ക് സ്ഥലം കൊടുത്തിരുന്നു. ആദിവാസികളുടെ പട്ടയ ഭൂമിയിൽ ആന കയറി ചവിട്ടിക്കൊന്ന 13 പേരും ചത്തോട്ടെ എന്ന് ആഗ്രഹിക്കുന്ന വനപാല കരാണ്. അത് ഇപ്പോഴും തുടരുന്നുവെന്നതിനെ അങ്ങയുടെ ശ്രദ്ധയിൽപ്പെടു ത്തുകയാണ്. അതുകൊണ്ട് വളരെ വ്യക്തതയോടുകൂടി വനംകൊള്ള തടയു വാനും വനഭൂമി സംരക്ഷിക്കുവാനും സാധാരണക്കാർ കുരുക്കിൽപെട്ടിട്ടുള്ള എ.എഫ്.എൽ–ൽ നിന്നും അവരെ രക്ഷപ്പെടുത്തുവാനും വന്യമൃഗങ്ങ ളിൽനിന്ന് കൃഷിയേയും ജനങ്ങളേയും സംരക്ഷിക്കാനുമുള്ള നിലപാടെടു ക്കുന്നതിൽ ഈ ഗവൺമെന്റിന് വീഴ്ചപറ്റിയിട്ടുണ്ട്. അതു തിരുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ കഴിഞ്ഞ മന്ത്രിസഭയുടെ കാലത്ത് ശ്രീ.എ.കെ.ബാലൻ വൈദ്യുതിമന്ത്രിയായിരുന്നു. 1993 കാലഘട്ടം മുതൽ പരി ശോധിച്ചാൽ നമുക്കറിയാം 1993–ലെയും 2000–2005–ലെയും 2011 മുതലുള്ള യു.ഡി.എഫ് ഗവൺമെന്റിന്റെയും കാലത്താണ് പവർകട്ടും ലോഡ്ഷെ ഡ്ഡിംഗും തുടരുന്നത് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എൽ.ഡി .എഫ്. വരുമ്പോൾ മാത്രമാണ് അതിനൊരു മാറ്റം വരുന്നതും വൈദ്യുതി ലഭ്യ മാവുന്നതും. ബഹുമാനപ്പെട്ട മന്ത്രീ, അങ്ങ് മുതിർന്ന അംഗമാണ്, ബഹുമാന്യ നാണ്, ശേഷിയുള്ള ആളാണ്, എല്ലാം അറിയുന്ന ആളാണ്. എന്തു കൊണ്ടാണ് അങ്ങേയ്ക്ക് അങ്ങയുടെ വകുപ്പിൽ ജോലി ചെയ്യുന്ന, മന്ത്രി ആഫീസിലിരിക്കുന്ന ആളുകളെപ്പോലും നിയന്ത്രിക്കാൻ കഴിയാത്തത്? ഡി.ഡി.സി–യിലേയ്ക്ക് ഒരു ഉദ്യോഗസ്ഥനെ ക്ഷണിച്ചാൽ വരാൻ സാധിക്കില്ല എന്ന് ഉത്തരവിലൂടെയോ സർക്കുലറിലൂടെയോ അറിയിക്കുന്ന ഉദ്യോഗ സ്ഥന്റെ സ്ഥിതിയെന്താണെന്ന് മനസ്സിലാക്കണം. ഇത് അങ്ങ് അറിഞ്ഞുകൊ

ണ്ടാണോ? ഡി.ഡി.സി. ആവശ്യപ്പെടുമ്പോൾ ഒരു ഉദ്യോഗസ്ഥൻ വരില്ല എന്ന് കത്ത് അയയ്ക്കുവാനുള്ള ധൈര്യം കാണിക്കുന്നത് അങ്ങയുടെ ഓഫീസിൽനിന്നാണെന്ന് ഓർക്കണം. മൂന്ന് കൊല്ലമായി ഓരോ ദിവസവും നടക്കുന്ന കാര്യങ്ങൾ നിയന്ത്രണാതീതമാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മാത്രവുമല്ല ചോദ്യം ചോദിച്ചാൽ അങ്ങയുടെ ഓഫീസിൽനിന്ന് മറുപടി കിട്ടാത്ത സാഹചര്യവുമുണ്ട്. ക്യാച്ച്മെന്റ് ഏരിയയിൽ മറ്റ് ഏതെങ്കിലും ഉടമകൾക്ക് ഭൂമി വിട്ടുകൊടുക്കാൻ ഐ.പി.പി–യെ................ ഇവിടെ പി.പി.പി–യെ സംബന്ധിച്ചും മിഷൻ 676 സംബന്ധിച്ചും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. പക്ഷേ അങ്ങയുടെ വകുപ്പിന്റെ കീഴിൽ ഐ.പി.പി.യാണ് നടപ്പിലാക്കുന്നതെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒരുപക്ഷേ അങ്ങ് അറിഞ്ഞിട്ടുണ്ടാവില്ല. മാട്ടുപ്പെട്ടിയുൾപ്പെടെ പല പ്രദേശത്തും ഹോട്ടലുകൾ നടത്തുന്നു. അങ്ങനെ ക്യാച്ച്മെന്റ് ഏരിയയിൽ കരാർ ഒപ്പിടാനുള്ള അവകാശം ആര് കൊടുത്തു? അതിന് നിയമവ്യവസ്ഥയോ ബോർഡ് തീരുമാനമോ സർക്കാർ കൊടുത്തിട്ടുണ്ടോ? എങ്കിൽ അത് വ്യക്തമാക്കണം. എന്തെങ്കിലും ബോധ്യപ്പെടുത്തിയാലൊന്നും പോരെന്ന് ആഗ്രഹിക്കുന്നയാളാണ് ഞാൻ.

അങ്ങയുടെ നല്ല മനസ്സിന്റെ പിറകിൽ നിന്നുകൊണ്ട് കൊള്ളയടിക്കുന്ന ഒരു കൂട്ടം. ഹൈഡലിൽ **21** ആളുകളെ നിയമിച്ചതിൽ **11** ആളുകളും മൂന്നാറിലാണ്. അവർക്ക് ഇപ്പോഴും മാസപ്പടി, ഒരു ജോലിയും ചെയ്യേണ്ട, എന്തിനാണ് നിയമിച്ചത്?. അവർക്ക് കൊടുക്കുന്ന ശമ്പളത്തിൽ പകുതി വാങ്ങിക്കുന്ന ഡയറക്ടർ ഉൾപ്പെടയുള്ള ആളുകളെ സംബന്ധിച്ച് അന്വേഷിക്കണം.

ഇതുവരെ എന്റെ മണ്ഡലത്തിൽ കണ്ണുകൊണ്ട് കാണാൻ കഴിയാത്ത ആളാണ് ഹൈഡൽ ടൂറിസത്തിലെ ഡയറക്ടർ. അങ്ങയോട് ഞാൻ പറഞ്ഞു. ഡി.ഡി.സി. ആവശ്യപ്പെട്ടും അദ്ദേഹം വന്നില്ല. ഇലക്ട്രിസിറ്റി ബോർഡിൽ ഡയറക്ടറാകാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിലയിലേയ്ക്കുള്ള ആളു കളെ കിട്ടാഞ്ഞിട്ടാണോ? അസിസ്റ്റന്റ് എക്സിക്യൂട്ടീവായിട്ടുള്ള ആളിനെ എന്തും ചെയ്യാൻ..........എന്താണ് അതിന്റെ പിറകിലുള്ള താൽപ്പര്യം?. ഇത്തര ത്തിൽ പൊതു താൽപ്പര്യം സംരക്ഷിക്കേണ്ട സാഹചര്യത്തിൽ നിന്നും മടങ്ങി പോകുന്നു എന്നുള്ളതിന്റെ ഉദാഹരണമാണ് ഈ അവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിച്ചത്. 676 പി.പി.പി മോഡൽ ഇവിടെ തുടക്കം കുറിക്കുന്നതി നുമുൻപ് ഐ.പി.പി മോഡൽ അങ്ങയുടെ വകുപ്പിൽ നടപ്പിലായത് സംബ ന്ധിച്ച് അങ്ങ് അന്വേഷിക്കണമെന്ന് മാത്രം വളരെ ചുരുക്കത്തിൽ പറയാൻ ആഗ്രഹിക്കുന്നു. മാത്രമല്ല, ശ്രീ. എ.കെ.ബാലൻ ഈ വകുപ്പ് കൈകാര്യം ചെയ്ത സന്ദർഭത്തിൽ വളരെ നന്നായി പ്രചരണം ചെയ്തു. വൈദ്യുതി എങ്ങനെ ഉപയോഗിക്കണം എന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങളുണ്ടായി രുന്നു. അത് ഈ ഗവൺമെന്റും സ്വീകരിക്കാവുന്നതാണ്. ഞാൻ ദീർഘിപ്പി ക്കുന്നില്ല. എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ട്രേഡ് യൂണിയനുകൾ ഒത്തു കൂടി ജൂലൈ 1, 2 തീയതികളിൽ സംസ്ഥാന വ്യാപകമായി മോട്ടോർ വാഹന തൊഴിലാളികൾ പണിമുടക്കുന്നുണ്ട്. അത് വളരെ പ്രധാനപ്പെട്ടതാണ്.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്) : സർ, മൂന്നാർ പ്രദേശം ഉൾപ്പെട്ട മേഖലയിലെ എം.എൽ.എ ആണ് അങ്ങ്. മൂന്നാറിന് ആ പേരുണ്ടാകാൻ മൂന്ന് ആറ് വേണം. അവിടെ ആറില്ലല്ലോ? അങ്ങ് അതിനെപ്പറ്റി ഒന്നും മിണ്ടാതെ വെറുതേ ഇലക്ട്രിസിറ്റിയെപ്പറ്റി വർത്തമാനം പറഞ്ഞിട്ട് കാര്യ

മുണ്ടോ? അഞ്ച് കൊല്ലം ഇലക്ട്രിസിറ്റി വകുപ്പ് കൈകാര്യം ചെയ്ത ശ്രീ. എ. കെ ബാലനും മൂന്ന് കൊല്ലം കൊണ്ട് ഇലക്ട്രിസിറ്റി വകുപ്പ് കൈകാര്യം ചെയ്ത ശ്രീ. ആര്യാടൻ മുഹമ്മദിനെയും തമ്മിൽ താരതമ്യം ചെയ്തിട്ട് എന്ത് കിട്ടാനാണ്?

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ശ്രീ. എ. കെ. ബാലൻ അദ്ദേഹത്തിനെകാ കളും അനുഭവ സമ്പത്തുള്ളയാളാണ് ഇപ്പോഴത്തെ മന്ത്രി. അദ്ദേഹത്തിന് എന്തും ചെയ്യാൻ ഇനിയും രണ്ട് കൊല്ലമുണ്ട്. മൂന്നാറിൽ വലിയ ഹോട്ടലു കളും റിസോർട്ടുകളുമൊന്നുമില്ല. കോട്ടയത്തും എറണാകുളത്തുമുള്ള ഉന്ന തരായ ആളുകൾക്ക് മാത്രമെ കെട്ടിടങ്ങളുള്ളൂ. നമുക്ക് വേണമെങ്കിൽ ഭരണ-പ്രതിപക്ഷ എം.എൽ.എ മാരെക്കൊണ്ട് ഒരു ജോയിന്റ് വേരിഫിക്കേ ഷൻ നടത്താം. അവിടെയല്ലാത്തവർ വിട്ടിട്ട് പോകുമോ? ഞങ്ങൾ തയ്യാ റാണ്. ഞങ്ങൾക്ക് ബഹുനില കെട്ടിടങ്ങളുണ്ടെങ്കിൽ ഞങ്ങൾ മാറ്റാൻ തയ്യാ റാണ്. അങ്ങ് അതിന് തയ്യാറാകുമോ?

ശ്രീ. പി. സി. ജോർജ് : സർ, ഞാൻ തയ്യാറാണെന്ന് മാത്രമല്ല എന്തെ ങ്കിലും ഉണ്ടെങ്കിൽ അത് പൊളിക്കാൻ നിങ്ങളെ ഏൽപ്പിക്കും. നിങ്ങളുടെ പാർട്ടി ഓഫീസ് എങ്ങനെയാണ് ഇരിക്കുന്നത്. പാർട്ടി ഓഫീസുണ്ടോ? ആ പാർട്ടി ഓഫീസ് പട്ടയ ഭൂമിയിലാണോ?

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഞാൻ അങ്ങയുടെ കൂടെ കൂടാം. പരി ശോധിക്കാം എന്ന് പറഞ്ഞല്ലോ. പൊളിക്കലിലേയ്ക്ക് നമ്മൾ ഇല്ല, പക്ഷേ ഒരു കാര്യം പറയാം, ഇതെല്ലാം പറയുമ്പോഴും എന്തുകൊണ്ടാണ് കെട്ടിട നിർമ്മാണത്തെ സംബന്ധിച്ച് നിയമമുണ്ടാക്കാത്തത്.? എന്താണ് യൂക്കാലിപ്സ് മരങ്ങൾ അവിടെ നിന്നും മാറ്റണം എന്നുള്ളത് സംബന്ധിച്ച് നിയമമുണ്ടാക്കാത്തത്? ഒരുപാട് കാര്യങ്ങളുണ്ട്. മൂന്നാറിന്റെ ഒന്നുരണ്ടു

കാര്യങ്ങൾ പറഞ്ഞാൽ തീരില്ല. മൂന്നാറിലെ ഹൈഡൽ ടൂറിസത്തെയും കെട്ടിട നിർമ്മാണത്തെയും ആദിവാസികളെയും ചന്ദനത്തെയും സംബന്ധിക്കുന്ന കാര്യങ്ങളാണ് പറഞ്ഞത്. അങ്ങ് ശ്രദ്ധിച്ചില്ല. ഈ സമരത്തിൽ ആറ് ഡിമാന്റുകളാണ് അവർ വച്ചിരിക്കുന്നത്. എല്ലാ ട്രേഡ് യൂണിയനുകളും ഒത്തുചേരുന്നുണ്ട്. ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അനുകൂലമായ നിലപാട് ഉണ്ടാകണം എന്ന് മാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ശക്തിയായി എതിർ അഭിപ്രായം രേഖപ്പെടുത്തികൊണ്ട് നിർത്തുകയാണ്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ഒരു തെരഞ്ഞെടുപ്പിന് ശേഷമാണ് അസംബ്ലി ചേരുന്നത്. മുഖ്യമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷ സമരത്തെത്തുടർന്ന് ഡിമാന്റ് ചർച്ച ചെയ്യാതെ പാസ്സാക്കേണ്ട സാഹചര്യമാണ് കഴിഞ്ഞ പ്രാവശ്യം ഈ അസംബ്ലിയിൽ ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് സമരം അവസാനിപ്പിക്കേണ്ടി വന്നിരിക്കുകയാണ്, മുഖ്യമന്ത്രി രാജിവെച്ചതുമില്ല. ശ്രീ. എം. എ. ബേബി ഒഴികെയുള്ളവർ ഇന്ന് സഭയിൽ പങ്കെടുക്കുകയും സഭ നല്ല ചർച്ചയിലൂടെ മുന്നോട്ട് പോകുകയും ചെയ്യുകയാണ്. കാര്യങ്ങൾ അറിഞ്ഞ് സമരം അവസാനിപ്പിച്ച പ്രതിപക്ഷത്തേയും സഭയുമായി സഹകരിക്കുന്ന മുഴുവൻ അംഗങ്ങളെയും പ്രത്യേകം നന്ദിയോടുകൂടി ഈ സമയം ഓർക്കുകയാണ്. ഈ കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഞങ്ങൾ തോറ്റു. പ്രതീക്ഷിക്കാത്ത തോൽവിയാണ് തെരഞ്ഞടുപ്പിലുണ്ടായത്. ഞങ്ങൾ തെറ്റുകൾ തിരുത്തി മടങ്ങി വരാനുള്ള തയ്യാറെടുപ്പിലാണ്. ഞങ്ങൾ ഇതിനുമുൻപും തോറ്റിട്ടുണ്ട്. ഞങ്ങളുടെ നേതാവ് ഇന്ദിരാഗാന്ധി ഒരു തെരഞ്ഞെടുപ്പിൽ തോൽക്കു

കയുണ്ടായി. അന്നൊക്കെ ഞങ്ങൾ തെറ്റുകൾ തിരുത്തി ജനപക്ഷ ത്തോടൊപ്പം നിന്ന് തിരിച്ചു വരികയാണുണ്ടായത്. പക്ഷെ എൽ.ഡി.എ ഫിന്റെ കാര്യമെടുത്താൽ എങ്ങനെയാണ്? പശ്ചിമ ബംഗാളിലെ വൻ പരാജ യത്തിനുശേഷം നിങ്ങൾക്ക് ഏതെങ്കിലും തെരഞ്ഞെടുപ്പിൽ തിരിച്ചു വരാൻ സാധിച്ചോ? അതുപോലെ തന്നെ കേരളത്തിലെ സ്ഥിതി എടുത്തുനോക്കി യാൽ എറണാകുളം, ആലപ്പുഴ, കണ്ണൂർ ഉപതെരഞ്ഞെടുപ്പ് . അതിനുശേഷം പഞ്ചായത്ത് തെരഞ്ഞെടുപ്പ് അതിനുശേഷം പാർലമെന്റ് തെരഞ്ഞെടുപ്പ് അതി നുശേഷം അസംബ്ലി തെരഞ്ഞെടുപ്പ്. അതിനുശേഷം പിറവം നെയ്യാറ്റിൻകര ഉപതെരഞ്ഞെടുപ്പുകൾ. അതിനുശേഷം വീണ്ടും പാർലമെന്റ് തെരഞ്ഞെടുപ്പ്. ഈ തെരഞ്ഞെടുപ്പുകളിലൊന്നിലും നിങ്ങൾക്ക് തിരിച്ചു വരാൻ കഴിഞ്ഞിട്ടില്ല. ഒരു പുനർ ചിന്തനം നടത്തേണ്ട രാഷ്ട്രീയ സാഹചര്യമാണ് നിങ്ങൾക്കുമു ള്ളത്. ഈ പാർലമെന്റ് തെരഞ്ഞെടുപ്പ് നടക്കുമ്പോഴെല്ലാം എൽ.ഡി.എ ഫിന്റെ ഒരു അവകാശവാദം മൂന്നാം മുന്നണി എന്നുള്ളതായിരുന്നു. മൂന്നാം മൂന്നണി എന്ന് പറയുന്നത് ബി.ജെ.പി.യെയും കോൺഗ്രസ്സിനെയും മാറ്റി നിർത്തി ഈ രണ്ട് സംവിധാനങ്ങളുമില്ലാതെ ഒരു ഗവൺമെന്റ് അധികാര ത്തിൽ വരും എന്നുള്ളതാണ് പ്രകാശ് കാരാട്ട് അടക്കം ഇവിടെ പറഞ്ഞുകൊ ണ്ടിരുന്നത്. ഇന്ത്യയിലെ ജനങ്ങൾ അത് വെറും തമാശയായിട്ടാണ് കണ്ടിരു ന്നത്. ഒരു ചൊല്ലുണ്ട് ‘ഊമൻ പ്രസംഗിക്കും പൊട്ടൻ കേൾക്കും’ അതുപോ ലെയാണ് മൂന്നാം മുന്നണി എന്ന് ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഇന്ത്യയിൽ പറഞ്ഞു നടന്നിരുന്നത്. ഇപ്പോൾ ഇടതുപക്ഷത്തിന് കിട്ടിയ എട്ടു സീറ്റും പല രുടേയും ഔദാര്യം കൊണ്ടു കിട്ടിയതാണ്. അല്ലാതെ ഇവരുടെ ശക്തി കൊണ്ട് കേരളത്തിൽ കിട്ടിയതല്ല. കണ്ണൂർ കാസർകോഡ് സീറ്റിൽ നിങ്ങൾ

എങ്ങനെയാണ് വിജയിച്ചത്? കള്ളവോട്ട് സംസ്ക്കാരത്തിന്റെ ബലത്തിൽ ഈ രണ്ടു നിയോജക മണ്ഡലത്തിലും ഇക്കാലമത്രയും സി.പി.ഐ (എം)-ന് ജയിക്കുവാൻ കഴിഞ്ഞു. തെരഞ്ഞെടുപ്പ് കാലത്ത് സാധാരണ ഗതിയിൽ എ. കെ.ജി., ഇ.എം.എസ്, നയനാർ, ഇവരൊക്കെ ഉണ്ടായിരുന്ന കാലഘട്ടങ്ങളിൽ ഇവരെയൊക്കെ മുന്നിൽ നിർത്തിയായിരുന്നു തെരഞ്ഞെടുപ്പിൽ പ്രചരണ ങ്ങൾ നടത്തിയിരുന്നത്. ഇവരൊക്കെ വരുമ്പോൾ വൻ ജനാവലിയുണ്ടാകു മായിരുന്നു. അവരെ മുന്നിൽ നിർത്തി നിങ്ങൾ വോട്ടു ചോദിച്ചു. പക്ഷെ ഇന്നിപ്പോൾ തെരഞ്ഞെടുപ്പ് നടക്കുമ്പോൾ സിനിമക്കാരെയും നടിമാരെയും നടന്മാരെയും രംഗത്തിറക്കി തെരഞ്ഞെടുപ്പിൽ ആൾക്കൂട്ടമുണ്ടാക്കാനും വോട്ട് പിടിക്കാനുമുള്ള സാഹചര്യത്തിലേയ്ക്ക് സി.പി.ഐ (എം) എത്തി നിൽക്കുകയല്ലേ? ഇരുപത് സീറ്റിൽ യു.ഡി.എഫ്. മത്സരിച്ചത് പാർട്ടി യുടെയും മുന്നണിയുടെയും ലേബലിൽ അവരവരുടെ ഔദ്യോഗിക ചിഹ്ന ത്തിലായിരുന്നു. ആറ് സീറ്റിൽ എൽ.ഡി.എഫ് മത്സരിച്ചല്ലോ. അവർ മത്സരി ച്ചത് കുടത്തിലും, കലത്തിലും കറിച്ചട്ടിയിലുമായിരുന്നു. ഇടുക്കിയിലാണെ ങ്കിൽ ‘എമ്പ്രാന്റെ വിളക്കത്ത് വാര്യന്റെ അത്താഴം’ എന്ന് പറഞ്ഞ സ്ഥിതിയാ യിരുന്നു. ഗാഡ്ഗില്ലിന്റെയും കസ്തൂരി രംഗന്റെയും വിളക്കത്തിരുന്ന് സി. പി.ഐ (എം) അത്താഴം കഴിച്ചത് നമ്മൾ കണ്ടു. കഴിഞ്ഞ ദിവസം ശ്രീ. കോടിയേരി ബാലകൃഷ്ണന്റെയും ശ്രീ. എളമരം കരീമിന്റെയും പ്രസംഗം ഇവിടെ നടത്തിയ കേൾക്കുകയുണ്ടായി. ശ്രീ. കോടിയേരി ബാലകൃഷ്ണ നാണെങ്കിൽ കേരളത്തിൽ നടക്കുന്ന കൊലപാതകങ്ങളുടേയും അക്രമങ്ങളു ടേയും പോലീസ് തേർവാഴ്ച്ചയുടെയും കഥകളാണ് ഓരോന്നോരോന്നായി വിവരിച്ചത്. പാർട്ടിക്കാരെ കള്ളക്കേസിൽ കുടുക്കുന്നതിനെക്കുറിച്ചായിരുന്നു

ശ്രീ. എളമരം കരീമിന്റെ പ്രസംഗവും ധാർമ്മിക രോഷവും. ഇടക്കാലത്ത് ഒരു കേസ് വാദിക്കുവാൻ വേണ്ടി ജനങ്ങളുടെയും മാധ്യമങ്ങളുടെയും മുൻപിൽ സി.പി.ഐ (എം) ഇറക്കിയത് ശ്രീ.എളമരം കരീമിനെയായിരുന്നു. ശ്രീ.എളമരം കരീം എല്ലാ ദിവസവും വന്ന് പത്രക്കാരെയും മീഡിയാക്കാരെയും മുന്നിൽ നിർത്തിക്കൊണ്ട് അദ്ദേഹം പറയും ഈ കേസുമായി ഞങ്ങൾക്ക് എന്താണ് ബന്ധം? ഞങ്ങൾക്കൊരു ബന്ധവുമില്ല, ചോദ്യവും ഉത്തരവും അദ്ദേഹം തന്നെയാണ് പറഞ്ഞുകൊണ്ടിരുന്നത്. സി.പി.ഐ (എം) നെ മനപൂർവ്വം നശിപ്പിക്കാൻ വേണ്ടി പോലിസ് എടുത്ത കള്ളകേസാണെന്നാണ് അന്ന് അദ്ദേഹം എല്ലാ മീഡിയകളോടും പറഞ്ഞുകൊണ്ടിരുന്നത്. വെള്ളിയാഴ്ച ഉച്ചയ്ക്ക് ജുമാ നമസ്ക്കാരത്തിനായി മുസ്ലീം സഹോദരങ്ങൾ പള്ളിയിലേയ്ക്ക് പോകുമ്പോൾ കിർമാണി മനോജിനെയും കൊടി സുനിയെയും കാണാൻ വേണ്ടി വിയ്യൂർ ജയിലിലേയ്ക്കാണ് ശ്രീ. എളമരം കരീം പോയത്. പാർട്ടിക്ക് ഒരു ബന്ധവുമില്ലാതെ ശിക്ഷിക്കപ്പെട്ട പ്രതികളെ ജയിലിൽ ഒരു കൊതുക് കടിച്ചെന്ന് അറിഞ്ഞാൽ ആ പ്രതികളെ ചൊറിഞ്ഞു കൊടുക്കാൻ വേണ്ടി പൊളിറ്റ് ബ്യൂറോ മെമ്പർമാരും സി.സി മെമ്പർമാരും ജയിലിന്റെ മുൻപിൽ ക്യൂ നിൽക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. കൂടുതൽ രാഷ്ട്രീയ കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് സാറിനെ അഭിനന്ദിക്കുകയാണ്. കാരണം മഴ വേണ്ടത്ര ലഭിക്കാതിരുന്നിട്ടും ഡാമിൽ ആവശ്യത്തിന് നീരൊഴുക്ക് ഇല്ലാതിരുന്നിട്ടും മലയാളിയെ ഇരുട്ടിലേയ്ക്ക് തള്ളിവിടാതെ ക്രിയാത്മകമായ ഇടപെടൽ കൊണ്ട് വൈദ്യുതി വിതരണ രംഗം ആരോപണങ്ങളില്ലാതെ മുന്നോട്ട് കൊണ്ടു പോകുന്ന ശ്രീ. ആര്യാടൻ മുഹമ്മദ് സാറിനെ പ്രത്യേകം അഭിനന്ദി

ക്കുകയാണ്. ആർ.എസ്.ജി.വൈ പദ്ധതിയുടെ പ്രകാരം 30.09.2014–ന് മുൻപ് സാർവ്വത്രികമായ വൈദ്യുതികരണം കേരളത്തിൽ നടപ്പിലാക്കി പൂർത്തീകരിക്കുവാൻ അങ്ങ് എടുക്കുന്ന നടപടികൾ സ്വാഗതാർഹമാണ്.

മലബാറിൽ, പാലക്കാടൊഴികെയുള്ള ജില്ലകളിൽ ഏകദേശം വൈദ്യുതീകരണം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിന്റെ വൈദ്യുതി ഡിമാന്റ് ഏകദേശം 3800 മെഗാ വാട്ടാണ്. എന്നാൽ ഇപ്പോൾ നമ്മുടെ ജലവൈദ്യുത പദ്ധതികളിൽനിന്നും കേവലം 1700 മെഗാവാട്ട് വൈദ്യുതി മാത്രമാണ് ഉല്പാദിപ്പിക്കുന്നത്. കേന്ദ്രത്തിലെ, സെൻട്രൽ ജനറേഷൻ സി.ജി.എസ്.–ൽ നിന്നും ഏകദേശം 1100 ഓളം മെഗാ വാട്ട് വൈദ്യുതി ലഭിക്കുന്നുണ്ട്. എന്നാൽ 900–ത്തോളം മെഗാവാട്ട് കുറവാണ് നമുക്ക് ഉല്പാദിപ്പിക്കാൻ കഴിയുന്നത്. കായംകുളം എൻ.ടി.പി.സി., ബ്രഹ്മപുരം ബി.എസ്.ഇ.എസ്., ബ്രഹ്മപുരത്തെ കെ.എസ്.ഇ.ബി.യുടെ ഡീസൽ പ്ലാന്റ് എന്നിവിടങ്ങളിൽനിന്നെല്ലാം കൂടി ഏകദേശം 400 മെഗാവാട്ട് വൈദ്യുതി മാത്രമാണ് ലഭിക്കുന്നത്. ഇങ്ങനെ ഉൽപ്പാദിപ്പിക്കുന്ന പവ്വറിന് 13 രൂപ മുതൽ 16 രൂപ വരെ ഉൽപ്പാദന ച്ചെലവ് വേണ്ടിവരുന്നു. ഇതുകൊണ്ടും തികയാതെ വരുമ്പോഴാണ് സ്വകാര്യ മേഖലയിൽ നിന്നും അധിക വിലകൊടുത്ത് പവ്വർകൊണ്ടുവരാനുള്ള സംവിധാനം ഏർപ്പെടുത്തുന്നത്. എന്നാൽ ഇതുകൊണ്ടുവരാൻ കോറിഡോർ ലഭിക്കാതെ പോകുന്നുവെന്നുള്ളതാണ് ഏറ്റവും വലിയ തടസം. ഇതുമൂലം അങ്ങ് മുക്കാൽ മണിക്കൂർ ലോഡ്ഷെഡിംഗ് ഏർപ്പെടുത്തി. ഇപ്പോൾ കേരളം ഒഴികെയുള്ള മറ്റ് സംസ്ഥാനങ്ങളിൽ നാലും അഞ്ചും മണിക്കൂറാണ് ലോഡ് ഷെഡിംഗ് ഏർപ്പെടുത്തിയിട്ടുള്ളത്. പക്ഷേ ഇത്രയും പ്രതിസന്ധിയും ബുദ്ധിമുട്ടും ഉണ്ടായിട്ടും അങ്ങ് ലോഡ് ഷെഡിംഗ് മുക്കാൽ മണിക്കൂർ

ആയി പിടിച്ചുനിർത്തിയത് അഭിനന്ദിക്കേണ്ട കാര്യമാണ്. നമ്മുടെ സംസ്ഥാനത്ത് പവ്വർ ഹൈവേ പൂർത്തീകരിച്ചാൽ മാത്രമേ ഇതിന് ശാശ്വത പരിഹാരം ഉണ്ടാക്കാൻ കഴിയൂ. ഇടമൺ-കൊച്ചി ലൈനിന്റേയും മൈസൂർ-അഴീക്കോട് ലൈനിന്റെയും 400 കെ.വി. ലൈൻ പൂർത്തിയാക്കാതെ ഇത് സഫലമാക്കാൻ കഴിയില്ല. ഇതിനായി ഇലക്ട്രിസിറ്റി ബോർഡും ഗവൺമെന്റും അടിയന്തര നടപടി കൈക്കൊള്ളണമെന്ന് ആവശ്യപ്പെടുകയാണ്. ലൈനിൽ യഥാസമയം അറ്റകുറ്റപ്പണി നടത്തുവാൻ ബോർഡ് പ്രത്യേകം ശ്രദ്ധിക്കണം. കാറ്റും ഇടിമിന്നലും വന്നാൽ പലസ്ഥലങ്ങളിലും ലൈൻ തകരാറിലാകുകയും ജനം ഇരുട്ടിലാകുകയും ചെയ്യുന്നു. ഇന്ത്യയിൽ കൂടുതൽ വനപ്രദേശവും ഗ്രീൻ കവറേജും ഉള്ള സംസ്ഥാനം കേരളമാണ്. അതുകൊണ്ട് പ്രധാന സ്ഥലങ്ങളിലെല്ലാം അണ്ടർഗ്രൗണ്ട് കേബിളിംഗ് നടത്തിയാൽ മാത്രമേ ഇതിന് പരിഹാരമുണ്ടാക്കാൻ കഴിയൂ. ഇക്കാര്യത്തിൽ ബോർഡ് മുൻകൈ എടുത്ത് ഒരു പ്രത്യേക പദ്ധതി രൂപീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഇപ്പോൾ 43 പട്ടണങ്ങളിൽ ആർ.എ.പി.ഡി.ആർ.പി എന്ന പേരിൽ ഒരു പുതിയ പദ്ധതി നടക്കുന്നുണ്ടെങ്കിലും അതിൽ അണ്ടർ ഗ്രൗണ്ട് കേബിളിനുള്ള പ്രൊവിഷൻ ഇല്ലെന്നാണ് മനസിലാക്കാൻ കഴിയുന്നത്. അതുകൊണ്ട് അണ്ടർ ഗ്രൗണ്ട് കേബിളിനുള്ള പ്രൊവിഷൻ വരുന്ന രീതിയിൽ ഈ പദ്ധതി നടപ്പിലാക്കുന്ന കാര്യം കെ.എസ്.ഇ.ബി. ഗൗരവമായി ആലോചിക്കണം. വനപ്രദേശവും ഗ്രീൻ കവറേജും ഉള്ള സ്ഥലങ്ങളിൽ അണ്ടർ ഗ്രൗണ്ട് കേബിൾ പദ്ധതി നടപ്പിലാക്കിയാൽ പ്രസരണനഷ്ടം ഉൾപ്പെടെയുള്ള വൈദ്യുതി ലാഭിക്കാൻ നമുക്ക് കഴിയും എന്നതാണ് ഏറ്റവും വലിയ നേട്ടം. ലൈനിൽ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുവാൻ ബോർഡ് പ്രത്യേകം

ശ്രദ്ധിക്കണം. 25000-ന് മുകളിൽ ഉപഭോക്താക്കളുള്ള പല സ്ഥലങ്ങളിലും പരാതികൾ ഉണ്ടാകുമ്പോൾ അവ പരിഹരിക്കുന്നതിനാവശ്യമായ ജീവനക്കാരില്ലാത്തതിനാൽ നിരവധി പ്രശ്നങ്ങളും പരാതികളും ഉണ്ടാകുന്നുണ്ട്. അങ്ങ് മന്ത്രിയായതിനുശേഷം നമ്മുടെ സംസ്ഥാനത്ത് പുതിയതായി സെക്ഷൻ ഓഫീസുകൾ സ്ഥാപിച്ച് കുറേപ്രശ്നങ്ങൾ പരിഹരിച്ചുവെങ്കിലും നിരവധി സ്ഥലങ്ങളിൽ ഇപ്പോഴും പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് കാര്യങ്ങൾകൂടി ഇവിടെ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബ്രഹ്മപുരത്തെ ഡീസൽ പവ്വർ പ്ലാന്റ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഡീസലിന് വിലവർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഈ പ്ലാന്റിൽ നിന്ന് ഡീസൽ ഉപയോഗിച്ച് പവ്വർ ഉല്പാദിപ്പിക്കുന്നത് ചെലവേറിയ സംവിധാനമായി മാറുന്നു. ഇവിടെ എൽ.എൻ.ജി. ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിഞ്ഞാൽ ഏകദേശം 400 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്നാണ് എനിക്ക് മനസിലാക്കാൻ കഴിഞ്ഞത്. കൊച്ചിൻ റിഫൈനറിയുടെ എൽ.എൻ.ജി. ലൈൻ ബ്രഹ്മപുരം ഡീസൽ പ്ലാന്റിന്റെ സമീപത്തുകൂടിയാണ് പോകുന്നത്. അതുകൊണ്ട് എൽ.എൻ.ജി. കൊണ്ടുവരുന്നതിന് പ്രത്യേക ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് ആവശ്യമില്ലാത്തതിനാൽ അതുവഴി വളരെയധികം തുക നമുക്ക് ലാഭിക്കാൻ കഴിയും. ബ്രഹ്മപുരത്തെ എൽ.എൻ.ജി. ഉപയോഗിച്ച് പുതിയ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതുപോലെ ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനമായ കൊച്ചിൻ റിഫൈനറി കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് 20,000 കോടി രൂപയുടെ ഒരു പ്രോജക്ട് ആരംഭിച്ചിട്ടുണ്ട്. അതിന്റെ രണ്ടാം ഘട്ട

വികസന പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ പ്ലാന്റിന്റെ പ്രവർത്തനമാരംഭിക്കുമ്പോൾ അവിടെനിന്ന് ഉല്പാദിപ്പിക്കുന്ന പെറ്റ്കോക്ക് എന്ന ബൈപ്രോഡക്ട് ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയും. കൊച്ചിൻ റിഫൈനറിയോട് ചേർന്നാണ് എഫ്.എ.സി.റ്റി.യുടെ 1600 ഓളം ഏക്കർ സ്ഥലം യാതൊരു ഉപയോഗവുമില്ലാതെ കിടക്കുന്നത്. അതിൽനിന്ന് കെ.എസ്.ഇ.ബി. 150 ഏക്കർ പാട്ടത്തിനോ അല്ലെങ്കിൽ വിലയ്ക്കോ വാങ്ങി അവിടെ ഒരു പുതിയ പ്ലാന്റ് സ്ഥാപിച്ചാൽ പെറ്റ്കോക്ക് ഉപയോഗിച്ച് 500 മെഗാവാട്ടിൽ കുറയാത്ത രീതിയിലുള്ള പവ്വർ ഉല്പാദിപ്പിക്കാൻ കഴിയും. ഇപ്പോഴത്തെ സ്ഥിതി വച്ച് 2015–ഓടുകൂടി പെറ്റ്കോക്കിന്റെ പ്രൊഡക്ഷന് വേണ്ടിയുള്ള അസംസ്കൃത വസ്തു ലഭിക്കുകയും അതുപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുകയുമാണെങ്കിൽ അതിന് ട്രാൻസ്പോർട്ട് ചാർജ്ജ് വരുന്നില്ല, തന്നെയുമല്ല ഒരു യൂണിറ്റ് വൈദ്യുതി ഏകദേശം 6 രൂപ മുടക്കിൽ ഉല്പാദിപ്പിക്കാനും കഴിയും. അതുകൊണ്ട് പെറ്റ്കോക്ക് ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള യൂണിറ്റിന്റെ പ്രവർത്തനമാരംഭിക്കണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

വനവുമായി ബന്ധപ്പെട്ട് നിരവധി കാര്യങ്ങൾ പറയാനുണ്ടെങ്കിലും സമയക്കുറവുമൂലം കൂടുതൽ വിവരങ്ങളിലേക്ക് പോകുന്നില്ല. അടുത്ത കാലത്ത് വനവുമായി ബന്ധപ്പെട്ട് പത്രങ്ങളിൽ വരുന്ന വാർത്ത മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം കേരളത്തിലെ വനങ്ങളിൽ കാണുന്നുവെന്നുള്ളതാണ്. മാവോയിസ്റ്റുകൾ വനത്തിലുണ്ടെന്നും അവരെ ആദിവാസികൾ കണ്ടുവെന്നുമാണ് പറയുന്നത്. ഈ ആദിവാസികളോട് മാവോയിസ്റ്റുകൾ പ്രധാനമായും ആവശ്യപ്പെട്ടത് തെരഞ്ഞെടുപ്പ് ബഹിഷ്ക്കരിക്കണമെന്നാണ്. മാവോ

യിസ്റ്റുകളുമായി ഏറ്റുമുട്ടി രക്തച്ചൊരിച്ചിലില്ലാതെ നമ്മുടെ വനത്തിൽനിന്നും അവരെ ഒഴിവാക്കാനുള്ള മാർഗ്ഗം വനം വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാ കൃഷ്ണന്റെ ചിത്രം ആദിവാസികളുടെ കയ്യിൽ കൊടുത്തിട്ട് – ഇദ്ദേഹമാണ് ഇപ്പോൾ വനം വകുപ്പുമന്ത്രി –എന്ന് മാവോയിസ്റ്റുകളെ അറിയിക്കുക മാത്ര മാണ് ചെയ്യേണ്ടത്. അങ്ങനെ കൊടുത്താൽ മാവോയിസ്റ്റുകൾ ഒന്നുകിൽ ആയുധം വച്ച് കീഴടങ്ങുകയോ അല്ലെങ്കിൽ കർണ്ണാടക വനത്തിലേക്ക് പോവുകയോ ചെയ്യും, കാരണം കീർമാണി മനോജിനേയും കൊടി സുനി യേയും വനത്തിൽ കയറി പിടിച്ച ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ് വനം വകുപ്പുമന്ത്രി എന്നറിയുമ്പോൾ തീർച്ചയായും മാവോയിസ്റ്റുകൾ ഈ വനത്തിൽ നിന്നും പോകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങിക്കൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. കെ. രാജു</u>: സർ, തൊട്ടുമുമ്പ് സംസാരിച്ച ശ്രീ. വി. പി. സജീന്ദ്രൻ എന്നാണ് ഉദ്ദേശിച്ചതെന്ന് എനിക്ക് മനസിലാകുന്നില്ല. അദ്ദേഹത്തിന്റെ നേതാ വായ നമ്മുടെ വനം വകുപ്പുമന്ത്രിയുടെ ചിത്രം വനത്തിനുള്ളിൽ വിതരണം ചെയ്താൽ മാവോയിസ്റ്റുകളെല്ലാം ഓടിപ്പോകുമെന്നുള്ള ഒരു പുതിയ തത്വ മാണ് ഇവിടെ അവതരിപ്പിച്ചത്. അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട തിരുവ ഞ്ചൂർ രാധാകൃഷ്ണന്റെ ചിത്രം നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ കേന്ദ്രങ്ങ ളിൽ അച്ചടിച്ച് ഒട്ടിച്ചാൽ സാമൂഹ്യവിരുദ്ധൻമാരും കള്ളന്മാരും പീഢന ക്കാരും ഒളിച്ചോടും. അതുകൊണ്ട് ശ്രീ. വി. പി. സജീന്ദ്രൻ അദ്ദേഹത്തോട് ആവശ്യമായ നിർദ്ദേശം നൽകുകയും താങ്കളുടെ പാർട്ടിക്കാർ ഈ ചിത്രം വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതും നന്നായിരി

ക്കും. ഈ കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ഇന്ത്യയിലൊട്ടാകെ കോൺഗ്രസ്സിന്റെ സ്ഥിതിയെന്താണെന്നതിനെ സംബന്ധിച്ച് ശ്രീ. വി. പി. സജീന്ദ്രൻ ഒന്നും മനസിലാക്കിയിട്ടില്ലെന്ന് തോന്നുന്നു. അദ്ദേഹത്തിന്റെ ധാരണ ഇപ്പോഴും രാഹുൽ ഗാന്ധി നേതാവും ഡോ. മൻമോഹൻ സിംഗ് ഇന്ത്യയുടെ പ്രധാനമന്ത്രിയുമായി തുടരുകയാണെന്നും പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞ് കോൺഗ്രസ്സിനാണ് ഏറ്റവും കൂടുതൽ സീറ്റ് കിട്ടിയതെന്നുമുള്ള മട്ടിലാണ് ഇവിടെ കാര്യങ്ങൾ പറഞ്ഞത്. ശ്രീ. സജീന്ദ്രന് എന്താണ് സംഭവിച്ചതെന്ന് എനിക്ക് പിടികിട്ടുന്നില്ല. അത് വിശദീകരിക്കാനൊന്നും എനിക്ക് സമയമില്ലാത്തതുകൊണ്ട് ഞാൻ കാര്യത്തിലേക്ക് കടക്കുകയാണ്. മോട്ടോർ വാഹന വകുപ്പ് കൊള്ളക്കാരെപ്പോലെ കാര്യങ്ങൾ നിർവ്വഹിക്കുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ എത്തുന്നു. ബഹുമാനപ്പെട്ട മന്ത്രി അതൊന്ന് ശ്രദ്ധിക്കണം. ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുള്ള നികുതികൾ അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. മോട്ടോർ സൈക്കിളിന് 35 രൂപ ത്രൈമാസ നികുതി അതിൽ വർദ്ധനവ് വരുത്തിയെന്നുമാത്രമല്ല 5 വർഷത്തേക്ക് 900 രൂപ ഒരുമിച്ച് അടയ്ക്കണമെന്ന് നിർദ്ദേശിച്ചിരിക്കുകയാണ്. ഇതേ രീതിയിൽ ആട്ടോറിക്ഷയ്ക്കുണ്ടായിരുന്ന നികുതി പിൻവലിച്ചുവെന്ന് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചു. സാധാരണ അംബാസിഡർ ടാക്സിക്ക് 1,040 രൂപ പ്രതിവർഷം നികുതി അടച്ചിരുന്ന സ്ഥാനത്ത് 1,400 രൂപയായി വർദ്ധിപ്പിച്ച് 5 വർഷത്തേയ്ക്കുള്ള നികുതി 7,000 രൂപ ഒരുമിച്ച് അടയ്ക്ക്ണം. അംബാസിഡർ ടാക്സി ഓടിക്കുന്ന ടാക്സി ഡ്രൈവർമാരിൽ പലരും ഉപജീവനത്തിനാണ് കാർ ഉപയോഗിക്കുന്നത്. ഇവർ ഒന്നിച്ച് 7,000 രൂപ അടയ്ക്കണമെന്നുള്ള നിബന്ധന സത്യത്തിൽ അവരുടെമേൽ ഇതിനേക്കാൾ വലിയ ഭാരം അടിച്ചേൽപ്പിക്കാനുണ്ടോ;

ഇതിന്റെയൊക്കെ പരിണിതഫലമായി ജൂലൈ 1, 2 തീയതികളിൽ എല്ലാ സംഘടനകളും ചേർന്നുകൊണ്ട് ചക്രസ്തംഭനസമരം നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. അങ്ങയുടെ നേതൃത്വത്തിലുള്ള പാർട്ടിയുടെ സംഘടനയും ഉണ്ടെന്ന് തോന്നുന്നു. ഈ സന്ദർഭത്തിൽ എങ്കിലും അങ്ങ് ഇടപെട്ട് വമ്പിച്ച തോതിലുള്ള നികുതി ഒഴിവാക്കണം. ഒരുകാര്യംകൂടി ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ടൂറിസ്റ്റ് ബസുകൾക്ക് സീറ്റ് ഒന്നിന് 1,300 രൂപയായിരുന്നത് 8,400 രൂപയായി വർദ്ധിപ്പിച്ചു. ഈ വർദ്ധന അന്തർ-സംസ്ഥാന ടൂറിസ്റ്റ് ബസ്സുകൾക്കും ബാധകമായി. ഇതെല്ലാം യഥാർത്ഥത്തിൽ വൻകിട ടൂറിസ്റ്റ് ബസുകളുടെ ഉടമകളിൽനിന്നാണ് എടുത്തുകൊടുക്കുന്നുവെന്നാണോ നമ്മുടെ ഗവൺമെന്റ് ധരിക്കുന്നത്; ഒരു സീറ്റിന് 8,400 രൂപയായി നികുതി വർദ്ധിപ്പിച്ചാൽ വന്നുഭവിക്കുന്നത് ഇത് നമ്മുടെ ടൂറിസത്തെ തകർക്കുമെന്നുള്ളതാണ്. ടൂറിസവുമായി ബന്ധപ്പെട്ട് യാത്ര ചെയ്യാൻ ആഗ്രഹിക്കുന്ന ആളുകളുടെ കയ്യിൽ നിന്നായിരിക്കും ബസുടമകൾ ഈ ഫീസ് ഈടാക്കുന്നത് എന്ന കാര്യത്തിൽ വല്ല സംശയവുമുണ്ടോ; അങ്ങനെ ഒരു കൊള്ള നടത്തുന്ന ഒരു സമീപനത്തിലേക്ക് മോട്ടോർ വാഹന നികുതി ഏർപ്പെടുത്തിക്കൊണ്ടുപോകുന്നത് ശരിയല്ല. അതിന് കർശനമായിട്ടുള്ള തടയിടണം. അങ്ങയുടെ വകുപ്പിൽനിന്നും ഇറക്കിയിട്ടുള്ള ഒരു സർക്കുലറിൽ പറയുന്നത് വാഹനങ്ങളുടെ നികുതി സ്വീകരിക്കുമ്പോൾ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിഷ്കർഷിക്കുവാൻ പാടുള്ളതല്ല. അങ്ങ് ലാ ഗ്രാഡ്യുവേറ്റ് അല്ലേ; ഇൻഷ്വറൻസ് വേണ്ട എന്നാണ് ഈ പറയുന്നതിന്റെ

യർത്ഥം. വാഹനങ്ങളുടെ നികുതി സ്വീകരിക്കുമ്പോൾ ഇൻഷ്വറൻസ് സർട്ടി ഫിക്കറ്റ് ഹാജരാക്കണമെന്ന് നിഷ്കർഷിക്കുവാൻ പാടില്ല, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം ഇറക്കിയ സർക്കുലറിൽ പറയുന്നതാണ്. എന്താണ് നമ്മൾ പഠിച്ചിട്ടുള്ളത്; എന്താണ് നടക്കുന്നത്; വാഹനം റോഡിൽ ഇറങ്ങണമെ ങ്കിൽ ഇൻഷ്വറൻസ് എടുത്തതിനുശേഷം മാത്രമേ ഇറക്കാൻ പാടുള്ളൂ എന്നു ള്ളതാണ് വാഹന നിയമം; അതിന് വിരുദ്ധമായിട്ടുള്ള സർക്കുലർ അല്ലേ ഇറ ക്കിയിട്ടുള്ളത്; ഇതാണ് അങ്ങയുടെ വകുപ്പിൽ നടക്കുന്ന സംഗതികൾ. അങ്ങ് കൈകാര്യം ചെയ്യുന്ന വനം വകുപ്പിനെക്കുറിച്ച് വനമേഖലയിൽ താമ സിക്കുന്ന ഒരാൾ എന്ന രീതിയിൽ ചില കാര്യങ്ങൾകൂടി സൂചിപ്പിക്കട്ടെ. ഇവിടെ ശ്രീ. റ്റി. എൻ. പ്രതാപൻ പറഞ്ഞുനിർത്തിയ ചില വിഷയത്തെ സംബന്ധിച്ച് അങ്ങ് ഒരു പരിശോധന നടത്തണം. നെല്ലിയാമ്പതിയിലെ കരുണാ പ്ലാന്റേഷൻ സ്വകാര്യ ഗ്രൂപ്പിന് പോക്കുവരവ് ചെയ്തു കൊടുക്കാൻ വനം വകുപ്പിന്റെ അനുമതി ഉണ്ടായിട്ടുണ്ടോ; അങ്ങ് അതിനെ സംബന്ധിച്ച് വ്യക്തമായ ഉത്തരം നിയമസഭയിൽ പറയണം. നെന്മാറ ഡിവിഷൻ ഫോറസ്റ്റ് ഓഫീസർ, പേരൊന്നും പറയുന്നില്ല. പേര് പറയരുതെന്ന് സ്പീക്കർ നേരത്തേ ഇവിടെ റൂളിംഗ് നൽകി. നെന്മാറ ഡിവിഷൻ ഫോറസ്റ്റ് ഓഫീസർ നൽകിയ എൻ.ഒ.സി.-യുടെ കോപ്പി എന്റെ കൈവശമുണ്ട്. ഒരു ചോദ്യത്തിനുത്തര മായി അങ്ങയുടെ വകുപ്പുതന്നെ നൽകിയിട്ടുള്ളതാണ്. 314 ഹെക്ടർ സ്ഥല ത്തിന് കരം സ്വീകരിക്കുന്നതിന് തടസ്സമില്ല എന്നാണ് നെന്മാറ ഫോറസ്റ്റ് ഡിവി ഷൻ ഓഫീസറുടെ സി2/8521/12, തീയതി 28-04-2014 നമ്പർ കത്ത് പ്രകാരം ചിറ്റൂർ അഡീഷണൽ തഹസീൽദാരെ അറിയിച്ചിരിക്കുകയാണ്. വനം വകുപ്പിന് ആക്ഷേപമില്ല. ഇത്രയും ഹെക്ടർ സ്ഥലം ഇന്ന ആളിന്റേ

താണ്, ഇന്ന കമ്പനിയുടേതാണ്, ഇന്ന ആളിന് കൊടുക്കുന്നതിന് തടസ്സമില്ല എന്ന് എഴുതി അറിയിച്ചിരിക്കുകയാണ്. വനം വകുപ്പ് സ്വീകരിച്ച നിലപാടിൽ ഒരു മാറ്റം കാണുന്നു. നേരത്തേ വനം വകുപ്പ് അത്തരം ഒരു നിലപാട് അല്ലല്ലോ സ്വീകരിച്ചിരുന്നത്. എന്തുകൊണ്ട് ആ നിലപാടിൽ മാറ്റം വന്നിരിക്കുന്നുവെന്ന് എക്സ്പ്ലെയിൻ ചെയ്യാനുള്ള ഉത്തരവാദിത്തം വനം വകുപ്പിനുണ്ട്; അതിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മന്ത്രിക്കുമുണ്ട്. മന്ത്രിക്ക് ഇതുമായി ബന്ധപ്പെടുത്തിക്കൊണ്ട് എന്തെങ്കിലും അഴിമതി ഉണ്ട് എന്ന ഒരു ആരോപണവും ഞാൻ ഉന്നയിക്കുന്നില്ല. പക്ഷേ ഉദ്യോഗസ്ഥന്മാർ അടക്കം നടത്തിയിട്ടുള്ള ഗൂഢാലോചനയുടെ ഫലമായിട്ടാണ് ഹെക്ടർ കണക്കിന് ഭൂമി, സർക്കാരിന്റെ കൈവശമുള്ള വനഭൂമി ഇന്നിപ്പോൾ സ്വകാര്യ വ്യക്തികൾക്ക് കരം അടയ്ക്കാനുള്ള അവസരം ഉണ്ടാക്കിക്കൊടുത്തത് എന്ന കാര്യത്തിൽ തർക്കമില്ല. അതാണ് അങ്ങയുടെ പാർട്ടിക്കാരനായ ശ്രീ. റ്റി. എൻ. പ്രതാപൻ ഇവിടെ സൂചിപ്പിച്ചത്. അങ്ങയുടെ മുന്നണിയിലെതന്നെ മറ്റൊരു എം.എൽ.എ. ആയിരുന്ന ശ്രീ. കെ. ബി. ഗണേഷ് കുമാർ പരസ്യപ്രസ്താവന നടത്തിയതെല്ലാം അതിനെക്കുറിച്ചാണ്. ഈ വിഷയത്തെക്കുറിച്ച് ഒരു സമഗ്രമായ അന്വേഷണം നടത്താൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറുണ്ടോ; ശ്രീ. പി. സി. ജോർജ് മന്ത്രിയുടെ അടുത്തുവന്ന് ഇരിക്കുന്നതുതന്നെ ഇക്കാര്യം ചെവിയിൽ പറയുകയാണ് എന്നുള്ളത് ഇവിടെയുള്ള എല്ലാവർക്കും അറിയാം; അദ്ദേഹം എടുത്ത നിലപാടറിയാം. അതുപോലെതന്നെ നേരത്തേ വനം വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. ബി. ഗണേഷ് കുമാർ എടുത്ത നിലപാടും ഈ സഭയിലെ അംഗങ്ങൾക്കെല്ലാവർക്കും അറിയാവുന്നതാണ്. ഇക്കാര്യത്തെ സംബന്ധിച്ച് സമഗ്രമായ ഒരന്വേഷണം നടത്താൻ അങ്ങ് തയ്യാറാകണം എന്നാണ് എനിക്ക് ഈയവസരത്തിൽ പറയാനുള്ളത്. വനംവകുപ്പു

മായി ബന്ധപ്പെടുത്തിക്കൊണ്ട് വനാതിർത്തിയിൽ കഴിയുന്ന പാവപ്പെട്ടവരായ കൃഷിക്കാരെക്കുറിച്ചാണ് എനിക്ക് കൂടുതലായി പറയാനുള്ളത്. വനമേഖല യിലെ ഒരു ജനപ്രതിനിധി എന്നുള്ള രീതിയിൽ മിക്കവാറും ദിവസങ്ങളിൽ എനിക്ക് ടെലിഫോൺ വരുന്നത്, ആട്, കിടാരികൾ മുതലായ ഞങ്ങളുടെ വളർത്തുമൃഗങ്ങളെ പുലിയിറങ്ങി പിടിച്ചുകൊണ്ടുപോകുന്നു, ആന ഇറങ്ങി കൃഷികളെല്ലാം നശിപ്പിക്കുന്നു. ആര്യങ്കാവ്, തെന്മല, കുളത്തൂപ്പുഴ എന്നീ പഞ്ചായത്തുകളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്കുമറിയാവുന്നതാണ്. ഇതി നൊരു പരിഹാരം വേണ്ടേ; എത്ര നാളുകൊണ്ട് പറയുന്നതാണ്. ഞാൻ ഈ നിയമസഭയിൽ വന്ന നാൾ മുതൽ പറഞ്ഞുകൊണ്ടിരിക്കുന്ന ഒരു സംഗതിയാ ണ്. ഇതുസംബന്ധിച്ച് യു.ഡി.എഫ്. ഗവൺമെന്റ് ഒരു ഉത്തരവിറക്കി. വന്യ ജീവിയെ വെടിവയ്ക്കുന്നതിന് അതായത് പന്നിയെ വെടിവയ്ക്കുന്നതിന് അനുവാദം കൊടുക്കുന്നുവെന്ന ഒരു ഉത്തരവ് ഈ ഗവൺമെന്റ് ഇറക്കിയിട്ട് രണ്ടുവർഷം കഴിഞ്ഞു. ഞാൻ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയോട് ചോദിക്കുകയാണ്, ആ ഉത്തരവിന്റെയടിസ്ഥാനത്തിൽ കേരളത്തിലെ ഏതെ ങ്കിലും കൃഷിക്കാരൻ അല്ലെങ്കിൽ ഒരു വ്യക്തി ഈ ഉത്തരവിന്റെ ഗുണഫലം പറ്റിക്കൊണ്ട് ഏതെങ്കിലും വന്യജീവിയെ വെടിവച്ചിട്ടുണ്ടോ; അവരുടെ കൃഷി ആക്രമിച്ചാൽ വെടിവയ്ക്കാനുള്ള അനുവാദം കൊടുക്കുന്ന തരത്തിലുള്ള ഒരു ഉത്തരവ് ആണെന്നുള്ള നിലയിലാണ് പ്രചരിപ്പിക്കുന്നത്. വളരെ അപ്രാ യോഗികമായ ഒരുത്തരവാണ് എന്ന് ഞാൻ പറയാതെ തന്നെ ബഹുമാനപ്പെട്ട ചെയറിലിരിക്കുന്ന അങ്ങേയ്ക്കും അറിയാമല്ലോ?

<u>മി. ചെയർമാൻ:</u> അങ്ങയുടെ സമയം കഴിഞ്ഞു.

<u>ശ്രീ. കെ. രാജു</u>: സർ, ശ്രീ. റ്റി. യു. കുരുവിള ഇവിടെ പലപ്രാവശ്യം പറ ഞ്ഞതാണ്. ഇതുവരെ ആ ഉത്തരവ് ഉപയോഗിക്കാൻ ആരും തയ്യാറായിട്ടില്ല,

അത് സാധിക്കുകയുമില്ല. ആ ഉത്തരവിന് ഭേദഗതി വരുത്തണം. പ്രായോഗിക മായ നിലയിലുള്ള ഭേദഗതി വരുത്താൻ തയ്യാറാകണം. നമ്മുടെ സംസ്ഥാ നത്ത് റോഡ് സുരക്ഷാ അതോറിറ്റി പ്രവർത്തിക്കുന്നുണ്ട്. അതിന്റെ പ്രവർത്തനം യഥാർത്ഥത്തിൽ ഏകോപിപ്പിക്കാൻ വേണ്ട നടപടികൾ നടക്കു ന്നുണ്ടോ; റോഡ് സുരക്ഷാ ഫണ്ട് ഇനത്തിൽ എത്ര രൂപയാണ് റോഡ് സുരക്ഷാ അതോറിറ്റിക്ക് ഓരോ വർഷവും ലഭിക്കുന്നത്. സെസ്സ് ഇനത്തിലും കോമ്പൗണ്ടിംഗ് ഫീ ഇനത്തിലും ലഭിക്കുന്ന ഫണ്ട് വളരെ കൂടുതലാണ്, പക്ഷേ അതിന്റെ വിഹിതം യഥാർത്ഥത്തിൽ റോഡ് സുരക്ഷാ സംവിധാന ത്തിനുവേണ്ടി അതോറിറ്റിക്ക് ലഭിക്കുന്നില്ല. വളരെ കുറച്ചുതുകമാത്രമേ ലഭി ക്കുന്നുള്ളൂ. അതുകൊണ്ട് എന്താണ് പ്രശ്നം എന്ന് ചോദിച്ചാൽ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ടുള്ള ഏർപ്പാടുകൾക്ക് അതോറിറ്റിക്ക് കാര്യമായി ഒന്നും ചെയ്യാൻ കഴിയുന്നില്ല. ഗവൺമെന്റ് നല്കേണ്ട റോഡ് സുരക്ഷാ ഫണ്ട് വളരെ കുറച്ചുമാത്രമേ ലഭിക്കുന്നുള്ളൂ. 84 കോടിരൂപ വരുമാനമുള്ളിടത്ത് 15 കോടിരൂപയാണ് റോഡ് സുരക്ഷാ ഫണ്ടിനുവേണ്ടി കൈമാറ്റം ചെയ്തിട്ടു ള്ളത്. ബാക്കി സർക്കാരിന്റെ കയ്യിലിരിക്കുകയാണ്. ഒരു കാര്യംകൂടി പറ ഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട മാണിസാർ രാവിലെ സഭയിൽ ഉണ്ടായിരുന്നു, ഇപ്പോൾ അദ്ദേഹം പോയിയെങ്കിലും മറ്റുമന്ത്രിമാ രുടെ ശ്രദ്ധയ്ക്കുവേണ്ടി പറയുകയാണ്. എം.എൽ.എ.മാർക്ക് നിശ്ചയിച്ചിട്ടുള്ള അസെറ്റ് ഡെവലപ്പ്മെന്റ് ഫണ്ട്-ന്റെ വിനിയോഗവുമായി ബന്ധപ്പെട്ടുകൊണ്ട് 03-06-2014-ൽ ഒരു സർക്കുലർ ഇറങ്ങിയിട്ടുണ്ട്. അത് ബഹുമാനപ്പെട്ട ചെയറും ബഹുമാനപ്പെട്ട മന്ത്രിമാരും അതുപോലെ എല്ലാ എം.എൽ.എ.മാരും

ഒന്ന് പരിശോധിക്കണം. അസെറ്റ് ഡെവലപ്പ്മെന്റ് ഫണ്ടുമായി ബന്ധപ്പെട്ട് വരുന്ന തുക...

മി. ചെയർമാൻ: ഇന്നത്തെ ചർച്ച അസെറ്റ് ഡെവലപ്പ്മെന്റ് ഫണ്ടുമായി ബന്ധപ്പെട്ട് വരുന്ന കാര്യമല്ല.

ശ്രീ. കെ. രാജു: സർ, അസെറ്റ് ഡെവലപ്പ്മെന്റ് ഫണ്ടുമായി ബന്ധപ്പെട്ട് വരുന്ന തുക അനുവദിച്ച് നൽകുന്നതിനാവശ്യമായ ഫണ്ട് ഇല്ലെങ്കിൽ അത് നേരെ അങ്ങ് പറഞ്ഞാൽ പോരേ; ഇവിടെ അത് നടക്കരുത് എന്നുള്ള ഒരുദ്ദേശത്തോടുകൂടി ഇത്തരം ഒരു സർക്കുലർ ഇറക്കുന്നത് ശരിയാണോ?

മി. ചെയർമാൻ: നേരത്തേ ക്ലിയർ ചെയ്തതാണ്. ഇന്നത്തെ ചർച്ചയുമായി ബന്ധപ്പെട്ട് വരുന്നതല്ല. അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീ. കെ. രാജു: സർ, ഇത് വളരെ പ്രധാനപ്പെട്ടതാണ്. ഇത് എല്ലാവരെയും ബാധിക്കുന്ന വിഷയമാണ്.

മി. ചെയർമാൻ: പ്ലീസ്...അങ്ങ് കൺക്ലൂഡ് ചെയ്യണം..

ശ്രീ. കെ. രാജു: സർ, അങ്ങ് തന്നെ ഈ വിഷയത്തിലിടപെടണം. ഈ സർക്കുലർ അടിയന്തരമായി ഭേദഗതി ചെയ്യുന്നില്ലായെങ്കിൽ അസെറ്റ് ഡെവലപ്പ്മെന്റ് ഫണ്ട് വിനിയോഗിക്കാൻ കഴിയാത്ത സ്ഥിതിവരും. എൽ.എസ്.ജി.ഡി.യിലെ എഞ്ചിനീയർമാർക്ക് മാത്രമാണ് ഇത് വിനിയോഗിക്കാനുള്ള അധികാരം കൊടുക്കുന്നത്. വേറെ ഏതെങ്കിലും ഡിപ്പാർട്ടുമെന്റ്, പി.ഡബ്ല്യു.ഡി.യോ മറ്റോ ഈ ഫണ്ട് വിനിയോഗിക്കണമെങ്കിൽ പഞ്ചായത്ത് റെസല്യൂഷൻ പാസ്സാക്കി, ആ റെസല്യൂഷന്റെ അടിസ്ഥാനത്തിൽ പുതിയ സ്പെഷ്യൽ ഓർഡർ വാങ്ങി ചെയ്യണം എന്ന് കാണിക്കുന്നതാണ് ഈ സർക്കുലർ. ഇത് അടിയന്തരമായി പിൻവലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഇവിടെയുള്ള ബഹുമാനപ്പെട്ട മന്ത്രിമാർ ബഹുമാനപ്പെട്ട മാണി സാറുമായി

ആലോചിച്ച് അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ഡോ. എൻ. ജയരാജ്: സർ, ഞാൻ ഈ 4 ധനാഭ്യർത്ഥനകളെയും പിൻതാങ്ങുകയാണ്. "ആരാകിലെന്ത് മിഴിയുള്ളവർ നോക്കിനിൽക്കാം" എന്ന കവിവാക്യം പോലെയായിരുന്നു കഴിഞ്ഞ മൂന്ന് വർഷക്കാലം കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾ മുമ്പോട്ട് പോയത്. ആ വികസന പ്രവർത്തനങ്ങളെക്കുറിച്ചെല്ലാം പറയുന്നതിന് ആകെ നാല് വകുപ്പുകളും നാല് മിനിട്ടും മാത്രം ബാക്കിയുള്ളപ്പോൾ എന്നെ സംബന്ധിച്ചിടത്തോളം വനത്തിലോട്ട് കയറാനോ വൈദ്യുത കമ്പിയിൽ പിടിക്കാനോ ഉള്ള യാതൊരു മാർഗ്ഗവും ഇല്ലാത്ത അവസ്ഥയിലാണ്. അതുകൊണ്ട് അങ്ങയുടെ വലിയൊരു ആനുകൂല്യം മാത്രമേ ഒന്ന് രണ്ട് കാര്യങ്ങൾ പറയുന്നതിന് എനിക്ക് മുമ്പിലുള്ളൂവെന്ന് ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

മി. ചെയർമാൻ: യേസ്...... യേസ്........

ഡോ. എൻ. ജയരാജ്: സർ, ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിക്ക് കാക്കിയുമായിട്ടുള്ള പ്രണയം വളരെ കൂടുതൽ ആണെന്ന് തോന്നുന്നു. അദ്ദേഹം വകുപ്പുമാറിയാലും കാക്കിയോടുള്ള പ്രണയം വിട്ടുമാറുന്നില്ല എന്ന കാര്യത്തിൽ യാതൊരു സംശയവും ഇല്ല. ഏതായാലും കാക്കി - കാട്ടിലെ കാക്കിയാണെങ്കിലും നാട്ടിലെ കാക്കിയാണെങ്കിലും തന്നെ ഏൽപ്പിക്കുന്ന കാര്യങ്ങൾ വളരെ ഭംഗിയായും കാര്യക്ഷമമായും മുമ്പോട്ടുകൊണ്ടുപോകാൻ അദ്ദേഹത്തിന് കഴിഞ്ഞ കാലഘട്ടങ്ങളിൽ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് സന്തോഷ

കരമായ ഒരു കാര്യമാണ്. നമ്മുടെ വനത്തിനെ സംബന്ധിച്ചിടത്തോളം, പ്രത്യേകിച്ച് ഏറെ സംസാരിക്കുവാനുള്ള വിഷയമാണെങ്കിൽപ്പോലും ഒന്ന്, രണ്ട് കാര്യങ്ങൾ മാത്രമാണ് സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നത്. ഫലപ്രദ മായ വന്യജീവി സംരക്ഷണത്തിന്റെ ഭാഗമായി നമ്മുടെ വന്യമൃഗങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞ കാലങ്ങളിൽ കഴിഞ്ഞിട്ടു ണ്ട്. 112 കടുവകളും ആറായിരത്തിലധികം ആനകളും ഉള്ളതായിട്ടാണ് കണ ക്കുകൾ സൂചിപ്പിക്കുന്നത്. അതുപോലെതന്നെ ഒരു പ്രധാനപ്പെട്ട കാര്യം, നമ്മുടെ നാട്ടാനകളുടെ എണ്ണം കഴിഞ്ഞ മൂന്ന് വർഷക്കാലമായി കുറഞ്ഞുവ രുന്നു എന്നുള്ളതാണ്. 700–ൽപരം നാട്ടാനകൾ ഉണ്ടായിരുന്നത് 300– ഓളമായി കുറഞ്ഞുവരുന്ന ഒരു അവസ്ഥയുണ്ട്. അടുത്തകാലത്തായി കാണുന്ന വിലയൊരു പ്രത്യേകത, മഴക്കാലത്ത് ഇടിമിന്നലേറ്റ് നാട്ടാനകൾ ചരിയുന്ന സാഹചര്യം വളരെ ഗൗരവമായിത്തന്നെ കാണേണ്ട ഒരു വിഷയമാ ണ്. പ്രത്യേകിച്ച് ഇരുമ്പ് ചങ്ങലകൾ ആനകളുടെ ജീവന് വലിയ ഭീഷണി യായി മാറുന്ന ഒരു സാഹചര്യമുണ്ട്. അതിന് എന്ത് ചെയ്യാൻ കഴിയുമെന്നു ള്ളത് വളരെ ഗൗരവമായി ചിന്തിക്കേണ്ട ഒരു കാര്യമാണ്. അതോടൊപ്പംതന്നെ നാട്ടാനകളുടെ പരിചരണവുമായി ബന്ധപ്പെട്ട കാര്യത്തെക്കുറിച്ച് പറയു മ്പോൾ, അതിലൊരു പ്രധാനപ്പെട്ട വിഷയം, സത്യത്തിൽ ഇന്ന് നാട്ടാനക ളുടെ പരിശീലകന്മാരായുള്ള ആനപ്പാപ്പാൻമാർക്ക് യാതൊരു പരിശീലനവും ഇല്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഒന്നോ രണ്ടോ ദിവസം മാത്രം കൊടു ക്കുന്ന ഒരു ട്രെയിനിംഗിന്റെ അടിസ്ഥാനത്തിൽ ഒരു വന്യമൃഗമായ ആനയെ കൊണ്ടുനടക്കുക എന്നു പറയുന്നത് ആനയുടെ ജീവന് മാത്രമല്ല, ആനക്കാര ന്റെയും ജീവന് ഭീഷണിയാകുന്ന ഒരു സാഹചര്യം തീർച്ചയായും ഉണ്ട്. കാരണം അങ്ങേയ്ക്കറിയാം, ആയുർവ്വേദത്തിൽ ആനയെ പരിപാലിക്കുന്നതു

മായി ബന്ധപ്പെട്ട് പ്രത്യേകമായ ചില നിബന്ധനകൾ സൂചിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് വനം വകുപ്പിന്റെ നേതൃത്വത്തിൽ ആനപ്പാപ്പാൻമാരെ പരിശീലിപ്പിക്കാൻ കഴിയുന്ന രീതിയിലുള്ള ഒരു ട്രെയിനിംഗ് സ്കൂൾ ആരംഭിക്കണമെന്നുള്ളതാണ് എനിക്ക് പ്രധാനമായും സൂചിപ്പിക്കാനുള്ളത്. മാത്രമല്ല, ആന വളരെ സത്യമുള്ള ഒരു ജീവിയാണ്, മുന്നറിയിപ്പില്ലാതെ അത് ആരെയും ഉപദ്രവിക്കാറില്ല. പക്ഷെ ആനയുടെ മർമ്മങ്ങൾ അറിയാൻ വയ്യാത്ത ആളുകൾ ആനയുമായി ഇടപെടുമ്പോഴാണ് ആന പലപ്പോഴും അതിന്റെ വന്യ സ്വഭാവം കാണിക്കാറുള്ളത്. ആനയെക്കുറിച്ച് പറയുന്നത്, ആന അതിന്റെ പാപ്പാനെന്ന് പറയുന്ന ചട്ടക്കാരനെ തിരിച്ചറിയുന്നത് അതിന്റെ ഗന്ധംകൊണ്ടും ശബ്ദംകൊണ്ടുമാണ് എന്നാണ്. ഒരു ആനയ്ക്ക് അതിന്റെ ചട്ടക്കാരന്റെ ഗന്ധം അഞ്ച് വർഷംവരെ തിരിച്ചറിയാൻ കഴിയുമെന്നാണ് ആനയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സൂചിപ്പിച്ചിട്ടുള്ളത്. ഞാൻ പലപ്പോഴും ഒർക്കാറുള്ള ഒരു കാര്യമുണ്ട്, ഈ നിയമസഭകളും പാർലമെന്റുമൊക്കെ അതിന്റെ കാലാവധി അഞ്ച് വർഷമായി പരിമിതപ്പെടുത്തിയതിന്റെ പിന്നിൽ ഇതായിരിക്കും കാര്യമെന്ന്. കാരണം, ആളുകളുമായുള്ള ഗന്ധം അഞ്ച് വർഷം വരെയാണ് സാധാരണ ഗതിയിൽ നിലനിൽക്കാൻ സാദ്ധ്യതയുള്ളത് എന്നതുകൊണ്ടായിരിക്കാം ഇതിന്റെ കാലാവധി അഞ്ച് വർഷമായി ചുരുക്കിയത്.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, മാതംഗലീല എന്ന് പറയുന്ന ആനശാസ്ത്രം ഉണ്ട്. വളരെയേറെ ശ്ലോകങ്ങളുണ്ട് മാതംഗലീലയിൽ. അങ്ങനെയാണെങ്കിൽ അഞ്ചുവർഷം ഗന്ധത്തിന്റെ അടിസ്ഥാനത്തിൽ ആനക്കാരനെ ആന ഉപദ്രവിക്കില്ല. ആനക്കറിയാം, മർമ്മമറിയാം. അതിന്റെ പേരിലാണ് നമ്മുടെ നിയമസഭയൊക്കെ ഇങ്ങനെ ആയതെങ്കിൽ അഞ്ച് കൊല്ലം കഴിഞ്ഞ് വീണ്ടും എം.എൽ.എ. ആകുന്നവർ ആനയുടെ ഗന്ധം നിലനിർത്തു

ന്നവരാണോ എന്നെനിക്ക് സംശയമുണ്ട്. അപ്പോൾ ഈ തോൽക്കുന്നവരോ; തോൽക്കുന്നവർ ആനഗന്ധം ഇല്ലാത്തവരാണോ? ഗന്ധമില്ലാത്തവർ തോൽക്കുകയും ഗന്ധമുള്ളവർ ജയിക്കുകയും ചെയ്യുകയാണോ കേരള ത്തിൽ; അതുകൂടി അങ്ങ് പറയേണ്ടതാണ്.

ഡോ. എൻ. ജയരാജ്: സർ, ആനകളെ സംബന്ധിച്ചുള്ള ഏറ്റവും പ്രധാ നപ്പെട്ട ഗ്രന്ഥങ്ങളിലൊന്നാണ് മാതംഗലീല. ഹസ്തായുർവ്വേദമെന്ന് പറയുന്ന വളരെ പ്രശസ്തമായ, ഏതാണ്ട് പന്തീരായിരത്തോളം ശ്ലോകങ്ങളുള്ള ആന ശാസ്ത്രം തന്നെയുണ്ട്. അതിൽനിന്നാണ് ഇതൊക്കെ ഡെവലപ് ചെയ്തത്. ഏതായാലും ആനയും മനുഷ്യനും തമ്മിലുള്ള ബന്ധങ്ങൾക്ക് ചരിത്രാതീത കാലംതൊട്ടുള്ള വലിയൊരു ബന്ധമാണുള്ളത്. അതുകൊണ്ട് തീർച്ചയായും ജനാധിപത്യക്രമത്തിലും ഇത്തരം കാര്യങ്ങൾ കടന്നുകൂടിയതാകാം എന്നുള്ള തായിരിക്കാം അതിന്റെ യാഥാർത്ഥ്യം. ഞാൻ അതിലേക്കൊന്നും കടക്കുന്നി ല്ല. അതുകൊണ്ട് മറ്റൊരു പ്രധാനപ്പെട്ട കാര്യം ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിക്കാനുള്ളത്, കാട്ടിലുള്ള ഏറ്റവും മിടുക്കരായ ആനകളെയാണ് നാട്ടി ലേക്ക് പിടിച്ചുകൊണ്ടുവരുന്നത്. ഗുരുവായൂർ കേശവൻ, ഗുരുവായൂർ പത്മ നാഭൻ എന്നൊക്കെ പറയുന്ന കേരളത്തിലെ പ്രശസ്ത തലയെടുപ്പുള്ള ആന കൾ കാട്ടിൽ നിന്ന് പോന്നു കഴിഞ്ഞാൽപിന്നെ..... ഞാൻ തുടക്കത്തിൽ പറ ഞ്ഞതുപോലെ, ഏതാണ്ട് ആറായിരത്തിൽപ്പരം ആനകൾ നമ്മുടെ കാട്ടിലുണ്ടെങ്കിലും അതിൽ പകുതിയും മോഴകളും പിടിയാനകളും ആണെ ന്നുള്ള യാഥാർത്ഥ്യമുണ്ട്. ശരിക്കു പറഞ്ഞാൽ വളരെ മിടുക്കരായ ആനക ളുടെ എണ്ണം കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്. അടുത്തകാലത്തുള്ള ഒരു പഠന റിപ്പോർട്ടിൽ 2050-ൽ ഏഷ്യൻ എലിഫെന്റ്സ് ഇല്ലാതായിത്തീരുമെ ന്നുണ്ട്. സഹ്യപർവ്വതത്തിലെ വളരെ പ്രധാനപ്പെട്ട നമ്മുടെ ജീൻ

പൂളിൽനിന്ന് ആനകളെ പിടിച്ചുകൊണ്ടുവരുമ്പോൾ അതിന്റെ സ്പേം കളക്ട് ചെയ്ത് വളരെ മിടുക്കരായ ആനകളുടെ ഒരു പുതിയ തലമുറ സൃഷ്ടിക്കാൻവേണ്ടിയുള്ള ഒരു ശ്രമം ഉണ്ടായില്ലെങ്കിൽ 2050–ൽ കേരളത്തിലെ ഏറ്റവും സുന്ദരന്മാരായ ഏഷ്യയിലെ ആനകളുടെ വംശം അറ്റുപോകുമെന്നുള്ള ഒരു വലിയ ഗൗരവമായ വിഷയം തീർച്ചയായും പരിഗണിക്കണമെന്നു കൂടി ഈയവസരത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. മറ്റൊരു പ്രധാനപ്പെട്ട കാര്യം, ബഡ്ഡിംഗ് ബേഡേഴ്സ് എന്ന പുതിയ പദ്ധതി തീർച്ചയായും നമ്മുടെ കുട്ടികൾക്കിടയിൽ പക്ഷി നിരീക്ഷണം നല്ല ഒരു കാര്യമാണ്, അതൊരു നല്ല പ്രവർത്തനമായി അങ്ങയുടെ വകുപ്പ് ഏറ്റെടുത്തിരിക്കുകയാണ്. സലിം അലിയെപ്പോലെയും സി. ആർ. നീലകണ്ഠനെപ്പോലെയുമൊക്കെ പക്ഷി നിരീക്ഷണരംഗത്ത് പ്രവർത്തിച്ചയാളുകളെ ഈ സന്ദർഭത്തിൽ ഓർക്കാതിരിക്കാൻ കഴിയില്ല. അതോടൊപ്പംതന്നെ ഇതുമായി ബന്ധപ്പെട്ട് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ള ഒരു പ്രധാനപ്പെട്ട കാര്യം, കേരളത്തിലെ എല്ലാ ജില്ലകളിലും എല്ലാ പക്ഷികളും ഇല്ലായെന്നുള്ളതാണ്. കേരളത്തിന്റെതന്നെ സ്വന്തം പക്ഷിയായ മലമുഴക്കി വേഴാമ്പൽ, നമ്മുടെ സ്വന്തം പക്ഷിയാണ്. പക്ഷെ ഞാനും അങ്ങയും താമസിക്കുന്ന കോട്ടയം ജില്ലയിൽ ഈ പക്ഷി ഇല്ലായെന്നുള്ളതാണ് അതിന്റെ വാസ്തവം. അപ്പോൾ കോട്ടയം ജില്ലയിലെ കുട്ടികൾക്ക് ഈ പക്ഷിയുടെ ചിത്രം കൊടുത്തുകഴിഞ്ഞാൽ ഒരിക്കലും അവർക്കതിനെ കാണാൻ കഴിയുകയില്ല. അതുകൊണ്ട് ഓരോ ജില്ലകളിലുമുള്ള പ്രധാനപ്പെട്ട പക്ഷികൾ ഏതൊക്കെയാണ് എന്നത് ജില്ലകളുടെ അടിസ്ഥാനത്തിൽ അതിനെ വേർതിരിച്ച് കാണിച്ചുകൊടുക്കാൻ കഴിഞ്ഞാൽ അത് നല്ലയൊരു സംരംഭമായി മാറും. ബഹുമാനപ്പെട്ട റോഷി അഗസ്റ്റിന്റെ മണ്ഡലമായ ഇടുക്കിയിലുംമറ്റുമുള്ള നീലഗിരി, വെള്ളക്കുഴി എന്നൊക്കെപ്പറയുന്ന

പ്രത്യേകതരം പക്ഷികൾ അവിടെ മാത്രമുള്ളതാണ്. ഇതെല്ലാംകൂടി പഠിപ്പിക്കാൻ പോകുന്നതിനേക്കാളേറെ ജില്ലാ തലത്തിലുള്ള പക്ഷികൾ, കാരണം കുട്ടികൾ നിരീക്ഷണം നടത്തുമ്പോൾ അവർക്ക് അവയെ കാണാൻ കഴിഞ്ഞില്ലായെങ്കിൽ പിന്നെ ആ പ്രവർത്തനംകൊണ്ട് വലിയ പ്രയോജനത്തിലേക്ക് എത്താൻ കഴിയില്ല. അതോടൊപ്പംതന്നെയാണ് അങ്ങാടിക്കുരുവികളുടെ കാര്യം, അവയെക്കുറിച്ച് കഴിഞ്ഞദിവസം വളരെ വിശദമായി പത്രങ്ങളിൽ വന്നതാണ്. അതിനുവേണ്ടിയുള്ള വലിയ സംരക്ഷണമുണ്ട്. എന്നാലും എനിക്ക് സൂചിപ്പിക്കാനുള്ള ഒരു കാര്യം, നമ്മുടെ നാട്ടിൻപുറങ്ങളിൽ ഒരുകാലത്ത് ഉണ്ടായിരുന്ന അങ്ങാടിക്കുരുവികളെ സംരക്ഷിക്കാൻ ജനകീയമായ ഒരു കൂട്ടായ്മ ത്രിതല പഞ്ചായത്തുകളെയൊക്കെത്തന്നെ കൂട്ടിച്ചേർത്തുകൊണ്ടുള്ള വളരെ ഗൗരവമായ ഒരു ഇടപെടൽ ഇക്കാര്യത്തിലുണ്ടാവണം. അതുപോലെതന്നെയാണ് പാതിരാമണൽ. ഇത് റവന്യൂ വകുപ്പിന്റെയാണോ അതോ വനം വകുപ്പിന്റെയാണോ എന്നുപോലും അറിയുകയില്ല. അത് ആരുടേതാണെന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല. പക്ഷെ ഒരു കാര്യമുണ്ട്. ലോകത്തിലെ ഒൻപത് റാംസാർ സൈറ്റുകളിൽ ഒന്നാണ് പാതിരാമണലെന്നുള്ള കാര്യം വളരെ ശ്രദ്ധേയമാണ്.

മി. ചെയർമാൻ: ശ്രീ. എൻ. ജയരാജ്, അങ്ങ് നാല് മിനിട്ട് കൂടുതൽ എടുത്തുകഴിഞ്ഞു.

ഡോ. എൻ. ജയരാജ്: സർ, ഒരു മിനിട്ടുകൂടി, കടലും കായലും ചതുപ്പുമെല്ലാം ഒത്തുചേരുന്ന അപൂർവ്വമായ ഒരു വലിയ ബയോഡൈവേഴ്സിറ്റി പ്രദേശമെന്ന നിലയിൽ വനംവകുപ്പ് ആ സ്ഥലം ഏറ്റെടുത്ത്...... ഇന്നവിടെ സാമൂഹ്യവിരുദ്ധന്മാരുടെ കേന്ദ്രമായി മാറിയിരിക്കുകയാണ്. അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കാൻ സമയമില്ല. അതുകൊണ്ട് അത് വനം വകുപ്പ്

ഏറ്റെടുത്ത് ഒരു റാംസാർ സൈറ്റായ, ഇൻഡ്യയിലെതന്നെ, ലോകത്തിലെ തന്നെ അപൂർവ്വമായ ആ പാതിരാമണൽ പ്രദേശം സംരക്ഷിക്കണമെന്നുകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട് ഒരുകാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. കേരള ത്തിലെ 140 കിലോമീറ്ററിനുമുകളിൽ സർവ്വീസ് നടത്തുന്ന സ്വകാര്യ ബസു കൾ ഇന്ന് കെ.എസ്.ആർ.ടി.സി. ഏറ്റെടുത്ത് സർവ്വീസ് നടത്താൻ തീരുമാന മെടുത്തിട്ടുള്ളതായി അറിയുന്നു. ഏതാണ്ട് നൂറോളം ബസുകൾ ഇപ്പോൾത്തന്നെ സർവ്വീസ് നിർത്തിക്കഴിഞ്ഞു. ഇതുമൂലം കേരളത്തിലെ ഉൾപ്രദേശങ്ങളിൽ സർവ്വീസ് നടത്തുന്ന സ്വകാര്യ ബസുകൾ നിന്നുപോകു കയും വളരെയധികം നഷ്ടത്തിലേക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുകയുമാണ്. കെ.എസ്.ആർ.ടി.സി.ക്ക് ആ ഭാഗത്തെ യാത്രാക്ലേശം പരിഹരിക്കാൻ പറ്റാതെവരികയും യാത്രക്കാർ ദുരിതത്തിലാവുകയും ചെയ്യുന്ന സാഹചര്യ ത്തിൽ അടിയന്തിരമായി ഇക്കാര്യത്തിൽ നടപടിയുണ്ടാവണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി 2006–ൽ ഒരു ഉത്തരവ് ഇറക്കിയിരുന്നു, 09–05 –2006 വരെ പെർമിറ്റ് ലഭിച്ചിട്ടുള്ള സ്വകാര്യ ബസുകൾ നിലനിർത്തുന്നതി നുവേണ്ടി ഇറക്കിയിട്ടുള്ള ഒരു നോട്ടിഫിക്കേഷൻ ഉണ്ടായിരുന്നു. പക്ഷെ, മറ്റൊരു ഗവൺമെന്റ് വന്നപ്പോൾ ആ ഉത്തരവ് പിൻവലിക്കുകയാണുണ്ടായത്. ഇന്ന് കോടതിയുടെ മുന്നിൽ ഈ വിഷയം ഉണ്ടെങ്കിൽപ്പോലും ഗവൺമെന്റിന് ഇക്കാര്യത്തിൽ തീരുമാനമെടുക്കാമെന്നാണ് ബഹുമാനപ്പെട്ട സിംഗിൾ ബഞ്ചിന്റെ തീരുമാനം. പ്രത്യേകിച്ച് ഉൾനാടൻ ഗതാഗതത്തിന് യാത്ര ക്കാർക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്ന ഈ തീരുമാനം പുന:പരിശോധിച്ചു കൊണ്ട് 2006–ലെ ഉത്തരവ് വീണ്ടും പുന:സ്ഥാപിക്കാൻ അങ്ങ് നടപടിയെടു ക്കണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് വളരെ ക്രിയാത്മകമായ പ്രവർത്തന

ങ്ങൾക്ക് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രവർത്തനങ്ങളെ ഒരിക്കൽകൂടി ആത്മാർത്ഥമായി അഭിനന്ദിച്ചുകൊണ്ട് ഞാനെന്റെ എളിയ വാക്കുകൾ നിറുത്തുകയാണ്. ഒരിക്കൽകൂടി ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പരിണിത പ്രജ്ഞരായ, പ്രഗത്ഭമതികളായ രണ്ട് മന്ത്രിമാരുടെ വകുപ്പുകളിന്മേൽ നടക്കുന്ന ഈ ധനാഭ്യർത്ഥന ചർച്ചകളിൽ പങ്കെടുക്കാൻ കഴിഞ്ഞതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്. ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി പിന്തുണയ്ക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരുപാട് മാറ്റങ്ങൾ വനം വകുപ്പിനും അതുപോലെത്തന്നെ ഗതാഗത വകുപ്പിനുമൊക്കെ ഉണ്ടായിട്ടുണ്ടെന്ന് നമുക്ക് എല്ലാവർക്കുമറിയാം. പക്ഷേ അതിനെയൊക്കെ തമസ്ക്കരിച്ചുകൊണ്ടുള്ള പ്രസംഗങ്ങളാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുണ്ടായത്. ദൈവം നമുക്ക് വായ തന്നിട്ടുള്ളത് ഭക്ഷണം കഴിക്കാൻ വേണ്ടി മാത്രമല്ല. അതിൽനിന്ന് നല്ല ചില കാര്യങ്ങൾകൂടി പുറത്തുവരണമെന്നാണ് നാമെല്ലാവരും ആഗ്രഹിക്കുന്നത്. ഇങ്ങനെ സത്യങ്ങളെ തമസ്ക്കരിച്ചുകൊണ്ട് അസത്യങ്ങൾ മാത്രം പറയുന്നതിന് വായ ഉപയോഗിക്കുന്നത് ശരിയല്ല എന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ ചില മെമ്പർമാരുടെ ധാരണ സഭയിൽ അസത്യം പറയുന്നതിനും കാന്റീനിൽ പോയി വടകഴിക്കാനും മാത്രമുള്ളതാണ് വായ എന്നാണ്. അത് തിരുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. നഗര വനവൽക്കരണ പദ്ധതി നഗര പ്രദേശങ്ങളിലെ താപനം കുറയ്ക്കുന്നതിനും വായു മലിനീകരണം കുറയ്ക്കുന്നതിനും നഗരവാസികൾക്ക് തണൽ നൽകുന്നതിനും നഗരത്തിന്റെ

ഹരിതഭംഗി കൂട്ടുന്നതിനും ആഗോള താപനത്തിന്റെ ദൂഷ്യഫലങ്ങൾ കുറയ്ക്കുന്നതിനും വൃക്ഷങ്ങളിൽ നിന്നുള്ള ഇക്കോളജിക്കൽ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഒരുപാട് സഹായിച്ചിട്ടുണ്ട്. മരങ്ങൾ നട്ടു പിടിപ്പിക്കുന്നതിന്റെ ആവശ്യകത, പരിസ്ഥിതി ബോധവൽക്കണം, ആഗോള താപനം മൂലമുള്ള ദോഷഫലങ്ങൾ എന്നിവയെപ്പറ്റി പൊതുജനങ്ങളിൽ, പ്രത്യേകിച്ച് നഗര വാസികളിൽ അവബോധം വളർത്തുന്നതിനും ശീലമാക്കുന്നതിനും സ്ഥിരം പദ്ധതികൾ വേണമെന്നതാണ് എനിക്ക് മുമ്പോട്ടു വയ്ക്കാനുള്ള ഒരു നിർദ്ദേശം. അതുപോലെതന്നെ വൃക്ഷത്തൈകൾ എല്ലായിടങ്ങളിലും നടുവാനുള്ള ഫലപ്രദമായ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. വന്യ ജീവികളാലുണ്ടാകുന്ന കൃഷിനാശത്തെക്കുറിച്ചാണ് ഈ സഭയിൽ പലപ്പോഴും പല മെമ്പർമാരും പരിഭവപ്പെടാറുള്ളത്. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. വനം കയ്യേറ്റം തടയാനുള്ള പദ്ധതികളും ആവിഷ്ക്കരിക്കേണ്ടതുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ഒരു ഡി. എഫ്. ഒ. അനുവദിച്ചിട്ടുണ്ട്. കുറെ വർഷങ്ങളായി കാസർഗോഡ് ജില്ലയിലെ ആളുകളുടെ ആവശ്യമായിരുന്നു ഇത്. കാസർഗോഡ് ജില്ലയിലെ ആളുകൾ പലപ്പോഴും ഡി. എഫ്. ഒ.യുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് കണ്ണൂർ ജില്ലയെ ആയിരുന്നു ആശ്രയിച്ചിരുന്നത്. ആ അവസ്ഥയ്ക്ക് അറുതിവരുത്തിക്കൊണ്ട് കാസർഗോഡ് ജില്ലയ്ക്ക് സ്വന്തമായി ഇപ്പോൾ ഒരു ഡി. എഫ്. ഒ. ഉണ്ടായിരിക്കുന്നു. അതിന്റെ പണി പൂർത്തിയായി. പ്രിയപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ അവർകളെ അതിന്റെ ഉത്ഘാടനത്തിനുവേണ്ടി കാസർഗോഡ് ജില്ലയിലെ ജനങ്ങൾ

കാത്തിരിക്കുകയാണ്. ഡി.എഫ്.ഒ. കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ച സർക്കാരിനെ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. അതുപോലെതന്നെ 'എന്റെ മരം', 'നമ്മുടെ മരം' എന്നിങ്ങനെ വിവിധ സ്കീമുകൾക്ക് വൻ തുക നമ്മൾ ചിലവഴിക്കുന്നുണ്ട്. ആ പദ്ധതികൾ ലക്ഷ്യം നേടുന്നുണ്ടോ എന്ന് പിന്നീട് നമുക്കാർക്കും ചിന്തയില്ല. അതേക്കുറിച്ചുള്ള ഒരു പരിശോധന ആവശ്യമാണ്. അതുപോലെതന്നെ കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ മറ്റു ജില്ലകളിൽ ഉള്ളതുപോലെ ഫോറസ്റ്റ് സ്റ്റേഷനുകൾ ഇല്ല. ആ കാര്യം കൂടി ബഹുമാനപ്പെട്ട മന്ത്രി കണക്കിലെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. മറ്റൊരു പ്രധാനപ്പെട്ട കാര്യം, വനപ്രദേശത്തുകൂടി കടന്നുപോകുന്ന റോഡുകളുടെ ശോചനീയാവസ്ഥയാണ്. ആ റോഡുകൾ റിപ്പയർ ചെയ്യുന്നതിന് വനം വകുപ്പിൽ നിന്ന് മിക്കപ്പോഴും പെർമിഷൻ കിട്ടാറില്ല. അത് ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്ന കാര്യമാണ്. ആ കാര്യം കൂടി നമ്മുടെ എല്ലാവരുടേയും സജീവ പരിഗണനയ്ക്ക് വിഷയമാകേണ്ടതാണ്. വനപ്രദേശത്തുകൂടി കടന്നു പോകുന്ന വൈദ്യുതി ലൈനുകളിൽ മരമോ മരത്തിന്റെ ശിഖരങ്ങളോ വീണാൽ അത് മുറിച്ചു മാറ്റാനുള്ള പെർമിഷൻ വനം വകുപ്പ് അധികൃതർ നൽകാറില്ല. അതുകൊണ്ടാണ് പലയിടങ്ങളിലും വൈദ്യുതി തടസ്സം നിരന്തരമായി അനുഭവപ്പെടാറുള്ളത്. ബഹുമാനപ്പെട്ട രണ്ട് മന്ത്രിമാരുടെയും അടിയന്തര ശ്രദ്ധ പതിയേണ്ട ഒരു വിഷയമാണിത്. കൂടുതൽ ബസ്സുകൾ നിരത്തിലിറക്കിയാൽ മാത്രമേ കെ. എസ്. ആർ. ടി. സി–യെ ലാഭകരമായി കൊണ്ടുപോകാൻ സാധിക്കുകയുള്ളു. കൂടുതൽ മേഖലകളിലേക്ക് സർവ്വീസ് ഏർപ്പെടുത്തണം. 500 ബസ്സുകളാണ് നാം കൂടുതലായി ഇറക്കുന്നതെങ്കിൽ

250 ബസ്സുകൾ പഴയ ബസ്സുകളെ റീപ്ലേസ് ചെയ്യുന്നതിനും 250 എണ്ണം പുതിയ മേഖലയിലേക്ക് സർവ്വീസ് നടത്തുവാനുമാണ് ശ്രദ്ധിക്കേണ്ടതാണെന്നാണ് എനിക്ക് പറയാനുള്ളത്. കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോചനീയാവസ്ഥ ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് കണ്ടതാണ്. അതിന് പരിഹാരം കാണുവാൻ വേണ്ടി അദ്ദേഹം ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നു എന്ന് മനസ്സിലാക്കുന്നു. മംഗലാപുരത്തേയ്ക്ക് കൂടുതൽ നല്ല ബസ്സുകൾ സർവ്വീസ് നടത്തണം. അതുപോലെതന്നെ കാസർഗോഡുനിന്ന് മുംബൈയിലേക്ക് കെ. എസ്. ആർ. ടി. സി–യുടെ ഒരു സർവ്വീസ് ആരംഭിക്കണം. വളരെ സാധ്യതയുള്ള ഒരു റൂട്ടാണ് അതെന്ന് നമുക്കെല്ലാവർക്കുമറിയാം. ആ കാര്യം കൂടി ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്നാണ് അതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്. മറ്റൊന്ന്, വനം കൈയ്യേറ്റം സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ഗുരുതരമായ പ്രശ്നങ്ങളാണ് ഉണ്ടാക്കുന്നത്. പാട്ടത്തിനു നൽകിയിട്ടുള്ള വനഭൂമിയുടെ കാര്യത്തിലൊന്നും നമുക്ക് വ്യക്തതയില്ല. പാട്ടഭൂമി തുണ്ടുതുണ്ടാക്കി വിൽപ്പന നടത്താൻ ഒത്താശ ചെയ്യുന്ന ഉദ്യോഗസ്ഥർ തീർച്ചയായും നമ്മുടെ സംസ്ഥാനത്തിന് ഒരു ശാപമാണ് എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഹാരിസൺ മലയാളം പ്ലാന്റേഷൻ പാട്ടത്തിനെടുത്ത ഭൂമി കൈമാറ്റം ചെയ്തത് സംബന്ധിച്ച ആരോപണങ്ങൾ ഇപ്പോഴും നിലനിൽക്കുകയാണ്. അതിനുപുറമേ അവർ കൈയ്യേറിയ ഭൂമി കണ്ടെത്തിയിട്ടും തിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ലെന്നത് നമ്മെ സംബന്ധിച്ചിടത്തോളം നാണക്കേടാണ്. മറ്റൊന്ന് എനിക്ക് സൂചിപ്പിക്കാനുള്ളത്, 1500 സി. സി.ക്ക് മുകളിലുള്ള ടാക്സികൾക്ക് 2 വർഷത്തേയ്ക്ക് 12,500 രൂപയാണ് ഇപ്പോൾ ടാക്സ്. 1500 സി. സി. ക്ക് താഴെ 5

വർഷത്തേയ്ക്ക് 8000 രൂപയുമാണ്, മുമ്പ് ഇത് 1360 രൂപയായിരുന്നു. ടാക്സി ഡ്രൈവർമാരെയും ഉടമകളെയും സംബന്ധിച്ചിടത്തോളം വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നൊരു കാര്യമാണിത്. 6 വർഷമായി കെ.എസ്.ആർ.ടി.സി-യിൽ കണ്ടക്ടർമാരെ സ്ഥിരപ്പെടുത്തിയിട്ടില്ല. ഇതും ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ റിക്ഷാ ഡ്രൈവർമാർക്ക് ബാഡ്ജിന് 8-ാം ക്ലാസ് നിർബന്ധമാക്കിയിരിക്കുകയാണ്. ടാക്സി ഡ്രൈവർമാർക്ക് എസ്.എസ്. എൽ. സി. പാസ്സായാൽ മാത്രമേ ബാഡ്ജ് കൊടുക്കുകയുള്ളൂ. ഈ രണ്ട് കാര്യവും ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ സംസ്ഥാനത്തിന്റെ ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരം കാണുവാൻ ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പു മന്ത്രി വളരെ ആത്മാർത്ഥമായ, നിസ്വാർത്ഥമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സാങ്കേതിക പഠനം അനുസരിച്ച് സംസ്ഥാനത്ത് കാറ്റിൽനിന്നും 705 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാധ്യത കണക്കാക്കിയിട്ടുണ്ടെന്നാണ് സർക്കാർ പറയുന്നത്. കാറ്റിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് 06-01-2014-ന് സർക്കാർ 82 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദനത്തിനായി എൻ.എച്ച്.പി.സി-യുമായി ധാരണാപത്രത്തിൽ ഒപ്പു വച്ചിട്ടുണ്ട്. ഇതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടി പ്രസംഗത്തിൽ കൂടുതൽ വിശദീകരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. സ്വകാര്യ സംരംഭകരെ ഈ മേഖലയിൽ കൂടുതലായി പങ്കെടുപ്പിക്കേണ്ടത് ആവശ്യമാണ്. അതുപോലെതന്നെ കേന്ദ്രത്തിന്

സമർപ്പിക്കപ്പെട്ടതും, മുടങ്ങിക്കിടക്കുന്നതുമായ സംസ്ഥാനത്തെ വൈദ്യുത പദ്ധതികൾ യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുണ്ട്. പൂയംകുട്ടി ജലവൈദ്യുത പദ്ധതി, അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി, അച്ചൻകോവിൽ ജലവൈദ്യുത പദ്ധതി, കാരപ്പാറ-കുരിയാർകുട്ടി വിവിധോ ദ്ദേശ്യ പദ്ധതി, പാത്രക്കടവ് ജലവൈദ്യുത പദ്ധതി എന്നിവ പ്രാവർത്തികമാ ക്കാൻ ഈ സർക്കാർ അധികാരമേറ്റെടുത്തതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഊർജ്ജവകുപ്പു മന്ത്രി. ശ്രീ. ആര്യാടൻ മുഹമ്മദും കാട്ടിയ താൽപര്യം അഭിനന്ദനീയമാണ്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിയെയും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രിയേയും നിരവധി തവണ നേരിട്ടു കണ്ട് ചർച്ച നടത്തുകയും നിവേദനം സമർപ്പിക്കുകയും ചെയ്ത കാര്യം ഇത്തരുണത്തിൽ സ്മരിക്കപ്പെടേണ്ടതാണ്. കേരളത്തിന്റെ ഊർജ്ജ പ്രതിസന്ധി ഒരളവുവരെ പരിഹരിക്കാൻ കഴിയുന്ന ജലവൈദ്യുത പദ്ധതി കൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും അനുകൂലമായ തീരുമാനമുണ്ടാക്കാൻ നാമെല്ലാവരും ഒറ്റക്കെട്ടായി പൊരുതേണ്ടത് ആവശ്യമാണ്. കാസർഗോഡ് ജില്ലയിൽ നിന്നുള്ള ജനപ്രതിനിധി എന്ന നിലയിൽ ചീമേനി പദ്ധതിയെ ക്കുറിച്ച് പരാമർശിക്കേണ്ടത് എന്റെ ഉത്തരവാദിത്വമാണെന്ന് ഞാൻ കരുതുകയാണ്. കൽക്കരി ഉപയോഗിച്ചുള്ള ഈ പദ്ധതി വടക്കൻ കേരള ത്തിലെ അതീവ ഗുരുതര വൈദ്യുതി പ്രശ്നം പരിഹരിക്കാൻ സഹായിക്കുന്ന താണെന്ന് വൈദ്യുതി ബോർഡ് വൃത്തങ്ങൾ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. പക്ഷേ കടലാസിൽ നിന്ന് കാര്യങ്ങളിലേയ്ക്ക് ഒന്നും നീങ്ങിയിട്ടില്ല എന്ന് നാം ഈ അവസരത്തിൽ ഓർക്കേണ്ടതാണ്. ചില എതിർപ്പുകൾ ഇക്കാര്യത്തി ലുണ്ട് എന്ന് നമുക്കെല്ലാവർക്കും അറിയാം. തദ്ദേശവാസികളുടെ തെറ്റിദ്ധാരണ നീക്കം ചെയ്യാൻ സാധിക്കണം. തായ്‌വാനിലാണ് ലോകത്തിലെ

ഏറ്റവും വലിയ കോൾ ഫയേർഡ് പവർ സ്റ്റേഷനുള്ളത്. ഫ്രാൻസിലെ Richmond Power station, ഐെസ്‌ലാന്റിലെ Geothermal Power Station എന്നിവയും വലിയ പവർ സ്റ്റേഷനുകളാണ്. പതിനേഴ് കോൾ ബേസ്ഡ് പവർ സ്റ്റേഷനുള്ള എൻ.ടി.പി.സി. ആണ് നമ്മുടെ രാജ്യത്തെ ഏറ്റവും വലിയ തെർമ്മൽ പവർ ജനറേറ്റിംഗ് കമ്പനി. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ സബ്ജക്ട് കമ്മിറ്റിയിലെ ഞാനടക്കമുള്ള അംഗങ്ങൾ ഡൽഹിയിൽ എൻ.ടി.പി.സി–യുടെ പവർ സ്റ്റേഷനുകൾ സന്ദർശിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ ജനപ്രതിനിധികളേയും അതുപോലെതന്നെ മറ്റ് രാഷ്ട്രീയ പാർട്ടി പ്രതിനിധികളേയും ഡൽഹിയിൽ കൊണ്ടുപോയി ആ പ്ലാന്റുകളൊക്കെ കാണിച്ച് അവരുടെ തെറ്റിദ്ധാരണകൾ നീക്കം ചെയ്യാൻ ശ്രമിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുണ്ട്. ഈ നിയമസഭാ സമ്മേളനത്തിന് ശേഷം ആ കാര്യത്തിലൊരു തീരുമാനമെടുക്കുമെന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് കാസർഗോഡ് ജില്ലയിലെ ജനങ്ങൾക്ക് ആ കാര്യത്തിൽ എന്തെങ്കിലും തെറ്റിദ്ധാരണകളുണ്ടെങ്കിൽ അവയൊക്കെ നീക്കി ചീമേനി പ്ലാന്റ് യാഥാർത്ഥ്യമാക്കാൻ ആത്മാർത്ഥമായ ശ്രമം നടത്തണമെന്നതാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. അതുപോലെതന്നെ ന്യൂക്ലിയർ പവർ സ്റ്റേഷനുകളേക്കാൾ കുറഞ്ഞ ചെലവിൽ കാറ്റാടികൾ ഉപയോഗിച്ചും സൗരോർജ്ജം ഉപയോഗിച്ചും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ശാസ്ത്രീയ നടപടികളെക്കുറിച്ച് നാം കൂടുതൽ സജീവമായി ചിന്തിക്കേണ്ടതുണ്ട്. ഓരോ പഞ്ചായത്തിനും ആവശ്യമായ വൈദ്യുതി അവിടങ്ങളിലുള്ള ചെറിയ നദികളിൽനിന്ന് ഉൽപ്പാദിപ്പിക്കുന്നതിനെക്കുറിച്ച് നാം ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. 70 ശതമാനം വെള്ളം പല കാരണങ്ങളാൽ

നമുക്ക് ഉപയോഗിക്കുവാൻ കഴിയുന്നില്ല. വളരെ ചുരുങ്ങിയ ചെലവിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാവുന്ന സങ്കേതമാണ് അതുകൊണ്ട് നാം പാഴാക്കുന്നത്. ഡാമുകൾ നിർമ്മിക്കാനുള്ള സാമ്പത്തിക ബാധ്യതകളും പുതിയ റിസർവ്വോയറുകൾ ഉണ്ടാക്കാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും എല്ലാം ഇതിന് കാരണമാകാം. പക്ഷേ വെള്ളം പാഴായിപ്പോകുമ്പോൾ നാം ലോഡ് ഷെഡ്ഡിങ്ങിന്റെ തിക്തഫലം അനുഭവിക്കേണ്ടി വരുന്നു.

പാഴായിപ്പോകുന്ന വെള്ളത്തിന്റെ ഒരു ഭാഗമെങ്കിലും ഡൈവർട്ടു ചെയ്ത് നിലവിലെ ഡാമുകളിൽ എത്തിക്കാനാകുമോ എന്നതിനെക്കുറിച്ച് നാം പരിശോധിക്കേണ്ടതുണ്ട്. കാസർഗോഡ് ജില്ലയിൽ കേരളത്തിലെ മറ്റു ജില്ലകളിലൊന്നുമില്ലാത്തവിധമുള്ള ഊർജ്ജ പ്രതിസന്ധിയും പവർ കട്ടുമാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ വളരെയധികം ആത്മാർത്ഥമായ താല്പര്യമെടുത്തിട്ടുണ്ട്. അവിടുത്തെ വൈദ്യുതി പ്രതിസന്ധി, ഇടയ്ക്കിടയ്ക്കുണ്ടാകുന്ന പവർകട്ട് അതേക്കുറിച്ചെല്ലാം ആലോചിച്ച് പരിഹാരം കാണുന്നതിനുവേണ്ടി രണ്ടുമൂന്ന് ദിവസം മുൻപ് ജില്ലയിലെ എല്ലാ എം.എൽ.എ മാരേയും വിളിച്ച് കാസർഗോഡ് ജില്ലയ്ക്കു വേണ്ടി മാത്രമായി ഒരു പ്രത്യേക കമ്മിറ്റി രൂപീകരിച്ചിരിക്കുകയാണ്. ഒരു ശാശ്വതമായ പരിഹാരം ഉണ്ടാകുമെന്നുതന്നെയാണ് എല്ലാവരുടേയും പ്രതീക്ഷ. കാസർഗോഡ് നഗരത്തിൽ മൂന്നു കോടി രൂപ ചെലവഴിച്ച് അണ്ടർഗ്രൗണ്ട് കേബിളിംഗ് നടത്തിയിരുന്നു, അത് ഇതുവരെ കമ്മീഷൻ ചെയ്യാൻ പറ്റിയിട്ടില്ല. ബി.എസ്.എൻ.എൽ കേരള സർക്കിളിന്റെ ജനറൽ മാനേജരുമായി ചർച്ച ചെയ്ത് ഈ പ്രശ്നം പരിഹരിക്കുവാനുള്ള ശ്രമം ബഹുമാനപ്പെട്ട മന്ത്രി നടത്തിവരികയാണ്. ഇത്രമാത്രം താൽപ്പര്യം

ബഹുമാനപ്പെട്ട മന്ത്രിമാർ കാണിക്കുമ്പോഴും അതൊക്കെ നിസ്സാരവൽക്കരിക്കുന്ന ഒരു സമീപനം ശരിയല്ല എന്നാണ് പ്രതിപക്ഷത്തോട് എനിക്ക് പറയുവാനുള്ളത്. വിപ്ലവമെന്നാൽ അകത്തളങ്ങളിൽ നാമ്പെടുക്കേണ്ട ഉന്നതമായ ജീവിത ബോധമാണെന്ന തിരിച്ചറിവ് നമ്മുടെ വിപ്ലവ പാർട്ടികൾക്ക് ഇപ്പോൾ നഷ്ടമായിരിക്കുകയാണ്. സ്വയം പരിഷ്ക്കരിക്കുന്ന വ്യക്തികൾക്കും പ്രസ്ഥാനങ്ങൾക്കും മാത്രമേ ജീവിതത്തേയും ലോകത്തേയും പരിഷ്ക്കരിക്കുവാൻ സാധിക്കുകയുള്ളൂ എന്ന ബാലപാഠം പ്രതിപക്ഷത്തെ ചില ആളുകൾ മറന്നുപോകുന്നു എന്നാണ് എനിക്കവരുടെ നിലപാടുകൾ കാണുമ്പോൾ തോന്നിപ്പോകുന്നത്. അതുകൊണ്ട് സ്വന്തം മാറ്റത്തെക്കുറിച്ച് അറിയാതെപോവുകയും മറ്റുള്ളവരെ നാറിയെന്നും, പരനാറിയെന്നും, ശുംഭനെന്നും, ശുനകനെന്നും വിളിച്ച് സ്വയം അപഹാസ്യരായി മാറരുതെന്നുമാണ് എനിക്കവരോട് അഭ്യർത്ഥിക്കാനുള്ളത്. 72 ആയിരുന്ന ഭരണപക്ഷത്തെ അംഗബലം 74-ഉം 76-ഉം ഒക്കെ എത്തിയെങ്കിൽ അതിനു കാരണം, ജനപക്ഷത്തെന്ന് വീമ്പിളക്കുന്ന പാർട്ടികളുടെ ജനാധിപത്യ ബോധമില്ലായ്മയും മാനവികതയുടെ നിരാസവുമാണ് എന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. ഒരു സംശയം എനിക്കുണ്ട്, പ്രതിപക്ഷത്തെ ചില ആളുകൾ ആ സംശയം നിവാരണം ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇതുവരെ നമ്മളൊക്കെ കരുതിയത് പി.ബി, സി.സി എന്നൊക്കെ പറയുന്നത് വലിയ മുന്തിയ സാധനങ്ങളാണെന്നാണ്. ഇപ്പോൾ പി.ബി.ക്കും സി.സിക്കും ഒരു വിലയുമില്ല. കാരണം, പി.ബി താക്കീത് ചെയ്തിട്ടും സി.സി. താക്കീത് ചെയ്തിട്ടും നമ്മുടെ മുൻ വിദ്യാഭ്യാസവകുപ്പുമന്ത്രി ഈ സഭയിൽ

വന്നില്ല. അവസാനം *****[*] രംഗപ്രവേശനം ചെയ്തു – പി.കെ. എസ്. പി.കെ.എസ്. കണ്ണൂരിൽ ഒരു പത്രസമ്മേളനം നടത്തി ഉടൻ സഭയിൽ പോകണം അല്ലെങ്കിൽ ഗുരുതരമായ പ്രത്യാഘാതമുണ്ടാകുമെന്ന് നമ്മുടെ മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയോടു പറഞ്ഞു. പി.കെ.എസ്. എന്നാൽ പി. കെ. ശ്രീമതിടീച്ചർ. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ പത്രസമ്മേളനത്തിൽ പറഞ്ഞപ്പോഴാണ് പിറ്റേദിവസം നമ്മുടെ മുൻ വിദ്യാഭ്യാസവകുപ്പുമന്ത്രി സഭ യിൽ വന്നത്. സി.സിക്കും പി.ബി ക്കു മൊന്നും ഇപ്പോൾ വിലയില്ലേ? ...........(ബഹളം) ...........

ശ്രീമതി കെ. കെ. ലതിക: സഭയിലില്ലാത്ത ഒരാളെക്കുറിച്ച് മോശമായി സംസാരിക്കുന്നത് ശരിയാണോ?

മി. ചെയർമാൻ: ശ്രീമതി ടീച്ചറിന്റെ സ്റ്റേറ്റുമെന്റിനെക്കുറിച്ചാണ് പറഞ്ഞത്. മോശമായിട്ട് ഒന്നും പറഞ്ഞിട്ടില്ല. ശ്രീമതി ടീച്ചർ പറഞ്ഞ, പത്രത്തിൽ വന്ന ഒരു സ്റ്റേറ്റുമെന്റ് മെൻഷൻചെയ്തു എന്നേയുള്ളൂ. മോശമായി വേറൊന്നും പറഞ്ഞില്ല.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാനവർക്ക് പ്രാധാന്യം നൽകിയ താണ്. പി.ബി.യെക്കാളും സി.സി.യെക്കാളും പി. കെ. ശ്രീമതി ടീച്ചറിന് പാർട്ടിയിൽ വിലയുണ്ടെന്നാണ് ഞാൻ പറഞ്ഞത്. അവരുടെ പ്രാധാന്യം ഈ സഭയിൽ ചൂണ്ടിക്കാട്ടിയതാണ്. അല്ലാതെ അവരെ ഇകഴ്ത്താൻ ഞാൻ ശ്രമിച്ചിട്ടില്ല, അവരെക്കുറിച്ച് മോശമായൊന്നും പറഞ്ഞിട്ടില്ല.

---

[*] ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം സഭാരേഖയിൽ നിന്നും നീക്കംചെയ്തു.

ശ്രീ. രാജു എബ്രഹാം: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ശ്രീമതി പി. കെ. ശ്രീമതി ടീച്ചറിനെക്കുറിച്ച് പറഞ്ഞത് ബഹുമാനത്തോടെയല്ല, *****[*] എന്നാണ് വിശേഷിപ്പിച്ചത്.

മി. ചെയർമാൻ: മോശമായ പരാമർശങ്ങളെന്തെങ്കിലുമുണ്ടെങ്കിൽ അത് രേഖയിൽനിന്നും നീക്കം ചെയ്യും.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ ആരെയും ഇകഴ്ത്താനോ, അപമാനിക്കാനോ ശ്രമിച്ചിട്ടില്ല. പി.കെ.എസ് എന്ന പദവി കൂടി സി.പി.എം.ൽ ഉണ്ടായോ എന്ന സംശയനിവാരണത്തിനുവേണ്ടിയാണ് ആ കാര്യം ഇവിടെ സൂചിപ്പിച്ചത്. ഈ രണ്ട് ധനാഭ്യർത്ഥനകളെയും ഞാൻ പിന്തുണയ്ക്കുന്നു. ഈ മന്ത്രിമാർക്ക് കൂടുതൽ നല്ല കാര്യങ്ങൾ ചെയ്യുവാൻ സാധിക്കട്ടെ എന്നു കൂടി ആശംസിക്കുകയാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഞാൻ ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. ജനങ്ങളർപ്പിച്ച വിശ്വാസം സാർത്ഥകമാക്കിക്കൊണ്ട് യു.ഡി.എഫ് ഗവൺമെന്റിന്റെ ജൈത്രയാത്ര മൂന്നാം വർഷത്തിലേയ്ക്ക് കടന്നിരിക്കുകയാണ്. ഭരണത്തിന്റെ സദ്ഫലങ്ങൾ സമസ്ത ജനവിഭാഗങ്ങൾക്കും പ്രാപ്യമാക്കാൻ ജാഗ്രതയോടെ പ്രവർത്തിക്കുന്ന ബഹുമാനപ്പെട്ട വകുപ്പുമന്ത്രിമാരെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. ഊർജ്ജമേഖലയുടെ കാര്യമെടുത്താൽ, പിന്നിട്ട വർഷങ്ങളിൽ നിരവധി നേട്ടങ്ങൾക്ക് കേരളം സാക്ഷ്യം വഹിച്ചു എന്ന് കാണാൻ സാധിക്കും. ഊർജ്ജമേഖല പ്രതിസന്ധിയിലാണെങ്കിലും അതിനെ അതിജീവിക്കു

---

[*] ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം സഭാരേഖയിൽ നിന്നും നീക്കംചെയ്തു.

വാനുള്ള പരിശ്രമങ്ങളിലാണ് ഈ വകുപ്പ്. ഫലപ്രദമായ എനർജി മാനേജ്മെന്റിലൂടെ ജനങ്ങളിൽ അമിതഭാരമടിച്ചേൽപ്പിക്കാതെ കഴിഞ്ഞ മൂന്ന് വർഷക്കാലം ഊർജ്ജവകുപ്പിനെ നയിച്ച ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിനെ ഞാൻ അഭിനന്ദിക്കുന്നു. വൈദ്യുതിയുടെ ലഭ്യതയും ഉപഭോഗവും തമ്മിലുള്ള അന്തരം വർദ്ധിച്ചുവരുന്ന സാഹചര്യങ്ങൾ വളരെ ഗൗരവമായി കണ്ടുകൊണ്ടാണ് ഈ വകുപ്പ് പ്രവർത്തിക്കുന്നത്. ഏതാണ്ട് 772 മെഗാവാട്ട് വൈദ്യുതിയുടെ കുറവ് നമ്മുടെ സംസ്ഥാനം നേരിടുന്നുണ്ട്. ആ പ്രതിസന്ധിയുടെ നടുവിലും വൈദ്യുതി സ്വയം പര്യാപ്തത ലക്ഷ്യം വച്ചുകൊണ്ടുള്ള വകുപ്പിന്റെ പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയാണ്. കെ.എസ്. ആർ.ടി.സി.യുടെ കാര്യമെടുത്താൽ, കോർപ്പറേഷനെ തകർച്ചയിൽനിന്ന് കരകയറ്റി, ലാഭത്തിന്റെ പാതയിൽ എത്തിക്കുന്നതിനുള്ള പുനരുദ്ധാരണ പാക്കേജിലൂടെയാണ് ബഹുമാനപ്പെട്ട തിരുവഞ്ചൂർ അവർകൾ മുന്നോട്ടു പോകുന്നത്. അദ്ദേഹത്തെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുന്നു. ഇടുക്കി യുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോൾ, ഇടുക്കിയുടെ ജീവശ്വാസം എന്നുപറയുന്നത് അവിടത്തെ പട്ടയമാണ്. പട്ടയപ്രശ്നം പരിഹരിക്കുന്നതിന് ഈ രണ്ട് വകുപ്പുകളുടെയും സഹകരണം തീർച്ചയായും ആവശ്യമാണ്. പ്രത്യേകിച്ച് കെ.എസ്. ഇ.ബി യുടെ പദ്ധതി പ്രദേശങ്ങളിലും ഫോറസ്റ്റുമായി ബന്ധപ്പെട്ട പ്രദേശങ്ങളിലും. പട്ടയം കൊടുക്കുന്നതിന് ആവശ്യമായ നടപടികൾ പുരോഗമിക്കുന്ന സാഹചര്യത്തിൽ, വളരെ ദയാപൂർവ്വമായ നടപടികൾ സ്വീകരിച്ച് ഇടുക്കിയിൽ ഭൂമി കൈവശമുള്ള കർഷകന് പട്ടയം കൊടുക്കുന്നതിനുള്ള സാഹചര്യങ്ങൾ സംജാതമാക്കാൻ ഇരുവകുപ്പുകളു ടേയും മന്ത്രിമാർ വളരെ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്ന കാര്യവും ശ്രീ.

തിരുവഞ്ചൂർ രാധാകൃഷ്ണൻ റവന്യൂ മിനിസ്റ്ററായിരിക്കുമ്പോൾ അത്തരം കാര്യങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട് എന്ന കാര്യവും ഏറെ സന്തോഷ ത്തോടെ ഞാനോർക്കുകയാണ്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയുമ്പോൾ, ഇടുക്കിയുടെ ഗതാഗത പ്രശ്നങ്ങളും ബാധകമാ ണ്. ചില റോഡുകളുടെ നിർമ്മാണപ്രവർത്തനങ്ങൾക്കും കുടിവെള്ളസ്രോതസ്സുമായി ബന്ധപ്പെട്ട കാര്യങ്ങളിലും ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുനിന്നുമുള്ള ചെറിയതടസ്സങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കണം. ഇടുക്കിയിൽ നിന്ന് തൊടു പുഴയിലേക്കുള്ള ഏറ്റവും പ്രധാനപ്പെട്ടവഴിയാണ് ഇടുക്കി-ഉടുമ്പന്നൂർ റോഡ്. അതിന്റെ മണിയാർകുടി മുതൽ കൈതപ്പാറ വരെയുള്ള ഭാഗം വനത്തിലൂടെ യാണ്. ഫോറസ്റ്റ് ഡെവലെപ്മെന്റ് കോർപ്പറേഷനാണ് ആറോഡ് നിർമ്മിച്ചി ട്ടുള്ളത്. ഇപ്പോൾ അവിടെ നിർമ്മാണപ്രവർത്തനം നടത്താൻ ബുദ്ധിമുട്ടുണ്ട്. ആ റോഡിന്റെ നിർമ്മാണം ഫോറസ്റ്റ് ഡെവലെപ്മെന്റ് കോർപ്പറേഷൻതന്നെ നടത്തുന്നതിനായി അസറ്റ് ഡെവലെപ്മെന്റ് ഫണ്ടിൽ നിന്നും ഒരു കോടി രൂപ നൽകിയിട്ടുണ്ട്. എത്രയുംവേഗം നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്ന തിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. നിലവിൽ ഇടുക്കിയിൽ ഡി.ഫ്.ഒ ഇല്ല, കോട്ടയം ഡി.എഫ്. ഒ യുടെ കീഴിലാണ് ഇടുക്കിയെ ഉൾപ്പെടുത്തിയിരിക്കുന്നത്. വനസംരക്ഷണത്തിനും ഇതര കാര്യങ്ങൾക്കും നേതൃത്വം വഹിക്കുവാൻ ഇടുക്കി കേന്ദ്രീകരിച്ച് ഒരു ഡി.എഫ്.ഒ ഉണ്ടാകുന്നതിനായി ശ്രമിക്കണം എന്ന് ഞാൻ ആവശ്യപ്പെടുന്നു. കെ.എസ്.ആർ.ടി.സി യുടെ രണ്ട് ഡിപ്പോകളാണ് എന്റെ മണ്ഡലത്തിലുള്ളത്. ആ രണ്ട് ഡിപ്പോകളും ലാഭകരമാണ്, പക്ഷെ പുതിയ ബസ്സുകളില്ല. പഴയ ബസ്സുകൾ ഹൈറേഞ്ചിൽ സർവ്വീസ് നടത്തുന്നത് അപകടകരമാണ്.

കാലാവസ്ഥ മാറുന്നതുകൊണ്ടും, കുത്തനെയുള്ള കയറ്റവും വളവുമൊക്കെ യുള്ളതുകൊണ്ട് പഴയ ബസ്സുകൾ മാറ്റി ഹൈറേഞ്ചിലേയ്ക്ക് പുതിയ വാഹനങ്ങൾ നൽകുന്നതിനും പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നു. ഇടുക്കിയിൽ ഹൈഡൽ ടൂറിസത്തിന് വളരെയേറെ പ്രാധാന്യമുണ്ട്. അതിന്റെ പ്രാധാന്യം കണക്കിലെടുത്താണ് കഴിഞ്ഞ ബഡ്ജറ്റിൽ വടക്കേപ്പുഴ ഹൈഡൽ ടൂറിസം പദ്ധതിക്ക് ആവശ്യമായ സാഹചര്യങ്ങൾ രൂപപ്പെട്ട് വന്നിരിക്കുന്നത്. ഗവൺമെന്റിന്റെ പ്രത്യേക ഉത്തരവിലൂടെ, എല്ലാ വർഷവും ഓണം, ക്രിസ്തുമസ്സ് ദിവസങ്ങളിൽ ആർച്ച് ഡാം സന്ദർശകർക്ക് തുറന്നു കൊടുത്തിട്ടുണ്ട്. റിമോട്ട് ടൂറിസത്തിന്റെ സാധ്യതകൾ വർദ്ധിച്ചുവരികയാണ്. ഇടുക്കി ആർച്ച് ഡാം സന്ദർശകർക്ക് വേണ്ടി Saturdays, Sundays & Holidays എന്ന നിലയിൽ ഒരു പ്രോജക്ട് രൂപപ്പെടുത്തി ടൂറിസം സാധ്യ തകൾ കൂടുതൽ ഫലപ്രദമാക്കുവാനും ഇടുക്കിയിലേക്ക് കൂടുതൽ സഞ്ചാരി കൾ എത്തുന്നതിനായി പരിശ്രമിക്കണമെന്നും അതിനുവേണ്ട സൗകര്യമൊരു ക്കണമെന്നും അഭ്യർത്ഥിക്കുന്നു. ഇടുക്കിയിൽ ചെറിയ കാരണങ്ങൾകൊണ്ട് പട്ടയം നൽകുന്നത് തടസ്സപ്പെട്ടിരിക്കുന്നു. അവിടത്തെ പട്ടയപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും 1–1–1977 ന് മുൻപ് കൈവശമുള്ള ഭൂമിക്ക് മുഴുവൻ കൈവശക്കാർക്കും പട്ടയം കൊടുക്കുവാനും കഴിയണം. കുടിവെള്ള പദ്ധതികൾക്കുവേണ്ടി ഡാം സോഴ്സായി കണ്ടുകൊണ്ടുള്ള പദ്ധതികൾ വരുമ്പോൾ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെയും കെ.എസ്.ഇ.ബി യുടേയും സഹകരണം ആവശ്യമാണ്. കല്യാണത്തണ്ട് കുടിവെള്ള പദ്ധതി ആവിഷ്ക്ക രിച്ചാൽ എന്റെ നിയോജകമണ്ഡലത്തിലെ രണ്ടു പഞ്ചായത്തുകളിൽ കുടി

വെള്ളമെത്തിക്കാൻ കഴിയും. അതിനുവേണ്ടിയുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി യുടേയും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റേയും പൂർണ്ണമായ സഹകരണത്തോടെ ഈ പദ്ധതി നടപ്പിലാക്കണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്. ഈ രണ്ട് വകുപ്പുകളുടെയും മന്ത്രിമാർ അവരവരുടെ വകുപ്പുകളിൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തി മുന്നോട്ടുപോവുകയാണ്. ഗവൺമെന്റിന്റെ മുഖഛായക്ക് അത് വലിയ നേട്ടമാകും. ഏറ്റവും ഫലപ്രദമായ രീതിയിൽ ഈ വകുപ്പുകൾ മുന്നോട്ടുപോകട്ടെ എന്നാശംസിച്ചുകൊണ്ട്, ഗവൺമെന്റിനെ അഭിനന്ദിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, കേരളത്തിൽ ഗവൺമെന്റുകൾ മാറിമാറി വരാറുണ്ട്. അങ്ങനെ മാറിവരുന്ന ഗവൺമെന്റുകളുടെ നയപരിപാടികളനുസരിച്ച് പല മേഖലകൾക്കും പ്രയാസമോ ഗുണമോ ലഭിക്കും. ചിലപ്പോൾ പെൻഷൻ നിർത്തലാക്കുകയോ ശമ്പളപരിഷ്കരണം നീട്ടിക്കൊണ്ടുപോവുകയോ മോട്ടോർ വാഹനങ്ങളുടെ നികുതി വർദ്ധിപ്പിക്കുകയോ ചെയ്യുന്നതിലൂടെ ഓരോ വിഭാഗം ജനങ്ങളെ അത് ബാധിക്കുകയും ചെയ്യും. എന്നാൽ, കേരളത്തിലെ 3,33,00,000 ജനങ്ങളെയും ബാധിക്കുന്ന, എല്ലാവർക്കും അനുഭവവേദ്യമാകുന്ന ഒരു മേഖലയാണ് വൈദ്യുതി മേഖല. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരമൊഴിഞ്ഞ് യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന കാലഘട്ടം മുതൽ കേരളത്തിലെ സ്ഥിതിവിശേഷം പരിശോധിക്കുകയാണെങ്കിൽ അക്കാര്യം പ്രകടമായി മനസ്സിലാക്കാൻ സാധിക്കും. അതിനായി ഒരുപാട് പ്രാവശ്യം പറഞ്ഞു തഴമ്പിച്ച അൽപ്പം

ചരിത്രം കൂടി പറയേണ്ടിവരും. 1996–ൽ നയനാർ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കേരളത്തിൽ മൂന്നര മണിക്കൂർ ലോഡ് ഷെഡ്ഡിംഗായിരുന്നു. ചെറുകിട വ്യവസായങ്ങളിൽ ഉൾപ്പെടെ 100 ശതമാനവും പവർ കട്ടായിരുന്ന ഒരവസ്ഥ. ചെറുതും വലുതുമായ എല്ലാ പട്ടണങ്ങളിലും മിക്ക കടകളുടെയും മുമ്പിൽ ഇപ്പോൾ ചെറിയ ജനറേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. വൈദ്യുതിക്ഷാമം രൂക്ഷമായിരുന്ന ആ കാലഘട്ടത്തിലാണ് ഈ ജനറേറ്ററുകൾ വന്നത്. കാരണം വൈകുന്നേരം ഏഴ് മണികഴിഞ്ഞാൽ വൈദ്യുതി ഉപയോഗിക്കാൻ കച്ചവട സ്ഥാപനങ്ങൾക്ക് അവകാശമില്ലായിരുന്നു. ആരെങ്കിലും ഉപയോഗിച്ചാൽ പോലീസ്–കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥന്മാർ വന്ന് വൈദ്യുതി കട്ട് ചെയ്യുന്നൊരു കാലമുണ്ടായിരുന്നു. 1996–ൽ നയനാർ ഗവൺമെന്റ് അധികാരത്തിൽ വന്നു. സഖാവ് പിണറായി വിജയൻ വൈദ്യുതി വകുപ്പുമന്ത്രിയായപ്പോൾ നാടിന്റെ സമ്പദ്ഘടനയിൽ ഏറ്റവും പ്രധാനപ്പെട്ട പങ്ക് വഹിക്കുന്ന വൈദ്യുതി രംഗത്ത് മാറ്റങ്ങൾ വരുത്താൻ ദീർഘവീക്ഷണത്തോടുകൂടിയുള്ള പരിപാടികൾ ആവിഷ്ക്കരിച്ചു. അതിന്റെ ഫലമായി അത്ഭുതകരമായ മാറ്റങ്ങളായിരുന്നു ഇവിടെ ഉണ്ടായത്. 1997 നവംബർ 1–ാം തീയതി, അതായത് കേരളത്തിന്റെ 40–ാം പിറവി ദിനത്തിൽ ലോഡ് ഷെഡ്ഡിംഗും പവർകട്ടുമില്ലാത്ത സംസ്ഥാനമായി കേരളം പ്രഖ്യാപിക്കപ്പെട്ടു. സ്ഥിതി മാറി വന്നത് എങ്ങനെയാണ്? ഇന്നത്തെ പോലെ അനങ്ങാതിരുന്നില്ല. അന്ന് ഇന്നത്തെപ്പോലെ കോറിഡോറില്ല. ബംഗാൾ അന്ന് വൈദ്യുതി മിച്ച സംസ്ഥാനമാണ്. ഭരണകക്ഷിയംഗങ്ങൾ ഇപ്പോൾ ഒരുപാട് കുറ്റം പറയുന്ന ബംഗാൾ രക്തം കൊടുത്തുപോലും പദ്ധതിയുണ്ടാക്കി വൈദ്യുതി മിച്ച സംസ്ഥാനമാക്കി. ബംഗാളിൽ നിന്നും കേരളത്തിന് വൈദ്യുതി തരാൻ അവർ

തയ്യാറായപ്പോൾ കൊണ്ടുവരാനുള്ള സൗകര്യമായിരുന്നു പ്രധാന പ്രശ്നം. അതിനായി എന്താണ് ചെയ്തത്? ബംഗാളിൽ നിന്ന് വൈദ്യുതി ഒറീസയിലേയ്ക്കും അവിടെനിന്ന് ആന്ധ്രയിലേയ്ക്കും പിന്നീട് തമിഴ്നാട്ടിലേയ്ക്കും അവിടെനിന്ന് കേരളത്തിലേയ്ക്കും വാങ്ങി ആ ഘട്ടത്തിൽ കേരളത്തിന്റെ വൈദ്യുതി പ്രശ്നം പരിഹരിച്ചു. അതുപോലെതന്നെ 1996–2001 കാലഘട്ടത്തിൽ കേരളത്തിൽ 1088 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിച്ചു. ഇതെല്ലാം രേഖയിലുള്ളതാണ്. എന്നാൽ, 2001–2006 കാലഘട്ടത്തിൽ യു.ഡി. എഫ്. ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വന്നപ്പോൾ 21.5 മെഗാവാട്ട് വൈദ്യുതി മാത്രമാണ് അധികമായി ഉൽപ്പാദിപ്പിച്ചത്. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ 1088 മെഗാവാട്ട് വൈദ്യുതിയും യു.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുന്ന കാലത്ത് 21.5 മെഗാവാട്ട് വൈദ്യുതിയുമാണ് കൂടുതലായി ഉൽപ്പാദിപ്പിച്ചത്. ഈ അന്തരം എല്ലാവർക്കും മനസ്സിലാകുന്നതാണ്. അന്ന് ആരൊക്കെയായിരുന്നു മന്ത്രിമാർ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മാറുന്നതുപോലെ അന്നും മന്ത്രിമാർ മാറിക്കൊണ്ടിരിക്കുമായിരുന്നു. അന്ന് ഈ വകുപ്പ് ആദ്യം കൈകാര്യം ചെയ്തത് കടവൂർ ശിവദാസനും പിന്നീട് ശ്രീ. കെ. മുരളീധരനും അതുകഴിഞ്ഞ് ശ്രീ. ആര്യാടൻ മുഹമ്മദുമായിരുന്നു. മൂന്ന് മന്ത്രിമാർ മാറിമാറി ഭരിച്ചിട്ടും യാതൊരു മാറ്റവും വരുത്താൻ സാധിച്ചില്ലെന്നു മാത്രമല്ല, 2002 മുതൽ വീണ്ടും ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തുകയും അത് 2005 നവംബർ വരെ തുടരുകയും ചെയ്തു. 2006 –ൽ വീണ്ടും എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരികയും ശ്രീ. എ. കെ. ബാലൻ വൈദ്യുതി വകുപ്പുമന്ത്രിയുമായി. അന്നുമിന്നും, ഊണിലും

ഉറക്കത്തിലും വൈദ്യുതിയെക്കുറിച്ച് മാത്രം കൂടുതലായി ചിന്തിക്കുകയും നൊമ്പരപ്പെടുകയും ആശങ്കപ്പെടുകയും ചെയ്യുന്ന ഒരു മന്ത്രിയാണ് ശ്രീ. എ. കെ. ബാലൻ. അദ്ദേഹം ഈ വകുപ്പിന്റെ അധികാരം ഏറ്റെടുത്തതോടെ എല്ലാ മേഖലയിലും മാറ്റം വന്നു. അന്ന് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വൈദ്യുതി ഉൽപ്പാദന കേന്ദ്രം ഇടുക്കിയായിരുന്നു. കക്കയം രണ്ടാമത്തെ പ്രധാനകേന്ദ്രമായി മാറി. നൂറ്റിമൂന്നേമുക്കാൽ മെഗാവാട്ട് വൈദ്യുതി അധിക മായി ഉൽപ്പാദിപ്പിച്ചു. ഇത് നിങ്ങളുടെ കാലത്തും ചെയ്യാൻ കഴിയുന്നതായിരു ന്നു. കക്കയത്തുള്ള 100 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിച്ചത് എങ്ങനെയായിരുന്നു? അന്ന് ബാണാസുരസാഗറിൽ നിന്നുള്ള വെള്ളം പെൻസ്റ്റോക്ക് പൈപ്പ് വഴി കക്കയത്തെത്തിച്ചാണ് വൈദ്യുതി ഉൽപ്പാദിപ്പിച്ചത്. അന്ന് ആ പൈപ്പിടുന്നതിന് തർക്കമുണ്ടായി. കാരണം, പഴയകാലത്ത് വനം വകുപ്പിന്റെ സ്ഥലം ധാരാളം ആളുകൾ പട്ടയമില്ലാതെ കൈവശം വച്ചിരുന്നു. അങ്ങനെ വരുമ്പോൾ വെള്ളം കൊണ്ടുവരുന്ന പെൻസ്റ്റോക്ക് പൈപ്പിടേണ്ടത് ഈ തർക്കഭൂമിയിലൂടെയാണ്. ഈ വിഷയത്തിൽ അന്നത്തെ വകുപ്പു മന്ത്രിമാരായ ശ്രീ. ആര്യാടൻ മുഹമ്മദോ ശ്രീ. കെ. മുരളീധരനോ ആരും ഇടപെട്ടില്ല. ഗവൺമെന്റ് മാറി വന്നപ്പോൾ പെൻസ്റ്റോക്ക് പൈപ്പിടേണ്ട സ്ഥലം ഗവൺമെന്റ് ഏറ്റെടുത്ത് അതിന്റെ പ്രവർത്തനം ആരംഭിച്ചു. അങ്ങനെ 2003– മുതൽ മുടങ്ങിക്കിടന്ന ആ പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചു. അങ്ങനെ യൊക്കെയാണ് അന്ന് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിച്ചത്. ഇപ്പോഴും ബാണാസുരസാഗർ വലിയൊരു പ്രശ്നം തന്നെയാണ്. അതിനെ സംബന്ധിച്ച് കർണ്ണാടകയിലും തമിഴ്നാട്ടിലുമൊക്കെ തർക്കമുണ്ട്. ഇന്ന് തമിഴ്നാട് കബനി നദിയിലുള്ള വെള്ളം കടത്തിക്കൊണ്ട് പോകാൻ ശ്രമിക്കുകയാണ്. കേരളം

വളരെ നിർവികാരതയോടുകൂടിയ സമീപനമാണ് ഇതിന്മേൽ എടുക്കുന്നത്. എന്തായിരിക്കും അതിന്റെ ഫലം. ആ വെള്ളം കേരളത്തിന് ലഭിച്ചില്ലെങ്കിൽ ബാണാസുരസാഗറിലെ വെള്ളം പെൻസ്റ്റോക്ക് പൈപ്പ് വഴി കക്കയത്തെത്തി യില്ലെങ്കിൽ ഈ 100 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാവില്ല. അതു മാത്രമല്ല, ആ വെള്ളം പെരുവണ്ണാമുഴി റിസർവോയറിൽ എത്തിയില്ലെങ്കിൽ ജപ്പാൻ കുടിവെള്ള പദ്ധതി തടസ്സപ്പെടും. അതിനായി കോടിക്കണക്കിന് ലിറ്റർ വെള്ളം വേണം. അതിന് വെള്ളമുണ്ടാവില്ല. ഇപ്പോൾ ബാണാസുര സാഗറിൽ നിന്നും വരുന്ന വെള്ളംകൊണ്ടാണ് പെരുവണ്ണാമൂഴി വേനൽക്കാലത്തുപോ ലും നിറഞ്ഞുനിൽക്കുന്നത്. അതിനുമുമ്പ് പെരുവണ്ണാമുഴി റിസർവോയറിന്റെ അടിഭാഗം ഉണങ്ങിവരണ്ട് കിടക്കുന്നത് അതുവഴി പോകുന്നവർക്ക് കാണാമാ യിരുന്നു. അക്കാര്യങ്ങളിലെല്ലാം ശ്രദ്ധിക്കണമെന്നാണ് പറയാനുള്ളത്. അതു പോലെ അന്ന് ടെണ്ടർ ചെയ്ത വർക്കുകൾ പോലും ഏറ്റെടുക്കാൻ ബഹുമാ നപ്പെട്ട വകുപ്പുമന്ത്രി തയ്യാറാകുന്നില്ല. ഉദാഹരണമായി കക്കയം സ്മോൾ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് നാല് മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പി ക്കുന്നതാണ്. ശ്രീ. എ. കെ. ബാലന്റെ കാലഘട്ടത്തിൽ ടെണ്ടർ ചെയ്തതാ ണല്ലോ; മൂന്നുവർഷവും ഒരുമാസവുമായല്ലോ? ഇന്നവരെ താങ്കളുടെ ഡിപ്പാർട്ടുമെന്റ് തിരിഞ്ഞുനോക്കിയിട്ടില്ല. നാല് മെഗാവാട്ട് ഉൽപ്പാദിപ്പിക്കുന്ന തിനായി ടെണ്ടർ ചെയ്ത വർക്ക് തുടങ്ങുന്നതിന് എന്ത് പ്രയാസമാണുള്ളത്? അതുപോലെ തന്നെ പെരുവണ്ണാമൂഴിയിലെ ഡാം II, രണ്ട് മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതിയാണ്. അതിന്റെ ഡി.പി.ആർ.എല്ലാം അംഗീകരിച്ചതാണ്. ഡി.പി.ആർ. അംഗീകരിച്ച് എ.എസ്. നൽകിക്കഴിഞ്ഞാൽ പിന്നെ അത് ടെണ്ടർ ചെയ്താൽ പോരേ; അതിനൊന്നും

മറ്റ് യാതൊരുവിധ തടസ്സങ്ങളുമില്ലല്ലോ? എന്നാൽ, ഇതിന്റെയൊന്നും പണി തുടങ്ങാത്തതിന് വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് മാത്രമാണ് കുറ്റക്കാരനെന്നൊന്നും ഞങ്ങൾ പറയുന്നില്ല. ഇതൊരു ഗവൺമെന്റിന്റെ നയമാണ്. ഞാൻ ശ്രീ. ആര്യാടൻ മുഹമ്മദിനോട് ചോദിക്കുന്നു, 62 ചെറുകിട വൈദ്യുതപദ്ധതികൾ സ്വകാര്യ വ്യക്തികൾക്ക് വിൽക്കാൻ വേണ്ടിയുള്ള ഏതെങ്കിലും ഗൂഢലക്ഷ്യമുണ്ടോ?. ആധികാരികമായി വസ്തുതകൾ അറിയാനോ അത് കണ്ടെത്താനോ കഴിയുള്ളവരല്ല ഞങ്ങളിൽ പലരും. അങ്ങനെ വിൽക്കില്ലെന്ന് വിശ്വസിക്കാൻ കഴിയുന്ന ആളുകളല്ല പ്രതിപക്ഷത്തിരിക്കുന്നവർ. ആകാശവും ഭൂമിയും പാതാളവും വിറ്റ അനുയായികളും ആ ഭരണത്തിന്റെ കൂടെ നിന്ന ആളുകളുമാണല്ലോ? അതുകൊണ്ട് കേരളത്തിന്റെ 62 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യവത്കരിച്ചാലൊന്നും അത്ഭുതപ്പെടേണ്ടതില്ല.

ഇനി പ്രസരണനഷ്ടത്തിന്റെ കാര്യം നോക്കുക. കേരളത്തിൽ പ്രസരണ നഷ്ടം 14.5 ശതമാനമായിരുന്നു. ഇപ്പോൾ അത് 15.18 ശതമാനമായി വർദ്ധിച്ചു. അതായത് 0.68 ശതമാനം പ്രസരണനഷ്ടം കൂടി. പ്രസരണ നഷ്ടം കൂടിയാൽ എത്രയാണ് നഷ്ടം വരുന്നത്? കേരളത്തിൽ ഒരു വർഷം ഉപയോഗിക്കുന്നത് 2200 കോടി യൂണിറ്റ് വൈദ്യുതിയാണ്. 2200 കോടി യൂണിറ്റിന്റെ 0.68 ശതമാനമെന്നുപറഞ്ഞാൽ ഏകദേശം 15 കോടി യൂണിറ്റ് വരും. ഇതിൽ ചില്ലറ വ്യത്യാസമേ ഉണ്ടാകുകയുള്ളൂ. ആ 15 കോടി യൂണിറ്റിൽ ഒരു യൂണിറ്റിന് 5 രൂപ വച്ച് കൂട്ടിയാൽ എത്ര വരും? 75 കോടി രൂപ.

അത്രയും നമുക്ക് നഷ്ടമാണ്. ആ നഷ്ടം പരിഹരിക്കാൻ എന്തെങ്കിലും ജാഗ്രത കാണിക്കണ്ടേ? അതൊന്നും ചെയ്തില്ല. നഷ്ടത്തിന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് ഒരു റിക്കാർഡ്തന്നെ സൃഷ്ടിക്കുന്നുണ്ടോ എന്നുള്ള കാര്യത്തിൽ എനിക്ക് സംശയമുണ്ട്. കാര്യങ്ങൾ ഒന്നുകൂടി വ്യക്തമാകാനായി, നേരത്തെ ബാബു എം. പാലിശ്ശേരി പറഞ്ഞ കാര്യം ഒന്നുകൂടി ഞാൻ ആവർത്തിക്കുകയാണ്. 2011-2012-ൽ 473 കോടി രൂപയും 2012-2013-ൽ 805 കോടി രൂപയും കൂടി ആകെ 1278 കോടി രൂപയുടെ നഷ്ടം വന്നിട്ടുണ്ട്. കൂടാതെ കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങിയ ഇനത്തിൽ 244 കോടി രൂപയുടെ നഷ്ടവും വന്നിട്ടുണ്ട്. എന്നാൽ എൽ.ഡി.എഫ്.-ന്റെ കാലത്ത്, 2008-2009 കാലഘട്ടത്തിൽ 38 കോടി രൂപയും 2009-2010-ൽ 30 കോടി രൂപയുടെ ലാഭവുമാണ് വന്നിരിക്കുന്നത്. അതെങ്ങനെയാണ് വരുന്നത്? വൈദ്യുതി വാങ്ങിവിറ്റാൽ എൽ.ഡി.എഫ്.-ന്റെ കാലത്ത് ലാഭവും യു.ഡി.എഫ്.-ന്റെ കാലത്ത് നഷ്ടവും വരുന്ന വിദ്യയെന്താണെന്നുള്ള കാര്യം മനസ്സിലാകുന്നില്ല. ഈ കണക്കിനെല്ലാം രേഖയുള്ളതാണ്. 2012-2013-ൽ വൈദ്യുതി വാങ്ങാനായി ചെലവഴിച്ച തുക ഇപ്പോൾ വൈദ്യുതിയിലുള്ള വരുമാനത്തിന്റെ 62 ശതമാനമാണ്. എന്നാൽ എൽ.ഡി.എഫ്.-ന്റെ കാലത്ത് അത് 56, 53, 54, 55 ശതമാനമാണ്. എന്തിനാണ് അധികം പണമുപയോഗിക്കേണ്ടി വരുന്നത്? ഇങ്ങനെയുള്ള കുത്തഴിഞ്ഞ സ്ഥിതി എല്ലായിടത്തുമുണ്ട്. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, വൈദ്യുതി മേഖലയിൽ ആകെ ഒരു ഉടച്ചുവാർക്കലിന് തയ്യാറാകണം. കാരണം, ഇത് കേരളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. അടുത്തതായി പറയാനുള്ളത്

ട്രാൻസ്പോർട്ട് വകുപ്പിനെക്കുറിച്ചാണ്. ട്രാൻസ്പോർട്ട് എന്നുപറഞ്ഞാൽ സാധാരണഗതിയിൽ നമ്മുടെ നാട്ടിൽ ഒരു ചൊല്ലുണ്ട് – 'കേന്ദ്രം കേരളത്തെ അവഗണിക്കുന്നു. കേരളം മലബാറിനെ അവഗണിക്കുന്നു'. എന്തായാലും ഈ അവഗണന അവസാനിപ്പിക്കണം. പ്രത്യേകിച്ച്, കെ.എസ്.ആർ.ടി.സി. യുടെ കാര്യത്തിലെ അവഗണന അവസാനിപ്പിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ രംഗത്ത് മാറ്റം വന്നിരുന്നു. തിരുവനന്തപുരത്ത് 'അനന്തപുരി' എന്നപേരിലും മലബാറിൽ 'മലബാർ' എന്നപേരിലുമുള്ള ബസ് കോഴിക്കോടുനിന്ന് കിഴക്കൻ മലയോരത്തേയ്ക്ക് ചെയിൻ സർവ്വീസ് നടത്തിയിരുന്നു. എത്ര വലിയ ലാഭമായിരുന്നു അക്കാ ലത്ത് എന്നുള്ളതിന്റെ കണക്കെടുത്ത് പരിശോധിച്ചാൽ മതി. അന്ന ആളുകൾ 'മലബാറി'നുവേണ്ടി കാത്തുനിൽക്കുകയായിരുന്നു. നിങ്ങൾ എന്തുചെയ്തു; പടിപടിയായി പൊളിച്ച് തീർത്തില്ലേ? ആ മേഖലയിൽ ഇന്ന് കേരളത്തിലെ ഒരു വലിയ സമ്പന്നന്റെ ബസ് ഓടുന്നുണ്ട്. ആളിന്റെ പേരൊന്നുംപറഞ്ഞ് ഇവിടെ കുഴപ്പമുണ്ടാക്കുന്നില്ല. അതിന് റൂളിംഗ് വരും. അയാളുടെ ബസ് തന്നെയാണ് ഓടുന്നത്. വേണമെങ്കിൽ പരിശോധിച്ചുനോക്കാം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ലാഭമുണ്ടാക്കാനായി കെ.എസ്.ആർ.ടി.സി.–യിൽ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തത്; നിങ്ങൾ കോഴിക്കോട് കെ.എസ്.ആർ. ടി.സി.–യിൽ പോയി നോക്കാറില്ലേ? അത് കണ്ടാൽ എന്തൊരു ഭംഗിയാണ്! അതെല്ലാം ഉത്ഘാടനം ചെയ്യാനുള്ള ഭാഗ്യം നിങ്ങൾക്കാണ്. അത് ആയി ക്കോട്ടെ, എന്തായാലും അതൊന്ന് ഫലപ്രദമായി നടപ്പാക്കിക്കഴിഞ്ഞാൽ....... പൊന്നുംവിലയ്ക്ക് കിട്ടിയ സ്ഥലമല്ലേ? ആ പഴയ എൻ.വി.–യുടെ വർക്ക്ഷോപ്പും മറ്റും..... അതെല്ലാംതന്നെ കണ്ണായ സ്ഥലത്ത് ...... ഇതെല്ലാം

ചെയ്തിട്ട് ലാഭമുണ്ടാക്കാനായി ശ്രമിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല. ടാക്സിന്റെ കാര്യമെടുത്താൽ, വണ്ടികളുടെ ടാക്സ് കൂട്ടിയത് കഴിഞ്ഞ യു.പി.എ. സർക്കാരോ ഇപ്പോഴത്തെ എൻ.ഡി.എ. സർക്കാരോ അല്ല, അത് നിങ്ങൾ തന്നെയാണല്ലോ? നേരത്തെ ശ്രീ. കെ. രാജു അതിന്റെ കണക്ക് പറഞ്ഞില്ലേ? ജൂലൈ 1, 2 തീയതികളിൽ കേരളത്തിൽ 'ചക്രസ്തംഭനം' ആയിരുന്നു. എന്തിനാണ്? സി.ഐ.റ്റി.യു., ഐ.എൻ.റ്റി.യു.സി., എ.ഐ.റ്റി.യു.സി., എച്ച്.എം.എസ്., ബി.എം.എസ്., യു.റ്റി.യു.സി., എസ്.റ്റി.യു. തുടങ്ങിയ 8 ട്രേഡ് യൂണിയനുകളാണ് ഇതിൽ പങ്കെടുക്കുന്നത്. കേരളത്തിൽ 1,12,00,000 വീടുകളിലായി മൂന്നരക്കോടി ജനങ്ങളാണുള്ളത്. അവരുടെ വാഹനങ്ങൾ എല്ലാം കൂടി 87 ലക്ഷം. ചില്ലറ വ്യത്യാസമുണ്ടാകും. ഒന്നര വീടിന് ഒരു വാഹനം. ഒന്നര വീട് എന്നുപറഞ്ഞാൽ കണക്ക് ശരിയാകില്ല, ഗണിതം ശരിയാക്കാൻ വേണ്ടി 3 വീടിന് 2 വാഹനം എന്നുപറയാം. മറ്റൊരു രൂപത്തിൽ പറഞ്ഞാൽ മൂന്നര ആളുകൾക്ക് ഒരു വാഹനം, അല്ലെങ്കിൽ 7 ആളുകൾക്ക് 2 വാഹനം. ആ തരത്തിൽ വാഹനമുണ്ട്. എല്ലാവരെയും ബാധിക്കുന്ന കാര്യമല്ലേ; അതിന് ഈ തരത്തിൽ ടാക്സ് കൂട്ടേണ്ടതുണ്ടോ? മുമ്പ് ഓട്ടോറിക്ഷക്കാർ സമരം ചെയ്തപ്പോൾ മുഖ്യമന്ത്രി ഇടപെട്ട് അവരുടെ വാഹന ടാക്സ് കുറച്ചുകൊടുത്തു. എന്നാലും ടാക്സിനെ ഈ അവസ്ഥയിലേയ്ക്ക് എത്തിക്കേണ്ടതുണ്ടോ? ചെങ്കല്ല് കൊണ്ടുവരുന്ന പിക്കപ്പ് വാനിനെല്ലാം വില വർദ്ധിക്കുന്ന രൂപത്തിലേയ്ക്ക് എത്തിച്ചേർന്നു. വനത്തെക്കുറിച്ചാണ് അടുത്തതായി പറയാനുള്ളത്. ചില ലീഗുകാർ സംസാരിക്കുന്നതുപോലെ,

നിങ്ങൾ വന്നപ്പോൾ ആനയ്ക്കെന്തോ ഒരു വല്ലാത്ത ‘മുഷ്ക്’ കൂടിയിട്ടുണ്ട്. ആന നാട്ടിലെ ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങുന്നതിനെ ഉദ്ദേശിച്ചാണ് ‘മുഷ്ക്’ കൂടിയെന്നുപറഞ്ഞത്. ഇടുക്കിയിൽ നിന്നും കാസർഗോഡ് നിന്നും മറ്റ് എല്ലാ സ്ഥലത്തുനിന്നും ആന ഇറങ്ങുന്നതിനെക്കുറിച്ച് പറഞ്ഞു. പേരാമ്പ്ര ടൗണിന്റെ 2 കിലോ മീറ്റർ അപ്പുറംവരെ ആന ഇറങ്ങി. ജനങ്ങളാകെ ഭീതിയിലാണ്. പണ്ടൊക്കെ ആനകൾ പശ്ചിമഘട്ടത്തിന്റെ അപ്പുറത്ത് നിൽക്കുമായിരുന്നു. ഇന്ന് ഫെൻസിംഗ് നിർമ്മിക്കുന്നതിനായി പത്ത് പൈസ ചെലവ് ചെയ്യുന്നുണ്ടോ? ആനകളെ തടയുന്നതിനായി സോളാർ ഫെൻസിംഗും കിടങ്ങുകളുമുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ കിടങ്ങ് കുഴിക്കാമെന്ന് പറഞ്ഞു. ഒരു കിടങ്ങുപോലും കുഴിക്കാനുള്ള അനുവാദം കിട്ടിയില്ല, ഫെൻസിംഗുമില്ല. ആനയും വലിയ സമർത്ഥമായി ട്ടാണ് പെരുമാറുന്നത്. ആന മാത്രമല്ല നമ്മുടെ നാട്ടിലുള്ള എല്ലാ ജീവികളും പഴയതുപോലെയല്ല. നാട്ടിൽ ഇപ്പോൾ കോഴിയെ പിടിക്കുന്നത് കുറുക്കനല്ല. പണ്ട് കോഴിയെ പിടിക്കുന്നത് കുറുക്കനായിരുന്നു. ഇപ്പോൾ കോഴിയെപ്പിടി ക്കുന്നത് നായകളാണ്. നായകൾ കൂട്ടംകൂട്ടമായി വന്ന് കോഴികളെ പിടിക്കു കയാണ്. ഫെൻസിംഗ് കുറെക്കൂടി ഫലപ്രദമായി ചെയ്തില്ലെങ്കിൽ ശരിയാ കില്ല. ആനകൾ വലിയ തെങ്ങുകളെയല്ല, കായ്ച്ചുതുടങ്ങുന്ന തെങ്ങുകളെ യാണ് നശിപ്പിക്കുന്നത്. അത് വല്ലാത്ത വേദനയാണ്. അവയെ നശിപ്പിക്കു ന്നത് കുട്ടികളെ കൊല്ലുന്നതുപോലെയാണ്. ഒരു തെങ്ങ് കായ്ക്കുന്ന രൂപ ത്തിലേയ്ക്ക് വളർത്തിക്കൊണ്ടുവരാനായി എന്ത് സമയമെടുക്കും. അതിനെയെല്ലാം തകർത്തിരിക്കുകയാണ്. പന്നികളെ ഓടിക്കുന്ന വിദ്യ അറിയാമല്ലോ? ഒരു പന്നിയെ വെടിവയ്ക്കണമെങ്കിൽ ആദ്യമായി, അത്

കാട്ടുപന്നിയാണെങ്കിൽ പെർമിഷൻ വാങ്ങണം, ഗർഭം ഉണ്ടോ, കുട്ടി മുഴയ്ക്കുന്നുണ്ടോ എന്ന് നോക്കണം. മുഴയ്ക്കുന്നുണ്ടെങ്കിൽ വെടിവയ്ക്കരുത്. മനുഷ്യർക്ക് സ്കാനിംഗ് നടത്തുന്നതുപോലെ ഇവിടെ പറ്റില്ലല്ലോ?

മി. ചെയർമാൻ: അങ്ങ് 5 മിനിറ്റ് കൂടുതലെടുത്തു.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, ഞാൻ ഇപ്പോൾ അവസാനിപ്പിക്കാം. ഞാൻ അധികം സമയമെടുക്കുന്ന ആളല്ല. കുറച്ച് രാഷ്ട്രീയം പറഞ്ഞില്ലെങ്കിൽ അത് മോശമല്ലേ? ഇക്കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഭരണപക്ഷത്തുള്ളവർ വല്ലാതെ ഊറ്റംകൊള്ളുന്നുണ്ട്. സാധാരണയായും വസ്തുനിഷ്ഠമായും പറഞ്ഞാൽ, 2009-നേക്കാൾ 10 കോടി വോട്ട് ഈ പാർലമെന്റ് തെരഞ്ഞെടുപ്പിൽ വർദ്ധിച്ചു. കോൺഗ്രസ്സിന് എത്രയാണ്? ഒന്നരക്കോടി വോട്ട് 2009–നേക്കാൾ കുറഞ്ഞതെന്താണെന്നുള്ള കാര്യം ആലോചിക്കണ്ടേ. 10 കോടി വോട്ട് വർദ്ധിച്ചപ്പോൾ ആനുപാതികമായി കിട്ടാനുള്ളതല്ലേ? കിട്ടിയില്ലെന്നുമാത്രമല്ല, 2009–ൽ കിട്ടിയതിനേക്കാൾ ഒന്നരക്കോടി വോട്ട് കുറഞ്ഞു. 2009-ൽ 28.55 ശതമാനം വോട്ട് കിട്ടിയത് ഇപ്പോൾ 19.6 ശതമാനമായി കുറഞ്ഞു. എന്തൊരു തകർച്ചയാണ്. കേരളത്തിലെ 179 മണ്ഡലങ്ങളിൽ കെട്ടിവച്ച കാശും പോയി. ഞങ്ങൾ ഇൻഡ്യാ രാജ്യത്ത് ലോകാവസാനംവരെ ഭരിക്കാമെന്നൊന്നും ഏറ്റവരല്ലല്ലോ; ഞങ്ങൾ ഈ ജനാധിപത്യത്തിൽ പങ്കെടുക്കുന്നത് തൊഴിലാളി വർഗ്ഗത്തെ സംഘടിപ്പിക്കുക എന്ന നിലയ്ക്കാണ്. ഞങ്ങൾ അവസാനംവരെ ഇവിടെ നിൽക്കാമെന്നൊന്നും വിചാരിച്ച് ഇരിക്കുന്നവരല്ല. നിങ്ങൾ അങ്ങനെയല്ല. 179 മണ്ഡലങ്ങൾക്ക് കെട്ടിവച്ച പണം കിട്ടാത്ത ഒരു പാർട്ടിയായി

കോൺഗ്രസ്സ് മാറി. ബംഗാളിൽ നിങ്ങൾക്ക് 4 സീറ്റ് കിട്ടിയപ്പോൾ ഞങ്ങൾക്ക് രണ്ടേ കിട്ടിയുള്ളൂ. എന്താണ് കാര്യം? ബംഗാളിലെ 42 സീറ്റുകളിൽ 35 സീറ്റുകളിലും നിങ്ങൾക്ക് കെട്ടിവച്ച കാശ് കിട്ടിയില്ല. 1972-ൽ സിദ്ധാർത്ഥ് ശങ്കർ റോയിയുടെ 'ഗർജ്ജിക്കുന്ന സിംഹ'മെന്നുപറയുന്ന ആ മണ്ണിൽ 35 സീറ്റിൽ കെട്ടിവച്ച പണം ലഭിച്ചില്ല. ഞങ്ങൾക്ക് 42 സീറ്റുകളിലും കെട്ടിവച്ച പണം കിട്ടുകയും 2 സീറ്റുകളിൽ ജയിക്കുകയും ചെയ്തു. ഞങ്ങൾക്ക് പരാജയം സംഭവിച്ചാലും തിരിച്ചുവരും. അതുകൊണ്ട് നിങ്ങൾ ആ തരത്തിൽ ഊറ്റംകൊള്ളേണ്ടതില്ല. നാട് മാറുന്നുണ്ട്. ആ മാറ്റത്തെ നിങ്ങൾ കാണണം. ശ്രീ. ആര്യാടൻ മുഹമ്മദിനോട് ഒന്നേ എനിക്ക് പറയാനുള്ളൂ, അങ്ങ് പഴയ ഊർജ്ജസ്വലനായ ആര്യാടനാകണം. ചില സംഭവമൊക്കെ നടന്നതിൽ ദുഃഖിച്ചതുകൊണ്ടൊന്നും കാര്യമില്ല. അശോകവനിയിൽ സീത ഇരിക്കുന്ന തുപോലെയാണ് ഇപ്പോൾ ശ്രീ. ആര്യാടന്റെ അവസ്ഥ. 'രവിപോയി മറ ഞ്ഞതും സ്വയംഭുവനൻ ചന്ദ്രികയാൽ നിറഞ്ഞതും അവനീശ്വരിയെ യോർത്തതില്ല പോന്നാൽ ഇവിടെ എത്താനിരിപ്പതും'. ആ തരത്തിലുള്ള സമീപനം ആര്യാടൻ എടുക്കരുത്. വളരെ സജീവമായി വൈദ്യുതിമേഖല യുടെ ഉത്തേജനത്തിനുള്ള നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകണമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്ററും ശ്രീ. കെ. രാജുവും ഞങ്ങളെ

നോക്കി ചില കാര്യങ്ങളൊക്കെ സംസാരിച്ചു. നിങ്ങൾ ഇപ്പോൾ ഭരണത്തി ലൊന്നുമില്ല എന്നുള്ളത് അറിഞ്ഞുകൊണ്ടുവേണം സംസാരിക്കാനെന്നാണ് ശ്രീ. വി. പി. സജീന്ദ്രനെ ശ്രീ. കെ. രാജു ഉപദേശിച്ചത്. 37 വർഷം അധികാര ത്തിലിരുന്ന ബംഗാളിൽ രണ്ടുസീറ്റ് കിട്ടി, ബാക്കിയുള്ള സ്ഥലത്തെല്ലാം കെട്ടി വച്ച കാശ് പോക്കറ്റിലുണ്ടെന്നത് പറഞ്ഞുകൊണ്ട് ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്ററും മേനിനടിക്കുകയാണ് ചെയ്തത്. അന്യന്റെ കണ്ണിലെ കരട് എടുക്കു ന്നതിനുമുമ്പ് സ്വന്തം കണ്ണിലെ കോലെടുക്കുന്നതായിരിക്കും നല്ലതെന്ന് ശ്രീ. കുഞ്ഞമ്മത് മാസ്റ്ററേയും, ശ്രീ. കെ. രാജുവിനെയും ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ജനങ്ങൾ ഏറ്റവുമധികം ആശ്രയിക്കുന്ന രണ്ടുവകുപ്പു കളാണ് കെ.എസ്.ആർ.ടി.സി.-യും വൈദ്യുതിയും. ഇടതുമുന്നണിയുടെ ഭരണകാലത്ത് കറണ്ടിന്റെ ഉൽപ്പാദനം ധാരാളം വർദ്ധിപ്പിച്ചു. യു.ഡി.എഫ്. വരുമ്പോൾ ആ ഉൽപ്പാദനം വർദ്ധിക്കുന്നില്ല. ഞങ്ങൾ ഇത്ര ഇത്രയൊക്കെ ഉദ്ഘാടനം ചെയ്തുവെന്നൊക്ക ഇവിടെ സ്ഥിരമായി പറയാറുണ്ട്. ഉദ്ഘാടനം ചെയ്യാനുള്ള ഭാഗ്യം നിങ്ങൾക്കും തുടങ്ങാനുള്ള ദൗത്യം ഞങ്ങൾക്കുമാണ്. ഒരു വർഷംകൊണ്ടും രണ്ടുവർഷംകൊണ്ടും മൂന്നുവർഷം കൊണ്ടും ഒരു വൈദ്യുത പദ്ധതി ആരംഭിച്ച് പ്രൊഡക്ഷൻ ആരംഭിക്കാൻ കഴിയില്ലല്ലോ. അതുകൊണ്ടാണ് ശ്രീ. എ. കെ. ബാലൻ അധികാരത്തിൽവന്ന് ഒരു വർഷത്തിനുള്ളിൽ വൈദ്യുത പദ്ധതികളുടെ ഉദ്ഘാടനം ചെയ്യാൻ അവസരമുണ്ടായത്. അത് അദ്ദേഹം തുടങ്ങിയതാണോ? അല്ലല്ലോ. ഉദ്ഘാടനം ചെയ്തുവെന്നുള്ളതുമാത്രമാണ് കാര്യമെന്ന് സൂചിപ്പിക്കുന്നത് ശരിയല്ല. വൈദ്യുതിയുടെ ലാഭനഷ്ട കണക്കുകളുടെ കാര്യം പറഞ്ഞു. മഴയെ ആശ്രയിച്ചാണ് ഇപ്പോഴും നമ്മുടെ വൈദ്യുതി ഉൽപ്പാദനം

നിലനിൽക്കുന്നത്. മഴ കുറഞ്ഞാൽ നമുക്ക് പുറത്തുനിന്ന് വൈദ്യുതി വാങ്ങിക്കണം. അപ്പോൾ മാർക്കറ്റിലെ വൈദ്യുതിയുടെ വിലയനുസരിച്ച് നമുക്ക് ചെലവഴിക്കേണ്ടിവരും. അങ്ങനെ വരുമ്പോൾ നഷ്ടം വരും. അതിനകത്ത് യാതൊരു സംശയവുമില്ല. ഇപ്രാവശ്യം നമുക്ക് മഴ കുറഞ്ഞു. മഴ കുറഞ്ഞ കാലഘട്ടത്തിൽ പുറത്തുനിന്ന് വൈദ്യുതി വാങ്ങിക്കേണ്ടിവന്നു. ഈ നിലയിൽ നമുക്ക് മുന്നോട്ടുപോകാൻ കഴിയുകയില്ല. നമുക്ക് വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കണം. വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്, പരിസ്ഥിതിക്കാർ പറയുന്നതുമാത്രം കേട്ടുകൊണ്ട് നമുക്ക് മാറിനിൽക്കാൻ കഴിയുമോ? അവർ പറയുന്നത് കേൾക്കണ്ടായെന്നു ഞാൻ പറയുന്നില്ല. അതിരപ്പിള്ളി പദ്ധതി ഉൾപ്പെടെയുള്ള പദ്ധതികൾ നമുക്ക് ആരംഭിക്കാൻ കഴിയണം. ആരംഭിക്കാൻ കഴിയുന്നില്ലെങ്കിൽ നമ്മൾ വീണ്ടും ഇരുട്ടിലാകും. ആ നഷ്ടത്തിന്റെ കണക്കുകൾ അങ്ങേ വശത്തുനിന്നും ഇങ്ങേ വശത്തുനിന്നും പറഞ്ഞുകൊണ്ടിരിക്കുകയേയുള്ളൂ. 700–ലേറെ മെഗാവാട്ട് വൈദ്യുതി കാറ്റിൽനിന്ന് ഉൽപ്പാദിപ്പിക്കാമെന്ന് കണ്ടെത്തി. പക്ഷേ നമുക്ക് ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞത് 35 മെഗാവാട്ട് മാത്രമാണ്. നമുക്ക് എങ്ങനെയാണ് മുന്നോട്ടുപോകാൻ കഴിയുന്നത്? കൂടംകുളത്തുനിന്നുള്ള പുനലൂർ–മടക്കത്തറ ലൈൻ ഇതുവരെയും പൂർത്തിയാക്കാൻ കഴിഞ്ഞില്ല. പുതുപ്പള്ളിയിൽ കയറിയപ്പോഴാണ് കുഴപ്പമെന്ന് പറഞ്ഞു. അവിടെ മാത്രമല്ല കുഴപ്പം. എന്റെ നിയോജകമണ്ഡലത്തിലും, കോന്നി നിയോജകമണ്ഡലത്തിലും, റാന്നി നിയോജകമണ്ഡലത്തിലും കുഴപ്പമുണ്ടായി. അവിടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അന്നത്തെ ഗവൺമെന്റ്, ശ്രീ. എ. കെ. ബാലന്റെ നേതൃത്വത്തിൽ പരിശ്രമമുണ്ടായി. അദ്ദേഹം നന്നായി പരിശ്രമിച്ചു, പക്ഷേ

അതിന് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ എത്ര കോൺഫറൻസുകൾ കൂടി? കൂടിയ നഷ്ടപരിഹാരം കൊടുക്കാമെന്ന് പറഞ്ഞു. പക്ഷേ ഇതുവരെയും നമുക്ക് ലൈൻ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ഓരോരോ കാരണ ങ്ങൾകൊണ്ട് വൈദ്യുത പദ്ധതികൾ ആരംഭിക്കുവാൻ കഴിയുന്നില്ല. കൂടം കുളത്ത് വൈദ്യുതിക്കുവേണ്ടി നമ്മൾ നിൽക്കുകയാണ്. കൂടംകുളത്ത് സമര ത്തിനുപോയ ആളുകൾ ഇവിടെയുണ്ട്. പകുതിക്കുവച്ച് ആ സമരം നിർത്തേണ്ടിവന്നു. അങ്ങോട്ട് കയറാൻ പറ്റിയില്ല. അവിടെ എത്തിയില്ല. പേരിനും പ്രശസ്തിക്കുംവേണ്ടി പദ്ധതികളെ എതിർക്കുകയാണ്. ഈ പദ്ധതി കൾ ആരംഭിച്ചാൽ മാത്രമേ നമുക്ക് വൈദ്യുതി ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുകയുള്ളൂ. അതിനുവേണ്ടിയുള്ള പരിശ്രമമുണ്ടാകണമെന്നാണ് എനിക്ക് വൈദ്യുതിയെ സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. അതുപോലെ കെ.എസ്.ആർ.ടി.സി. ഓരോ ദിവസവും നഷ്ടത്തിലേയ്ക്കാണ് പോകുന്നത്. പ്രതിമാസം 244 കോടി രൂപ– ചെലവ്, 150 കോടി രൂപ– വരുമാനം, 94 കോടി രൂപ – നഷ്ടം. ഓരോ മാസവും 94 കോടി രൂപയുടെ നഷ്ടം സഹിക്കുന്ന ഏത് സ്ഥാപനത്തിന് മുന്നോട്ടുപോകാൻ കഴിയും? ഒരു സ്ഥാപനത്തിനും മുന്നോട്ടുപോകാൻ കഴിയില്ല. എൽ.ഡി.എഫ്. ഭരിച്ചാലും യു.ഡി.എഫ്. ഭരിച്ചാലും അങ്ങനെയാണ്. ഈ നഷ്ടം നമുക്ക് കുറച്ചുകൊണ്ടുവരണ്ടേ. ചെക്കിംഗ് ഇൻസ്പെക്ടേഴ്സ് റോഡിലിറങ്ങിയപ്പോൾ വരുമാനം കൂടിയെന്ന് കഴിഞ്ഞ ദിവസം പത്രത്തിൽ കണ്ടു. അപ്പോൾ എന്തുകൊണ്ട് ഈ ചെക്കിംഗ് ഇൻസ്പെക്ടേഴ്സ് ഇത്രയും കാലം ചെക്ക് ചെയ്യാൻ പോയില്ല; അവരുടെ ജോലി എന്തായിരുന്നു? ചെക്കിംഗ് ഇൻസ്പെക്ടർമാർ ചെന്നാൽ വരുമാന

ത്തിൽ 65 ലക്ഷം രൂപയുടെ വ്യത്യാസം വരുമായിരുന്നെങ്കിൽ അവിടെ ചോർച്ചയുണ്ടല്ലോ. ആ ചോർച്ച നിർത്തുന്നതിന് എന്ത് നടപടിയാണ് നമ്മൾ സ്വീകരിക്കുന്നത്? എല്ലാ കാലത്തും കെ.എസ്.ആർ.ടി.സി.-യിൽ ചോർച്ച യുണ്ട്. കെ.എസ്.ആർ.ടി.സി.-യും പ്രൈവറ്റ് ബസും ഓടുന്ന റൂട്ടുകളിൽ പ്രൈവറ്റ് ബസ്സിന്റെ പുറകെ മാത്രമേ പോകൂവെന്ന നിർബന്ധബുദ്ധി എന്തിനാണ് കെ.എസ്.ആർ.ടി.സി.-ക്കുള്ളത്; ഇത് നമുക്ക് ലാഭത്തിൽ കൊണ്ടുവരണ്ടേ? ലാഭത്തിൽ കൊണ്ടുവരണമെങ്കിൽ മാനേജുമെന്റും തൊഴിലാളികളും വിചാരിക്കണം. എല്ലാവരും വിചാരിക്കാതെ എങ്ങനെ ലാഭത്തിൽ കൊണ്ടുവരാൻ കഴിയും? പക്ഷേ അതിനുവേണ്ടിയുള്ള ഒരു പരിശ്രമം അങ്ങ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നു. തീർച്ചയായും അത് നല്ല കാര്യമാണ്. അത് ആ നിലയിൽത്തന്നെ പോകട്ടെ. 2,700 കോടി രൂപ സഞ്ചിത നഷ്ടമാണ്. അത്തരത്തിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തെ കരകയറ്റണം. പ്രത്യേകിച്ചും ശക്തമായ തൊഴിലാളി യൂണിയനുകളുള്ള കെ.എസ്.ആർ.ടി.സി.-യിൽ റീ-വൈറ്റലൈസേഷൻ പാക്കേജ് വളരെ ശ്രമകരമായ ഒന്നാണ്. അവരെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് റീ-വൈറ്റലൈസേഷൻ പാക്കേജ് നടപ്പിലാക്കണം. ഇപ്പോൾ 1,300 കോടി രൂപ യാണ് കെ.ടി.ഡി.എഫ്.സി.-ക്ക് കൊടുക്കാനുള്ളത്. 1,300 കോടി രൂപയ്ക്ക് 14.5 ശതമാനം പലിശയ്ക്ക് എത്ര ലക്ഷം രൂപ ഓരോ മാസവും കൊടുക്കേ ണ്ടിവരും? നമുക്ക് കുറഞ്ഞ പലിശയ്ക്ക് പണം കടമെടുക്കാൻ കഴിയണം. അങ്ങ് എൽ.ഐ.സി.-യുമായി സംസാരിച്ച്, 10 ശതമാനം പലിശയ്ക്ക് എൽ.ഐ.സി., കെ.ടി.ഡി.എഫ്.സി.-യുടെ ലോൺ ടേക്ക് ഓവർ ചെയ്യാമെന്ന് പറയുന്നു. തീർച്ചയായും അത് നല്ല കാര്യമാണ്. പക്ഷേ ടേക്ക് ഓവർ ചെയ്യു

മ്പോൾ അഞ്ചുവർഷം 14.5 ശതമാനം പലിശ കൊടുക്കുന്നതിന് തുല്യമായി 15 വർഷത്തേയ്ക്ക് 10 ശതമാനത്തിന് എമൗണ്ട് കൊടുക്കേണ്ടി വരുമോയെന്നുള്ളതിനെ സംബന്ധിച്ച് നെഗോഷ്യേറ്റ് ചെയ്യണം. ഇത് ലാഭകരമാണോ അല്ലയോ എന്നുള്ളത് തീർച്ചയായും നോക്കണം. മറ്റ് ഏജൻസികളുമായി ബന്ധപ്പെടണം. ഏതെല്ലാം വഴികളിൽ കെ.എസ്.ആർ.ടി.സി.-യിൽ സാമ്പത്തിക ചോർച്ച നടക്കുന്നുവെന്നുള്ളതിനെ സംബന്ധിച്ച് ഗൗരവമായിത്തന്നെ അങ്ങ് പരിശോധിക്കണം. ചോർച്ചകൾ തടഞ്ഞ് കെ.എസ്.ആർ.ടി.സി. -യെ ലാഭത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പരിശ്രമമുണ്ടാകണം.

റീ-വൈറ്റലൈസേഷൻ പാക്കേജിനകത്ത് ഒരു കാര്യം സൂചിപ്പിച്ചിരിക്കുന്നത് പ്രതിഷേധാർഹമാണ്. പെൻഷൻ കൊടുക്കുന്നതിനുവേണ്ടി പ്രത്യേകമായൊരു സെസ് ഏർപ്പെടുത്താൻ പോകുന്നു എന്നത് തീർച്ചയായും ജനങ്ങളുടെമേൽ ചാർജ്ജ് വർദ്ധനയ്ക്ക് ഇടയാക്കുന്നതും ഇതിന്റെ പാപഭാരം ജനങ്ങളുടെമേൽ ഏൽപ്പിക്കുന്ന ഒരു നടപടിയുമാണ്. അത് തീർച്ചയായും ഉപേക്ഷിക്കണമെന്നുതന്നെയാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ സൂചിപ്പിച്ച പുഷ്-ബാക്ക് സീറ്റുള്ള വാഹനങ്ങളുടെ ടാക്സ് വർദ്ധന, പുഷ്-ബാക്ക് സീറ്റുള്ള ടെമ്പോ ട്രാവലറിനുപോലും ബാധകമാണ്. പഴയ കാറുകൾക്ക് അഞ്ചു വർഷം ഒരുമിച്ച് ടാക്സ് അടയ്ക്കണമെന്നു പറയുന്നത് ശരിയല്ല. കാരണം പഴയ കാറുകൾ എത്ര നാൾ നിലനിൽക്കുമെന്ന് പറയാൻ സാധിക്കുകയില്ല. അതുകൊണ്ട് ഈ തീരുമാനം പിൻവലിക്കണം. ശരിയായ രീതിയിലല്ല ടാക്സേഷനെന്നു ഞാൻ അങ്ങയോട് സൂചിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. അങ്ങ് വനം പരിസ്ഥിതി മന്ത്രികൂടിയാണ്. ആറന്മുള

വിമാനത്താവള പദ്ധതിയിൽ നിന്ന് ഗവൺമെന്റ് പിൻവാങ്ങുന്നു എന്നുള്ളതിനെ സംബന്ധിച്ച അങ്ങയുടെ പ്രസ്താവനയെ കഴിഞ്ഞ ദിവസം ശ്രീ. മുല്ലക്കര രത്നാകരൻ അഭിനന്ദിക്കുന്നതായിട്ടാണ് കണ്ടത്. കഴിഞ്ഞ ദിവസം പ്രസംഗിച്ചപ്പോൾ ഇടയ്ക്കിടയ്ക്ക് ആറന്മുള എന്ന് ശ്രീ. സാജു പോലും സംസാരിക്കുന്നതുകേട്ടു. ഗവൺമെന്റ് ഇതിൽ നിന്നും പിന്മാറാനായിട്ട് തീരുമാനിച്ചിട്ടുണ്ടോ? എൻവയോൺമെന്റ് ക്ലിയറൻസ് ഗ്രീൻ ട്രിബ്യൂണൽ ചെന്നൈ കോടതി തള്ളിക്കളഞ്ഞപ്പോൾ, എൻവയോൺമെന്റ് ക്ലിയറൻസ് കൊണ്ടുവരാനുള്ള ബാദ്ധ്യത കമ്പനിക്കാണെന്നാണ് ഗവൺമെന്റ് അഭിപ്രായപ്പെട്ടത്. ശ്രീ. പി.സി. ജോർജ് അത് പ്രൈവറ്റ് വിമാനത്താവളമെന്ന് പറഞ്ഞു. അപ്പോൾ ബോംബെ വിമാനത്താവളവും ഡൽഹി വിമാനത്താവളവും ബാംഗ്ലൂർ വിമാനത്താവളവും ഹൈദ്രാബാദ് വിമാനത്താവളവുമൊക്കെ പ്രൈവറ്റ് വിമാനത്താവളങ്ങളാണ്. നെടുമ്പാശ്ശേരി വിമാനത്താവളത്തെക്കുറിച്ച് സമയമുണ്ടെങ്കിൽ പറയാം. അതുകൊണ്ട് ഈ വിമാനത്താവളത്തിന് എൻവയോൺമെന്റ് ക്ലിയറൻസ് റദ്ദു ചെയ്തു. എൻവയോൺമെന്റ് ക്ലിയറൻസ് കൊണ്ടുവരേണ്ട ബാദ്ധ്യത കമ്പനിക്കാണ്. അതു കൊണ്ടുവന്നു കഴിഞ്ഞാൽ ഗവൺമെന്റ് ഇതുവരെ എടുത്തിരുന്ന നിലപാട് അതുമായി സഹകരിക്കുക എന്നുള്ളതാണ്. ആ നിലയിൽ മുന്നോട്ടുപോകണം എന്നാണ് അവിടത്തെ ജനപ്രതിനിധിയെന്നുള്ള നിലയിൽ എന്റെ അഭിപ്രായം. ഇതിനെക്കുറിച്ച് കഴിഞ്ഞ നിയസഭാ സമ്മേളനകാലത്തും സൂചിപ്പിച്ചതാണ്. കഴിഞ്ഞ നിയമസഭയിൽ ഈ വിമാനത്താവള പദ്ധതിയുമായി ഞങ്ങൾ മുന്നോട്ടുപോകും, അതു പറഞ്ഞുകൊണ്ടുതന്നെ ഞങ്ങൾ തെരഞ്ഞെടുപ്പിൽ മത്സരിക്കുമെന്ന് ഞങ്ങൾ പറഞ്ഞതാണ്. ഞങ്ങൾ അതുതന്നെ പറഞ്ഞുകൊണ്ട് തെരഞ്ഞെടുപ്പിൽ മത്സരിച്ചു. ഞങ്ങൾ മത്സരിച്ചു കഴിഞ്ഞപ്പോൾ

ആറന്മുള നിയോജകമണ്ഡലത്തിൽ 11500 വോട്ടിന്റെ ഭൂരിപക്ഷവും, ശ്രീ.കെ. രാജുവിന്റെ നിയോജകമണ്ഡലമായ റാന്നിയിൽ 9000 വോട്ടിന്റെയും, ശ്രീ. മാത്യു ടി. തോമസിന്റെ നിയോജക മണ്ഡലത്തിൽ 13000 വോട്ടിന്റെയും മെജോറിറ്റി ലഭിച്ചു. ഈ വിമാനത്താവളം വരുന്നു എന്നു പറയുന്ന പ്രദേശത്തെ ബൂത്തുകളിൽ അഞ്ചു ബൂത്തിൽ യു.ഡി.എഫ്.-നും നാല് ബൂത്തിൽ ബി.ജെ.പി.-ക്കും മൂന്ന് ബൂത്തിൽ മാർക്സിസ്റ്റ് പാർട്ടിക്കും ഭൂരിപക്ഷമുണ്ട്. ഞങ്ങൾക്ക് ഇതിനകത്ത് സംശയമില്ല. ഭരണപക്ഷത്തുള്ള വർക്കും പ്രതിപക്ഷത്തുള്ളവർക്കും വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ട്. അങ്ങനെയുള്ള അഭിപ്രായങ്ങൾ പറയുന്നതിൽ എനിക്ക് വിരോധമൊന്നുമില്ല. ഈ വിഷയം തെരഞ്ഞെടുപ്പിൽ ഉന്നയിക്കുമെന്ന് പറഞ്ഞപ്പോൾ എന്റെ ഒരു യുവസുഹൃത്ത് ആന്റോ ആന്റണിയോട് ഇത്രയും ദേഷ്യമോ എന്നാണ് ചോദിച്ചത്. ഒരു ദേഷ്യവുമില്ലെന്ന് ഇപ്പോൾ ബോദ്ധ്യമായില്ലേ? ഇവിടെ അന്നവും വെള്ളവും എന്നു പറഞ്ഞ് ഒപ്പിട്ടതിനുശേഷം 74 എം.എൽ.എ. മാർ ഈ വിമാനത്താവളത്തിനെതിരാണെന്ന് പറഞ്ഞ് അത് നിവേദനമാക്കിയത് ശരിയാണോ? ഈ യാഥാർത്ഥ്യങ്ങൾ യാഥാർത്ഥ്യങ്ങളല്ല എന്നു പറഞ്ഞു കൊണ്ട് മുന്നോട്ടു പോകാൻ കഴിയുമോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, വിമാനത്താവള സമരം യഥാർത്ഥ ത്തിൽ സംഘപരിവാറിന്റെ ഒരു അജണ്ടയായിരുന്നു. ഈ സമരത്തിൽ ചേർന്നതുകൊണ്ട് സി.പി.ഐ.(എം).-ന്റെ 13,800 വോട്ട് ബി.ജെ.പി.-ക്ക് ലഭിക്കുകയും, ആറന്മുളയിലും പത്തനംതിട്ടയിലും അവർ പിന്നോട്ട് പോയി എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ ശിവദാസൻ നായർ</u> : സർ, അത് ശരിയാണ്. ചെളവന്നൂരിലെ ഡി.എൽ.എഫ് ഫ്ളാറ്റ് സമുച്ചയത്തെ സംബന്ധിച്ച് ശ്രീ. പി. ശ്രീരാമ കൃഷ്ണൻ ഇവിടെ ഉന്നയിച്ചിരുന്നു. ഇതിന് അനുമതി കൊടുത്തതും പണി തീർത്തതുമൊക്കെ എൽ. ഡി. എഫ്– ആയിരുന്നു. അന്ന് കൊച്ചിൻ കോർപ്പ റേഷൻ അവരുടെതായിരുന്നു. ഇപ്പോൾ എന്തോ കുഴപ്പം കാണിച്ചു എന്ന് ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഞങ്ങളുടെ മുഖത്തു നോക്കി പറയുകയാണ്. പാറ്റൂരിലെ ഫ്ളാറ്റിന് അനുമതി കൊടുത്തതിനെ സംബന്ധിച്ചും ഇവിടെ ചിലർ ചില കാര്യങ്ങളുന്നയിക്കുന്നുണ്ട്. എന്നാണ് അതിന് അനുമതി കൊടു ത്തത്; അന്ന് തിരുവനന്തപുരം കോർപ്പറേഷൻ എൽ.ഡി.എഫ്.–ന്റെതായി രുന്നു. അവരാണ് ഫ്ളാറ്റ് നിർമ്മിക്കാൻ അനുമതി കൊടുത്തത്. എന്നിട്ട് ഞങ്ങളുടെ മുഖത്തു നോക്കി ഞങ്ങൾ എന്തോ കുഴപ്പമുണ്ടാക്കിയെന്ന് പറയുന്നു. എയർപോർട്ടിന്റെ കാര്യത്തിലും ഇതുതന്നെയാണ് സംഭവിച്ചത്. 18 അനുമതികൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊടുത്തു. ഞങ്ങൾ കുഴപ്പമൊന്നും കാണിക്കുന്നില്ല എന്നുമാത്രമല്ല ഞങ്ങൾ ഒരു കുഴപ്പം കാണിക്കാനും ഉദ്ദേശിക്കുന്നില്ല. പരിസ്ഥിതി എല്ലായിടത്തും ഉണ്ടാകണം. കണ്ണൂർ എയർപോർട്ട് വരുന്നതിന് എനിക്ക് വിരോധമൊന്നുമില്ല. വരണം എന്നുതന്നെയാണ് എന്റെ ആഗ്രഹം. മെട്രോ മനോരമയിലെ വാർത്തയാണ്– ഒരു വലിയ കുന്ന് അത് ഇടിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ കുഴപ്പമുണ്ടാ ക്കാൻ പറയുന്നതല്ല. കാരണം മനോരമയും അതൊരു നല്ല കാര്യമായിട്ടാണ് ചിത്രീകരിച്ചത്. മൂർഖൻ പറമ്പിൽ നീക്കുന്നത് 2.16 കോടി ഘനമീറ്റർ മണ്ണാണ്. ഇതുവേണമെന്നാണ് എന്റെ അഭിപ്രായം. ഇത് വേണ്ടെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ, അവിടെ പരിസ്ഥിതി കൊള്ളാം, ഇവിടെ

പരിസ്ഥിതി മോശമെന്നു പറയുന്ന ആ ഒരുലോജിക്ക്, അത് ശരിയാണോ? നെടുമ്പാശ്ശേരി എയർപോർട്ടിനെ സംബന്ധിച്ച് അവരുടെ ഒഫിഷ്യൽ വെബ്സൈറ്റിലുള്ളത് ഇങ്ങനെയാണ്. An area of 10253 acres of land was repaired for the Project which belong to 3824 land owners and 822 households, who vigorously oppose land acquisition with the active support of local leaders cutting across party lines. Three temples and two Churches were to be demolished. Four major roads, three high tension lines and even a river needed to be re-aligned to facilitate construction for the run way. ഇന്നലെ ശ്രീ. മുല്ലക്കര രത്നാകരൻ ഒരു കോഴിത്തോട് നികത്തിയത് മാറ്റാൻ വേണ്ടി ഹൈക്കോടതി പറഞ്ഞിരിക്കുന്നു എന്നു ഇവിടെ വളരെ വാശിയോടുകൂടി പറയുന്നതു കേട്ടു. കോഴിത്തോട് അടച്ചപ്പോൾ മന്ത്രി ആരായിരുന്നു? മന്ത്രി ശ്രീ. മുല്ലക്കര രത്നാകരനായി രുന്നു. അന്ന് ശ്രീ. മുല്ലക്കര രത്നാകരൻ ഇതൊന്നും കണ്ടില്ല. റവന്യൂ വകുപ്പും ഒന്നും പറഞ്ഞില്ല. റവന്യൂ പുറമ്പോക്കിലാണ് ഈ തോട് വരുന്നത്. അന്ന് അവിടത്തെ എം.എൽ.എ. ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്ന് കരുതുന്നു.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.....അങ്ങ് ആറു മിനിട്ട് അധിമെടുത്തു.

ശ്രീ. കെ. ശിവദാസൻ നായർ : ഞാൻ അവസാനിപ്പിക്കുകയാണ്. ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നത് എൻവയോൺമെന്റ്സ് ക്ലിയറൻസ് കൊണ്ടുവരേണ്ടത് കമ്പനിയുടെ ജോലിയാണ്. അത് ഗവൺമെന്റിന്റെ ജോലി യല്ല. പക്ഷേ, അനാവശ്യമായ തർക്കങ്ങളുന്നയിച്ച് ഇല്ലാത്ത പരിസ്ഥിതി പ്രശ്നങ്ങളുന്നയിച്ച് ഒരു പദ്ധതിയെ അട്ടിമറിച്ച് ജില്ലയിലെ ജനങ്ങളുടെ

ആഗ്രഹത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നത് ശരിയോ തെറ്റോ എന്നുള്ളതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. കേരളത്തിലെ വിമാനയാത്ര ആഡംബരമല്ല. മറിച്ച് ഇന്നിന്റെ ആവശ്യമാണ്. ഉദാരവത്ക്കരണവും ആഗോള സാമ്പത്തികനിലയിലെ മാറ്റങ്ങളും ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിമാന യാത്രക്കാരുടെ എണ്ണത്തിൽ കേരളത്തെ വളരെയധികം മുന്നിൽ എത്തിച്ചിരിക്കുകയാണ്. ഒരു കാര്യം കൂടി സൂചിപ്പിക്കുന്നു. അന്തരാഷ്ട്ര വിമാനയാത്രികരുടെ എണ്ണത്തിൽ നെടുമ്പാശ്ശേരിയുടെ സ്ഥാനം രാജ്യത്ത് നാലാമതാണ്. കോഴിക്കോട് ഏഴും, തിരുവനന്തപുരം എട്ടുമാണ്. ഇൻഡ്യയിലെ സ്ഥിതിയാണ് ഇത്. ഇൻഡ്യയിലെ തിരക്കേറിയ വിമാനത്താവളങ്ങളുടെ പട്ടികയിൽ നെടുമ്പാശ്ശേരി ഏഴാം സ്ഥാനത്താണ്. തിരുവനന്തപുരം 11-ാം സ്ഥാനത്തും, കോഴിക്കോട് പന്ത്രണ്ടാം സ്ഥാനത്തുമാണ്. കേരളത്തിൽ ഇന്നിന്റെ ആവശ്യം തന്നെയാണ് ആറന്മുള എയർപോർട്ട്. അതിനെ അനാവശ്യമായ തർക്കങ്ങളുന്നയിച്ച് അട്ടിമറിക്കാൻ, അതാരംഭിച്ച, അതിനുവേണ്ടി എല്ലാ ഉത്തരവുകളും പുറപ്പെടുവിച്ച, അതിനെ എല്ലാ തരത്തിലും സഹായിച്ച ആളുകൾതന്നെയാണ് പരിശ്രമിക്കുന്നത് ശരിയല്ല എന്ന് അവരെ ഓർമിപ്പിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. പരിസ്ഥിതി വാദം എന്നു പറഞ്ഞാൽ വാസ്തവ വിരുദ്ധവും സത്യ വിരുദ്ധമായ കാര്യങ്ങൾ പ്രചരിപ്പിക്കലല്ല. യാഥാർത്ഥ്യങ്ങളെ ജനങ്ങൾക്കു മുമ്പാകെ കൊണ്ടുവരികയാണ് അവരുടെ ഉദ്ദേശം. അതുപക്ഷേ ദൗർഭാഗ്യവശാൽ ആറന്മുളയിൽ നിർവ്വഹിക്കുന്നില്ല എന്ന് പറയേണ്ടി വരും. ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു.

ശ്രീ. രാജു എബ്രഹാം: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞ ഒരു ഭാഗത്തെ ഖണ്ഡിച്ച് ബഹുമാനപ്പെട്ട കെ. ശിവദാസൻ നായർ ഇവിടെ സൂചിപ്പിച്ചു. 2003-2005 കാലഘട്ടത്തിൽ ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന അവസാന നാളുകളിലും ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയ സമയത്തുമായാണ് കോഴിത്തോട് ഉൾപ്പെടെ ആറന്മുളയിലെ 90 ശതമാനം പാടശേഖരങ്ങളും നികത്തിയത്. അദ്ദേഹത്തിന്റെ വീടിനുമുന്നിലുള്ള സംഭവമാണ്. എന്തുകൊണ്ടാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞത് എന്നെനിക്കറിയില്ല. അതുസംബന്ധിച്ച് ക്രിമിനൽ ഉൾപ്പെടെ ആറേഴ് കേസ്സുകൾ കോടതിയിൽ നിലനിൽക്കുന്നുമുണ്ട്. പിന്നെ ആറന്മുള വിമാനത്താവളത്തെ സംബന്ധിച്ച് അത് അടഞ്ഞ അദ്ധ്യായമാണ്. ഇവിടെ ചർച്ച ചെയ്ത് വിലപ്പെട്ട സമയം കളയേണ്ടതുണ്ടോ എന്നെനിക്കറിയില്ല. ഞാൻ വിഷയത്തിലേക്ക് വരികയാണ്. ഇവിടെ ഇരുഭാഗത്തുമുള്ള അംഗങ്ങൾ ഉന്നയിച്ച ഒരു പ്രശ്നമാണ് വാഹന നികുതി വർദ്ധനവ്. ഇന്ത്യയിലിത്രയും നികുതി വർദ്ധനവ് മറ്റൊരു സ്ഥലത്തുമില്ല. അതിന് ധാരാളം ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചു. കാസർഗോഡ്-മംഗലാപുരം സീറ്റൊന്നിന് 660 രൂപയാണ് നിരക്ക്. ടൂറിസ്റ്റ് ബസ് പിടിച്ച് ഒരു വിവാഹപ്പാർട്ടിക്ക് പോകണമെന്നുണ്ടെങ്കിൽ സർച്ചാർജ്ജുൾപ്പെടെ 30,854 രൂപയാണ് കൊടുക്കേണ്ടിവരുന്നത്. ബസ്സിന്റെ ഒരു ദിവസത്തെ വാടക 7000 മുതൽ 10000 രൂപ വരെ മാത്രമേയുള്ളൂ. സർച്ചാർജ്ജും നികുതിയുംകൂടി വരുമ്പോഴാണ് വാടകയുടെ മൂന്നിരട്ടിയിലേറെ പെർമിറ്റിനുവേണ്ടി നൽകേണ്ടി വരുന്നത്. ജീപ്പ്, ഇന്നോവ, ടവേര എന്നീ വാഹനങ്ങൾക്ക് രണ്ടുവർഷത്തെ നികുതി 1040 രൂപയായിരുന്നതിൽനിന്നും 12000 രൂപയായി ഉയർത്തിയിരിക്കു

കയാണ്. ടെമ്പോ ട്രാവലറിന്റെയും പുഷ് ബാക്കിന്റെയും കാര്യം ഇവിടെ പറഞ്ഞു. ഒരു ടൺ ചരക്ക് കൊണ്ടുപോകാൻ കഴിയുന്ന പിക്-അപ്പ് വാനുകളുടെ നികുതി 880 രൂപയിൽനിന്നും 4400 രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. അതുപോലെ ഒന്നര ടൺ കൊണ്ടുപോകാൻ കഴിയുന്ന ചരക്കു വാഹനങ്ങളുടെ നിരക്ക് 550 രൂപയിൽനിന്നും 11000 രൂപയായിട്ടാണ് വർദ്ധിപ്പിച്ചിരിക്കുന്നത്. ഈ നിലയിലുള്ള നികുതി വർദ്ധനവ് രാജ്യത്തൊരിടത്തും ഉണ്ടായിട്ടില്ല. ഇതിനോടൊപ്പമാണ് ഇൻഷുറൻസ് പ്രീമിയം വർദ്ധിപ്പിച്ചിരിക്കുന്നത്. 2011-ൽ പ്രൈവറ്റ് കാറിന് 2875 രൂപയായിരുന്നു പ്രീമിയമെങ്കിൽ ഇപ്പോഴത് 4259 രൂപയായിട്ടാണ് വർദ്ധിപ്പിച്ചിരിക്കുന്നത്. ഓട്ടോറിക്ഷയുടെ ഇൻഷുറൻസ് പ്രീമിയം 3102 രൂപയായി വർദ്ധിപ്പിച്ചു. 14665 രൂപയായിട്ടാണ് ഗുഡ്സ് വാഹനങ്ങളുടെ ഇൻഷുറൻസ് പ്രീമിയം വർദ്ധിപ്പിച്ചിരിക്കുന്നത്. ലോറി, ബസ് എന്നീ വാഹനങ്ങൾക്ക് 15000 രൂപയ്ക്കുമുകളിലാണ് പ്രീമിയം അടയ്ക്കേണ്ടത്. ടാക്സി കാറുകൾക്ക് 12807 രൂപയായി ഇൻഷുറൻസ് പ്രീമിയം വർദ്ധിപ്പിച്ചിരിക്കുകയാണ്. അതുപോലെ സ്പെയർ പാർട്ട്സിന്റെ വില ഇരട്ടിയായി വർദ്ധിച്ചിരിക്കുകയാണ്. സ്വാഭാവിക റബ്ബറിന്റെ വില താഴോട്ടുപോകുമ്പോഴും ടയറിന്റേയും ട്യൂബിന്റേയും വില ഇരട്ടിയാകുന്നു. ഇങ്ങനെ വളരെ ഗുരുതരമായ സാഹചര്യം നിലനിൽക്കുന്നതുകൊണ്ടാണ് നാളെ (24-06-2014) കേരളത്തിലെ എല്ലാ ജോയിന്റ് ആർ.ടി. ഓഫീസുകളിലേയ്ക്കും ആർ.ടി. ഓഫീസുകളിലേയ്ക്കും പതിനായിരക്കണക്കിന് മോട്ടോർ തൊഴിലാളികൾ മാർച്ച് നടത്തുന്നത്. അതോടൊപ്പംതന്നെ നിയമസഭയിലേയ്ക്കും ഇവർ മാർച്ച് നടത്തുന്നുണ്ട്. ഇതിൽ കക്ഷി രാഷ്ട്രീയ വ്യത്യാസമില്ല. സി.ഐ.ടി.യു., ഐ.എൻ.റ്റി.യു.സി., ബി.എം.എസ്., എച്ച്.എം.

എസ്., കെ.റ്റി.യു.സി., റ്റി.യു.സി., യു.റ്റി.യു.സി., എസ്.റ്റി.യു. തുടങ്ങി എല്ലാ ട്രേഡ് യൂണിയനുകളും മാർച്ചിൽ പങ്കെടുക്കുന്നുണ്ട്. ഇവിടെ 68 ലക്ഷം മോട്ടോർ വാഹനങ്ങളുണ്ടെങ്കിൽ ഏതാണ്ട് 30 ലക്ഷത്തോളം തൊഴിലാളികളു മുണ്ട്. ഈ മുപ്പതുലക്ഷത്തോളം തൊഴിലാളികൾ നാളത്തെ മാർച്ചിനുപുറമെ ജൂലൈ 1, 2 തീയതികളിൽ 48 മണിക്കൂർ ചക്രസ്തംഭന സമരവും നടത്തു കയാണ്. ഇത് ഗവൺമെന്റിന്റെ തെറ്റ് തിരുത്തുന്നതിനുവേണ്ടിയുള്ള സമര ങ്ങളാണ്. 24-ാം തീയതി നടത്തുന്ന മാർച്ചിന്റെ അടിസ്ഥാനത്തിൽ മുഖ്യമ ന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാരും ഇടപെട്ട് ചർച്ച നടത്തി അന്യായമായ ഈ കൊടുംകൊള്ള അവസാനിപ്പിക്കാൻ തയ്യാറാകണം. അനീതിയാണ് കാണിക്കു ന്നത്. മോട്ടോർ രംഗത്തെ ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു സ്ഥാപനം കെ.എസ്.ആർ.ടി.സി.-യാണ്. കെ.എസ്.ആർ.ടി.സി.-യിലെ തൊഴിലാളികൾ 6 ദിവസമായി റിലേ സമരം നടത്തുകയാണ്. അവർക്ക് ഇനിയും ഒന്നര മാസത്തെ പെൻഷൻ കുടിശ്ശിക ലഭിക്കാനുണ്ട്. എൽ.ഐ.സി.-ക്കുപകര മായി എസ്.ബി.റ്റി. പെൻഷൻ രംഗത്തേയ്ക്ക് വരുമെന്നുപറയുന്നു. കെ.എസ്. ഇ.ബി.-യിൽ കടപ്പത്രം ഇറക്കിക്കൊണ്ടുള്ള ഒരു മോഡലുണ്ട്. ആ മോഡൽ കെ.എസ്.ആർ.ടി.സി.-ക്കും പിന്തുടരാൻ കഴിയുന്നതാണ്. ഇവിടെ സ്വകാര്യ മേഖലയിൽ ധാരാളം ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ് ബസ്സുകൾ സർവ്വീസ് നടത്തു ന്നുണ്ടായിരുന്നു. അതുസംബന്ധിച്ച് ഗവൺമെന്റ് ഓർഡിനൻസ് ഇറക്കി, അതിപ്പോൾ ഏതാണ്ട് ഇല്ലാതായ അവസ്ഥയിലാണ്. ഏതാണ്ട് 241 സ്വകാര്യ സൂപ്പർ ഫാസ്റ്റ് ബസ്സുകൾ സർവ്വീസ് നടത്തുന്നില്ല. അത് നിർത്തലാക്കിയ മുറയ്ക്ക് ആ സ്ഥലങ്ങളിൽ കെ.എസ്.ആർ.ടി.സി. 30 സർവ്വീസുകൾ ആരംഭിച്ചു. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അറിഞ്ഞോ എന്നറിയില്ല, വീണ്ടും

സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് കൊടുക്കാനുള്ള നീക്കം നടക്കുന്നതായി അറിഞ്ഞു. സ്വകാര്യ ബസ്സുടമകൾ ഹൈക്കോടതിയിൽ പോയി, ഹൈക്കോടതി അനുമതി നിഷേധിച്ചു. പക്ഷേ പുറംവാതിലിലൂടെ ഈ ആളുകൾക്ക് വീണ്ടും പെർമിറ്റ് നൽകുന്ന സമീപനം വളരെ മോശമാണ് എന്നുമാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ട്രാൻസ്പോർട്ട് കമ്മീഷണറെക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാം. ഇപ്പോൾ 'പുലി പോയി എലി' വന്നു. ഐ.പി.എസ്. പോയിട്ട് എസ്.എസ്.എൽ.സി. പാസ്സായ ആളാണിപ്പോൾ ട്രാൻസ്പോർട്ട് കമ്മീഷണറുടെ ചുമതല വഹിക്കുന്നതെന്നാണ് ഇന്നൊരു പത്രം പറഞ്ഞിരിക്കുന്നത്. ശരിയാണോ എന്നറിയില്ല. എന്തായാലും 'ഏത് വിരുന്നുകാരൻ വന്നാലും പൂവൻ കോഴിക്ക് കഷ്ടകാലം' എന്നുപറഞ്ഞതുപോലെയാണ്, ഏത് ട്രാൻസ്പോർട്ട് കമ്മീഷണർ വന്നാലും വാഹനങ്ങളുടെ പുറത്തുകയറുക എന്നതാണ് അവരുടെ ജോലി. ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ഗോപിനാഥ് മുണ്ടെ അപകടത്തിൽ മരിച്ചു. അതിൽ നമുക്കെല്ലാം സങ്കടമുണ്ട്. അദ്ദേഹം മരിച്ചപ്പോൾ ഇന്ത്യയിൽ ഒരു സംസ്ഥാനത്തുമില്ലാത്ത വിധത്തിൽ പിൻസീറ്റിലിരുന്ന് യാത്ര ചെയ്യുന്നവർക്കും സീറ്റ്ബെൽറ്റ് നിർബന്ധമാക്കിക്കൊണ്ട് ഒരു നിയമം കൊണ്ടുവന്നു. പുറകിലെ സീറ്റ് ബെൽറ്റ് ഇഷ്ടമുള്ളവർക്ക് ഉപയോഗിക്കാം. മറ്റൊരു സ്ഥലത്ത് രണ്ടാളുകൾ ബസ്സിൽനിന്നും വീണുമരിച്ചപ്പോൾ എല്ലാ ബസ്സുകളിലും വോൾവോ ബസ്സിന്റെ മോഡലിൽ വാതിലുകൾ നിർമ്മിക്കണമെന്ന് പറഞ്ഞു. രാജീവ് ഗാന്ധി പ്രധാനമന്ത്രി ആയിരിക്കുമ്പോൾ കൊണ്ടുവന്ന 1989-ലെ മോട്ടോർ ആക്ടിൽ 3 മിനിറ്റാണ് രണ്ട് ബസ്സുകൾ തമ്മിലുള്ള ദൈർഘ്യമായി പറഞ്ഞിരിക്കുന്നത്. വോൾവോ മോഡൽ വാതിൽ തുറക്കണമെങ്കിൽ 3 മിനിറ്റ് വേണം. വാതിലടയ്ക്കാനും 3

മിനിറ്റ് വേണം. അപ്പോൾ ഓരോ സ്റ്റോപ്പിലും 6 മിനിറ്റ് പോകും. ഇത്തരത്തിലുള്ള ഭ്രാന്തൻ തീരുമാനങ്ങൾ കൊണ്ടുവന്നതുകൊണ്ട് മോട്ടോർ രംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുമോ? ഒരിക്കലുമില്ല. അപ്പോൾ ശാസ്ത്രീയമായ തീരുമാനങ്ങളാണ് ഇവിടെ കൊണ്ടുവരേണ്ടത് എന്നുള്ളതാണ് എന്റെ അഭിപ്രായം. ഇപ്പോൾ കേരളത്തിലെ സർക്കാരിന്റെ ഖജനാവ് നിറയ്ക്കുന്നത് വഴിയോരങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന 637 ക്യാമറകളാണ്. 82-83 കി.മീ. വേഗതയിൽ പോയതിന് ഞാൻ 300 രൂപവച്ച് 13 പെറ്റി അടച്ചു. 8 പെറ്റിയുടെ നോട്ടീസ് വീട്ടിലുണ്ട്. ജയിലിൽ പോകേണ്ടിവന്നാലും അടക്കുന്നില്ല എന്നു തീരുമാനിച്ചിരിക്കുകയാണ്. ഓവർസ്പീഡ് വേണമെന്നുള്ള അഭിപ്രായക്കാരനല്ല ഞാൻ. പക്ഷേ ഇതുസംബന്ധിച്ച് വളരെ ശാസ്ത്രീയമായ തീരുമാനങ്ങളെടുക്കണം. പുതിയതായി നിർമ്മിച്ചിരിക്കുന്ന നല്ല റോഡുകളിൽ മറ്റ് രാജ്യങ്ങളിൽ അനുവദിക്കപ്പെട്ടിരിക്കുന്ന സ്പീഡ് അനുവദിക്കുന്ന നടപടിയാണുണ്ടാകേണ്ടത്. അത്തരം കാര്യങ്ങളെക്കുറിച്ച് ഗതാഗത വകുപ്പ് ശാസ്ത്രീയമായി ആലോചിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. നമ്മൾ ധാരാളം കാര്യങ്ങളൊക്കെ പറയും. പക്ഷെ പറയുമ്പോഴുള്ള ഒരു പ്രശ്നം നേരത്തെ ഗതാഗതത്തെപ്പറ്റി നമ്മൾ മറ്റൊരു മന്ത്രിയോടാണ് പറഞ്ഞിരുന്നത്. ഇപ്പോൾ വേറൊരു മന്ത്രിയോടാണ് പറയുന്നത്. അദ്ദേഹം നടപടിയെടുക്കാൻ കഴിവുള്ള ഒരാളാണ്. പക്ഷേ നടപടിയെടുത്തു വരുമ്പോൾ അദ്ദേഹത്തിന്റെ വകുപ്പ് മാറും. ഈയൊരു സ്ഥിതിയാണുള്ളത്. അപ്പോൾ ഏത് മന്ത്രിയോട് എങ്ങനെ പറയണമെന്ന് നമുക്കറിയാൻ പാടില്ലാത്ത അവസ്ഥയാണുള്ളത്.

വൈദ്യുതിയെ സംബന്ധിച്ച് ഇവിടെ എല്ലാവരും സൂചിപ്പിക്കുകയുണ്ടായി. വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് പരാജയപ്പെട്ടു എന്ന അഭിപ്രായക്കാരനാണ് ഞാൻ. ഇനി ഭരണം രണ്ടുവർഷമുണ്ട്. ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് വളരെ സീനിയറും തെറ്റുതിരുത്തി കാര്യങ്ങൾ പരിഹരിച്ചുകൊണ്ടുപോകാൻ കഴിവുള്ള ആളുമാണ്. പക്ഷെ നമ്മുടെ പ്രോജക്ടുകൾ ആരംഭിക്കണം. എന്റെ മണ്ഡലത്തിലെ പെരുനാട് 4 മെഗാവാട്ട് വൈദ്യുതി പദ്ധതി മാത്രമാണ് ആകെ ആരംഭിച്ചത്. ഇതുസംബന്ധിച്ച് ചോദ്യമായി ഉന്നയിച്ചപ്പോൾ സ്വകാര്യ സംരംഭം തുടങ്ങാൻ കഴിയും, എല്ലാ പ്രശ്നങ്ങളും പരിഹരിച്ചു എന്നാണ് പറഞ്ഞത്. എന്നാൽ ഈ പ്രോജക്ട് മൂന്നുവർഷമായി ഇഴയുകയാണ്. ഒരു പ്രോജക്ട് തുടങ്ങാൻ നമുക്ക് കഴിയുന്നില്ല. ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്ത് തുടങ്ങിയ പള്ളിവാസൽ ജലവൈദ്യുതി പദ്ധതി പണി ആരംഭിച്ചു, നിർത്തി വച്ചു. ചെങ്കുളം ആഗ്മെന്റേഷന്റെ പണി ആരംഭിച്ചു, നിർത്തി വച്ചു. തോട്ടിയാർ 40 മെഗാവാട്ടിന്റെ പണി ആരംഭിച്ചു, നിർത്തി വച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചാത്തൻകോട് 7 മെഗാവാട്ടിന്റെ പണി ആരംഭിച്ചത് അതുപോലെതന്നെ നിൽക്കുന്നു. വിലങ്ങാട് 6 മെഗാവാട്ടിന്റെ പണി 2012 ജൂൺ മാസത്തിൽ തീരേണ്ടതാണ്. 2015 ആയാലും അത് തീരില്ല. ബാരാപോൾ 2015-16 ആകുമ്പോൾ പണി തീർന്നാൽ മഹാഭാഗ്യം. ആനക്കയം 30 മെഗാവാട്ട്, കക്കയം 4 മെഗാവാട്ട് എന്നീ പ്രോജക്ടുകൾ എൽ.ഡി.എഫ്.-ന്റെ കാലത്ത് ടെണ്ടർ ചെയ്യുകയും

ഫൈനലൈസ് ചെയ്തതുമാണ്. പണി തുടങ്ങാൻ കഴിഞ്ഞിട്ടില്ല. നമുക്ക് കൽക്കരി നൽകുന്ന പെർമിഷൻ കേന്ദ്ര ഗവൺമെന്റ് പിൻവലിച്ചു. പക്ഷേ ഛത്തീസ്ഗഡ് ഗവൺമെന്റ് കോടതിയിൽ പോകുകയും അനുമതി വാങ്ങിക്കുകയും ചെയ്തു. നമ്മുടെ ഗവൺമെന്റ് വൈതരണിയിലെ കൽക്കരിപ്പാടം മടക്കികിട്ടാനുള്ള നടപടിയിലേക്ക് പോകുന്നില്ല എന്നുള്ളതാണ് പ്രധാനപ്പെട്ട ഒരു കാര്യം. അതോടൊപ്പം തന്നെ വൈദ്യുതി ബോർഡിന് ഗവൺമെന്റ് കൊടുക്കും എന്നുപറഞ്ഞ ഗ്രാന്റ് 650 കോടി രൂപയാണ്. കൊടുത്തത് വെറും 75 കോടി രൂപയാണ്. വൈദ്യുതി ബോർഡിനെ പ്രതിസന്ധിയിലാക്കാൻ സർക്കാർ തന്നെ മുൻകൈയെടുക്കുന്നു. അതാണ് ഏറ്റവും നാണംകെട്ട ഒരു കാര്യം. സ്പെഷ്യൽ അലോക്കേഷൻസ് മുൻകൂട്ടി കൊടുക്കണമെന്നാണ്, ആ നിലയിലുള്ള ഒരു സഹായവും വൈദ്യുതി ബോർഡിന് കൊടുക്കുന്നില്ല എന്നുള്ളതും നമുക്ക് കാണാൻ കഴിയും. ഇലക്ട്രിസിറ്റി ആക്റ്റ് സെക്ഷൻ 65-ൽ അത് വളരെ വ്യക്തമായി പറയുന്നുണ്ട്. നമ്മുടെ സെക്ഷൻ ഓഫീസുകളിൽ അറ്റകുറ്റപ്പണികൾ നടത്താനുള്ള ഉപകരണങ്ങളും മറ്റും കൊടുക്കാൻ കഴിയണം. ധാരാളം അപകടങ്ങൾ വർദ്ധിക്കുന്നു എന്നുള്ളതാണ് ഇതുകൊണ്ടെല്ലാം നമുക്ക് ഇന്ന് കാണാൻ കഴിയുന്നത്. വനം വകുപ്പിനെ സംബന്ധിച്ച് ധാരാളം ചർച്ചകൾ നടന്നതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. ഒരു പോയിന്റ് മാത്രമേ പറയാൻ ഉദ്ദേശിക്കുന്നുള്ളു. Man and Animal Conflict അതാണ് ഇന്ന് ജനങ്ങളും വനവും വനംവകുപ്പും തമ്മിലുള്ള പ്രധാനപ്രശ്നം. ഇത് പരിഹരിക്കാനുള്ള ക്രിയാത്മകമായ നടപടികളുണ്ടാകണം. റാന്നി ടൗണിൽ പന്നിയിറങ്ങി ആയൂർവേദ ആശുപത്രി അടിച്ചുതകർത്തു. ഈ നിലയിൽ

കാര്യങ്ങൾ പോയാൽ എവിടെയാണ് പ്രശ്നം; വനം വകുപ്പിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയിൽ ഞാനും ഒരു അംഗമാണ്. മൂന്നുവർഷം മുമ്പ് കമ്മിറ്റിയിൽ പറഞ്ഞ ഒരു വിഷയമാണ്. വനത്തിനുള്ളിൽ നിന്ന് മൃഗങ്ങൾ പുറത്തിറങ്ങാതിരിക്കണമെന്നുണ്ടെങ്കിൽ വനത്തിനുള്ളിൽ തീറ്റയുണ്ടാകണം. അന്ന് ശ്രീ. കെ.ബി. ഗണേഷ്കുമാർ വനം വകുപ്പുമന്ത്രിയായിരുന്നു. ആ നിർദ്ദേശം ചർച്ച ചെയ്ത സമയത്ത് ഒരു തീരുമാനംപോലും എടുത്തിട്ടില്ല. ഗൗരവമായി കാര്യങ്ങൾ കാണാൻ കഴിയുന്നില്ല എന്നുള്ളതാണ് വനം വകുപ്പിന് സംഭവിച്ചിരിക്കുന്ന വീഴ്ച. പമ്പയിൽ നിന്ന് സന്നിധാനത്തേക്ക് പോകുന്ന വഴിയിൽ വനം വകുപ്പിന്റെ പൊളിഞ്ഞുവീഴാറായ രണ്ട് ഷെഡ്ഡുകളുണ്ട്. അവിടെ തീർത്ഥാടകർക്ക് വിശ്രമിക്കാനുള്ള കേന്ദ്രമായി ഒരു ഇന്റർപ്രട്ടേഷൻ സെന്റർ നിർമ്മിക്കുന്നതിനായി വനം വകുപ്പിന് എ.ഡി.എഫ്. –ൽ നിന്ന് പണം കൊടുക്കാമെന്ന് എം.എൽ.എ. പറഞ്ഞിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കി വനം വകുപ്പിന് കൊടുത്തിട്ട് മൂന്നു വർഷമായി. ഒരു നടപടിയും ഉണ്ടായില്ല. ഇങ്ങനെ ഉറക്കം തൂങ്ങുന്ന ഒരു വകുപ്പായി വനം വകുപ്പിനെ നമ്മൾ കാണുന്നത് വളരെ ദയനീയമായ ഒരു കാഴ്ചയാണ്. അതുകൊണ്ട് അടിയന്തരമായി ആ നടപടി മാറ്റണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വനം വകുപ്പിനെ സംബന്ധിച്ചിടത്തോളം വളരെ ക്രിയാത്മകമായ നടപടികളുമായി മുന്നോട്ടു പോകണം. രാജ്യത്ത് തന്നെ വനത്തിന്റെ വിസ്തൃതി ഏറ്റവും കൂടിയ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ആ വലിയ നേട്ടം ഇല്ലാതാകുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ പോകുന്നു. ഒരു കാര്യവും കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം വി.പി. സജീന്ദ്രൻ വളരെ ആവേശത്തോടെയാണ് സി.പി.ഐ. (എം) –നേയും ഇടതുപക്ഷ മുന്നണിയേയുമെല്ലാം കുറ്റപ്പെടുത്തിയത്. സി.പി.ഐ. (എം) ഒരു വലിയ

പാർട്ടിയല്ല; ഇടതുപക്ഷ ജനാധിപത്യ മുന്നണി വലിയൊരു മുന്നണിയുമല്ല. പക്ഷേ ഒരു കാര്യം ബഹുമാനപ്പെട്ട അംഗവും അദ്ദേഹത്തെ പിന്താങ്ങിയ മറ്റ് അംഗങ്ങളും മനസ്സിലാക്കേണ്ടത് ഇടതുപക്ഷ മുന്നണിക്ക് രണ്ട് സീറ്റ് കിട്ടുമെന്നാണ് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് നടന്ന എക്സിറ്റ് പോളിൽ രാജ്യത്തിലെ പ്രമുഖ ചാനലുകൾ പറഞ്ഞത്. സി.എൻ.എൻ., ഐ.ബി.എൻ., ടൈംസ് എന്നീ പ്രമുഖ ചാനലുകളും അത് ഏറ്റുപിടിച്ചുകൊണ്ട് മറ്റുചാനലുകളും പറഞ്ഞു. മലയാളത്തിലെ ചില ചാനലുകളും അതൊന്ന് ആവർത്തിക്കാൻ നോക്കി. പക്ഷേ ഞങ്ങൾ നാല് സീറ്റിൽ നിന്നും എട്ട് സീറ്റായി സീറ്റിന്റെ എണ്ണം വർദ്ധിപ്പിച്ചു. ഇവിടത്തെ പ്രസംഗങ്ങളും പ്രചരണങ്ങളുമൊക്കെ കേട്ടാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് കഴിഞ്ഞ തവണ നാല് സീറ്റ് ഉണ്ടായിരുന്നത് ഇത്തവണ ഏതാണ്ട് ഒരു സീറ്റ് കഷ്ടിച്ച് ജയിച്ചു എന്ന മട്ടിലാണ്. ഇത് എന്തുപോക്കാണ്? ഇങ്ങനെ പറയുന്നതിനൊക്കെ തൊലിക്കട്ടി വേണ്ടേ? നാല് സീറ്റ് എട്ടു സീറ്റായി വർദ്ധിച്ചുവെന്ന് പറഞ്ഞാൽ ഇരട്ടിയായി വർദ്ധിക്കുകയാണ്. അത് തമസ്ക്കരിക്കുക എന്നുപറഞ്ഞാൽ എന്ത് താൽപ്പര്യമാണ് നിങ്ങൾക്കുള്ളത്? എനിക്ക് തോന്നുന്നത് ഇവിടെ ബഹുമാനപ്പെട്ട കെ. രാജു സൂചിപ്പിച്ചതുപോലെ ശ്രീ. വി. പി. സജീന്ദ്രന് എന്തുപറ്റിയെന്ന് എനിക്കറിയില്ല. ശ്രീ. വി. പി. സജീന്ദ്രൻ ഇന്നലെ ഒരു സ്വപ്നം കണ്ടു. സ്വപ്നത്തിൽ രാഹുൽ ഗാന്ധി പ്രധാനമന്ത്രിയായി തിരുവനന്തപുരം വിമാനത്താവളത്തിൽ വന്നിറങ്ങുന്ന രംഗമാണ് കണ്ടത്. കട്ടിലിൽ നിന്ന് എഴുന്നേറ്റ് താഴെ വീണു. താഴെ വീണതിന്റെ ക്ഷീണം അദ്ദേഹം അസംബ്ലിയിൽ വന്ന് തീർക്കാൻ ഞങ്ങളുടെ മണ്ടയ്ക്ക് കയറേണ്ട വല്ല കാര്യമുണ്ടോ? കാറിന്റെ മുകളിൽ കയറിയതിന്റെ പ്രതിഫലനമാണ് കട്ടിലിൽ നിന്നും വീണത്.

ശ്രീ. സാജു പോൾ: സർ, ബഹുമാന്യനായ വി.പി. സജീന്ദ്രൻ രാഹുൽ ഗാന്ധിയെ മാത്രമല്ല, ടി.എച്ച്. മുസ്തഫയെ എപ്പോഴും സ്വപ്നം കാണുകയാണ്. കുന്നത്തുനാടിന്റെ മുത്ത് എന്ന് അറിയപ്പെടുന്ന ടി.എച്ച്. മുസ്തഫയെ കോൺഗ്രസ്സിൽ നിന്നും പുറത്താക്കിയിരിക്കുകയാണ്.

ശ്രീ. രാജു എബ്രഹാം: സർ, കോൺഗ്രസ്സ് ഒരു മതനിരപേക്ഷ പാർട്ടിയെന്ന നിലയിൽ ഞങ്ങൾക്ക് വലിയ ബഹുമാനമാണുള്ളത്. വർഗ്ഗീയ ശക്തികളെ മാറ്റി നിർത്തുക എന്ന ദീർഘമായ ലക്ഷ്യത്തോടുകൂടിയാണ് ഞങ്ങൾ ഒന്നാം യു.പി.എ. ഗവൺമെന്റിന് പിന്തുണകൊടുത്തത്. രണ്ടാം യു.പി.എ. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഞങ്ങളുടെ പിന്തുണ വേണ്ട. ആന കരിമ്പിൻ കാട്ടിൽക്കയറിയതുപോലെ അമ്മയും മക്കളും മരുമക്കളുമെല്ലാം ആ കരിമ്പിൻ കാട്ടിൽക്കയറി നക്കി തുടച്ച് രാജ്യത്തിന്റെ സ്വർണ്ണവും പണവുമെല്ലാം വിദേശ ബാങ്കുകളിൽ കൊണ്ടിട്ടു. തെരഞ്ഞെടുപ്പിൽ 44 സീറ്റ് കിട്ടിയത് അത്ഭുതമാണ്. പണ്ട് ബഹുമാനപ്പെട്ട എ.കെ. ആന്റണി 2001-ൽ മുഖ്യമന്ത്രിയായപ്പോൾ അദ്ദേഹം പ്രസംഗിച്ചു കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഇനി 100 വർഷത്തേക്ക് അധികാരത്തിൽ വരില്ല എന്ന്. ശ്രീ. എ. കെ. ആന്റണിയുടെ വാക്കുകൾ അന്വർത്ഥമാകുമോ എന്നൊരു ഭയമാണ് കോൺഗ്രസ്സിനെപ്പറ്റി ചിന്തിക്കുമ്പോൾ ഞങ്ങൾക്കുള്ളത്. ആ നൂറുവർഷം കോൺഗ്രസ്സ് അധികാരത്തിലപ്പുറത്തേക്ക് പോകാൻ പാടില്ല എന്ന അഭിപ്രായക്കാരനാണ് ഞാൻ. കാരണം കോൺഗ്രസ്സ് ഒരു മതേതര പാർട്ടിയാണ് എന്നുള്ള നിലയിലാണ് ഞങ്ങൾക്ക് സൂചിപ്പിക്കാനുള്ളത്. ചേട്ടന്റെ അനിയൻ കോന്തക്കുറുപ്പ് എന്ന് പറഞ്ഞതുപോലെ തന്നെയാണ് നരേന്ദ്രമോദി ഗവൺമെന്റും. അദ്ദേഹത്തിന്റെ അധികാരം എല്ലാം

വിറ്റുതുലച്ച് വില വർദ്ധിപ്പിച്ച് നാടിനെക്കുട്ടിച്ചോറാക്കാനുള്ള ഒരു ജൈത്ര യാത്രയിൽ പോകുകയാണ്. ഇതുസംബന്ധിച്ച് ഇവിടെ പലരും സൂചിപ്പിക്കുകയുണ്ടായി. കേരളത്തിൽ ഭരണമുണ്ടോ? ഞാൻ പുറകിലോട്ടൊന്നും പോകുന്നില്ല. കേരളത്തിലെ ഭരണത്തിന്റെ നട്ടെല്ലാണ് ഐ.എ.എസ്. ഉദ്യോഗസ്ഥർ. അവർ തമ്മിലുള്ള തമ്മിലടി ഇപ്പോൾ പെരുവഴിയിലെത്തിയിരിക്കുകയാണ്. തിരുവനന്തപുരത്തെ സിവറേജ് ലൈനിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട കെ. ശിവദാസൻ നായർ പറഞ്ഞു – ഞങ്ങളാണ് എന്ന്, അല്ല. അത് സംബന്ധിച്ച് ഗവൺമെന്റ് ഉത്തരവുകൾ ഉണ്ട്. സിവറേജ് ലൈൻ കടന്നു പോകുന്ന ആ സ്ഥലം പുറമ്പോക്ക് തീറെഴുതി കൊടുത്തിരിക്കുകയാണ്. അതിന്റെ പുറകിൽ കേവലം ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥൻ മാത്രമാണോ; ഞങ്ങൾ വിശ്വസിക്കുന്നില്ല. അതിന്റെ പുറകിൽ ഈ ഭരണത്തിന്റെ നേതൃത്വം കൊടുക്കുന്ന ആളുകളൊക്കെ പ്രവർത്തിക്കുന്നുണ്ട് എന്ന് വിശ്വസിക്കുന്ന ആളുകളാണ് ഞങ്ങൾ. ഇത്തരം ഒരു പ്രശ്നം വരുമ്പോൾ എന്താണ് ഗവൺമെന്റ് ചെയ്യേണ്ടത്? ഗവൺമെന്റ് ഈ പ്രശ്നത്തിൽ ഇടപെടണം; ആ പ്രശ്നം ചർച്ച ചെയ്യണം. എങ്ങനെയാണ് ഈ പ്രശ്നം ഉണ്ടായത്? ശ്രീ. രാജേഷ് ദിവാൻ എന്ന ഐ.പി.എസ്. ഉദ്യോഗസ്ഥന്റെ കാര്യം വന്നപ്പോൾ എന്താണ് ഉണ്ടായത്? ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് പി.ആർ. എഴുതാൻ ബുക്ക് കിട്ടിയില്ല. അദ്ദേഹത്തിനെ ബൈപാസ് ചെയ്തു കൊണ്ട് മുഖ്യമന്ത്രിയുടെ അടുത്തേയ്ക്ക് ബുക്ക് പോകുകയാണ്. എന്തു ഭരണമാണ്? അപ്പോഴാണ് ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥ പറയുന്നത് ഇനി മന്ത്രിമാരൊന്നും പി.ആർ. എഴുതണ്ട, മന്ത്രിമാർക്ക് എഴുതാനുള്ള യോഗ്യതയില്ലായെന്ന്. ഇത് കേരളത്തിന് എന്തു നാണക്കേടാണ്, എത്ര അപമാനകരമാണ്. ഈ നിലയിൽ കാര്യങ്ങൾ പോകുമ്പോൾ, ബ്രസീലിനുവേണ്ടിയും

അർജന്റീനയ്ക്കു വേണ്ടിയും ഫുട്ബോൾ ഫാൻസുകാർ കൂടുന്നുണ്ട്. ബ്രസീലിനും അർജന്റീനക്കും വേണ്ടി ഫുട്ബോൾ ഫാൻസുകൾ കൂടുന്നതു പോലെ ഇവിടെയുള്ള ഐ.എ.എസ്. കാർക്കുവേണ്ടി മന്ത്രിമാർ കൂട്ടു നിൽക്കുകയാണ്. ഒരു ഭാഗത്ത് മുഖ്യമന്ത്രിയും കുറേ മന്ത്രിമാരും മറുഭാഗത്ത് കുറേ മന്ത്രിമാർ. ഇത് അപമാനകരമാണ്. അതുകൊണ്ടാണ് ഞങ്ങൾ പറഞ്ഞത് കേരളത്തിലെ ഭരണം സ്തംഭിച്ചിരിക്കുന്നു എന്ന്. അതിന്റെ ഏറ്റവും വലിയ തെളിവാണ് ഇപ്പോൾ കാണുന്നത്. അതുകൊണ്ട് ഈ ധനാഭ്യർത്ഥന ഇവിടെ അവതരിപ്പിക്കാൻ ഈ സർക്കാരിന് അർഹതയില്ല എന്നുള്ളതു കൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇവിടെ 16 ബഹുമാനപ്പെട്ട അംഗങ്ങളാണ് ഈ ചർച്ചയിൽ പങ്കെടുത്തത്. ഞാൻ ഈ അംഗങ്ങളോട് നന്ദി പറയുന്നു. അവർ നടത്തിയ പോസിറ്റീവായിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും ഗവൺമെന്റ് അംഗീകരിക്കാൻ കഴിയുന്നത്ര അംഗീകരിക്കുകയും അതോടൊപ്പം വിമർശനങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്നു. കാരണം ജനാധിപത്യത്തിൽ വിമർശനത്തിന് നല്ലൊരു പങ്കുണ്ട്. ഈ ഗവൺമെന്റിന് വിമർശനങ്ങളോട് അസഹിഷ്ണുതയോടുകൂടിയ സമീപനമില്ല. നമ്മളെടുക്കുന്ന പൊതു സമീപനവും അതുതന്നെയായിരിക്കും. അതുകൊണ്ട് ആ നിർദ്ദേശങ്ങളോടെല്ലാം പോസിറ്റീവായി പ്രതികരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ ആനത്തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തണ

മെന്നും അതോടൊപ്പം ആനകളുടെ ചികിത്സയ്ക്കായി ആശുപത്രി വേണമെന്നും ബഹുമാനപ്പെട്ട ബാബു. എം. പാലിശ്ശേരി സൂചിപ്പിച്ചിരുന്നു. ഗവൺമെന്റ് ഇക്കാര്യങ്ങൾ പോസിറ്റീവായി ആലോചിക്കുന്നുണ്ട്. ഇപ്പോൾ ആനപാപ്പാൻമാർക്ക് നൽകുന്ന ട്രെയിനിംഗ് ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിക്കാം. ഇതിനോടകം 300 ഓളം ആനപാപ്പാൻമാർക്ക് ട്രെയിനിംഗ് നൽകിയിട്ടുണ്ട്. ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളെല്ലാം ഞാൻ അംഗീകരിക്കുകയാണ്. ഒന്നുരണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഒരു ഉദ്യോഗസ്ഥനെ മോട്ടോർ വാഹന വകുപ്പിൽ നിയമിച്ചത് അറിഞ്ഞിട്ടില്ലേ എന്ന് ചോദിക്കുകയുണ്ടായി. ആ ഉദ്യോഗസ്ഥനെ താല്കാലികമായി നിയമിച്ചതാണ്. ആ തസ്തികയ്ക്കാവശ്യമായ ക്വാളിഫിക്കേഷനോടുകൂടി ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനായി പത്രപരസ്യം നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. ഇടയ്ക്കൊരു സ്റ്റോപ് ഗ്യാപ് അറേഞ്ച്മെന്റ് എന്ന നിലയിൽ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചതാണ്. അതായിരിക്കാം ഇവിടെ സൂചിപ്പിച്ചതെന്ന് എനിക്ക് തോന്നുന്നു. ഏതായാലും ഇക്കാര്യം പോസിറ്റീവായ നിലയിൽത്തന്നെ ഗവൺമെന്റ് എടുക്കുകയാണ്. ............................................ അങ്ങ് ആ ഡീറ്റെയിൽസ് എനിക്ക് തന്നാൽ അതു കൂടി പരിശോധിക്കാം. കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാനായി ഗവൺമെന്റ് ചില നടപടികളെടുത്തുവരികയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഒരു പാക്കേജ് തന്നെയാണ്. കെ.എസ്.ആർ.ടി.സി. 1965 – ൽ ആരംഭിച്ച ഒരു കോർപ്പറേഷനാണ്. പൊതുമേഖലാസ്ഥാപനമെന്ന നിലയിൽ ഇത്രയധികം ജീവനക്കാരുള്ള ഒരു സ്ഥാപനം കേരള ഗവൺമെന്റിനുകീഴിൽ വേറെയില്ല. എംപാനൽ ജീവനക്കാരുൾപ്പെടെ 40000 ജീവനക്കാർ കെ.എസ്.ആർ.

ടി.സി.–യിൽ ജോലി ചെയ്യുകയും 37000 ആളുകൾക്ക് പെൻഷൻ നൽകുകയും ചെയ്യുന്നുണ്ട്. കെ.എസ്.ആർ.ടി.സി. യുടെ എക്സ്ചെക്കറിൽനിന്ന് കൊടുക്കേണ്ടിവരുന്നത് ഏകദേശം 77000 ത്തോളം ആളുകൾക്കാവശ്യമായ തുകയാണ്. കെ.എസ്.ആർ.ടി.സി. യുടെ വരുമാനം എത്രയാണെന്ന് ബഹുമാനപ്പെട്ട കെ. ശിവദാസൻ നായർ സൂചിപ്പിച്ചു. ഈ വരുമാനത്തിൽനിന്നുവേണം ഇതൊക്കെ കണ്ടെത്താൻ. കെ.എസ്.ആർ.ടി.സി. യെ ശാശ്വതമായി സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തമാക്കണമെന്നതാണ് ഈ പാക്കേജ് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് സംബന്ധിച്ച് ധനകാര്യ സ്ഥാപനങ്ങളുമായി സംസാരിച്ചിരുന്നു. ധനകാര്യസ്ഥാപനങ്ങളിൽ പ്രമുഖമായിട്ടുള്ളത് നാഷണലൈസ്ഡ് ബാങ്കുകളാണ്. ആ ബാങ്കുകളുമായി സംസാരിച്ച് ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ അവരുമായി നെഗോഷ്യേറ്റ് ചെയ്ത് കൊടുക്കാൻ കഴിയുമോ എന്നുള്ള അവസാന തീരുമാനത്തിലേയ്ക്ക് വരികയാണ്. തൊഴിലാളി യൂണിയനുകളുമായിട്ടാണ് ഈ ചർച്ചകൾ തുടങ്ങിയത്. റെക്കഗ്നൈസ്ഡ് യൂണിയനുകളും രജിസ്റ്റേർഡ് യൂണിയനുകളുമായി സംസാരിച്ചു. ഏകദേശം ഈ നിലപാടിനോട് അവർ യോജിക്കുകയാണ്. ഗവൺമെന്റിന് ഗ്രീൻ സിഗ്നൽ കിട്ടിയതിന്റെ അടിസ്ഥാനത്തിൽ മുന്നോട്ട് പോവുകയാണ്. ഇതിലുള്ള നല്ല നിർദ്ദേശങ്ങളെടുത്ത് നന്നായി കൊണ്ടുപോകുന്നതിനുള്ള പരിശ്രമമാണ് നടക്കുന്നത്. ഏത് ഓപ്പറേഷൻ നടന്നാലും കുറച്ച് രക്തം നഷ്ടപ്പെടും. അതുകൊണ്ട് എല്ലാം സൗഹൃദമാകും എന്ന നിലപാട് ഭരണകക്ഷിയിലെയും പ്രതിപക്ഷത്തെയും ആളുകൾ സ്വീകരിക്കില്ല എന്ന് ഞാൻ കരുതുന്നു. പക്ഷേ നമുക്കൊരു ലക്ഷ്യമുണ്ട്. കേരളത്തിൽ പതിറ്റാണ്ടുകളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു വലിയ പൊതുമേഖലാ

സ്ഥാപനത്തെ ബ്രേക്ക് ഈവൻ ആക്കുന്നതിനുള്ള നടപടിയോട് എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളും പ്രതികരിക്കുമെന്ന് തന്നെയാണ് എന്റെ വിശ്വാസം. അതുകൊണ്ട് കെ.എസ്.ആർ.ടി.സി. യെ മെച്ചപ്പെട്ട രീതിയിൽ കൊണ്ടുപോകുന്നതിനുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. വനം വകുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് മറുപടി പറയുന്നതിനുമുമ്പായി ഗവൺമെന്റ് നടപ്പാക്കാൻ പോകുന്ന ചില കർമ്മപദ്ധതികളെക്കുറിച്ച് സൂചിപ്പിക്കുകയാണ്. ഞങ്ങൾക്കിനി 676 ദിവസങ്ങൾ എന്ന് പ്രഖ്യാപിച്ചെങ്കിലും യഥാർത്ഥത്തിൽ അതിൽനിന്നും കുറെ ദിവസങ്ങൾകൂടി നഷ്ടമായി. അവശേഷിക്കുന്ന ദിവസങ്ങളുടെ അടിസ്ഥാനത്തിൽ ചില കർമ്മ പരിപാടികൾ ആവിഷ്കരിക്കുകയെന്നതാണ് വനം വകുപ്പിൽ ചെയ്തിട്ടുള്ളത്. 100, 200, 300, 400, 500, 600 ദിവസങ്ങൾ കൊണ്ട് ചെയ്യാൻ കഴിയുന്ന പദ്ധതികളുടെ ടൈംടേബിളുണ്ടാക്കി അതെല്ലാം പരിശോധിച്ച് അതാത് മാസത്തിൽ ആ പദ്ധതികളുടെ പ്രോഗ്രസ് വിലയിരുത്തി മുന്നോട്ട് പോകുക എന്നതാണ് ഞങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഇവിടെ എല്ലാവിഭാഗത്തിൽപ്പെട്ട ആളുകളും പരിസ്ഥിതിയെക്കുറിച്ച് പറഞ്ഞിരുന്നു. ഹരിതശ്രീ പദ്ധതിയെന്ന മാസ് മൂവ്മെന്റ് കേരളത്തിൽ പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടിയുണ്ടാവണമെന്നുള്ള ആഗ്രഹമാണ് ഗവൺമെന്റിനുള്ളത്. പരിസ്ഥിതി എന്ന് പ്രസംഗത്തിൽ മാത്രം പറഞ്ഞാൽ പോര, ജനങ്ങളെ പരിസ്ഥിതിയുമായി ബന്ധിപ്പിക്കാൻ നമുക്ക് കഴിയണം. അതിനായി ഒരു പരീക്ഷണം നടത്തിയത് വിജയകരമായിരുന്നു. ആ പരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലൊട്ടാകെ 10 ലക്ഷം ആളുകളെ സംഘടിപ്പിച്ച് വൃക്ഷസ്നേഹികളായി അവരെ മാറ്റു

കയും അവർ ഓരോ വൃക്ഷത്തൈ നടുകയും വേണം. 10 ലക്ഷംപേരെയാണ് ഇതിൽ ഉദ്ദേശിച്ചിരുന്നതെങ്കിലും 20 ലക്ഷം ആളുകൾ ഇതിൽ പങ്കെടുത്തു. ഞങ്ങൾ ആഗ്രഹിച്ചതിനേക്കാൾ ഇരട്ടി വിജയമുണ്ടായി എന്നത് ഞാൻ അഭിമാനത്തോടെ അനുസ്മരിക്കുന്നു. ഈ സഭയിലുള്ള അംഗങ്ങളോട് ഞാൻ നന്ദിയും രേഖപ്പെടുത്തുന്നു. കേരളത്തിലെ പഞ്ചായത്ത് പ്രസിഡന്റു മാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ തുടങ്ങി ത്രിതല പഞ്ചായത്ത് സമിതിയിൽപ്പെട്ട ആളുകൾക്ക് എല്ലാവർക്കും നേരിട്ട് കത്തയച്ചു. അവരുടേത് പോസിറ്റീവായ പ്രതികരണമായിരുന്നു. അതിൽ രാഷ്ട്രീയമില്ല. നമ്മുടെ സംസ്ഥാനത്തിന്റെ പച്ചപ്പ് നിലനിർത്തുന്നതിനുവേണ്ടിയുള്ള നടപടിയിൽ വളരെ പോസിറ്റീവായ നിലപാടാണ് അവരെല്ലാം സ്വീകരിച്ചത്. അത് കൂടുതൽ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള പരിശ്രമം നടത്തുകയാണ്. എക്കോ കേഡറ്റുകളുടെ രൂപീകരണമുണ്ടാകും, കുട്ടിവനം പദ്ധതി രൂപപ്പെടു ത്തുന്നതിനുവേണ്ടി നടപടി സ്വീകരിക്കുകയാണ്. അച്ചടി ദൃശ്യ മാധ്യമ പ്രവർത്തകർക്കും ഫോട്ടോഗ്രാഫർമാർക്കും അവാർഡ് നൽകിക്കൊണ്ട് അവരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള മറ്റൊരു നടപടിയും സ്വീകരിക്കുകയാണ്. പാലക്കാട് ജില്ലയിലെ പറമ്പിക്കുളം ടൈഗർ റിസർവിൽ ആദിവാസി വിഭാഗത്തിനുവേണ്ടിയുള്ള പ്രീ-മെട്രിക് ഹോസ്റ്റൽ ആരംഭിക്കുക യാണ്. ഇടുക്കിയിലെ പെരിയാർ ടൈഗർ റിസർവിലും തേക്കടിയിലെ വൈൽഡ് ലൈഫ് ഇന്റർപ്രട്ടേഷൻ സെന്റർ, ആർട്ട് ഗ്യാലറി, ഇൻഫർമേഷൻ-കം-ടിക്കറ്റിംഗ് സെന്റർ, വൈൽഡ് ലൈഫ് മ്യൂസിയം, ഓൺ ലൈൻ ടിക്കറ്റ് ബുക്കിംഗ് തുടങ്ങി കുറെ പുതിയ പദ്ധതികൾകൂടി ആരംഭിക്കുകയാണ്. കൊല്ലം ജില്ലയിലെ ശെന്തുരുണി വന്യജീവി സങ്കേതത്തിലെ എക്കോ ടൂറിസം

പദ്ധതി, പത്തനംതിട്ട ജില്ലയിൽ കോന്നിയിലെ മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ, കുമ്മന്നൂർ പാലം തുടങ്ങിയവയും ഈ പദ്ധതികളിൽ ഉൾപ്പെടുന്നവയാണ്. കേരളത്തിലെ ജനസമൂഹത്തെ എക്കോ ഫ്രണ്ട്ലിയായി മാറ്റുന്നതിനാണ് ഈ പദ്ധതികളെല്ലാം നടപ്പാക്കുന്നത്. 300 മുതൽ 400 വരെ ദിവസത്തിനുള്ളിൽ അരിപ്പയിൽ ഫോറസ്റ്റ് ട്രെയിനിംഗ് സ്കൂളിന്റെ ഉദ്ഘാടനം നടക്കും. 250 ആദിവാസി ഊരുകളിൽ വികസന പ്രവർത്തനം നടത്തുന്നതിനായി 'ഊരിനു ണർവ്, കാടിനുണർവ്' എന്ന പുതിയ പദ്ധതിയുമായി മുന്നോട്ടുപോകുന്ന താണ്. 400 മുതൽ 500 വരെയുള്ള ദിവസങ്ങൾക്കുള്ളിൽ തൃശ്ശൂർ മൃഗശാല യുടെ ആദ്യഘട്ട ഉദ്ഘാടനം നിർവഹിക്കും. ഇതുപോലുള്ള നിരവധി പദ്ധതി കൾ നടപ്പിലാക്കാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. സമൂഹത്തിലെ ബന്ധപ്പെട്ട ആളുകളുടെ സഹായസഹകരണത്തോടെ ഈ പദ്ധതികളെല്ലാം നടത്തണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്.

ചന്ദനമരങ്ങളുടെ മോഷണം വർദ്ധിച്ചിരിക്കുന്നതായി വിമർശന രൂപ ത്തിൽ ശ്രീ. എസ്. രാജേന്ദ്രൻ പറഞ്ഞു. 2006 മുതൽ 2014 വരെയുള്ള കണ ക്കുകൾ എന്റെ കയ്യിലുണ്ട്. 2006-ൽ 79 കേസ്സുകളും 109 ചന്ദനമരം നഷ്ട പ്പെടുകയുമാണ് ചെയ്തത്. 2010-ൽ 61-കേസ്സുകളും 68 മരങ്ങളുടെ നഷ്ട വുമായി മാറി. 2013-ൽ 12 കേസ്സുകളും 9 മരങ്ങളുടെ നഷ്ടവുമണ് ഉണ്ടാ യിട്ടുള്ളത്. 2014 വർഷം പൂർത്തിയാകാത്തതുകൊണ്ട്, കണക്ക് പൂർണ്ണ മായും വന്നിട്ടില്ല. ഈ തോത് കുറഞ്ഞുവന്നുവെന്നുള്ളത് കേരളത്തിന്റെ ഏറ്റവും വലിയ ഗുണമായി കാണുകയാണ്. 2004-ലെ ശ്രീ. ഉമ്മൻ ചാണ്ടി

ഗവൺമെന്റിൽ വനം വകുപ്പ് കൈകാര്യം ചെയ്യാൻ ഹ്രസ്വമായ കാലം ലഭിച്ചിരുന്നു. ഇന്ന് അവിടെ കാണുന്ന 4 ഫോറസ്റ്റേഷനും ആവശ്യമയ ഫെൻസിംഗും മറ്റ് ക്രമീകരണങ്ങളും ആ സമയത്ത് നടത്തിയത് ഞാൻ ഓർക്കുകയാണ്. പിന്നീട് വന്ന ഗവൺമെന്റും അത് നന്നായി തുടർന്നുപോന്നു. അതുകൊണ്ടാണ് കേസ്സുകളുടെയും മരംമോഷണത്തിന്റെയും തോത് കുറയ്ക്കാൻ സാധിച്ചത്. ഏതായാലും കേരളത്തെ സംബന്ധിച്ചിടത്തോളം അതൊരു നല്ല നീക്കമാണെന്ന് തന്നെയാണ് ഞാൻ വിചാരിക്കുന്നത്. അതോടൊപ്പം വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശം ഫലപ്രദമായി നേരിടുന്നതിന് വേണ്ടിയുള്ള ചില നടപടികൾ ഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുകയാണ്. 13 ഇന കർമ്മ പരിപാടികളാണ് ഇതുസംബന്ധിച്ച് ഗവൺമെന്റ് ആവിഷ്കരിച്ചിരിക്കുന്നത്. 13 ഇന കർമ്മ പരിപാടികളുടെ അടിസ്ഥാനത്തിൽ വൈദ്യുത കമ്പിവേലി ഏകദേശം 800 കിലോമീറ്ററും ആനപ്രതിരോധ കടങ്ങുകൾ 530 കിലോമീറ്ററും ആനപ്രതിരോധ ഭിത്തി 30 കിലോമീറ്ററും ലിങ്ക് ഫെൻസിംഗ് 0.45 കിലോ മീറ്ററും കയ്യാല 4 കിലോമീറ്ററും ജൈവവേലി 4 കിലോമീറ്ററും കെട്ടിക്കഴിഞ്ഞു. ജൈവവേലിയുടെ കാര്യത്തിൽ ഗവൺമെന്റ് ഒരു കാര്യം കൂടി ചെയ്യുന്നുണ്ട്. ശ്രീലങ്കൻ മോഡലിൽ, പ്രത്യേകിച്ച് വേലി കെട്ടാതെ പന നട്ട് ആനയുൾപ്പെടെയുള്ള മൃഗങ്ങൾ പുറത്തിറങ്ങാത്ത വിധത്തിൽ ജൈവഫെൻസിംഗ് ഉണ്ടാക്കുകയെന്നുള്ളതാണത്. സബ്ജക്ട് കമ്മിറ്റിയിൽ ഇതിനെക്കുറിച്ച് ഗൗരവമായി ആലോചിച്ചു. ഈ പ്രൊപ്പോസലുമായി മുന്നോട്ട് നീങ്ങണമെന്ന സബ്ജക്ട് കമ്മിറ്റിയുടെ പൊതുവായ അഭിപ്രായത്തോട് അംഗങ്ങളും ഗവൺമെന്റും യോജിച്ചു. ശ്രീ. റ്റി. എൻ. പ്രതാപൻ, എം.എൽ.എ. സംസാരിച്ചപ്പോൾ ഇ.എഫ്.എൽ.-നെക്കുറിച്ചുള്ള കാര്യം

പറഞ്ഞു. ഇ.എഫ്.എൽ.– നെ സംബന്ധിക്കുന്ന കേസ് കോടതിയിൽ വരാൻ പോകുന്നതേയുള്ളു. ഹൈക്കോടതിയിൽ ഈ മാസം 30–ാം തീയതി കേസ് എടുക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. സുപ്രീംകോടതിയിലെ സീനിയർ അഭിഭാഷകനെ കൊണ്ടുവരുന്നതിനുള്ള ഉത്തരവ് ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ ഫയലിൽ ഒപ്പിട്ടുണ്ട്. കോടതിയിലെ കേസ് ഇവിടെ വാദിച്ചാൽ തീരില്ല. സുപ്രീംകോടതിയിൽ നിന്നും സീനിയർ അഭിഭാഷകനെ കൊണ്ടുവരണമെന്നുള്ളതായിരന്നു പൊതുവെയുള്ള ആവശ്യം. ആ ആവശ്യത്തോട് ഗവൺമെന്റ് പൂർണ്ണമയും സഹകരിച്ച് നടപടി സ്വീകരിക്കുന്നതാണ്. ഹൈക്കോടതിയിൽ പുതിയ അഭിഭാഷകനെ നിയമിക്കുന്നതിനുള്ള ഗവൺമെന്റ് ഓർഡറും ഇറക്കിയിട്ടുണ്ട്. അതും ഞാൻ ഇക്കൂട്ടത്തിൽ വയ്ക്കുകാണ്. നെല്ലിയാമ്പതിയിലെ കരുണ എസ്റ്റേറ്റ് സംബന്ധിച്ച് വിമർശന രൂപത്തിൽ സംസാരിക്കുകയുണ്ടായി. ആ വിമർശനത്തിലെ അന്ത:സത്ത പൂർണ്ണമായും ഞാൻ ഉൾക്കൊള്ളുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ ഭൂമി നഷ്ടപ്പെടരുത്, അന്യാധീനപ്പെടരുത് എന്നുള്ള ആഗ്രഹത്തോടുകൂടി നടത്തിയ വിമർശനമായിട്ടാണ് ഞാൻ അതിനെ കാണുന്നത്. കരുണ പ്ലാന്റേഷനിലെ സീതാർക്കുണ്ട് എസ്റ്റേറ്റാണ് ഇവിടെ പരാമർശിക്കപ്പെട്ടത്. ശ്രീ. എ. കെ. ബാലന് അതിനെക്കുറിച്ച് അറിയാം. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയെ തുടർന്ന് 1994–ൽ ഉടമസ്ഥർക്ക് റെസ്റ്റോർ ചെയ്തതാണ് ഈ സ്ഥലം. 919 ഏക്കർ വിസ്തീർണ്ണമുണ്ടായിരുന്ന ഈ എസ്റ്റേറ്റിൽ സർക്കാരിന് അവകാശമുണ്ടായിരുന്ന നിക്ഷിപ്തവനമായ 84 ഏക്കർ സ്ഥലം ഒഴിവാക്കിയാണ് റെസ്റ്റോർ ചെയ്തിട്ടുള്ളത്. സർക്കാർ 2000–ൽ ഒരു റിവ്യൂ പെറ്റീഷൻ ഹൈക്കോടതിയിൽ സമർപ്പിച്ചെങ്കിലും അത് അനുവദിക്കുകയുണ്ടായില്ല.

തുടർന്ന് സുപ്രീം കോടതിയിൽ നൽകിയ എസ്.എൽ.പി. യും കാലതാമസം വന്നതുകൊണ്ട് അനുവദിച്ചില്ല. ഞാൻ ഫയലുകൾ പരിശോധിച്ചപ്പോൾ, ചെറിയ കാലതാമസമല്ല, 18 വർഷത്തെ കാലതാമസമാണ് വന്നിട്ടുള്ളത്. കേരളത്തിലെ എത്രയോ നദികളിലൂടെ എത്രയോ വെള്ളം ഒഴുകിപ്പോയിട്ടുണ്ടാകും. സീതാർക്കുണ്ട് എസ്റ്റേറ്റിലെ ഏകദേശം 350 ഏക്കർ സ്ഥലത്തെ സംബന്ധിച്ച് വനം വകുപ്പ് എസ്റ്റേറ്റ് ഉടമയും തമ്മിൽ മിസലേനിയസ് അപ്പീലിൽ തർക്കമുണ്ടായിരുന്നില്ല. അവശേഷിക്കുന്ന ഭൂമി രേഖയിൽ വനമായി കിടന്നതിനാൽ വനംവകുപ്പിന്റെ എൻ.ഒ.സി. ഇല്ലാതെ 2007-ൽ നടന്ന റീ-സർവ്വേക്കുശേഷം റവന്യൂ അധികൃതർ ലാന്റ് ടാക്സ് സ്വീകരിക്കാൻ വിസമ്മതിച്ചതിനെത്തുടർന്ന് വനം വകുപ്പിൽനിന്നും എൻ.ഒ.സി. ലഭിക്കുന്നതിന് അപേക്ഷിച്ചു. ഇത്തരം കാര്യങ്ങൾ തീരുമാനിക്കുന്നതിന്, 2-1-2013-ൽ 6 വകുപ്പുകളിലുള്ള 8 ഉദ്യോഗസ്ഥന്മാർ അംഗങ്ങളായ കമ്മിറ്റിയെ നിയോഗിച്ചു. കമ്മിറ്റി അംഗങ്ങളുടെ പേര് എന്റെ കയ്യിലുണ്ട്. ഞാൻ വായിക്കാം.

(i) The Additional Principal Chief Conservator of Forests (Chairman) (Regional North), Kozhikode.

(ii) Chief Conservator of Forests (Eastern Circle) Convener

(iii) District Police Chief of concerned District (Member)

(iv) District Government Pleader, Palakkad/Malappuram (Member)

(v) Deputy Collector, Land Reforms, concerned Districts (Member)

(vi) Divisional Forest Officer of concerned divisions (Member)

(vii) District Survey Superintendent of concerned District (Member)

(viii) District Registrar of concerned District (Member)

ഈ കമ്മിറ്റിക്ക് കൊടുത്തിട്ടുള്ള ടേംസ് ഓഫ് റഫറൻസിൽ 8 എണ്ണമാണ് പറഞ്ഞിട്ടുള്ളത്.

1. Boundary consolidation
2. Demarcation and consolidation of boundaries post 01-01-1977 encroachment subject to eviction
3. Eviction of encroachment
4. NOC for registration of land in villages where forests occur.

തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ഈ ടേംസ് ഓഫ് റഫറൻസിൽ തീരുമാനമെടുക്കാൻ 6 വകുപ്പുകളിൽപ്പെട്ട 8 അംഗങ്ങളെ അന്ന് നിയോഗച്ചു. അതിന്റെ ഗവൺമെന്റ് ഓർഡർ എന്റെ കയ്യിലുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 21-03-2014 ഉച്ചയ്ക്കുശേഷം 2.30 മണിക്കാണ് യോഗം ചേർന്നത്. ആ യോഗത്തിലെടുത്ത ചില തീരുമാനങ്ങളുടെ പ്രമുഖഭാഗം മാത്രം ഞാൻ വായിക്കാം. Hence, the Committee authorised District Survey Superintendent to conduct field verification within 10 days and report the findings to D.F.O., Nemmara. On receipt of certification from the District Survey Superintendent and concurrence from District Government Pleader, the committee authorised the D.F.O., Nemmara to give recommendation to Tahasildar for collecting tax from M/s. Karuna plantations upon verification of facts and records at his level

and to his satisfaction. കമ്മിറ്റിയിൽ എല്ലാ ഡിപ്പാർട്ടുമെന്റിൽപ്പെട്ട ആളുകളുമുണ്ടായിരുന്നു. ആ ഡിപ്പാർട്ടുമെന്റുകളെക്കുറിച്ചെല്ലാം ഞാൻ വായിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഒരു തീരുമാനമെടുത്തു. അതിനുശേഷം ഇത് ശരിയാണോയെന്ന് അറിയുന്നതിനുവേണ്ടിയുള്ള ലീഗൽ ഒപ്പീനിയൻ എന്റെ കൈവശമുണ്ട്. അതനുസരിച്ച്, So, my conclusion is that M/s. Karuna Plantations may be permitted to remit property tax with regard to the extent shown in bit No.1, 3, 4, 5, 7 & 9 in the sketch prepared by the Assistant Director of Survey,............... ഇങ്ങനെയാണത് വന്നിട്ടുള്ളത്. If any anomalies are found in future, the officials are free to take necessary action against M/s Karuna Plantations. Regarding the issue pertaining to Survey No. 494, it can be settled by way of appropriate proceedings before the competent forum having jurisdiction in accordance with law. ലീഗൽ ഒപ്പീനിയൻ ഇതാണ്.

ശ്രീ. എ.കെ. ബാലൻ : സർ, രാവിലെ ചോദ്യോത്തര വേളയിൽ ഈ കാര്യം ചർച്ചയ്ക്ക് വന്ന സമയം, ഇതൊരു ഇരുതലമൂർച്ചയുള്ള പ്രശ്നമാണെന്ന് ഞാൻ പറഞ്ഞിരുന്നു. നെല്ലിയാമ്പതിയിലെ 52 എസ്റ്റേറ്റുകളിലായി കിടക്കുന്ന 10000 ഏക്കർ ഭൂമിയുമായി ബന്ധപ്പെട്ട നിരവധി കേസ്സുകൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ കിടക്കുകയാണ്. കരുണ എസ്റ്റേറ്റും അതിന്റെ ഭാഗമാണ്. സ്വാഭാവികമായും ബഹുമാനപ്പെട്ട മന്ത്രി ലാന്റ് ടാക്സ് വാങ്ങാൻ ഇപ്പോൾ അനുമതി കൊടുക്കുമ്പോൾ സുപ്രീംകോടതിയിൽ കിടക്കുന്ന ഒരു കേസ്സുമായി ബന്ധപ്പെട്ടുകൊണ്ട് അന്വേഷിക്കാൻ വേണ്ടിയാണ്

ചുമതലപ്പെടുത്തിയത്. 8 അംഗങ്ങളുള്ള കമ്മീഷൻ റിപ്പോർട്ട് സുപ്രീംകോടതിയിൽ കൊടുത്ത്, സുപ്രീംകോടതിയുടെ അനുവാദത്തിന്റെ ഭാഗമായി ലാന്റ് ടാക്സ് വാങ്ങിയാൽ പ്രശ്നമില്ല. അല്ലാത്തിടത്തോളം കാലം ഇത് വാങ്ങുന്നത് ശരിയല്ല. ശ്രീ. സി. പി. മുഹമ്മദ് അംഗമായിട്ടുള്ള പരിസ്ഥിതി കമ്മിറ്റിയും 2004–ൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയും വനമാണെന്ന് പറഞ്ഞ ഭൂമിയാണ്. 1950–ലെ നിയമപ്രകാരം ഇത് വനമാണ്. അങ്ങനെയുള്ള ഒരു ഭൂമിയുടെ ടാക്സ് വാങ്ങുകയെന്ന് പറയുന്നത് ശരിയായ നടപടിയല്ല. പാട്ടവ്യവസ്ഥയ്ക്ക് എതിരായിട്ടാണ് നാളിതുവരെ പ്രവർത്തിച്ചത്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ ഇക്കാര്യങ്ങളെല്ലാം ചിന്തിച്ചിട്ടുണ്ടോയെന്ന് എനിക്കറിയില്ല. ഇവിടെ പറഞ്ഞ കാര്യങ്ങൾ മുഖവിലയ്ക്ക് എടുക്കണമെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി ഈ ഡോക്യുമെന്റുകളെല്ലാം മേശപ്പുറത്ത് വയ്ക്കണം.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഈ പതിമൂന്നാം നിയമസഭ വന്നിട്ട് അങ്ങ് മൂന്നാമത്തെയോ നാലാമത്തെയോ വനം വകുപ്പുമന്ത്രിയാണെന്നു തോന്നുന്നു. നെല്ലിയാമ്പതി, കരുണാ എസ്റ്റേറ്റ് എന്നൊക്കെ അന്നുമുതൽക്കേ കേൾക്കുന്നതാണ്. ഒരു കമ്മിറ്റിയും രൂപീകരിച്ചു. ഈ രാജ്യത്ത് ഏറ്റവും കൂടുതൽ വനമുള്ള ഒരു മണ്ഡലമാണ് എന്റെ മണ്ഡലം. ധാരാളം ഭൂമിയുണ്ടവിടെ. ഈ കമ്മിറ്റിക്കകത്ത് അതുവല്ലതും വരുമോ? ഈ കമ്മിറ്റി വന്നല്ലോ, അങ്ങ് പറഞ്ഞ ലീഗൽ ഒപ്പിനിയൻ ഏതാണ്, ആരുടെ ലീഗൽ ഒപ്പിനിയൻ ആണ്; ഇതൊക്കെ വിശദമായി അറിഞ്ഞാൽ നന്നായിരുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നാലാമത്തെ ആളല്ല, നാൽപ്പ താമത്തെ ആളായാലും ശരി, തിരുവഞ്ചൂർ രാധാകൃഷ്ണന് ഒരു ലൈനുണ്ട്, അത് നേരിന്റെ വഴിയാണ്. ആ വഴിക്കങ്ങനെ പോകും. അങ്ങേയ്ക്കെന്നെ വ്യക്തിപരമായി നന്നായി അറിയാമല്ലോ. (ബഹളം) ഇവിടെ, ഞാനിതൊന്നു വായിച്ചോട്ടെ,

മി. സ്പീക്കർ: യെസ്, യെസ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാനൊന്ന് ദയവായി വായി ച്ചോട്ടെ, ഈ പറഞ്ഞ രീതിയിലാണ് കാര്യങ്ങൾ നിൽക്കുന്നത്. ഇങ്ങനെ യൊക്കെയാണെങ്കിലും ഞാൻ ഈ റിക്കോർഡ്സ്കൂടി പരിശോധിക്കുന്നതി നുള്ള കാരണം ശ്രീ. റ്റി. എൻ. പ്രതാപൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കത്ത് കൊടുക്കുകയും മുഖ്യമന്ത്രി അത് മാർക്ക് ചെയ്ത് എനിക്ക് തരികയും ചെയ്തിരുന്നു. ആ കത്ത് കിട്ടിയപ്പോൾ ഇക്കാര്യങ്ങളെല്ലാം വളരെ സീരിയ സ്സായി പരിശോധിക്കണമെന്ന് എനിക്കുംകൂടി വ്യക്തിപരമായി തോന്നിയതി ന്റെയടിസ്ഥാനത്തിലാണ് എല്ലാം പരിശോധിച്ചത്. ഈ കാര്യങ്ങളെല്ലാം ഞാൻ പറഞ്ഞതുപോലെ കറക്ടായി നിൽക്കുന്നുവെങ്കിലും ഇതിനെക്കുറിച്ച് പുറത്തൊരു ചർച്ച വന്നതുകൊണ്ട് നമ്മുടെ 3 പ്രമുഖരായ ഐ.എഫ്.എസ്. ഓഫീസർമാരെ നിയോഗിച്ച് ഇക്കാര്യം അന്വേഷിക്കാൻ തീരുമാനിച്ചു. അതി നാണ് ശ്രീ. വി. ഗോപിനാഥിന്റെ നേതൃത്വത്തിൽ ശ്രീ. സുരേന്ദ്രനാഥും അതോ ടൊപ്പം ഫോറസ്റ്റ് വിജിലൻസിന്റെ ചാർജ്ജുള്ള ശ്രീ. സി. എസ്. യലാക്കി യേയും ഇതുസംബന്ധിച്ചുള്ള അന്വേഷണത്തിനായി നിയോഗിച്ചത്. ഇനി അവർ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കട്ടെ. ആ അന്വേഷണ റിപ്പോർട്ട് കിട്ടു മ്പോൾ നമുക്ക് എല്ലാ കാര്യങ്ങളും മനസ്സിലാകുമല്ലോ. പക്ഷെ അന്വേഷണ

റിപ്പോർട്ട് ഇപ്പോൾ എന്റെ കൈയിൽ എത്തിയിട്ടില്ലെങ്കിലും ഈ കാര്യത്തെ ക്കുറിച്ച് ഞാൻ പരാമർശിക്കാതെ പോയാൽ എന്റെ ഭാഗത്തൊരു dereliction of duty ഉണ്ടാകും. അതൊഴിവാക്കാൻ ഞാൻ ഇക്കാര്യം സഭയെ അറിയിച്ചു വെന്നുമാത്രമേയുള്ളൂ.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി വായിച്ച ഡോക്യു മെന്റ് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിൽ പ്രശ്നമില്ലല്ലോ.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, എനിക്ക് ഒരു ഡോക്യുമെന്റും മേശപ്പുറത്ത് വയ്ക്കുന്നതിന് കുഴപ്പമില്ല. ഈ ഡോക്യുമെന്റെല്ലാം ഗവൺമെന്റിന്റെ ഡോക്യുമെന്റാണ്, വിവരാവകാശം അനുസരിച്ച് ആര് ചോദിച്ചാലും ഈ ഡോക്യൂമെന്റ് അവർക്കെല്ലാം കിട്ടാൻ അർഹതപ്പെട്ടതാണ് അതുകൊണ്ട് ഒരു വിരോധവുമില്ല.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ശ്രീ. റ്റി. എൻ. പ്രതാപൻ കൊടു ത്തിരിക്കുന്ന കത്തിൽ പറഞ്ഞിരിക്കുന്ന കരുണാ എസ്റ്റേറ്റിന്റെ കാര്യത്തിൽ എൻ.ഒ.സി. കൊടുക്കുന്നതിന് വനംവകുപ്പിലെ സി.സി.എഫ്. റാങ്കിലെതന്നെ ഉന്നത ഉദ്യോഗസ്ഥരുൾപ്പെടുന്ന ഒരു കമ്മിറ്റിയുണ്ട്. ആ കമ്മിറ്റി പരിശോധിച്ച തിനുശേഷമാത്രമെ എൻ.ഒ.സി. കൊടുക്കാൻ പാടുള്ളൂയെന്ന് പറയുമ്പോൾ ഈ ഉദ്യോഗസ്ഥൻ സ്വന്തം നിലയ്ക്ക് ആരോടും ആലോചിക്കാതെ, ഇക്കാര്യം അന്വേഷിക്കാൻ വളരെ പ്രമുഖരായ ഉദ്യോഗസ്ഥരെ നിയമിച്ചവെന്ന് അങ്ങ് പറഞ്ഞു, അത്തരം ഉദ്യോഗസ്ഥർ ഈ സർവ്വീസിലുള്ളപ്പോൾ അവർ ആരോ ടുമാലോചിക്കാതെ ഒരു ഡി.എഫ്.ഒ.ക്ക് ഇത്തരത്തിലൊരു എൻ.ഒ.സി. കൊടു ക്കാൻ അധികാരമുണ്ടോ? പാലക്കാട് ഒലവക്കോട് റെയിൽവേ സ്റ്റേഷന് സമീപം പാവപ്പെട്ട കുറെയാളുകൾ താമസിക്കുന്നുണ്ട്. പാലക്കാട് എം.എൽ.

എ. ശ്രീ. ഷാഫി പറമ്പിൽ ഒക്കെ ഇവിടെയുണ്ട്. റെയിൽവേ സ്റ്റേഷന് സമീപത്ത് വീടുവച്ചു താമസിക്കുന്ന പാവപ്പെട്ടയാളുകൾക്ക് ഒരു എൻ.ഒ.സി. നൽകാൻ ഡി.എഫ്.ഒ.മാരും സി.സി.എഫ്.കാരും മടികാണിക്കുന്നു. പക്ഷെ, ഒരു മുതലാളിക്ക് എൻ.ഒ.സി. നൽകാൻ ഈ ഉദോഗസ്ഥൻ വ്യഗ്രത കാണിച്ചതെന്തെന്ന് അന്വേഷിക്കാൻ അങ്ങ് തയ്യാറാണോ; അതാണ് അന്വേഷിക്കേണ്ടത്. ആ വ്യഗ്രതയിൽ എനിക്ക് സംശയമുണ്ട്. ഞാനീ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന മന്ത്രിയാണ്. ഈ ഉദ്യോഗസ്ഥൻ പലരെയും സഹായിക്കാമെന്നും ഇദ്ദേഹത്തിന്റെ ഉയർന്ന ഉദ്യോഗസ്ഥൻ സത്യസന്ധനായതുകൊണ്ട് അദ്ദേഹത്തെ സ്ഥലം മാറ്റുന്നതിനുംവേണ്ടി ഇവിടെ സമ്മർദ്ദം നടന്നിട്ടുണ്ട്. അങ്ങ് ഈ ഉദ്യോഗസ്ഥനെക്കുറിച്ച് അന്വേഷിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞ പോയിന്റുകൂടി അന്വേഷണത്തിന് വിടുന്നു. അതുംകൂടി അന്വേഷിക്കട്ടെ. ....(ബഹളം)... ഞാൻ പറയുന്നു, ഈ നിയമസഭയ്ക്ക് മുമ്പിലെല്ലാ കാര്യങ്ങളും ട്രാൻസ്പരന്റായി നിൽക്കണം. ... (ബഹളം)............

ശ്രീ. പി. സി. ജോർജ്: സർ, ബഹളമുണ്ടാക്കേണ്ട കാര്യമെന്താണ്; ഇതെല്ലാം അന്വേഷിക്കട്ടെ. .... (ബഹളം)............

മി. സ്പീക്കർ: യെസ്.. യെസ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി തോട്ടങ്ങളെ സംബന്ധിച്ച കാര്യങ്ങൾ സി.ബി.ഐ. അന്വേഷണത്തിന് വിട്ടതുപോലുള്ള വളരെ ശക്തമായ നിലപാടെടുത്ത മുഖ്യമന്ത്രിയാണ്. അദ്ദേഹത്തിന്റെ തീരുമാനമനുസരിച്ച് സി.ബി.ഐ. ഈ കേസ് അന്വേഷിക്കുകയാണ്. അവിടെ സി.ബി.ഐ.യുടെ മുമ്പിൽ ഈ

ഉദ്യോഗസ്ഥന്റെ നിലാപടെന്താണെന്നുകൂടി അങ്ങ് മേലുദ്യോഗസ്ഥന്മാരെ ക്കൊണ്ട് അന്വേഷിപ്പിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങേയ്ക്കറിയില്ലേ ഈ വകുപ്പ് എന്റെ കൈയിൽ കിട്ടിയിട്ട് എത്ര ദിവസമായിയെന്ന്? അങ്ങല്ലേ ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്നത്? അങ്ങേയ്ക്ക് ഇതെല്ലാം അറിയാവുന്ന തല്ലേ. .... (ബഹളം) 8 പേരുള്ള കമ്മിറ്റിയെ നിയോഗിച്ച് കമ്മിറ്റിയെടുത്ത തീരുമാനവും വന്ന് ആ തീരുമാനം ഞാൻ വായിച്ചതല്ലേയുള്ളൂ.. (ബഹളം)... പ്രതിപക്ഷത്തുനിന്ന് ശ്രീ. എളമരം കരീം സൂചിപ്പിച്ചതുപോലെ ഞാൻ ഈ പേപ്പറുകളെല്ലാം മേശപ്പുറത്ത് വയ്ക്കുകാണ്. ബഹുമാനപ്പെട്ട കെ. ബി. ഗണേഷ് കുമാർ പറഞ്ഞതുപോലെ അദ്ദേഹം ഉന്നയിച്ച വിഷയംകൂടി അന്വേ ഷണ സംഘം അന്വേഷിക്കട്ടെ. മാത്രമല്ല, ഇതിനേക്കാളുപരിയായി വേറെ എന്തെങ്കിലും കാര്യമുണ്ടെങ്കിൽ ആ കാര്യംകൂടി അന്വേഷിക്കുന്നതിനുവേണ്ടി അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തുകയും ചെയ്യുകയാണ്. ആർക്കു വേണമെങ്കിലും ആ അന്വേഷണ സംഘത്തിനുമുമ്പിൽ കാര്യങ്ങൾ പറയാവു ന്നതാണ്.

ശ്രീ. പി. സി. ജോർജ്: സർ, ഇക്കാര്യത്തിൽ ഒരു കാര്യം സത്യമാണ്, അങ്ങയുടെ കൈകൾ പരിശുദ്ധമാണ്. അതു ബോദ്ധ്യമായി... (ബഹളം)... നിങ്ങൾ ബഹളം വച്ചിട്ട് കാര്യമുണ്ടോ; ചോദ്യം ചോദിക്കാൻ എനിക്കവകാശ മില്ലേ? ഇതു സംബന്ധമായി ഈ സഭയിൽ മറ്റംഗങ്ങൾക്കും ചില സ്വാതന്ത്ര്യ ങ്ങളുണ്ട്. എഴുതിത്തരുന്ന എല്ലാ കാര്യങ്ങളും ഈ അന്വേഷണത്തിന്റെ പരി ധിയിൽപ്പെടുത്താൻ അങ്ങ് തയ്യാറാണോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട പി. സി. ജോർജ്, ഞാനിവിടെ.......... ശ്രീ. എളമരം കരീം, അങ്ങേയ്ക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. എളമരം കരീം: സർ, ബഹുമാനപ്പെട്ട ചീഫ് വിപ്പ് പറഞ്ഞതു പോലെയാണെങ്കിൽ ഇതിനുമുമ്പുള്ള മന്ത്രിമാരുടെ കൈകൾ ശുദ്ധമല്ലായെന്ന് അർത്ഥം വരുന്നുണ്ട്. അതിനെക്കുറിച്ച് അന്വേഷിക്കണ്ടേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നമ്മളങ്ങനെയൊക്കെ അർത്ഥവും ദുരർത്ഥവും കണ്ടുപിടിക്കേണ്ട കാര്യമില്ല. നമുക്ക് ഫാക്ട് ഫൈൻഡിംഗല്ലേ വേണ്ടത്; ബഹുമാനപ്പെട്ട പി. സി. ജോർജ് പറഞ്ഞതും ഈ സംഘത്തിനുമുമ്പ് എഴുതികൊടുത്ത് അവർ അതിനെക്കുറിച്ചും അന്വേഷിച്ചോട്ടെ. അവർക്ക് സ്വതന്ത്രമായ രൂപത്തിൽ അധികാരം നൽകുകയാണ്. അവരെല്ലാം പരിശോധിച്ചോട്ടെ, അതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് കിട്ടട്ടെ. എനിക്ക് ഇതുമാത്രമാണ് പറയാനുള്ളത്.

മി. സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. എനിക്ക് ഇത്രയും കാര്യങ്ങൾ മാത്രമെ പറയാനുള്ളൂ. അതുകൊണ്ട് ഈ ഡിമാന്റ് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ നിർദ്ദേശിച്ച പല കാര്യങ്ങളേയും ഞാൻ സ്വാഗതം ചെയ്യുകയാണ്. അതേ അവസരത്തിൽ പവർ ഇല്ലാതെപോയാലുള്ള പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഇരുഭാഗത്തുനിന്നും സൂചിപ്പിക്കുകയുണ്ടായി. ഇവിടെ പ്രധാനമായും ഉന്നയിച്ച ചില കാര്യങ്ങളെക്കുറിച്ച് ഒരു കാര്യം ഞാൻ

ആദ്യമേ പറയാം. നമ്മളെ സംബന്ധിച്ചിടത്തോളം ഇന്ന് നമ്മുടെ ഡിമാന്റ് കൂടിക്കൂടി വരികയാണ്. 2008–ൽ നമ്മുടെ സംസ്ഥാനത്ത് ലോഡ് ഷെഡ്ഡിംഗ് ഉണ്ടായിരുന്നു. അന്ന് 26-06-2008–ലുള്ള ബോർഡ് ഓർഡർ വച്ചുകൊണ്ട് 27-06-2008 മുതൽ 12-06-2009 വരെ ഒരു വർഷക്കാലം ലോഡ്ഷെഡ്ഡിംഗ് ഉണ്ടായിരുന്നു. ഞാൻ അതിനെ കുറ്റപ്പെടുത്തുന്നില്ല. അന്ന് മഴകുറച്ച് കുറഞ്ഞു, അതുകൊണ്ട് ലോഡ് ഷെഡ്ഡിംഗ് ഉണ്ടായി. പക്ഷെ അതിനെക്കാൾ വലിയ പ്രയാസമാണ് ഇപ്പോൾ കാണുന്നത്. അന്ന് വേണമെങ്കിൽ കുറേക്കൂടി പവർ വാങ്ങാമായിരുന്നു. ഞാൻ കുറ്റപ്പെടുത്തുകയല്ല, അങ്ങനെ ചെയ്താൽ വലിയ നഷ്ടത്തിലേക്ക് പോകും. മറ്റ് പല കാര്യങ്ങളുമൊക്കെ ആലോചിക്കും. ടോട്ടൽ റവന്യൂവിന്റെ 71.8 ശതമാനമാണ് പവർ പർച്ചേസ് ചെയ്യാൻവേണ്ടി 2009–ൽ ചെലവാക്കിയത്. അതേയവസരത്തിൽ 2012-13 – ൽ റവന്യൂവിന്റെ 101.38 ശതമാനം ചെലവാക്കി. എന്നുപറഞ്ഞാൽ ടോട്ടൽ റവന്യൂവിനെക്കാൾ കൂടുതൽ ചെലവിടേണ്ടിവന്നു. ഇതാണ് ഈ ലോഡ് ഷെഡ്ഡിംഗിന് കരണം. അല്ലാതെ ഇന്നുള്ള ഉദ്യോഗസ്ഥന്മാരുടെ കുഴപ്പംകൊണ്ടല്ല എന്ന് ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. അന്നുള്ള ചെയർമാനും മറ്റ് ആളുകളും കഴിവുള്ളവരായിരുന്നു. ഇന്നത്തെ ചെയർമാനും ഒട്ടും കഴിവ് കുറഞ്ഞവരല്ല എന്ന കാര്യവും ഞാൻ വ്യക്തമാക്കുകയാണ്. അതുകൊണ്ട് കുറേയൊക്കെ കാര്യങ്ങൾ നടത്തിയിട്ടുമുണ്ട്. ഒരു കാര്യം നമ്മൾ കാണേണ്ടത്, 15923 മില്യൺ യൂണിറ്റാണ് 2008-09–ലെ ആകെ ഡിമാന്റ്. അതേയവസരത്തിൽ 2012-13-ലെ ഡിമാന്റ് എന്നുപറയുന്നത് 19879 മില്യൺ യൂണിറ്റാണ്. അതുകൊണ്ടാണ് ഈ പറയുന്ന പ്രശ്നങ്ങളുണ്ടായത്. അത് മനസ്സിലാക്കണം. അല്ലാതെ മാനേജ്മെന്റിന്റെ കുഴപ്പമാണ് എന്നു പറഞ്ഞാൽ ഞാൻ സമ്മതി

ക്കില്ല. അതേസമയം നമ്മൾ കാണേണ്ട ഒരു കാര്യം, power purchase including BDPP and KDPP എല്ലാംകൂടി അന്ന് 9483 മില്യൺ യൂണിറ്റാണ്. എന്നിട്ടും ഒരു വർഷക്കാലം അരമണിക്കൂർ ലോഡ് ഷെഡ്ഡിംഗ് ഉണ്ടായിരുന്നു. 2012-13–ൽ 15049.70 മില്യൺ യൂണിറ്റ് ഞങ്ങൾ ഇവിടെനിന്നും വാങ്ങി. അത് അന്നും അവയിലബിൾ ആയിരുന്നു, എന്നിട്ടും നിങ്ങൾ വാങ്ങിയില്ല. അത് എന്തുകൊണ്ട് വാങ്ങിയല്ലയെന്ന് ഞാൻ ചോദിക്കുന്നില്ല. എന്നെ കുറ്റപ്പെടുത്തിയതുപോലെ ഞാൻ കുറ്റപ്പെടുത്തുന്നുമില്ല. അങ്ങനെ വാങ്ങിയിരുന്നുവെങ്കിൽ ഇന്ന് വലിയ നഷ്ടത്തിലേക്ക് നീങ്ങുമായിരുന്നു. ഇതാണ് വസ്തുത. അതേയവസരത്തിൽ 2008-09–ൽ കായംകുളത്തുനിന്നും വാങ്ങിയത് 949.43 മില്യൺ യൂണിറ്റാണ്. എന്നാൽ 2012-13–ൽ ഞങ്ങൾ വാങ്ങിയത് 1517 മില്യൺ യൂണിറ്റാണ്. ഇത് അന്നും അവയിലബിളായിരുന്നു. എന്തുകൊണ്ട് നിങ്ങൾ വാങ്ങിയില്ലയെന്നു ഞാൻ ചോദിക്കുന്നില്ല.

ശ്രീ. ഇ. പി. ജയരാജൻ : സർ, കാലഘട്ടം കഴിയുമ്പോൾ ആവശ്യം കൂടുകയില്ലേ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ബഹുമാനപ്പെട്ട മെമ്പർ ഒരുകാര്യം മനസ്സിലാക്കണം. അന്ന് ഇത് അവയിലബിളായിരുന്നു, എന്നിട്ടും അരമണിക്കൂർ ലോഡ് ഷെഡ്ഡിംഗ് നടത്തി. അത് നടത്താതെ നിവൃത്തിയില്ലായിരുന്നു. അല്ലെങ്കിൽ ബോർഡ് ഭയങ്കരമായ നഷ്ടത്തിലേക്ക് പോകുമായിരുന്നു. ആ മാനേജ്മെന്റിനെ ഞാൻ എതിർക്കുന്നില്ല. അതിനെക്കാൾ ഗുരുതരമായ അവസ്ഥയാണ് ഇന്ന് എന്നുള്ളകാര്യം മാത്രം ഞാൻ പറയുന്നു. 2008-09-ൽ ഇവിടെ ലോഡ് ഷെഡ്ഡിംഗ് നടത്തിയ കാലത്ത് കായംകുളത്തുനിന്ന് വൈദ്യുതി വാങ്ങാൻ 347.61 കോടി രൂപയാണ് ചെലവാക്കിയത്. എന്നാൽ

2012-13–ൽ കായംകുളത്തുനിന്ന് വൈദ്യുതി വാങ്ങാൻ ഞങ്ങൾ 1517.60 കോടി രൂപ ചെലവാക്കി. ഇവിടെ ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കാൻവേണ്ടി കൂടുതൽ ചെലവിടുകയും കൂടുതൽ വാങ്ങുകയും ചെയ്തു എന്നുള്ളത് നഷ്ടത്തിനും റവന്യൂ ഗ്യാപ്പ് കൂടാനും ഇടയായി എന്നുള്ളതാണ് സത്യം. 2012-13–ൽ 7764 കോടി രൂപ പവർ പർച്ചേസിനുവേണ്ടി ചെലവാക്കി. അതാണ് ഞാൻ പറഞ്ഞത് 101.38 ശതമാനമെന്ന്. എൽ.ഡി.എഫ്.–ന്റെ കാലത്ത് 2008-09–ൽ 3832 കോടി രൂപയാണ് പവർ പർച്ചേസ് ചെയ്യാൻ വേണ്ടി നിങ്ങൾ അന്ന് ചെലവാക്കിയത്. അതേയവസരത്തിൽ 7764 കോടി രൂപയാണ് ഞങ്ങൾ ചെലവാക്കിയത്. എന്നുപറഞ്ഞാൽ 2008-09–ൽ നിങ്ങൾ ചെലവാക്കിയതിനെക്കാൾ 3932 കോടി രൂപ കൂടുതൽ ഞങ്ങൾ ചെലവാക്കി. അതുകൊണ്ട് കടബാധ്യത കൂടി, റവന്യൂ ഗ്യാപ്പ് കൂടി. ഇത് സ്വാഭാവികമല്ലേ. പക്ഷെ ഞങ്ങൾ ആത്മാർത്ഥമായി ശ്രമിച്ചു. അതിനുപറ്റിയ നല്ലൊരു മാനേ ജ്മെന്റ് നമുക്കുണ്ടായി എന്നുള്ളതാണ് വസ്തുത.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ഈ പറയുന്നതൊക്കെ കേരള സ്റ്റേറ്റ് ഇല ക്ട്രസിറ്റി റഗുലേറ്ററി കമ്മീഷനെയും എ.ജി.യേയും ബോധ്യപ്പെടുത്താൻ കഴി ഞ്ഞിരുന്നുവെങ്കിൽ എ.ജി.യുടെ സ്ട്രിക്ച്ചേഴ്സും അതുപോലെ കേരള സ്റ്റേറ്റ് ഇലക്ട്രസിറ്റി റഗുലേറ്ററി കമ്മീഷന്റെ സ്ട്രിക്ച്ചേഴ്സും ഗവണ്മെന്റിന് എതിരാ യിട്ടുള്ളത് നിങ്ങൾക്ക് മാറ്റിയെടുക്കാൻ കഴിയുമായിരുന്നില്ലെ? രണ്ടുപ്രാ വശ്യം കേരള സ്റ്റേറ്റ് ഇലക്ട്രസിറ്റി റഗുലേറ്ററി കമ്മീഷൻ തെറ്റായ രൂപത്തി ലുള്ള പ്ലാനിംഗിന്റെയും മാനേജ്മെന്റിൽവന്ന പിശകിന്റെയും ഭാഗമാണ് എന്ന സ്ട്രിക്ച്ചേഴ്സ് വന്നു. ഇപ്പോൾ എ.ജി.യുടെ റിപ്പോർട്ടും വന്നു. അത് ബഹുമാ നപ്പെട്ട മന്ത്രി കണ്ടിട്ടുണ്ടാവുമല്ലോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ അത് പറയാൻ പോവുകയായിരുന്നു. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതിന് നന്ദി. ഒരുകാര്യം അങ്ങ് മനസ്സിലാക്കണം. ഇതിനുമുമ്പുള്ള ഗവണ്മെന്റിന്റെ കാലത്തും പലതും കട്ട് ചെയ്യാൻ റഗുലേറ്ററി കമ്മീഷൻ പറഞ്ഞിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റ് കൂടുതലാണ്. അത് വെട്ടിക്കുറയ്ക്കാൻ കഴിയുമോ? 5 വർഷം അങ്ങ് ഈ സ്ഥാനത്ത് ഇരുന്നതാണല്ലോ. അവിടെ അഡ്മിനിസ്ട്രേഷൻ കോസ്റ്റ് വെട്ടിക്കുറയ്ക്കണം, 25 ശതമാനത്തോളം കട്ട് ചെയ്തുകൊണ്ടാണ് റഗുലേറ്ററി കമ്മീഷൻ എ.ആർ.ആർ. അംഗീകരിച്ചത്. അത് അങ്ങേയ്ക്ക് അംഗീകരിക്കാൻ സാധിക്കുമോ? ഈ ഗവണ്മെന്റ് നിലനിൽക്കുന്ന കാലത്തോളം ജീവനക്കാരന്റെ ഒരു പൈസപോലും കട്ട് ചെയ്യാൻ കൂട്ടുനിൽക്കില്ല എന്നുള്ള കാര്യം ഞാൻ പറയുകയാണ്.

ശ്രീ. എ. കെ. ബാലൻ: സർ, അങ്ങയുടെ കാലഘട്ടത്തിൽ ജീവനക്കാർക്ക് ഒരൊറ്റ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയിട്ടില്ല. കഴിഞ്ഞ യു.ഡി.എഫ്.-ന്റെ കാലത്ത് ശമ്പള പരിഷ്ക്കരണം നടപ്പാക്കിയെന്ന് തെളിഞ്ഞാൽ ഞാൻ ഈ സ്ഥാനം രാജിവയ്ക്കാം. അല്ലെങ്കിൽ താങ്കൾ രാജിവയ്ക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, കഴിഞ്ഞ പ്രാവശ്യം ഞാൻ ശമ്പള പരിഷ്ക്കരണം നടപ്പാക്കി എന്നുമാത്രമല്ല അവർ അതിൽ ഹാപ്പിയുമാണ്. അതിനുപുറമെ ..................(ബഹളം)........................

കഴിഞ്ഞ പ്രാവശ്യം ശ്രീ. എ. കെ. ബാലനുണ്ടാക്കിയ എഗ്രിമെന്റിന്റെ കാലത്ത് മുഴുവൻ ജോലി ചെയ്തതും ഞാനാണ്. അവസാനം എഗ്രിമെന്റാ

യത് അദ്ദേഹത്തിന്റെ കാലത്തും. ബഹുമാനപ്പെട്ട ബാലൻ ഈ സഭയിൽ വേണ്ടയാളാണ്. രാജിവയ്ക്കാൻ ഞങ്ങൾ സമ്മതിക്കില്ല. ഇവിടെ പ്രസംഗിച്ചവരൊക്കെ പറഞ്ഞു, പ്ലാനിംഗിന്റെ തകരാറും അതുപോലെതന്നെ കെടുകാര്യസ്ഥതയുമാണെന്ന്. സി. ആന്റ്. എ.ജി പറഞ്ഞുവെന്ന് ശ്രീ. എ. കെ. ബാലനും പറയുന്നു. ഏതുകാലത്തെ കാര്യത്തെക്കുറിച്ചാണ് സി. ആന്റ് എ.ജി പറഞ്ഞത് ശ്രീ. എ. കെ. ബാലൻ? സി. ആന്റ് എ.ജി പറഞ്ഞത്, 240.21 മെഗാവാട്ട്, 2008-09 to 2012-13. ഇത് അഞ്ചു വർഷത്തെ റിവ്യൂ ആണ്. അതിൽ മൂന്നു വർഷം താങ്കളുടേതാണ്. ഇതെന്താണ് സർ....... നോ... ....(ബഹളം)......

മി. സ്പീക്കർ: മിനിസ്റ്റർ സംസാരിക്കട്ടെ.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, പ്ലാനിംഗിനെക്കുറിച്ച് ഇവിടെ വളരെ ക്ലിയറായി പറഞ്ഞുവെന്ന് മാത്രമല്ല സി.ആന്റ് എ. ജി. പറഞ്ഞ ബാക്കി കാര്യങ്ങൾ കൂടി ഞാൻ പറയാം. Table 3.1.8 - Detail of per unit cost of power purchased. ഞാൻ കുറ്റപ്പെടുത്തുകയല്ല. അങ്ങനെയൊരു വില വന്നു. അതിൽ ഒരു അഴിമതിയുണ്ടെന്ന് ഞാൻ പറയുന്നില്ല. 2008-09-ൽ ട്രേയിഡേഴ്സിന്റെ കയ്യിൽ നിന്ന് നിങ്ങൾ പർച്ചേസ് ചെയ്തതെത്രയാണ്? 7.73 രൂപ ഒരു യൂണീറ്റിന്. 2012-13-ൽ ഞങ്ങൾ പർച്ചേസ് ചെയ്തത് 6.17 രൂപയ്ക്ക്. ഇത് കെടുകാര്യസ്ഥതയാണോ? സി. ആന്റ് എ. ജി.-യുടെ റിപ്പോർട്ടാണ്. കാര്യസ്ഥതയെക്കുറിച്ച് പറയുമ്പോൾ ഒരു കാര്യം ഓർക്കേണ്ടത്, അങ്ങ് ഇവിടെ ഇല്ലായിരുന്നു. ചിലരൊക്കെ പറഞ്ഞു. അതു കൊണ്ട് ഞാൻ പറയുകയാണ്. സി. ആന്റ് എ.ജി. പ്ലാനിംഗിനെക്കുറിച്ചാണ്

പറഞ്ഞത്. 2005-ൽ ആണ് കേന്ദ്ര ഗവൺമെന്റ് ഈ രൂപത്തിലുള്ള കോമ്പറ്റീറ്റീവ് ടെൻഡർ വിളിക്കാനും അത് കേസ് വൺ ബിഡാക്കി നടത്താനും തീരുമാനിച്ചത്. 2006-07-ൽ ഗുജറാത്ത്, ബീഹാർ കൂടാതെ പല സംസ്ഥാനങ്ങളും അത് ചെയ്തു. എന്നാൽ നമുക്ക് ചെയ്യാൻ കഴിഞ്ഞില്ല. 2006-07-ൽ നമുക്ക് ചെയ്യാമായിരുന്നു. ഈ പറയുന്ന കേസ് വൺ ബിഡിന്റെ ഗൈഡ്‌ലൈൻ വന്നിട്ട് നമുക്ക് വേണമെങ്കിൽ 2006-07-ൽ ലോംഗ് ടേമായി ടെൻഡർ വിളിക്കാമായിരുന്നു. നമ്മൾ വിളിച്ചില്ല. എന്താണ് കാരണമെന്ന് എനിക്കറിയില്ല. അവിടത്തെ മാനേജ്മെന്റൊക്കെ നല്ല മാനേജ്മെന്റാണ്. എന്നാലും വിളിച്ചില്ല. അതാണ് സത്യം. അതുകഴിഞ്ഞ് 2009-ൽ നിങ്ങൾ കേസ് വൺ ബിഡനുസരിച്ച് ടെണ്ടർ വിളിച്ചു. അതു വിളിച്ചത് അഞ്ചുകൊല്ലത്തേയ്ക്കാണ്. കേസ് വൺ ബിഡ് കേന്ദ്രത്തിന്റെ ഗൈഡ്‌ലൈൻ അനുസരിച്ച് വിളിക്കേണ്ടത് മൂന്ന് തരമാണ്, 1) ഷോർട്ട് ടേം- അത് മൂന്നുമാസം വരെ 2) മീഡിയം ടേം - മൂന്നു മാസം മുതൽ മൂന്നു കൊല്ലം വരെ. 3) 12 വർഷത്തിനുമുകളിൽ വന്നാലേ അത് ലോംഗ് ടേം ആകൂ. നിങ്ങൾ വിളിച്ചത് അഞ്ചു വർഷത്തേയ്ക്കാണ്. അത് പ്രായോഗിക മായില്ല. അതിന് ശേഷം നിങ്ങൾ ടെൻഡർ വിളിക്കുന്നത് 2011 ഏപ്രിൽ മാസത്തിലാണ്. അഞ്ചുകൊല്ലം കടന്നുപോയി. അതാണ് പ്ലാനിംഗിന്റെ ദോഷമെന്നാണ് സി. ആന്റ് എ. ജി പറഞ്ഞത്. അത് എന്റെ പേരിലല്ല. 2011 ഏപ്രിൽ മാസം നിങ്ങളാണ് ഭരിക്കുന്നത്. അന്നാണ് ടെൻഡർ ചെയ്തത്. ഞങ്ങൾ വരുന്നത് മേയ് മാസത്തിലാണ്. അത് ബഹുമാനപ്പെട്ട എ. കെ. ബാലന്റെ കഴിവുകുറവുകൊണ്ടാണെന്ന് ഒരിക്കലും പറയില്ല. അങ്ങ്

എന്നെക്കാൾ കഴിവുള്ളയാളാണ്. അതിൽ സംശയമില്ല. എന്നാൽ അന്നത്തെ ഉദ്യോഗസ്ഥൻമാർ പ്രഗത്ഭന്മാരായിരുന്നു. വളരെ പ്രാഗത്ഭ്യമുള്ളവരായിരുന്നു. അന്നത്തെ ചെയർമാനും പ്രഗത്ഭനായിരുന്നു. ഒട്ടും പ്രാഗത്ഭ്യക്കുറവ് ഇന്നത്തെ ചെയർമാനും മെമ്പർമാർക്കുമില്ല. അതുകൊണ്ട് ഈ രൂപത്തിൽ അവർ ഇത് മാനേജ് ചെയ്ത് കൊണ്ടു വന്നു എന്നത് മനസ്സിലാക്കണം. കൂടുതൽ തുക ചെലവിട്ട് ഇത് വാങ്ങി ജനങ്ങൾക്ക് കൊടുത്തു. അതിന്റെ റവന്യൂ ഗ്യാപ്പ് വളരെ കൂടേണ്ടതായിരുന്നു. കുറഞ്ഞിട്ടില്ല, കൂടിയിട്ടുണ്ട് എന്ന് ഞാൻ സമ്മതിക്കുന്നു. എന്നാൽ താങ്കളുടെ 2008-09-ലെ കണക്ക് വച്ച് നോക്കിയാൽ ഇതൊട്ടും കൂടുതലല്ല. പ്ലാനിംഗിന്റെ തകരാർ ഇവിടെയാണ് സംഭവിച്ചത്. ഇത് അഞ്ചുകൊല്ലക്കാലത്തെ റിപ്പോർട്ടാണ്. ഞങ്ങൾ അധികാരത്തിൽ വന്നു. നിങ്ങളുടെ ആദ്യത്തെ ടെൻഡർ ഗൈഡ്ലൈനിന് വിരുദ്ധമായതുകൊണ്ട് നടപ്പാക്കാൻ സാധിച്ചില്ല. എന്നിട്ടും നിങ്ങൾ ടെൻഡർ വിളിച്ചത് 2011 ഏപ്രിൽ മാസത്തിലാണ്, ടെൻഡർ വിളിച്ചത് 2012 മുതൽക്കാണ്. അന്നും നിങ്ങൾക്ക് നടപ്പാക്കാനുദ്ദേശമില്ല. അത് ശരിയായില്ല. ഇതിന് പ്രോപ്പറായ പ്ലാനിംഗുണ്ടായില്ല എന്നാണ് സി. ആന്റ് എ.ജി പറഞ്ഞത്. അത് ഞങ്ങളുടെ കാലത്തല്ലല്ലോ. അങ്ങോട്ടുമിങ്ങോട്ടും പറയാം. കുറച്ചൊക്കെ ഞങ്ങളുടെ ഭാഗത്തും അബദ്ധങ്ങൾ പറ്റിക്കാണും. അതിനെല്ലാം നിങ്ങളുടേത് സ്വർഗ്ഗീയമായിരുന്നു എന്നുള്ള വാദം താങ്കൾ പറഞ്ഞില്ല. ചിലരൊക്കെ ഇവിടെ പറഞ്ഞു. ഇന്ന് ഇന്ററപ്ഷൻ കൂടുന്നു. 3700-3800 മെഗാവാട്ട് വൈദ്യുതി നമുക്ക് വേണം. 1700-1800 മെഗാവാട്ട് വൈദ്യുതിയേ ഉത്പ്പാദിപ്പിക്കാൻ കഴിയുകയുള്ളൂ. നിങ്ങൾ അന്ന്

ലോഡ്ഷെഡിംഗ് നടത്തിയത് 3-4 സ്ഥലങ്ങളിൽ പ്രോബ്ലം വന്നതുകൊണ്ടും സെന്ററിൽ സി.ജി.എസ്.–ൽനിന്ന് കിട്ടുന്നത് കുറഞ്ഞതുകൊണ്ടുമാണ്. അവിടെയും ഇതുപോലെ തന്നെ മെഷീൻ കേടുപാടുകളും കാര്യങ്ങളുമുണ്ടായി. ഇപ്രാവശ്യവും അതുതന്നെ സംഭവിച്ചു. അതേ അവസരത്തിൽ ഇവിടെ പറയുന്നതുകേട്ടു, അന്ന് ഫുഡ്ബോളിന് ഞങ്ങൾ ലോഡ്ഷെഡിംഗ് ഒഴിവാക്കിയെന്ന്. ഫുഡ്ബോളിന് മാത്രമല്ല 27–ാം തീയതി മുതൽ ലോഡ്ഷെഡിംഗ് പിൻവലിക്കുകയാണ്. കായംകുളത്തു നിന്ന് വലിയ വിലകൊടുത്ത് വൈദ്യുതി വാങ്ങുകയാണ്. ഇനി മഴകൂടി കിട്ടണം. ഇല്ലെങ്കിൽ നിവൃത്തിയൊന്നുമില്ല. പ്രാർത്ഥിക്കാൻ ശ്രീ. എ. കെ. ബാലനും ഞാനുമൊന്നും തയ്യാറാവില്ലല്ലോ. എല്ലാവരുടേയും സഹായം വേണം. ഇന്ററപ്ഷൻ കൂടുന്നു. അത് ഞാൻ സമ്മതിക്കുന്നു. അതാണ് ആളുകൾ അനധികൃത ലോഡ് ഷെഡ്ഡിംഗെന്ന് പറയുന്നത്. അങ്ങനെയൊന്നുമില്ല. പ്രഖ്യാപിച്ചതേയുള്ളൂ. പക്ഷെ എപ്പോഴും തകരാറാകും. അതിനുള്ള കാരണം ഫോറസ്റ്റിൽക്കൂടിയാണ് നമ്മുടെ പല ലൈനും വരുന്നത്. ബഹുമാനപ്പെട്ട എ. കെ. ബാലന് അത് നല്ലതുപോലെ അറിയാമല്ലോ. അവിടെ ലൈനിൽ മരങ്ങളുടെ കൊമ്പ് വീഴുന്നു.

അതിനുപുറമെ കമ്പിയുടെ പുറത്ത് വീഴാൻ സാദ്ധ്യതയുള്ളതും വീണുകൊണ്ടിരിക്കുന്നതുമായ മരക്കൊമ്പുകൾ മുറിക്കാനുള്ള ഒരു സൗകര്യമുണ്ടാക്കുന്നതിന് എല്ലാവരും സഹായിക്കണം. നമ്മുടെ ജീവനക്കാരിൽ ബഹുഭൂരിപക്ഷവും വളരെ ആത്മാർത്ഥതയുള്ളവരാണ്. അവർ പല ജാതിയും രാഷ്ട്രീയവുമൊക്കെയുള്ളവരാണെങ്കിലും

ആത്മാർത്ഥമായി പണി ചെയ്യുന്നവരാണ്. അർദ്ധരാത്രി വരെയിറങ്ങി ജോലി ചെയ്യുന്നവരാണ്. അത് നമ്മൾ കാണണം. കഴിഞ്ഞ വർഷത്തിനു മുമ്പുള്ള ബക്രീദിന്റെ തലേ ദിവസം രാത്രി ഭയങ്കര മഴയിൽ പവർ കട്ടായി. പവറില്ലാതെ പോയാലുള്ള ബുദ്ധിമുട്ട് അറിയാവുന്നതുകൊണ്ട് ശിവദാസൻ എന്ന അരീക്കോടിലെ ലൈൻമാൻ കത്തിയുമെടുത്ത് ജോലിക്കിറങ്ങി. കിണറ്റിനു മീതെ വീണുകിടക്കുന്ന മരക്കൊമ്പ് കിണറ്റിന്റെ പടവിൽ കയറിനിന്നാണ് വെട്ടിയത്. അയാൾ വീണു, അയാളുടെ ജീവൻ തന്നെ നഷ്ടപ്പെട്ടു. അങ്ങനെയുള്ള ജീവനക്കാരുള്ള സ്ഥാപനമാണ്. അതിനാൽ അവരുമായി സഹകരിക്കണം. ടച്ചിംഗ് ചെയ്യുമ്പോൾ കല്ലെറിഞ്ഞാൽ എന്തുചെയ്യാൻ സാധിക്കും? രണ്ടു കാര്യം കൂടി പറയാനുണ്ട്. ഒന്ന്, ടച്ചിംഗിന്റെയെല്ലാം ഫലമായി മെമ്പർമാർക്ക് ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്, ധാരാളം ഫോൺ കോളുകൾ അവർക്കും എനിക്കും വരുന്നുണ്ട്. അതിനൊരു പരിഹാരം വേണം. അതിനുവേണ്ടി ഞാൻ ഒരു സ്കീമുണ്ടാക്കുന്നു. ആ സ്കീമിൽ എം.എൽ.എ. ചെയർമാൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, ജില്ലാ പഞ്ചായത്ത് മെമ്പർ, അസംബ്ലിയിൽ പ്രാതിനിധ്യമുള്ള എല്ലാ പാർട്ടികളുടെയും, അഖിലേന്ത്യാ പാർട്ടിയായ ബി.ജെ.പി.-യുടെയും ഓരോ പ്രതിനിധികൾ. ആ കമ്മിറ്റിക്ക് ഒരു വർഷം 10 ലക്ഷം രൂപ നൽകും. എന്റെ റിക്വസ്റ്റ്, 10 ലക്ഷം രൂപ നൽകുമ്പോൾ മെമ്പർമാർ അവരുടെ എം.എൽ.എ. ഫണ്ടിൽ നിന്ന് 5 ലക്ഷം രൂപ അതിലേയ്ക്ക് മാറ്റിവച്ചാൽ വലിയ ഉപകാരമായിരിക്കും.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): അതിന് സാങ്ഷൻ നൽകുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അതിന് സാങ്ഷൻ വാങ്ങിക്കാം. പഞ്ചായത്തുകൾ ഓരോ ലക്ഷം, മുനിസിപ്പാലിറ്റികൾ രണ്ടു ലക്ഷം, കോർപ്പറേഷൻ ഏരിയയാണെങ്കിൽ മൂന്നു ലക്ഷം രൂപ നീക്കിവച്ചാൽ ഏകദേശം 20–25 ലക്ഷം രൂപ ലഭിക്കും. ആ കമ്മിറ്റിയുടെ കൺവീനർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായിരിക്കും. ചെയർമാൻ പറയുന്ന സമയങ്ങളിൽ മീറ്റിംഗ് വിളിച്ചുകൂട്ടണം. എവിടെയെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ, പെട്ടെന്ന് ചെയ്ത് തീർക്കേണ്ടതാണെങ്കിൽ ഉടനെ ചെയ്യാനുള്ള നടപടികൾ അവർക്ക് കൈക്കൊള്ളാൻ സാധിക്കും. അതിന് മീറ്റിംഗ് ചേരേണ്ട. ഒരു പഞ്ചായത്തിലാണ് സംഭവിച്ചതെങ്കിൽ ആ പഞ്ചായത്ത് പ്രസിഡന്റ് എം.എൽ.എ.-യെ സമീപിച്ചാൽ എം.എൽ.എ.-യും പഞ്ചായത്ത് പ്രസിഡന്റും കൺവീനറായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ആലോചിച്ച് ഉടനെതന്നെ അത് ചെയ്യാനുള്ള നടപടി അവർക്ക് കൈക്കൊള്ളാം. ആ വർക്ക് ചെയ്യുന്നത് കെ.എസ്.ഇ.ബി. ആയിരിക്കും. ആ കമ്മിറ്റി ടച്ചിംഗും ബാക്കിയുള്ള കാര്യങ്ങളിലും ശ്രദ്ധപതിപ്പിച്ചാൽ വലിയ ഉപകാരമായിരിക്കും. മറ്റൊരു പദ്ധതി, വൈദ്യുതി ലൈൻ ഷോക്കേൽക്കുന്ന രീതിയിലുള്ള ആക്സിഡന്റിൽ മരണപ്പെട്ടുകഴിഞ്ഞാൽ 2010 വരെ 50,000 രൂപ വരെ നൽകുമായിരുന്നു. 2010-ൽ ശ്രീ. എ. കെ. ബാലൻ അത് ഒരു ലക്ഷം രൂപയാക്കി മാറ്റി. അതൊന്നും ഞാൻ ചെറുതായി കാണുന്നില്ല. ഇന്നത്തെ സ്ഥിതിക്ക് അതൊക്കെ തുച്ഛമായ സംഖ്യയാണ്. ഞാനും കഴിഞ്ഞ പ്രാവശ്യം മന്ത്രിയായപ്പോൾ ഒരു ലക്ഷം രൂപ തന്നെയാണ് കൊടുത്തത്. എന്നാൽ ആളുകൾ കോടതിയിലേയ്ക്ക് പോകുകയാണ്. അഞ്ചും ആറും വർഷങ്ങൾ കഴിഞ്ഞാണ് വിധി വരുന്നത്. ചില പാവങ്ങൾക്ക് കോടതിയിൽ

പോകാനും കഴിയില്ല. അതുകൊണ്ട് അങ്ങനെ മരിക്കുന്നയാളുകൾക്ക് ഉടനടി അഞ്ചു ലക്ഷം രൂപ നൽകാനുള്ള തീരുമാനം കൈക്കൊള്ളും. എന്നുമാത്രമല്ല, നമ്മുടെ നാട്ടിൽ 1855-ലെ ഒരു The Fatal Accidents Act ആണ് നിലവിലുള്ളത്. ആ ആക്ട് വളരെ പഴഞ്ചനാണ്. അതുകൊണ്ട് ഒരു പുതിയ നിയമം നിർമ്മിച്ച് ഇതിൽ വ്യവസ്ഥയുമുണ്ടാക്കിക്കൊണ്ട് ഈ നഷ്ടപരിഹാരം കൊടുക്കാനുള്ള ഏർപ്പാട് ചെയ്യും. അതുവരെ ഇനി ഫ്യൂച്ചറിൽ ഇത് സംഭവിക്കുന്ന ആളുകൾക്ക്, മുമ്പ് സംഭവിച്ചവർക്കല്ല, 5 ലക്ഷം രൂപ വരെ ഉടനെ നൽകും. പക്ഷെ, ഈ 5 ലക്ഷം രൂപ കൈപ്പറ്റുന്നവർ കോടതിയിലോ മറ്റു നടപടികളിലേയ്ക്കോ പോകില്ലെന്നുള്ള അണ്ടർടേക്കിംഗ് നൽകണം. കോടതിയിൽ പോകാത്ത ആളുകൾക്ക് 5 ലക്ഷം രൂപ കൊടുക്കാൻ തയ്യാറാണ്. ഇതിനെല്ലാം പുറമെ കേരള പവർ ഇംപ്രൂവ്മെന്റ് സ്കീം എന്ന സ്കീം നടപ്പാക്കിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ എ.പി.ഡി.ആർ.പി. സ്കീം നടപ്പാക്കി കഴിഞ്ഞു. ഇപ്പോൾ 43 മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും കൂടി 6 എ.പി.ഡി.ആർ.പി. സ്കീമുകളുണ്ട്. പക്ഷേ പുതിയ ചില മുനിസിപ്പാലിറ്റികൾ, എ.പി.ഡി.ആർ.പി. സ്കീമിൽ വന്നിട്ടില്ല. എ.പി.ഡി.ആർ.പി. സ്കീമിൽ വരാത്ത മുനിസിപ്പാലിറ്റി കളുടെ പവർ ഇംപ്രൂവ്മെന്റിനുവേണ്ടി 5 ലക്ഷം രൂപ വരെ നൽകും. അതിനുപുറമെ എ.പി.ഡി.ആർ.പി. കവർ ചെയ്യാത്ത 12 മുനിസിപ്പാലിറ്റി കളുണ്ട്. ആ മുനിസിപ്പാലിറ്റികൾക്ക് 2 ലക്ഷം രൂപ വോൾട്ടേജ് ഇംപ്രൂവ്മെന്റിനുവേണ്ടി പെട്ടെന്ന് നൽകും. ഇതുപോലെയുള്ള കാര്യങ്ങളാണ് എനിക്ക് പറയാനുള്ളത്. മെമ്പർമാർ പറഞ്ഞ പല അഭിപ്രായങ്ങളുമുണ്ട്. അതിനോരോന്നിനും മറുപടി പറയാൻ

സമയക്കുറവുള്ളതുകൊണ്ട് കഴിയില്ല. മെമ്പർമാർ നിർദ്ദേശിച്ചതിൽ പെട്ടെന്ന് ചെയ്യാൻ കഴിയുന്ന കാര്യങ്ങളൊക്കെ ചെയ്യും. അതിൽ ചെയ്യാനുള്ളത് പരമാവധി ചെയ്യും. ഇവിടെ ചീമേനിയുടെ കാര്യം പറഞ്ഞു, വളരെ പ്രധാനപ്പെട്ടതാണ്. ഞാനും സബ്ജക്ട് കമ്മിറ്റി അംഗങ്ങളുമെല്ലാം സന്ദർശനം നടത്തിയതാണ്. യാതൊരു ബുദ്ധിമുട്ടുമില്ലാതെ ചെയ്യാൻ സാധിക്കുമെന്നാണ് വിശ്വാസം. അതുകൊണ്ട് ഞങ്ങൾ അന്ന് തീരുമാനിച്ചതു പോലെ അസംബ്ലി കഴിഞ്ഞാൽ ആ പ്രദേശത്തെ പഞ്ചായത്ത് പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, എം.എൽ.എ.-മാർ, എല്ലാ രാഷ്ട്രീയ പാർട്ടികളിൽ നിന്നുള്ള ഓരോ പ്രതിനിധികളെയും കൂട്ടി ഈ സ്ഥലങ്ങൾ, ഇതിന് യാതൊരു അപകടവുമില്ലാതെ യു.പി.-യിലും ഡൽഹിയിലുമൊക്കെ നടക്കുന്ന പ്രോജക്ടുകൾ കാണിച്ചുകൊടുത്ത് അവരെ ബോദ്ധ്യപ്പെടുത്തി അത് നടത്താൻ ശ്രമിക്കും. ശ്രീ. എ. കെ. ശശീന്ദ്രൻ പറഞ്ഞ ഒരു കാര്യമുണ്ടായിരുന്നു, 12 ഏക്കർ സ്ഥലമുണ്ട്. യാതൊരു സംശയവും ബഹുമാനപ്പെട്ട മെമ്പർക്ക് വേണ്ട, അടിയന്തരമായി ഈ വർഷം തന്നെ അവിടെ ഒരു ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുവാനുള്ള ഏർപ്പാട് ചെയ്യും. അതിനു ശേഷം അവിടെ ഒരു സബ്സ്റ്റേഷനുമുണ്ടാക്കാൻ കഴിയുമോ എന്ന് പരിശോധിക്കും. ഇവിടെ പട്ടയത്തിന്റെ കാര്യം ചൂണ്ടിക്കാണിച്ചു. പ്രോജക്ട് ഏരിയയിൽ പ്രയാസമില്ലാത്തവിധം പട്ടയം കൊടുക്കാനുള്ള നടപടി കൈക്കൊള്ളും. പ്രോജക്ട് ഏരിയയ്ക്ക് എന്തെങ്കിലും പ്രയാസമുണ്ടാകുന്ന പക്ഷം അത് പ്രോജക്ടിന്റെയും ഡാമിന്റെയുമൊക്കെ സേഫ്റ്റി നോക്കി ക്കൊണ്ട് മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ. എന്നാലും പരമാവധി

ഇക്കാര്യങ്ങൾ ചെയ്യും. നല്ല നിർദ്ദേശങ്ങൾ രണ്ടു ഭാഗത്തു നിന്നും പറഞ്ഞിട്ടുണ്ട്. അത് ഞാൻ സ്വാഗതം ചെയ്യുന്നു.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ഞാൻ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഞാൻ ഉന്നയിച്ച പ്രശ്നങ്ങൾക്ക് മറുപടി പറഞ്ഞില്ല. കറണ്ട് പോകുന്നതിന്റെ ഉത്തരവാദിത്വം കൂടി എം.എൽ.എ.-മാരുടെ മേൽ വയ്ക്കുകയാണ്. ഇതൊരിക്കലും ശരിയല്ല.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ആ ഭാഗത്തും ഈ ഭാഗത്തുമുള്ള എം. എൽ.എ.-മാർക്ക് അത് വേണ്ട എന്നാണെങ്കിൽ യാതൊരു നിർബന്ധവുമില്ല. അങ്ങനെയാണെങ്കിൽ ഏത് എം.എൽ.എ.-യ്ക്കാണോ ആവശ്യം അവിടെ കൊടുക്കാം. ചർച്ചയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. ഈ പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എ. എം. ആരിഫ്, ശ്രീ. ബാബു. എം. പാലിശ്ശേരി തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങൾ വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥ നയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2014-15 സാമ്പത്തിക

വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. എ. എ. അസീസ്
13. ശ്രീ. കെ. ബാബു
14. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
15. ശ്രീ. വി. റ്റി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. കെ. ബി. ഗണേഷ് കുമാർ

21. ശ്രീ. എ. റ്റി. ജോർജ്
22. ശ്രീ. പി. സി. ജോർജ്
23. ശ്രീ. ഹൈബി ഈഡൻ
24. കുമാരി പി. കെ. ജയലക്ഷ്മി
25. ഡോ. എൻ. ജയരാജ്
26. ശ്രീ. കെ. സി. ജോസഫ്
27. ശ്രീ. പി. ജെ. ജോസഫ്
28. ശ്രീ. ജോസഫ് വാഴക്കൻ
29. ശ്രീ. വർക്കല കഹാർ
30. ശ്രീ. കെ. എൻ. എ. ഖാദർ
31. ശ്രീ. റ്റി. യു. കുരുവിള
32. ശ്രീ. കോവൂർ കുഞ്ഞുമോൻ
33. ശ്രീ. ലൂഡി ലൂയിസ്
34. ശ്രീ. പി. എ. മാധവൻ
35. ശ്രീ. സി. മമ്മൂട്ടി
36. ശ്രീ. കെ. എം. മാണി
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. സി. മോയിൻകുട്ടി
39. ശ്രീ. മോൻസ് ജോസഫ്
40. ശ്രീ. സി. പി. മുഹമ്മദ്
41. ശ്രീ. ആര്യാടൻ മുഹമ്മദ്
42. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
43. ഡോ. എം. കെ. മുനീർ
44. ശ്രീ. കെ. മുരളീധരൻ
45. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
46. ശ്രീ. ഉമ്മൻ ചാണ്ടി
47. ശ്രീ. അടൂർ പ്രകാശ്
48. ശ്രീ. റ്റി. എൻ. പ്രതാപൻ
49. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

50. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
51. ശ്രീ. രമേശ് ചെന്നിത്തല
52. ശ്രീ. പാലോട് രവി
53. ശ്രീ. റോഷി അഗസ്റ്റിൻ
54. ശ്രീ. വി. പി. സജീന്ദ്രൻ
55. ശ്രീ. എൻ. ശക്തൻ
56. ശ്രീ. വി. ഡി സതീശൻ
57. ശ്രീ. ഷാഫി പറമ്പിൽ
58. ശ്രീ. കെ. എം. ഷാജി
59. ശ്രീ. എൻ. ഷംസുദ്ദീൻ
60. ശ്രീ. ആർ. സെൽവരാജ്
61. ശ്രീ. ഷിബു ബേബി ജോൺ
62. ശ്രീ. കെ. ശിവദാസൻ നായർ
63. ശ്രീ. വി. എസ്. ശിവകുമാർ
64. ശ്രീ. സണ്ണി ജോസഫ്
65. ശ്രീ. സി. എഫ്. തോമസ്
66. ശ്രീ. തോമസ് ഉണ്ണിയാടൻ
67. ശ്രീ. പി. ഉബൈദുള്ള
68. ശ്രീ. എം. ഉമ്മർ
69. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
70. ശ്രീ. എം. എ. വാഹീദ്
71. ശ്രീ. എം. പി. വിൻസെന്റ്
72. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. എ. എം. ആരിഫ്
4. ശ്രീ. ബാബു എം. പാലിശ്ശേരി
5. ശ്രീ. എം. എ. ബേബി

6. ശ്രീ. എ. കെ. ബാലൻ
7. ശ്രീ. എം. ചന്ദ്രൻ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ
9. ശ്രീ. വി. ചെന്താമരാക്ഷൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീമതി ഗീതാ ഗോപി
13. ശ്രീ. ചിറ്റയം ഗോപകുമാർ
14. ശ്രീ. പി. കെ. ഗുരുദാസൻ
15. ശ്രീ. എം. ഹംസ
16. ശ്രീമതി ജമീലാ പ്രകാശം
17. ശ്രീ. ജെയിംസ് മാത്യു
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. കെ. കെ. ജയചന്ദ്രൻ
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോസ് തെറ്റയിൽ
23. ശ്രീ. എളമരം കരീം
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
26. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
27. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
28. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
29. ശ്രീമതി കെ. കെ. ലതിക
30. ശ്രീ. സി. കെ. നാണു
31. ശ്രീ. കെ. കെ. നാരായണൻ
32. ശ്രീ. എ. പ്രദീപ്കുമാർ
33. ശ്രീ. പുരുഷൻ കടലുണ്ടി
34. ശ്രീ. കെ. രാധാകൃഷ്ണൻ
35. ശ്രീ. പി. റ്റി. എ. റഹീം

36. ശ്രീ. എസ്. രാജേന്ദ്രൻ
37. ശ്രീ. ആർ. രാജേഷ്
38. ശ്രീ. റ്റി. വി. രാജേഷ്
39. ശ്രീ. കെ. രാജു
40. ശ്രീ. രാജു എബ്രഹാം
41. പ്രൊഫ. സി. രവീന്ദ്രനാഥ്
42. ശ്രീ. സാജു പോൾ
43. ശ്രീമതി കെ. എസ്. സലീഖ
44. ശ്രീ. എസ്. ശർമ്മ
45. ശ്രീ. വി. ശശി
46. ശ്രീ. എ. കെ. ശശീന്ദ്രൻ
47. ശ്രീ. ബി. സത്യൻ
48. ശ്രീ. വി. ശിവൻകുട്ടി
49. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
50. ശ്രീ. ജി. സുധാകരൻ
51. ശ്രീ. വി. എസ്. സുനിൽകുമാർ
52. ഡോ. ടി. എം. തോമസ് ഐസക്
53. ശ്രീ. കെ. വി. വിജയദാസ്

<u>മി. സ്പീക്കർ:</u> അനുകൂലിക്കുന്നവർ : 72

പ്രതികൂലിക്കുന്നവർ : 53

നിക്ഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ, ശ്രീ. പുരുഷൻ കടലുണ്ടി തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങൾ വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. എ. എ. അസീസ്
13. ശ്രീ. കെ. ബാബു

14. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
15. ശ്രീ. വി. റ്റി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. കെ. ബി. ഗണേഷ് കുമാർ
21. ശ്രീ. എ. റ്റി. ജോർജ്ജ്
22. ശ്രീ. പി. സി. ജോർജ്ജ്
23. ശ്രീ. ഹൈബി ഈഡൻ
24. കുമാരി പി. കെ. ജയലക്ഷ്മി
25. ഡോ. എൻ. ജയരാജ്
26. ശ്രീ. കെ. സി. ജോസഫ്
27. ശ്രീ. പി. ജെ. ജോസഫ്
28. ശ്രീ. ജോസഫ് വാഴക്കൻ
29. ശ്രീ. വർക്കല കഹാർ
30. ശ്രീ. കെ. എൻ. എ. ഖാദർ
31. ശ്രീ. റ്റി. യു. കുരുവിള
32. ശ്രീ. കോവൂർ കുഞ്ഞുമോൻ
33. ശ്രീ. ലൂഡി ലൂയിസ്
34. ശ്രീ. പി. എ. മാധവൻ
35. ശ്രീ. സി. മമ്മൂട്ടി
36. ശ്രീ. കെ. എം. മാണി
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. സി. മോയിൻകുട്ടി
39. ശ്രീ. മോൻസ് ജോസഫ്
40. ശ്രീ. സി. പി. മുഹമ്മദ്
41. ശ്രീ. ആര്യാടൻ മുഹമ്മദ്
42. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

43. ഡോ. എം. കെ. മുനീർ
44. ശ്രീ. കെ. മുരളീധരൻ
45. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
46. ശ്രീ. ഉമ്മൻ ചാണ്ടി
47. ശ്രീ. അടൂർ പ്രകാശ്
48. ശ്രീ. റ്റി. എൻ. പ്രതാപൻ
49. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
50. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
51. ശ്രീ. രമേശ് ചെന്നിത്തല
52. ശ്രീ. പാലോട് രവി
53. ശ്രീ. റോഷി അഗസ്റ്റിൻ
54. ശ്രീ. വി. പി. സജീന്ദ്രൻ
55. ശ്രീ. എൻ. ശക്തൻ
56. ശ്രീ. വി. ഡി സതീശൻ
57. ശ്രീ. ഷാഫി പറമ്പിൽ
58. ശ്രീ. കെ. എം. ഷാജി
59. ശ്രീ. എൻ. ഷംസുദ്ദീൻ
60. ശ്രീ. ആർ. സെൽവരാജ്
61. ശ്രീ. ഷിബു ബേബി ജോൺ
62. ശ്രീ. കെ. ശിവദാസൻ നായർ
63. ശ്രീ. വി. എസ്. ശിവകുമാർ
64. ശ്രീ. സണ്ണി ജോസഫ്
65. ശ്രീ. സി. എഫ്. തോമസ്
66. ശ്രീ. തോമസ് ഉണ്ണിയാടൻ
67. ശ്രീ. പി. ഉബൈദുള്ള
68. ശ്രീ. എം. ഉമ്മർ
69. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
70. ശ്രീ. എം. എ. വാഹീദ്
71. ശ്രീ. എം. പി. വിൻസെന്റ്
72. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. എ. എം. ആരിഫ്
4. ശ്രീ. ബാബു എം. പാലിശ്ശേരി
5. ശ്രീ. എം. എ. ബേബി
6. ശ്രീ. എ. കെ. ബാലൻ
7. ശ്രീ. എം. ചന്ദ്രൻ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ
9. ശ്രീ. വി. ചെന്താമരാക്ഷൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീമതി ഗീതാ ഗോപി
13. ശ്രീ. ചിറ്റയം ഗോപകുമാർ
14. ശ്രീ. പി. കെ. ഗുരുദാസൻ
15. ശ്രീ. എം. ഹംസ
16. ശ്രീമതി ജമീലാ പ്രകാശം
17. ശ്രീ. ജെയിംസ് മാത്യു
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. കെ. കെ. ജയചന്ദ്രൻ
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോസ് തെറ്റയിൽ
23. ശ്രീ. എളമരം കരീം
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
26. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
27. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

28. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
29. ശ്രീമതി കെ. കെ. ലതിക
30. ശ്രീ. സി. കെ. നാണു
31. ശ്രീ. കെ. കെ. നാരായണൻ
32. ശ്രീ. എ. പ്രദീപ്കുമാർ
33. ശ്രീ. പുരുഷൻ കടലുണ്ടി
34. ശ്രീ. കെ. രാധാകൃഷ്ണൻ
35. ശ്രീ. പി. റ്റി. എ. റഹീം
36. ശ്രീ. എസ്. രാജേന്ദ്രൻ
37. ശ്രീ. ആർ. രാജേഷ്
38. ശ്രീ. റ്റി. വി. രാജേഷ്
39. ശ്രീ. കെ. രാജു
40. ശ്രീ. രാജു എബ്രഹാം
41. പ്രൊഫ. സി. രവീന്ദ്രനാഥ്
42. ശ്രീ. സാജു പോൾ
43. ശ്രീമതി കെ. എസ്. സലീഖ
44. ശ്രീ. എസ്. ശർമ്മ
45. ശ്രീ. വി. ശശി
46. ശ്രീ. എ. കെ. ശശീന്ദ്രൻ
47. ശ്രീ. ബി. സത്യൻ
48. ശ്രീ. വി. ശിവൻകുട്ടി
49. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
50. ശ്രീ. ജി. സുധാകരൻ
51. ശ്രീ. വി. എസ്. സുനിൽകുമാർ
52. ഡോ. ടി. എം. തോമസ് ഐസക്
53. ശ്രീ. കെ. വി. വിജയദാസ്

<u>മി. സ്പീക്കർ:</u> അനുകൂലിക്കുന്നവർ : 72

പ്രതികൂലിക്കുന്നവർ : 53

നിക്ഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശ്രീ. കെ. ദാസൻ, ശ്രീ. എം. ഹംസ തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങൾ ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. എ. എ. അസീസ്
13. ശ്രീ. കെ. ബാബു
14. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
15. ശ്രീ. വി. റ്റി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. കെ. ബി. ഗണേഷ് കുമാർ
21. ശ്രീ. എ. റ്റി. ജോർജ്
22. ശ്രീ. പി. സി. ജോർജ്
23. ശ്രീ. ഹൈബി ഈഡൻ
24. കുമാരി പി. കെ. ജയലക്ഷ്മി
25. ഡോ. എൻ. ജയരാജ്
26. ശ്രീ. കെ. സി. ജോസഫ്
27. ശ്രീ. പി. ജെ. ജോസഫ്
28. ശ്രീ. ജോസഫ് വാഴക്കൻ
29. ശ്രീ. വർക്കല കഹാർ
30. ശ്രീ. കെ. എൻ. എ. ഖാദർ
31. ശ്രീ. റ്റി. യു. കുരുവിള
32. ശ്രീ. കോവൂർ കുഞ്ഞുമോൻ
33. ശ്രീ. ലൂഡി ലൂയിസ്

34. ശ്രീ. പി. എ. മാധവൻ
35. ശ്രീ. സി. മമ്മൂട്ടി
36. ശ്രീ. കെ. എം. മാണി
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. സി. മോയിൻകുട്ടി
39. ശ്രീ. മോൻസ് ജോസഫ്
40. ശ്രീ. സി. പി. മുഹമ്മദ്
41. ശ്രീ. ആര്യാടൻ മുഹമ്മദ്
42. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
43. ഡോ. എം. കെ. മുനീർ
44. ശ്രീ. കെ. മുരളീധരൻ
45. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
46. ശ്രീ. ഉമ്മൻ ചാണ്ടി
47. ശ്രീ. അടൂർ പ്രകാശ്
48. ശ്രീ. റ്റി. എൻ. പ്രതാപൻ
49. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
50. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
51. ശ്രീ. രമേശ് ചെന്നിത്തല
52. ശ്രീ. പാലോട് രവി
53. ശ്രീ. റോഷി അഗസ്റ്റിൻ
54. ശ്രീ. വി. പി. സജീന്ദ്രൻ
55. ശ്രീ. എൻ. ശക്തൻ
56. ശ്രീ. വി. ഡി സതീശൻ
57. ശ്രീ. ഷാഫി പറമ്പിൽ
58. ശ്രീ. കെ. എം. ഷാജി
59. ശ്രീ. എൻ. ഷംസുദ്ദീൻ
60. ശ്രീ. ആർ. സെൽവരാജ്
61. ശ്രീ. ഷിബു ബേബി ജോൺ
62. ശ്രീ. കെ. ശിവദാസൻ നായർ
63. ശ്രീ. വി. എസ്. ശിവകുമാർ

64. ശ്രീ. സണ്ണി ജോസഫ്
65. ശ്രീ. സി. എഫ്. തോമസ്
66. ശ്രീ. തോമസ് ഉണ്ണിയാടൻ
67. ശ്രീ. പി. ഉബൈദുള്ള
68. ശ്രീ. എം. ഉമ്മർ
69. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
70. ശ്രീ. എം. എ. വാഹീദ്
71. ശ്രീ. എം. പി. വിൻസെന്റ്
72. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. □വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. എ. എം. ആരിഫ്
4. ശ്രീ. ബാബു എം. പാലിശ്ശേരി
5. ശ്രീ. എം. എ. ബേബി
6. ശ്രീ. എ. കെ. ബാലൻ
7. ശ്രീ. എം. ചന്ദ്രൻ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ
9. ശ്രീ. വി. ചെന്താമരാക്ഷൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീമതി ഗീതാ ഗോപി
13. ശ്രീ. ചിറ്റയം ഗോപകുമാർ
14. ശ്രീ. പി. കെ. ഗുരുദാസൻ
15. ശ്രീ. എം. ഹംസ
16. ശ്രീമതി ജമീലാ പ്രകാശം
17. ശ്രീ. ജെയിംസ് മാത്യു
18. ഡോ. കെ. ടി. ജലീൽ

19. ശ്രീ. കെ. കെ. ജയചന്ദ്രൻ
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോസ് തെറ്റയിൽ
23. ശ്രീ. എളമരം കരീം
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
26. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
27. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
28. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
29. ശ്രീമതി കെ. കെ. ലതിക
30. ശ്രീ. സി. കെ. നാണു
31. ശ്രീ. കെ. കെ. നാരായണൻ
32. ശ്രീ. എ. പ്രദീപ്കുമാർ
33. ശ്രീ. പുരുഷൻ കടലുണ്ടി
34. ശ്രീ. കെ. രാധാകൃഷ്ണൻ
35. ശ്രീ. പി. റ്റി. എ. റഹീം
36. ശ്രീ. എസ്. രാജേന്ദ്രൻ
37. ശ്രീ. ആർ. രാജേഷ്
38. ശ്രീ. റ്റി. വി. രാജേഷ്
39. ശ്രീ. കെ. രാജു
40. ശ്രീ. രാജു എബ്രഹാം
41. പ്രൊഫ. സി. രവീന്ദ്രനാഥ്
42. ശ്രീ. സാജു പോൾ
43. ശ്രീമതി കെ. എസ്. സലീഖ
44. ശ്രീ. എസ്. ശർമ്മ
45. ശ്രീ. വി. ശശി
46. ശ്രീ. എ. കെ. ശശീന്ദ്രൻ
47. ശ്രീ. ബി. സത്യൻ
48. ശ്രീ. വി. ശിവൻകുട്ടി

49. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
50. ശ്രീ. ജി. സുധാകരൻ
51. ശ്രീ. വി. എസ്. സുനിൽകുമാർ
52. ഡോ. ടി. എം. തോമസ് ഐസക്
53. ശ്രീ. കെ. വി. വിജയദാസ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ : 72

പ്രതികൂലിക്കുന്നവർ : 53

നിക്ഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ, ശ്രീ. സി. കൃഷ്ണൻ തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങൾ വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടുരേഖപ്പെടുത്തി)

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. എ. എ. അസീസ്
13. ശ്രീ. കെ. ബാബു
14. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
15. ശ്രീ. വി. റ്റി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. കെ. ബി. ഗണേഷ് കുമാർ
21. ശ്രീ. എ. റ്റി. ജോർജ്
22. ശ്രീ. പി. സി. ജോർജ്
23. ശ്രീ. ഹൈബി ഈഡൻ
24. കുമാരി പി. കെ. ജയലക്ഷ്മി
25. ഡോ. എൻ. ജയരാജ്

26. ശ്രീ. കെ. സി. ജോസഫ്
27. ശ്രീ. പി. ജെ. ജോസഫ്
28. ശ്രീ. ജോസഫ് വാഴക്കൻ
29. ശ്രീ. വർക്കല കഹാർ
30. ശ്രീ. കെ. എൻ. എ. ഖാദർ
31. ശ്രീ. റ്റി. യു. കുരുവിള
32. ശ്രീ. കോവൂർ കുഞ്ഞുമോൻ
33. ശ്രീ. ലൂഡി ലൂയിസ്
34. ശ്രീ. പി. എ. മാധവൻ
35. ശ്രീ. സി. മമ്മൂട്ടി
36. ശ്രീ. കെ. എം. മാണി
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. സി. മോയിൻകുട്ടി
39. ശ്രീ. മോൻസ് ജോസഫ്
40. ശ്രീ. സി. പി. മുഹമ്മദ്
41. ശ്രീ. ആര്യാടൻ മുഹമ്മദ്
42. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
43. ഡോ. എം. കെ. മുനീർ
44. ശ്രീ. കെ. മുരളീധരൻ
45. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
46. ശ്രീ. ഉമ്മൻ ചാണ്ടി
47. ശ്രീ. അടൂർ പ്രകാശ്
48. ശ്രീ. റ്റി. എൻ. പ്രതാപൻ
49. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
50. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
51. ശ്രീ. രമേശ് ചെന്നിത്തല
52. ശ്രീ. പാലോട് രവി
53. ശ്രീ. റോഷി അഗസ്റ്റിൻ
54. ശ്രീ. വി. പി. സജീന്ദ്രൻ

55. ശ്രീ. എൻ. ശക്തൻ
56. ശ്രീ. വി. ഡി സതീശൻ
57. ശ്രീ. ഷാഫി പറമ്പിൽ
58. ശ്രീ. കെ. എം. ഷാജി
59. ശ്രീ. എൻ. ഷംസുദ്ദീൻ
60. ശ്രീ. ആർ. സെൽവരാജ്
61. ശ്രീ. ഷിബു ബേബി ജോൺ
62. ശ്രീ. കെ. ശിവദാസൻ നായർ
63. ശ്രീ. വി. എസ്. ശിവകുമാർ
64. ശ്രീ. സണ്ണി ജോസഫ്
65. ശ്രീ. സി. എഫ്. തോമസ്
66. ശ്രീ. തോമസ് ഉണ്ണിയാടൻ
67. ശ്രീ. പി. ഉബൈദുള്ള
68. ശ്രീ. എം. ഉമ്മർ
69. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
70. ശ്രീ. എം. എ. വാഹീദ്
71. ശ്രീ. എം. പി. വിൻസെന്റ്
72. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. എ. എം. ആരിഫ്
4. ശ്രീ. ബാബു എം. പാലിശ്ശേരി
5. ശ്രീ. എം. എ. ബേബി
6. ശ്രീ. എ. കെ. ബാലൻ
7. ശ്രീ. എം. ചന്ദ്രൻ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ
9. ശ്രീ. വി. ചെന്താമരാക്ഷൻ

10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീമതി ഗീതാ ഗോപി
13. ശ്രീ. ചിറ്റയം ഗോപകുമാർ
14. ശ്രീ. പി. കെ. ഗുരുദാസൻ
15. ശ്രീ. എം. ഹംസ
16. ശ്രീമതി ജമീലാ പ്രകാശം
17. ശ്രീ. ജെയിംസ് മാത്യു
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. കെ. കെ. ജയചന്ദ്രൻ
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോസ് തെറ്റയിൽ
23. ശ്രീ. എളമരം കരീം
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
26. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
27. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
28. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
29. ശ്രീമതി കെ. കെ. ലതിക
30. ശ്രീ. സി. കെ. നാണു
31. ശ്രീ. കെ. കെ. നാരായണൻ
32. ശ്രീ. എ. പ്രദീപ്കുമാർ
33. ശ്രീ. പുരുഷൻ കടലുണ്ടി
34. ശ്രീ. കെ. രാധാകൃഷ്ണൻ
35. ശ്രീ. പി. റ്റി. എ. റഹീം
36. ശ്രീ. എസ്. രാജേന്ദ്രൻ
37. ശ്രീ. ആർ. രാജേഷ്
38. ശ്രീ. റ്റി. വി. രാജേഷ്
39. ശ്രീ. കെ. രാജു

40. ശ്രീ. രാജു എബ്രഹാം
41. പ്രൊഫ. സി. രവീന്ദ്രനാഥ്
42. ശ്രീ. സാജു പോൾ
43. ശ്രീമതി കെ. എസ്. സലീഖ
44. ശ്രീ. എസ്. ശർമ്മ
45. ശ്രീ. വി. ശശി
46. ശ്രീ. എ. കെ. ശശീന്ദ്രൻ
47. ശ്രീ. ബി. സത്യൻ
48. ശ്രീ. വി. ശിവൻകുട്ടി
49. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
50. ശ്രീ. ജി. സുധാകരൻ
51. ശ്രീ. വി. എസ്. സുനിൽകുമാർ
52. ഡോ. ടി. എം. തോമസ് ഐസക്
53. ശ്രീ. കെ. വി. വിജയദാസ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ : 72

പ്രതികൂലിക്കുന്നവർ : 53

നിക്ഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ജൂൺ മാസം 24–ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.24-ന് പിരിഞ്ഞു.)

-- -- --